www.malankaralibrary.com

# അവനി വാഴ്വ്

പീറ്റർ സി. എബ്രഹാം



www.malankaralibrary.com

പീറ്റർ സി. ഏബ്രഹാം.

എഴുത്തിന്റെ അരങ്ങേറ്റം കവിതയുടെ തിരുവരങ്ങിലായിരുന്നു. ചങ്ങനാശ്ശേരി സെന്റ് ബർക്മെൻസ് കോളജിൽ ബി.കോം വിദ്യാർത്ഥിയായിരിക്കേ, എല്ലാക്കൊല്ലവും സർവ്വകലാശാലാ സാഹിത്യശില്പശാലകളിലേക്ക് കോളജിന്റെ പ്രതിനിധിയായി പങ്കെടുത്തു. അക്കാലത്ത് കവിയരങ്ങുകളിൽ സജീവസാന്നിദ്ധ്യമായിരുന്നു. ദീപിക ദിനപത്രം കട്ടപ്പനയിൽ നടത്തിയ സാഹിത്യക്യാമ്പിൽ ബെസ്റ്റ് ക്യാമ്പ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. പത്തിലേറെ ആധികാരികങ്ങളായ ജീവചരിത്ര കൃതികൾ രചിച്ചു. കോട്ടയം കറന്റ് ബുക്സ് പ്രസിദ്ധീകരിച്ച '*ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ജനതയുടെ വെളിച്ചം*' എന്ന കൃതി അവയിൽ ഒന്നാണ്. നിരവധി കൃതികളുടെ എഡിറ്ററും ആയിരുന്നു. പത്മഭൂഷൻ ഡോ. എം.വി. പൈലി വൈജ്ഞാനിക അവാർഡ്, ബഥനി പബ്ലിക്കേഷൻ അവാർഡ്, മേരിവിജയം അവാർഡ്, K.C.B.C-യുടെ ആഭിമുഖ്യത്തിലുള്ള P.O.C-താലന്ത് പുരസ്കാരം, സിറിയൻ കാത്തലിക് പ്രതിഭാ പുരസ്കാരം, K.C.Y.M-സംസ്ഥാന സാഹിത്യ ചാമ്പ്യൻ പദവി (കഥ, കവിത, എന്നിവയ്ക്ക് സംസ്ഥാനതലത്തിൽ A Grade-ൽ ഒന്നാം സ്ഥാനം), മാർ ഇവാനിയോസ് എഡ്യൂക്കേഷനൽ അവാർഡ് എന്നിവ നേടി.

ഭാര്യ: ബിനി (ഹൈസ്കൂളിൽ ആംഗലഭാഷാധ്യാപിക. മക്കൾ: അലൻ (എൻജിനീയർ), ആൽവിൻ (രണ്ടാംക്ലാസ്സ് വിദ്യാർത്ഥി).

പീറ്റർ സി. ഏബ്രഹാം

# അവനിവാഴ്വ്

കറന്റ് ബുക്സ്

www.malankaralibrary.com

MALAYALAM LANGUAGE
Avanivazhvu

Novel
*by Peter C. Abraham*

Rights Reserved
First Published September 2014

Printed in India
at D C Press (P) Ltd., Kottayam 686 012

PUBLISHERS
Current Books
An imprint of D C Books
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Peter C. Abraham.
Avanivazhvu/ Peter C. Abraham.
144p., 21cm.
ISBN 978-81-240-1980-1.
1. Malayalam Novel. I. Title.
8M3*-dc 22
*(This is local variation of DDC number for Malayalam literature: Avanivazhvu).

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-240-1980-1

CURRENT BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

Rs. 110.00

XXV/14-15-Sl.No. 3180-cb. 2147-1000-5300-09-14-Spb. 18.1-p as-r(t)su-d(t)sk

ഏകാന്തം സുഖമിങ്ങു, നിത്യമഴലാം
താഴെത്തമോ ഭൂമിയിൽ
പോകാ സക്തി തമഃപ്രകാശ ശബള
ശ്രീയൊത്ത മദ്ധ്യോർവ്വിയിൽ
ചേരകാത്മാ ചല ഭോഗഭൂവിൽ നിമിഷം
തോറും രസോന്മേഷിയാം
ശ്രീകാളും രസ കാമധേനു രസയാ
മോർക്കിൽ ക്കവിക്കെന്നുമേ.

*–ആശാൻ*

www.malankaralibrary.com

## നാന്ദി

സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച ഒരു കാവ്യരചനാ മത്സരത്തിൽ ഒന്നാം സമ്മാനമായി എനിക്കു കിട്ടിയത് 'കുമാരനാശാന്റെ സമ്പൂർണ്ണ പദ്യകൃതികൾ' ആയിരുന്നു. അതിനും മുമ്പേ, സ്വകീയമായ എന്റെ സന്താപങ്ങൾക്ക് വേദാന്ത സാന്ത്വനമായി ആശാൻ ശീലുകൾ ചാമരം വീശി കൂടെയുണ്ടായിരുന്നു.

വൈരാഗ്യമേറിയ 'ചിന്നസ്വാമി' യെന്ന പരാചിതമായ മേലെഴുത്ത് ഉയിരിൽ നിന്നും പാടേ മായിച്ച് കാവ്യകാമനകളുടെ ശ്രീകോവിലിൽ പൂജകനാകാൻ കൊതിച്ച ആശാന്റെ അന്തഃസന്ത്രാസങ്ങൾ എന്നെ അന്നേ വീർപ്പുമുട്ടിച്ചിരുന്നു. ആ ആത്മപരിച്ഛേദങ്ങളുടെ വൽമീകത്തിൽ തപം ചെയ്തപ്പോൾ രൂപപ്പെട്ടതാണ് എന്റെ ഈ ആദ്യ നോവൽ.

ശ്രേഷ്ഠഭാഷയായ അമ്മമലയാളത്തിന്റെ പാദപൂജയ്ക്കായി ഈ എഴുത്ത് ഞാൻ തൊഴുതുനേദിക്കുന്നു.

പീറ്റർ സി. ഏബ്രഹാം
ചരിവുപറമ്പിൽ
മൈലപ്രാ പോസ്റ്റ്
പത്തനംതിട്ട- 689671
ഫോൺ- 9497227818
email : petercabraham2014@gmail.com

www.malankaralibrary.com

## ഒന്ന്

ലാസ്യമോഹിനിയായ ഭാഷയെ വിട്ട് അക്കങ്ങളുടെ വിരസതകളിലേക്ക് തന്റെ തൂലിക അപഭ്രംശപ്പെടുന്നതിൽ കുമാരുവിന്റെ ഇച്ഛാഭംഗം ഒട്ടൊന്നുമായിരുന്നില്ല. അതിനു കാരണക്കാരനായ അച്ഛനോടുള്ള നീരസം കായിക്കരക്കായലിന്റെ കാളിമ കണക്കേ അവന്റെ നെഞ്ചിൽ പടർന്നു കിടന്നു. ഭാവനയുടെ നീലാകാശത്തിൽ പറന്നുയരാൻ കൊതിച്ച ഈ വാനമ്പാടിയെ എന്തിനാണ് അക്കങ്ങളുടെ തടവറയിൽ ഇങ്ങനെ നിഷ്കരുണം പിടിച്ചടച്ചിട്ടത്?.

ചന്തക്കവലയിലെ ആൽത്തറയിൽ അരങ്ങേറുന്ന കവിയരങ്ങിൽ പങ്കെടുക്കാൻ കഴിയാത്തതിൽ കുമാരു നിരാശപ്പെട്ടു. നാട്ടുകവികൾ ഓരോരുവൻ കവിത ഉറക്കെ നീട്ടിച്ചൊല്ലുന്നതു കേട്ട് അവന് ഇരിപ്പുറയ്ക്കാതെയായി.

കുമാരുവിന്റെ അന്തഃക്ഷോഭത്തിനു പിന്തുണ വിളംബരം ചെയ്ത് ദൂരെ, തിരക്കൈകൾ ചുഴറ്റി അലറുന്ന അറബിക്കടൽ കാണാം. നോവുകളാകെ നെഞ്ചിലൊതുക്കി വീർപ്പുമുട്ടി നിൽക്കുന്ന അഞ്ചുതെങ്ങു കായൽ മറുവശത്ത് കരിവാളിച്ചു കിടപ്പുണ്ട്. കണക്കെഴുത്തു പുരയുടെ കിളിവാതിലിലൂടെ കടൽക്കാറ്റും കായൽക്കാറ്റും ആത്മതാപത്തിന്റെ സംയുക്തസന്ദേശങ്ങളുമായി ഓടിയെത്തുകയാണ്.

കുമാരു ഇരിപ്പിടം വിട്ടെഴുന്നേറ്റു.

കുടുസ്സുമുറിയിൽ അങ്ങോട്ടുമിങ്ങോട്ടും അശാന്തനായി നടന്നു.

വിരസതമാറ്റാൻ കരുതിക്കൊണ്ടു വന്ന ഏതാനും കൃതികൾ മേശമേൽ ഇരിപ്പുണ്ട്. പദ്യകൃതികളും വേദാന്തഗ്രന്ഥങ്ങളും. തമിഴിലും മലയാളത്തിലുമുള്ളവ.

തിരുക്കുറൾ എന്ന പുസ്തകം തുറന്ന് കണ്ണോടിച്ചു. എത്ര തവണ വായിച്ചതാണ്. എന്നിട്ടും ഓരോ വായനയും അലൗകികഭാവങ്ങളുടെ നൂതനത്വത്തിലേക്ക് മനസ്സിനെ കൂട്ടിക്കൊണ്ടു പോകുന്നു.

പകലറുതിയോളം വായിച്ചും രാവേറുവോളം കവിതയെഴുതിയും സാഹിത്യസരസ്വതീദേവിയെ ഉപാസിച്ചു കഴിയാൻ തനിക്കു കഴിഞ്ഞിരുന്നെങ്കിൽ എന്നോർത്ത് ചിന്തകളുടെ വല്മീകത്തിൽ അവൻ തപം കൊണ്ടു.

ഈശ്വരന്റെ വരപ്രസാദമല്ലാതെ മറ്റെന്താണു സാഹിത്യവാസന. ലക്ഷങ്ങളിൽ ഒരുവനിൽ മാത്രം നിറഞ്ഞൊഴുകുന്ന സ്വർഗ്ഗത്തിന്റെ തേനുറവ. അതു കുറഞ്ഞൊരളവിൽ അച്ഛനിലുമുണ്ടായിരുന്നു; പുത്തൻ കടവത്തു നാരായണൻ പെരുങ്കുടിയിൽ. ബുദ്ധിമാനും സാഹിത്യതത്പരനുമൊക്കെയായിരുന്നു.സോപാനസമ്പ്രദായത്തിൽ പെരുമയാർന്ന സംഗീതവിദ്വാനായിരുന്നു.

www.malankaralibrary.com



എന്നിട്ടും എന്തേ, അച്ഛൻ കച്ചവടത്തിലേക്കു കഴൽ മാറ്റിച്ചവുട്ടി? പുൽത്തൈലത്തിന്റെയും കയറിന്റെയും തുണിയുടെയും മൊത്തക്കച്ചവടക്കാരനായി മാറി? പണിക്കർ സ്ഥാനവുമുണ്ടായിരുന്നു. എന്നിട്ടും പേരിന്റെ പുരോഭാഗത്ത് ആ വിശേഷണത്തിന്റെ തൊങ്ങൽ ചാർത്താൻ എന്തേ മടി കാട്ടി?. ധനസമൃദ്ധമായ തഴവാ വട്ടത്തും മുറിയിൽ തൊടിയിൽ തറവാട്ടിലെ അംഗമായിരുന്നു. പക്ഷേ, ഈ പുത്രനെ ഒരു കച്ചവടശാലയിൽ കണക്കെഴുത്തുകാരനാക്കാൻ തീരെ മടിക്കുന്നില്ല!

പുറത്തെ കൽപ്പടിയിൽ മെതിയടി ഊരിവയ്ക്കുന്ന ഒച്ച.

കുമാരു ചിന്തകളുടെ വല്മീകം ഭേദിച്ചു. ആഗതൻ ആരാണെന്ന് മെതിയടിയൊച്ച വ്യക്തമാക്കുന്നു. കടയുടമ, പെരുന്തറ കൊച്ചാര്യൻ മുതലാളി. അച്ഛന്റെ ചങ്ങാതിയാണ്. കായിക്കര ഗ്രാമം കണ്ട ഏറ്റം വലിയ സമ്പന്നൻ.

പനയോലക്കുട തിണ്ണയിൽ ഒതുക്കി വച്ച്, ചവച്ചു പതം വരുത്തിയ വെറ്റിലച്ചണ്ടി ഫൂൽക്കാരത്തോടെ പുറത്തേക്കു തുപ്പി അദ്ദേഹം വ്യാപാരശാലയിലേക്കു കടന്നു.

ജമുക്കാളം വിരിച്ച തടിക്കസാലയിലേക്ക് അമരുന്നതിനിടയിൽ നീട്ടി വിളിച്ചു.

"ഡേയ് .... കുമാരാ...."

പീടികയുടെ പിന്നിലെ കണക്കെഴുത്തു മുറിയിൽ നിന്ന് പതിനേഴിന്റെ മേനിക്കൊഴുപ്പുള്ള കുമാരു പുറത്തേക്കിറങ്ങി വന്നു.

രാമച്ച വിശറി താളബദ്ധമായി വലം കയ്യാൽ വീശിക്കൊണ്ട് മുതലാളി ആരാഞ്ഞു;

"ഇങ്ഗ്ളണ്ടിലേക്കു ചരക്കയയ്ക്കാനുള്ള കടലാസ്സുകളൊക്കെ ശരിയാക്കിയോ?."

"എല്ലാം ശരിയാക്കി ബോംബെ തുറമുഖത്തിലേക്ക് അയച്ചിട്ടുണ്ട്."

കടലും കായലും ജായാപതികളെപ്പോലെ ഉടലൊട്ടിക്കിടക്കുന്ന ദേശമാണു കായിക്കര. ഇരുജലാശയങ്ങൾക്കും നടുവിലെ മണൽപ്പരപ്പിൽ തെങ്ങുകൾ ഇടതിങ്ങിത്തഴച്ചു നില്ക്കുന്നു. ബ്രിട്ടന്റെ അധികാരികൾ ഈ ഭൂമികയുടെ സമൃദ്ധിയിൽ മിഴികളുടക്കി നിന്നു. സമീപസ്ഥമായ അഞ്ചുതെങ്ങിൽ അവർ പണ്ടകശാലകൾ പടുത്തു. തെങ്ങുകൾ തിങ്ങുന്ന തീരദേശത്തു തൊണ്ടുകൾ അഴുക്കിയെടുക്കാൻ എന്തെളുപ്പം. അവ തല്ലി, സ്വർണ്ണവർണ്ണമാർന്ന ചകിരിനാരുകൾ വേർതിരിക്കാൻ കൂലിവേലക്കാർ യഥേഷ്ടം. കേരവൃക്ഷങ്ങളിലെ ഫലസമൃദ്ധി മൂലം കൊപ്രാവ്യവസായവും തഴച്ചു. കടലിൽ നിന്നുള്ള ചെമ്മീനും വരുമാനസ്രോതസായിരുന്നു. ഈവക ഉൽപ്പന്നങ്ങൾക്ക് സായിപ്പിന്റെ നാട്ടിൽ വലിയ പ്രിയമാണ്. അവരെ തൃപ്തിപ്പെടുത്തി കൊച്ചാര്യൻമുതലാളി കാശ് കൊയ്തു കൂട്ടി.

കുമാരുവിന്റെ ഉത്തരവാദിത്വ നിർവ്വഹണത്തെയും സാമർത്ഥ്യത്തെയും സത്യസന്ധതയേയും മുതലാളി വിലമതിച്ചു. അയാൾ താക്കോൽ കടത്തി മേശവലിപ്പു തുറന്ന് മാസശമ്പളം എണ്ണിയെടുത്ത് അവന്റെ നേരേ നീട്ടി; മൂല്യമുള്ള ഏതാനും വെള്ളിച്ചക്രങ്ങൾ.





"നിനക്ക് ഈ മാസം തൊട്ട് ശമ്പളം കൂട്ടിത്തരുകയാണ്. ഇതാ വാങ്ങിക്കൊള്ളു."

"അത് അച്ഛനെ ഏല്പ്പിച്ചേക്കു മുതലാളി. എനിക്കു വേണ്ട".

വല്ലാത്തൊരു അനിഷ്ടഭാവം അവന്റെ മുഖത്ത് പ്രകടമായിരുന്നു.

"എനിക്കറിയാം നിന്റെ വീർപ്പുമുട്ടലുകൾ. എന്നാൽ ഇതു നിന്റെ സമാധിദശയാണ്. സമാധിഘട്ടത്തിലെ പുഴു പിന്നീട് വർണ്ണച്ചിറകുകൾ മുളച്ച് പൂവാടിയുടെ അഴകായി മാറുന്നില്ലേ? നീ നാളെ അതുപോലെ സാഹിത്യത്തിന്റെ ആകാശത്തിലൂടെ പാറുന്നതു ഞങ്ങൾ കാണും. നിന്റെ അച്ഛൻ ഒരിക്കൽ എന്നോടു പറഞ്ഞു നീ പിറന്നത് ചിത്രാപൗർണ്ണമിനാളിലെ പാതിരാവിലാണെന്ന്. എങ്കിൽ നീ മറ്റൊരു ശ്രീബുദ്ധനായിത്തിരും. നോക്കിക്കോ."

"പക്ഷേ അതിനനുകൂലമായ സാഹചര്യമൊന്നും അച്ഛൻ ഒരുക്കിത്തരുന്നില്ലല്ലോ. ഒന്നരക്കൊല്ലമായി ഞാനിവിടെ കണക്കപ്പിള്ളയായി ചടഞ്ഞുകൂടുന്നു. കൂടെ പഠിച്ചവരൊക്കെ സംസ്കൃതത്തിലും നല്ല വ്യുൽപത്തി നേടിക്കഴിഞ്ഞു."

"നീ അവരെക്കാൾ കേമനാകും കുമാരാ. കേവലം പതിനഞ്ചാം വയസ്സിൽ വിദ്യാലയ ഗുരുവാകാൻ നിനക്കു കഴിഞ്ഞില്ലേ".

"പക്ഷേ അവിടെയും വാദ്ധ്യാരായി തുടരാൻ എനിക്കായില്ലല്ലോ".

വിദ്യാഭ്യാസ നിയമപ്രകാരം പള്ളിക്കൂടം വാദ്ധ്യാരാകാൻ വേണ്ട അടിസ്ഥാന പ്രായം പതിനെട്ടായിരിക്കേ പതിനഞ്ചുകാരനായ കുമാരുവിന് ജോലി ഉപേക്ഷിക്കേണ്ടി വന്നു. കായിക്കരയിൽ സമാരംഭിച്ച ആദ്യത്തെ സർക്കാർ വിദ്യാലയമായിരുന്നു അത്. ഒരു മലയാളം പ്രൈമറി സ്കൂൾ. അവിടെ അഞ്ചു കൊല്ലം പഠിച്ചശേഷം അവിടെത്തന്നെ വാദ്ധ്യാരാവുകയായിരുന്നു.

"പ്രായത്തിൽക്കവിഞ്ഞ മേധാശക്തിയും ആത്മജ്ഞാനവും നിനക്കുണ്ട്. നിന്നെ സംസ്കൃതം പഠിപ്പിച്ചതുപോലും ആരാ? പേരുകേട്ട സംസ്കൃത പണ്ഡിതനായ ഉടയാൻ കുഴി കൊച്ചുരാമൻ വൈദ്യരല്ലേ?"

സദാ ഉദ്ധതശീർഷനായി നിലകൊള്ളുന്ന കുമാരുവിന്റെ ശിരസ്സ് ഉടയാൻകുഴി എന്ന ഗുരുവിനെപ്പറ്റിയുള്ള സ്മൃതികളാൽ കുനിഞ്ഞു പോയി. കാരണം മലയാളദേശത്തെ ആർഷസൂര്യനായ ശ്രീനാരായണ ഗുരു സ്വാമിയുടെ ഗുരുസ്ഥാനികനായ കുമ്മൻപള്ളി രാമൻപിള്ളയാശാന്റെ അരുമശിഷ്യനായിരുന്നല്ലോ ഉടയാൻകുഴി. അദ്ദേഹം ആത്മരസനയിൽ ചാലിച്ചു തൊട്ടുതന്ന അമരകോശം,സിദ്ധരൂപം,ബാലപ്രബോധനം, ശ്രീരാമോദന്തം, ശ്രീകൃഷ്ണ വിലാസം തുടങ്ങിയ കൃതികളുടെ മധുരമാഹാത്മ്യം ഇപ്പോഴും തികട്ടിവരികയാണ്.

"ഇംഗ്ലീഷും പഠിക്കണമെന്നുണ്ടു മുതലാളീ. വക്കത്തെ ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു പഠിച്ചെങ്കിലും രണ്ടു മാസത്തിൽ കൂടുതൽ പഠനം നീണ്ടില്ല. എന്റെ മുമ്പിൽ തടസ്സങ്ങളേയുള്ളു"

"തടസ്സങ്ങൾ നിന്നെ പരാജിതനാക്കാനുള്ളവയല്ല. നിന്റെ അതിജീവന സാമർത്ഥ്യം വെളിപ്പെടുത്താനുള്ള ഉരകല്ലുകളായി അവ മാറും".

www.malankaralibrary.com



ഇരുവരുടെയും ഭാഷണങ്ങൾക്കിടയിൽ പീടികമുറ്റത്തു നിന്നും ഓട്ടുമണിക്കുലകളുടെ ശിഞ്ജിതാരവം കേട്ടു. ആഗതൻ ഉറക്കെ വിളിച്ചു "കുമാരൂ...... കുമാരൂ...."

കുമാരു അതിവേഗം തിണ്ണയിലേക്കു കുതിച്ചു.

അവന്റെ വാടിയ മുഖം പൊടുന്നനെ ഉണർന്നു.

"തപാൽ ശിപായിയോ! ഞാൻ കാത്തിരിക്കുകയായിരുന്നു"

കോട്ടയം പട്ടണത്തിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'മലയാള്ള വിനോദിനി' മാസികയിലേക്കു ഒരു കവിത അയച്ചു കൊടുത്തിരുന്നു.

പ്രസിദ്ധീകരണാർത്ഥം അയച്ചുകൊടുത്ത ആദ്യ കവിത. അതു കൊള്ളാമെന്നും തൊട്ടടുത്ത ആവണിപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നുണ്ടെന്നും പത്രാധിപർ ഇക്കഴിഞ്ഞ വാരത്തിൽ എഴുതി അറിയിച്ചിരുന്നു. അന്നു മുതൽ കാത്തിരിക്കുകയാണ് അച്ചടി മഷിയുടെ നീലാഞ്ജനമെഴുതിയ തന്റെ ആദ്യ കവിത കാണാൻ.

അഞ്ചലോട്ടക്കാരനിൽനിന്നും ആർത്തിയോടെ അവൻ മാസിക ഏറ്റു വാങ്ങി. ഓട്ടുമണിക്കുല ഞാത്തിയിട്ട കഠാരയുമേന്തി ചിറയിൻകീഴു മുതൽ ഓടിവിയർത്തെത്തിയ തപാൽ ശിപായിക്കവെൻ നന്ദിപൂർവ്വം കൂജയിലെ സംഭാരം പകർന്നു കൊടുത്തു.

സമ്മോദങ്ങളുടെയും സന്താപങ്ങളുടെയും ആ സന്ദേശവാഹകൻ മണികിലുക്കി പായ്ച്ചൽ തുടർന്നു. അതിവേഗം കുമാരു മാസിക തുറന്നു. ആരുടെയും കണ്ണുടക്കിപ്പോകുന്ന ഗണനീയസ്ഥാനത്തു തന്നെ തന്റെ ആദ്യകവിത അച്ചടിച്ചു വന്നിരിക്കുന്നു. 'ഒരു ഓണവർണ്ണന' എന്നാണു ശീർഷകം.

ചില പാട്ടുകളും കവിതകളും അവൻ മുമ്പും എഴുതിയിട്ടുണ്ട്. തണ്ടാൻമാർക്കു പാടിക്കളിക്കാൻ വേണ്ടി രാമായണ കഥയെ ആസ്പദിച്ച് 'കമ്പടിപ്പാട്ടുകളും' സ്ത്രീകൾക്കു തുള്ളിക്കളിക്കാനായി തുമ്പിപ്പാട്ടുകളും മറ്റും.

എൻ. കെ കുമാരു എന്ന പതിനേഴുകാരനെഴുതിയ ആ പ്രഥമ കവിത കാണാൻ പെരുന്തറ മുതലാളി കസേര വിട്ടെഴുന്നേറ്റു.

"ഒന്നു ചൊല്ലൂ കുമാരാ, കേൾക്കട്ടെ."

അവൻ നല്ല ഈണത്തിൽ ചൊല്ലിത്തുടങ്ങി, "കോട്ടാറൻ കസവിട്ട്മുണ്ട്......."

ആൽത്തറയിൽനിന്നും അക്ഷരശ്ലോകങ്ങൾ അപ്പോഴും മുഴങ്ങിക്കേൾക്കുന്നുണ്ടായിരുന്നു. ആ അരങ്ങിൽ തന്റെ ആദ്യ കവിത ഒന്നു ചൊല്ലാനായെങ്കിൽ! കണക്കെഴുത്തുമൂലം സാഹിത്യസമാജങ്ങളിലൊന്നും സംബന്ധിക്കാൻ സാധിക്കാതെയായിരിക്കുന്നു.

കടയുടമയോടു കുമാരൂ അപേക്ഷിച്ചു.

"ആൽത്തറവട്ടത്തിലേക്ക് ഞാനുമൊന്നു പൊയ്ക്കൊട്ടെ ?"

"പൊയ്ക്കൊള്ളുക. അവരുടെ മുമ്പിൽ നിന്റെ കവിത ചൊല്ലുകയും വേണം".





അവനോടി.

അക്ഷരശ്ലോക സദസ്സിനു മുമ്പാകെ കിതപ്പോടെ ചെന്നു നിന്നു.

കുമാരുവിനെ എല്ലാവരും അറിയും. മത്സരം തീരും വരെ അവൻ ഒരു കൽക്കുറ്റിയിൽ ഇരുന്നു. സദസ്സുപിരിയാറായപ്പോൾ അവൻ തന്റെ കവിത അവരെ കാട്ടി. അവരിൽ പലരും ജിജ്ഞാസയോടെ അതു വായിക്കാൻ മുന്നോട്ടാഞ്ഞു.

കുമാരു വലിയ സന്തോഷത്തോടെ പറഞ്ഞു.

"എല്ലാവരും ഒരു നിമിഷം ഇരിക്കുമെങ്കിൽ ഞാനീ കവിത ഒന്നു ചൊല്ലാം."പലരും അതുകേൾക്കാൻ താത്പര്യപ്പെട്ട് ഇരുന്നപ്പോൾ കൂട്ടത്തിൽ ഒരാൾ ചാടിയെഴുന്നേറ്റു പറഞ്ഞു.

"സംസ്കൃതശ്ലോകങ്ങളിലുള്ള അക്ഷരശ്ലോക സദസ്സാണിത്.ഇവിടെ ഭാഷാ കവിതയ്ക്കു സ്ഥാനമില്ല."

കുമാരുവിന്റെ നെഞ്ചിൽ പൂത്തുനിന്ന വസന്തം ക്ഷണത്തിൽ വാടിപ്പോയി. തീക്ഷ്ണമിഴികൾ ചുമന്നു തുളുമ്പി. കാരെള്ളിന്റെ മിനുപ്പുള്ള മേനിക്കരുത്തിൽ വൈരിയുടെ ധാർഷ്ട്യത്തിന് പ്രതിരോധം തീർക്കാൻ അവൻ മുഷ്ടി ഉയർത്തി. പക്ഷേ, പ്രായത്തേക്കാളുപരിയായ പക്വചിന്ത അവിടെയും അവനു തുണയായി.

നാട്ടിലെ മറ്റൊരു യുവകവിയായ അരയൻ വിളാകത്ത് കൊച്ചാതിയാശാനാണ് പ്രതിരോധം തീർത്തത്. മലയാളവിനോദിനിയിൽ കുറേനാൾ മുമ്പു മുതൽക്കേ എഴുതിത്തുടങ്ങിയ അയാൾ സംസ്കൃത പണ്ഡിതനാണ്. കാവ്യമണ്ഡലത്തിൽ വിഖ്യാതനായ തന്റെ മുമ്പിൽ കവിത ചൊല്ലാനും മറ്റും ആരാണീ കുമാരൂ എന്നാണ് കൊച്ചാതിയാശാന്റെ ഗർവ്വം.

ഇതിനുള്ള പ്രതികാരം നാവുകൊണ്ടോ കരബലംകൊണ്ടോ വേണ്ടാ എന്ന് കുമാരുവിന്റെ മനസ്സിൽ കുറിച്ചു. കവിതകൊണ്ടുതന്നെ അങ്കം കുറിക്കണം. പ്രാണന്റെ ഉറയിൽ എക്കാലവും കവിത്വത്തിന്റെ മൂർച്ചയേറിയ പടവാൾ ഇനി കരുതിവയ്ക്കണം. നാളെയുടെ ഏകാന്തപഥങ്ങളിൽ എന്തെന്തു പ്രതിലോമാവസ്ഥകൾ പതിയിരുന്നേക്കാം. എവിടെയും തന്റെ ശീർഷം കടുകിടപോലും ആനതമാകാതെ കാക്കണം. അതിജീവനത്തിന്റെ കരുത്തായി ഓരോ വിഘ്നത്തിലും തന്റെ കവിതകൾ ആളിക്കത്തണം. ഈ ഏകാന്തപഥികന്റെ വേറിട്ട വഴികളിൽ കാവ്യസൗന്ദര്യത്തിന്റെ വാടാമലരുകൾ അസൂയാർഹമാംവിധം പൂത്തുവിലസണം.

www.malankaralibrary.com

## രണ്ട്

ആളിയെരിയുന്ന വെയിൽനാളങ്ങളെ ശിരസ്സിലേറ്റി കുമാരു നടന്നു. ഈറൻ തോർന്ന വെൺമണൽപ്പരപ്പിന്റെ അനന്തതയിലൂടെ അവന്റെ കുറുകിയ കാലുകൾ ഗതിവേഗമാർജ്ജിച്ചു. ആരുടെയൊക്കെയോ അസംഖ്യം പാദമുദ്രകൾ ഈ പൂഴിപ്പരപ്പിൽ നിറഞ്ഞുകിടപ്പുണ്ട്. ആരുടേതെന്നു വ്യവച്ഛേദിച്ചറിയാനാവാത്ത അവ്യക്തസ്മാരകങ്ങൾ. എന്നാൽ തന്റെ കാൽപ്പാടുകൾ അനന്യതയുടെ മുദ്രണങ്ങളാകണം എന്ന വാശിയോടെ അവൻ പാദങ്ങൾ ഊന്നിനടന്നു. ഭൂമിമാതാവിനു നോവരുതെന്ന കരുതലോടെ പാദങ്ങൾ മെല്ലെ പതിപ്പിച്ചു അതിവിനീതനായി സഞ്ചരിക്കാറുള്ള തന്റെ സാത്വികതയ്ക്കുമേൽ വാശിയുടെ ഉരുക്കുകവചം ധരിപ്പിക്കുകയാണ് പ്രതിയോഗികൾ.

കാലടികൾ ഉന്നം വയ്ക്കുന്നതു കായലോരമാണ്. ദുഃഖത്തിന്റെ ഘനശ്യാമമേഘങ്ങൾ നെഞ്ചിൽ തിങ്ങുമ്പോൾ പലപ്പോഴും അവൻ കടലിന്റെയോ കായലിന്റെയോ വിജനസൈകതങ്ങളിൽ അഭയപ്പെടുകയാണു പതിവ്.

പരിചിതർ ഏറെയുണ്ട് കുമാരുവിന്. പക്ഷേ, ചങ്ങാതിമാർ ആരുമുണ്ടായിരുന്നില്ല. ആത്മാവിന്റെ നിഗൂഢ വഴികളിലൂടെ ഒറ്റയ്ക്കവൻ ആർഷദർശനങ്ങളെ കൂട്ടുപിടിച്ച് അലഞ്ഞുതിരിഞ്ഞുകൊണ്ടിരുന്നു. പാരായണത്തിന്റെ പാരാവാരപ്പരപ്പിലും ദാർശനികചിന്തകളുടെ ആഴങ്ങളിലും ആ മനം അഭിരമിച്ചുപോന്നിരുന്നു. ആരോടും ആത്മനൊമ്പരങ്ങൾ തുറന്നുപറയില്ല. വീട്ടുകാരോടുപോലും. എന്നാൽ കടലിനോടും കായലിനോടും ഹൃദയത്തിന്റെ മൗനഭാഷയിൽ ഏറെനേരം സംവദിക്കും.

സഹനപരിധിക്കും അപ്പുറത്തേക്കുള്ള സങ്കടങ്ങൾ വളരുമ്പോൾ നെഞ്ചിൽനിന്നും ചില തീക്ഷ്ണഭാവങ്ങൾ അണകവിഞ്ഞൊഴുകി കവിതയുടെ ചോരപ്പാടുകൾ ആവിഷ്കരിക്കുന്നു. ഈ കവിതകൾ അവൻ ആദ്യം ചൊല്ലിക്കേൾപ്പിക്കുന്നതും പ്രകൃത്യംബയുടെ മുമ്പിൽവച്ചുതന്നെയാണുതാനും. അതിനായി കാടും മേടും കയറിപ്പോകും. കാനനജടക്കുള്ളിൽ ഒളിച്ചിരുന്ന് പുല്ലാംകുഴലിന്റെ മധുരവാണിയിൽ എത്രയോ കവനശീലുകൾ ഉറക്കെപ്പാടിയിട്ടുണ്ട്. അതിനു പകലെന്നോ ഇരവെന്നോ പോലും ഭേദം കല്പ്പിച്ചിട്ടില്ല. ആയിരമായിരം അരിമുല്ലപ്പൂക്കൾ വിടർന്നുലാവുന്ന നീലാകാശം നോക്കി പച്ചപ്പുൽമെത്തയിൽ മലർന്നുകിടന്ന് കവിതകൾ ചൊല്ലിച്ചൊല്ലി എത്രയോ രാവുകൾ താണ്ടിയിട്ടുണ്ട്.

വള്ളിക്കുടിലുകളിൽ ഒളിച്ചിരുന്ന് അതിൽ ചേക്കേറുന്ന വർണ്ണക്കിളികളെ കൺവിടർത്തിക്കാണും; കൂജനം ആസ്വദിക്കും.കാട്ടുപൊന്തകളിൽ വിടർന്നു വാസന പരത്തുന്ന പൂക്കളെ ഓമനിക്കും. ഒരിക്കൽ ഇങ്ങനെ കണ്ടുകണ്ട്





കുറ്റാലം വരെ ഒറ്റ നടത്തം.

ചിന്തയുടെ മണിമഞ്ചലേറി അങ്ങനെ സഞ്ചരിക്കുമ്പോൾ പരിസരബോധം പോലും ഇല്ലാതായിട്ടുണ്ട്. ഒരിക്കൽ രാവേറെച്ചെന്നിട്ടും വീട്ടിൽതിരിച്ചു ചെല്ലാതിരുന്ന കുമാരുവിനെ തേടി അച്ഛനും കൂട്ടരും തെരഞ്ഞു കണ്ടെത്തിയത് കാളീക്ഷേത്രത്തിൽ പ്രജ്ഞയറ്റുകിടന്ന നിലയിലാണ്. ധ്യാനലീനനായിരുന്ന് മയങ്ങിവീണുപോയതാണത്രേ. എഴുന്നേൽക്കാനാവാത്തവിധം ഇരുതുടകളും ആ കിടപ്പിൽ മരവിച്ചുപോയിരുന്നു.

പ്രാണൻ എന്ന അമൂർത്തമായ ആശയമായിരുന്നു ചെറുപ്പനാൾതൊട്ടുള്ള ചിന്താവിഷയം. തൃഷ്ണകൾ ചേക്കേറിയിരുന്നു പ്രലോഭിപ്പിക്കുന്ന ശരീരവും ക്ഷണികഭോഗങ്ങൾ വിട്ടു അനന്തതയിലേക്കു കുതിക്കാൻ വെമ്പുന്ന ആത്മാവും ഉത്തരം കിട്ടാത്ത സമീക്ഷകളായി തുടർന്നു. വിപരീത ധ്രുവങ്ങളിലേക്കു തെറിച്ചു പായുന്ന ഈ രണ്ടു ഭാവങ്ങളെയും മെരുക്കിക്കൊണ്ടുപോവുക എന്നതാണ് ജീവിതം എന്നവൻ തിരിച്ചറിഞ്ഞു.

നടന്നു നടന്നവൻ കായലോരത്തെത്തി. അഴുക്കിയ തൊണ്ടു തല്ലുന്നവർ അവിടെ നിരന്നിരിക്കുന്നു. ചിലർ അങ്ങിങ്ങായിരുന്ന് കായൽമീനുകൾക്കായി ചൂണ്ട എറിയുന്നു. മറ്റു ചിലർ കായൽ ചെളിയിൽ മുങ്ങിത്തപ്പി കുട്ടകളിൽ കക്കാനിറച്ച് ചെറുവഞ്ചികളിൽ നിക്ഷേപിക്കുന്നു. ചിലർ വല വീശുന്നു. അവൻ ഉടുമുണ്ടു മടക്കിക്കുത്തി, തോളിൽ കിടന്ന തോർത്ത് എടുത്ത് തലയിൽ വട്ടത്തിൽ കെട്ടി. എന്നിട്ട് തീരത്തെ തിട്ടയിൽ കയറിനിന്ന് കരിങ്കായലിലേക്കൊരു ചാട്ടം.ഒച്ച കേട്ടയിടത്തേക്ക് ജനങ്ങൾ ജിജ്ഞാസയോടെ കണ്ണുകളെറിഞ്ഞു. കുമാരു നീന്തുകയാണ്. ഉരുക്കിന്റെ കരുത്തുള്ള മുഴങ്കാലുകൾ മാറിമാറി ഓളപ്പരപ്പിൽ ഊക്കോടെ പ്രഹരിച്ച് അവൻ കുതിക്കുകയാണ്. സൂര്യരശ്മികൾ ഏറ്റ് വെള്ളിമുത്തുകൾ പോലെ മിന്നുന്ന ജലകണങ്ങൾ നാലുപാടും ചിതറിച്ച് അവൻ കലി ഒടുക്കുകയാണ്. ആരും ചെല്ലാൻ ഭയക്കുന്ന കയങ്ങൾ നിറഞ്ഞ അപകടഘട്ടങ്ങളെയും പിന്നിട്ട് അവൻ പായുകയാണ്. ജനദൃഷ്ടികളുടെ ദർശനസീമക്കപ്പുറം അവൻ മറഞ്ഞുകഴിഞ്ഞു.

ശങ്കാകുലങ്ങളായ മിഴികളോടെ അവർ ഏറെനേരം കാത്തിരുന്നു. തെല്ലും ചോർന്നുപോകാത്ത അതേ ഉശിരോടെ അതാ അവൻ മറുവഴി താണ്ടി തിരിച്ചുവരുന്നു. ചെളിപൂണ്ട തീരത്ത് അവൻ കയറിവന്നു നിവരുമ്പോൾ ആദ്യം കണ്ണിലുടക്കിയത് പ്രതിയോഗിയായ കൊച്ചാതിയാശാൻ. കാവ്യാസ്വാദകരുടെ മദ്ധ്യേ തന്നെ അപഹസിച്ചുവിട്ട അയാളോടുള്ള പകയുടെ ചൂട് ദീർഘനേരം തണുത്ത ജലത്തിൽ ആമഗ്നനായിട്ടും ഒഴിഞ്ഞുപോകുന്നില്ല. അയാൾക്കു നേരെ ദൃഷ്ടിപാതത്തിന്റെ തീപ്പന്തമെറിഞ്ഞ് കുമാരു ചൊടിച്ചു.

“സംസ്കൃതം പഠിച്ചതിന്റെ ഒരു ഗർവ്വ്! നിന്റെ പ്രായത്തിൽ ഞാനെത്തട്ടെ,കൊമ്പു കുത്തിച്ചു കാണിക്കാം.”

www.malankaralibrary.com

## മൂന്ന്

കോഴിത്തോട്ടം കായൽ പരിസരം ഇരുളിന്റെ കരിമ്പടത്തിനുള്ളിൽ വിശ്രാന്തി നുണയുകയായിരുന്നു. പകലറുതിയോളം പണിചെയ്തു തളർന്ന കഠിനാധ്വാനികളുടെ വലിഞ്ഞു മുറുകിയ ഞരമ്പുകൾ അയഞ്ഞു തുടങ്ങുകയാണ്. അശാന്തസാഗരത്തെ മുഖം നോക്കി നിൽക്കുന്ന തൊമ്മൻവിളാകം എന്ന പുരാതന തറവാടിന്റെ നടുമുറ്റത്തേക്ക് അവന്റെ കാലടികൾ നീണ്ടു. ഉമ്മറത്തുകൊളുത്തിവച്ച ഓട്ടുവിളക്കിന്റെ സൗവർണ്ണ പ്രകാശത്തിൽ നാമം ജപിക്കുന്ന കാളിയമ്മയുടെ സാത്വിക മുഖം. അരികിൽ തുറന്നുവച്ച ദേവകൃതിയുടെ മുമ്പിൽ ചമ്രം പടിഞ്ഞിരിക്കുന്ന പഞ്ചമി.

പ്രാർത്ഥനയിൽ ഉറ്റിരിക്കുന്ന അമ്മയേയും പെങ്ങളേയും തെല്ലും അലോസരപ്പെടുത്താതെ കിണറ്ററികിൽ ചെന്നു കാൽ കഴുകി അവൻ തിണ്ണയിൽ കയറി ഇരുന്നു. നീയെന്താ കുമാരാ വൈകിയതെന്ന് അമ്മ ആരാഞ്ഞില്ല. വീട്ടിലെത്തുന്നതിന് അവന് തീരെ സമയക്ലിപ്തതയില്ലല്ലോ. എങ്കിലും അമ്മയ്ക്കു ജീവനാണവനെ. ഒമ്പതു സന്താനങ്ങളിൽ കാളിയമ്മയ്ക്കേറെയിഷ്ടം രണ്ടാം പ്രജയായ കുമാരുവിനെത്തന്നെ. മൂന്നുമക്കൾ കുഞ്ഞുന്നാളിൽ തന്നെ മരിച്ചുപോയി. കൊച്ചുനീലകണ്ഠനും, കേശവനും, അനന്തമ്മയും. മുറ്റത്തു തെക്കേക്കോണിൽ അവരുടെ അസ്ഥിത്തറകൾക്കുമീതേ മൂന്നു ചെരാതുകൾ മങ്ങിക്കത്തുന്നുണ്ട്.

പൊതുവേ, മക്കളെല്ലാവരും സംഗീതപ്രിയരും കലാസ്നേഹികളും. എന്നാൽ വേറിട്ട പ്രതിഭകളുടെ തിളക്കമുള്ള കുമാരുവാണ് ഏറെ ഗണനീയൻ.

പ്രാർത്ഥനതീർന്നപാടേ ആഹ്ലാദാതിരേകത്താൽ അമ്മയുടെ പക്കലെത്തി ആദ്യമായി അച്ചടിച്ചുവന്ന തന്റെ കവിത കാണിച്ചു. അമ്മയ്ക്ക് അക്ഷരജ്ഞാനം തീരെയില്ല.എങ്കിലും നെഞ്ചകത്തിൽ നിറയെ പുരാണകഥയുടെ കലവറയുണ്ട്. ആ ആത്മശേഖരത്തിൽ നിന്നും പാട്ടുകളുടെയും കഥകളുടെയും എത്രയെത്ര തേനടകളാണ് അടർത്തിയെടുത്ത് കുമാരുവിന്റെ ശൈശവബാല്യകാലങ്ങളെ മധുരതരമാക്കിയത്: “ഞാനൊന്നു കാണട്ടണ്ണാ” കവിതപ്പതിപ്പ് പഞ്ചമി പിടിച്ചുവാങ്ങി. അവൾ അതുതുറന്ന് പൂങ്കുയിലിന്റെ ഇളം നാദത്തിൽ പാടി. അവൾ പാടിത്തീർന്നപ്പോൾ അവൻ പറഞ്ഞു.

“ഞാനിനി കടയിൽ കണക്കെഴുതാൻ പോകുന്നില്ലമ്മേ.”

“അച്ഛൻ സമ്മതിക്കുമോ?”

“എന്റെ ഭാവിയാ നശിക്കുന്നത്. എനിക്കു സംസ്കൃതം പഠിക്കണം.”

“അമ്പലം തോറും പജനയിരിക്കുന്ന നീ സന്ന്യാസിയായിപ്പോകുമെന്ന





പേടിയാ അച്ഛന്. അതിൽ നിന്നും നിന്നെ പിന്തിരിപ്പിക്കാൻ കടേൽ പിടിച്ചിരുത്യതല്ല്യോ. നീ വേദാന്തിയായി നാടുവിടില്ലന്ന് എന്താ ഒറപ്പ്?”

“അമ്മേ ഈശ്വരൻ ഒരോരുത്തനേയും ഓരോ ഉദ്ദേശ്യത്തോടെയാ പടച്ചുവിടുന്നത്.എന്റെ നിയോഗമെന്താണെന്ന് ഞാൻ അന്വേഷിച്ചറിയേണ്ടേ? അതിനാലാണ് ഞാൻ ഭജനയിരിക്കുന്നതും നാടു ചുറ്റുന്നതും അമ്പലവാസിയാകുന്നതുമൊക്കെ.”

“അച്ചനിങ്ങുവരട്ടെ. നമുക്കുപറഞ്ഞുനോക്കാം. മോൻ വന്നുവല്ലതും കഴിക്ക്. അമ്മ വിളമ്പി വെക്കാം.”

ചോറിൽ പുളിങ്കറി ഒഴിച്ച് ചുട്ട കായൽ മീൻ കൂട്ടി അവനുണ്ടു. മൂലയിൽ ചുരുട്ടിവച്ചിരുന്ന തഴപ്പായ തിണ്ണയിൽ വിരിച്ച് അതിൽ കിടന്നു. അവിടെയാണവന്റെ ശയനം.അവിടെക്കിടന്നാൽ മുറ്റത്തു പൂത്തുനിൽക്കുന്ന പിച്ചിയുടെ വാസന ആസ്വദിക്കാം. മുറ്റത്തു പന്തലിച്ച നാട്ടുമാവിന്റെ ശാഖികളിൽ കടൽക്കാറ്റ് താളം പിടിച്ചു രസിക്കുന്നതുകാണാം. നിലാവിന്റെ സ്വർണ്ണപ്രഭയിൽ കടലോരത്തെ വെൺമണൽപ്പരപ്പ് തിളങ്ങുന്നതുകാണാം.

അമ്മയും പഞ്ചമിയും ഉൾമുറിയിലെ ചാണകത്തറയിൽ വിരിച്ച പായിൽ പോയിക്കിടന്നു. നേരം പാതിരാ ആയി. കിടക്കുന്ന ക്ഷണത്തിൽ ഉറങ്ങിപ്പോകും കുമാരു. പക്ഷേ, ഇപ്പോൾ തന്റെ ഭാവിയെപ്പറ്റിയുള്ള ആകുലചിന്തകൾ വിഷപ്പാമ്പു കണക്കേ ഫണം വിരിച്ച് ആടുകയാണ്. അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നുനോക്കി. ഇമകൾ തെല്ലും കൂമ്പുന്നില്ല. അവൻ എഴുന്നേറ്റിരുന്നു.മാകന്ദശാഖികളിൽ ചേക്കേറിയ കടൽക്കിളികളുടെ കൂജനം തിരിച്ചറിഞ്ഞവൻ നേരം നിർണ്ണയിച്ചു. അയയിൽ അലക്കി വിരിച്ചുണക്കിയ കവണിയും തോർത്തും ഒരു തുണിയിൽപ്പൊതിഞ്ഞെടുത്തു. ആരോടും ഒന്നും ഉരിയാടാതെ വീടുവിട്ടിറങ്ങി നടന്നു.

കായലോരത്തു പുലർച്ചയിൽ കേവുവഞ്ചിയിൽ വന്നിറങ്ങിയപാടേ പെരുങ്കുടി ആ വർത്ത അറിഞ്ഞു; കുമാരുവിനെ കാണാനില്ല. അടുക്കളപ്പണിക്കായി അതിരാവിലെ ഉണർന്ന അമ്മയാണ് മകന്റെ തിരോധാനത്തെപ്പറ്റി ആദ്യം അറിഞ്ഞത്. അവർ മറ്റു മക്കളെ വിളിച്ചുണർത്തി. എല്ലാവരും ചേർന്ന് നിരവധി ഇടങ്ങളിൽ ചെന്നു തിരഞ്ഞു. അവൻ പലപ്പോഴും ധ്യാനിച്ചിരിക്കാറുള്ള കാളിക്ഷേത്രത്തിലും വള്ളിക്കുടിലുകളിലുമെല്ലാം. എങ്ങും കാണാതായപ്പോൾ അവർ പരിഭ്രാന്തരായി കടവിൽ ഒത്തുകൂടുകയായിരുന്നു.

സംഭീതവാർത്തകേട്ട് പെരുങ്കുടി വലതു കൈപ്പടം നെഞ്ചിലടിച്ച് അനന്തതയിലേക്കുനോക്കി ശബ്ദിച്ചു.

“ന്റെ നാരായണ ഗുരുദേവാ, ന്റെ കുഞ്ഞിനെ കാത്തോണേ.”

ഏതാപത്തിലും പെരുങ്കുടിക്ക് ആശ്രയം ഗുരുസ്വാമിയാണ്. മാനുഷികമായ ഏത് ഔന്നത്യങ്ങളെയും കവിയുന്ന അഭൗമ ശക്തിയാണാ മഹാത്മാവ്. അർത്ഥികളുടെ മിഴിനീർ പ്രാർത്ഥനകളിൽ മഴവില്ലുവിരിക്കുന്നവൻ. പെരുങ്കുടി നേരെ കൊച്ചാര്യൻ മുതലാളിയുടെ വീട്ടിലേക്ക് ഓടിക്കിതച്ചെത്തി.

വേദാന്തിയായ അവന്റ മനം നിരാശാകൂപത്തിൽ നിപതിച്ചുപോകില്ലെന്ന്

www.malankaralibrary.com



ഇരുവർക്കുമറിയാം. ഏതോ മന:ക്ഷോഭത്തെത്തുടർന്ന് താത്ക്കാലികമായി എങ്ങോട്ടെങ്കിലും മാറിയതാവാനാണു സാധ്യത.

"അവനാരോടും വല്യ ചങ്ങാത്തമൊന്നുമില്ല. പിന്നെവിടെ പോകാൻ? പെരുങ്കുടി സന്ദേഹിച്ചു."

"ബന്ധുക്കളിൽ ആരോടെങ്കിലും അവനു പ്രത്യേക പ്രിയമുണ്ടോ."കൊച്ചാര്യൻ ആരാഞ്ഞു.

അല്പം ആലോചിച്ച് പെരുങ്കുടി തിടുക്കത്തിൽ അറിയിച്ചു.

"ന്റെച്ഛനോടു അവനു വല്യ അടുപ്പമാ. അത്രേം വലിയ സ്നേഹം അവൻ അവന്റെ അമ്മയോടു പോലും പ്രകടിപ്പിച്ചു ഞാൻ കണ്ടിട്ടില്ല."

" എങ്കിൽ ന്നും സംശ്യയിക്കണ്ട. അവൻ മുത്തശ്ശന്റെ കൂടെ കാണും. നമുക്കൊന്നു പോയി നോക്കാം."

എന്നിട്ടു വാല്യക്കാരനെ നോക്കി മുതലാളി ആജ്ഞാപിച്ചു.

"ടാ....വേഗം പങ്കായവുമായി വള്ളപ്പുരേലോട്ടു വാ."

ചരക്കുകടത്താനായി മുതലാളിക്ക് കായലോരത്ത് ഒരു കെട്ടുവള്ളമുണ്ട്.

"കൊച്ചു പെണ്ണേ നീയും കൂടെ വാ."

കെട്ടിയോളെ പെരുങ്കുടി വിളിക്കുന്നതങ്ങനെയാണ്.

അവർ വള്ളത്തിൽ യാത്ര തിരിച്ചു.

കരുനാഗപ്പള്ളിയിലെ തഴവായിൽ അവരെത്തി.

കാളിയമ്മയെ ഒറ്റയ്ക്ക് അവർ തറവാട്ടിലെത്തിച്ച് മറ്റുള്ളവർ വഴിയരികിൽ മറഞ്ഞു നിന്നു. അമ്മയോടുമാത്രമേ അവനല്പ്പമെങ്കിലും ആഭിമുഖ്യമുള്ളു. കുമാരു അവിടെയുണ്ടായിരുന്നു.

കോട്ടിയ പ്ലാവിലയിൽ ഉപ്പുചേർത്ത കഞ്ഞി കോരി മുത്തച്ഛന്റെ പല്ലില്ലാ വായയിൽ ഒഴിച്ചുകൊടുത്ത് തിണ്ണയിലിരിക്കുകയായിരുന്നു കുമാരു.

"നീ ഞങ്ങളെ തീ തീറ്റിച്ചു കളഞ്ഞല്ലോടാ കൊച്ചേ."

ചെന്നപാടേ കാളിയമ്മ വിതുമ്പി.

അവൻ കേട്ട മട്ടുകാട്ടിയില്ല. ദൂരങ്ങൾ താണ്ടി, തന്നെ തേടിയെത്തിയ പെറ്റതള്ളയെക്കണ്ട് അവൻ ആശ്ചര്യം കൂറിയില്ല, ഉപചാരം മൊഴിഞ്ഞില്ല.

അവൻ അങ്ങനെയാണ്

കവിഹൃദയം തരളവുമാണെന്നാണു വയ്പ്പ്

ഇവിടെ പക്ഷേ അതൊരു കരിങ്കല്ലിന്റെ ദാർഢ്യം തേടുകയാണ്.

മുത്തച്ഛൻ പറഞ്ഞു

"അവനെ പഠിപ്പിക്കാതെ കടേൽ വിട്ടതിൽ അവനു കൊറേ ദെണ്ണമുണ്ട്, ചെറുക്കനെ ഇനി നിങ്ങൾ വെഷമിപ്പിക്കരുത്. എവൻ വല്യ കേമനാകും കൊച്ചുപെണ്ണേ".

"എറങ്ങിവാടാ. നമുക്കുപൂവാം" അമ്മ വിളിച്ചു.

അവൻ ശഠിച്ചു;

"അച്ഛന്റെ മനസ്സുമാറാതെ ഞാൻ വരുന്നില്ല. എനിക്കിനി കടയിൽ പോകാൻ വയ്യ. എനിക്കു സംസ്കൃതം പഠിക്കണം."





നടവഴിയുടെ ഇറമ്പിൽ നിന്നിരുന്ന ഭർത്താവിന്റെ മുമ്പിലെത്തി കൊച്ചു പെണ്ണ് പറഞ്ഞു.

"ഇങ്ങോട്ടൊന്നു കേറിവന്നേ.അവന്റെ ആശ അങ്ങു സാതിച്ചുകൊട്. അവൻ വല്യ കെറുവിലാ."പെരുങ്കുടിയും പെരുന്തറമുതലാളിയും ഉമ്മറത്തേക്കു കയറച്ചെന്നു.

എല്ലാവരേയും കണ്ടിട്ടും അവന്റെ മുഖത്ത് ഭാവമാറ്റമില്ല.

പെരുങ്കുടി പറഞ്ഞു

"എല്ലാം നിന്റെ ഇഷ്ടം പോലെയാവട്ടെ. നീ വാ. നമുക്കുവീട്ടിപ്പോവാം".

അവന്റെ വാടിയ മുഖം ഒന്നുണർന്നു. ഒരുത്സാഹഭാവം ആ ഇരുണ്ട മുഖത്തു വിടർന്നു. അവൻ അകത്തുപോയി ഭാണ്ഡമെടുത്തുകൊണ്ടുവന്നു.

മുത്തച്ഛന്റെ കാൽ തൊട്ടു വണങ്ങി യാത്ര പറഞ്ഞു. പൗത്രനെ കെട്ടിപ്പിടിച്ച് ആ വൃദ്ധൻ മന്ത്രിച്ചു.

"നല്ലതേ വരൂ"

www.malankaralibrary.com

## നാല്

നലം തികഞ്ഞ ഗദ്യവും തന്റെ തൂലികയ്ക്ക് വഴിപ്പെടുമെന്നു തെളിയിക്കുന്ന ലേഖനങ്ങൾ പല പ്രസിദ്ധീകരണങ്ങളിലും അവൻ എഴുതിക്കൊണ്ടിരുന്നു. വിമർശന മൂർച്ചയുള്ള അവ ഏറെ മുറിവേല്പ്പിച്ചത് കൊച്ചാതിയാശാനെയാണ്. അയാൾ പലപ്പോഴായി എഴുതിയ കവിതകളും വിമർശന ബുദ്ധ്യാ കുമാരു പുനർവായനയ്ക്ക് വിധേയമാക്കി. ഖണ്ഡന ഖഡ്ഗത്താൽ അവയുടെ നെഞ്ചു കീറി പൊള്ളത്തരങ്ങളെ ലേഖനങ്ങൾ വഴി വായനക്കാരുടെ മുമ്പിലേക്ക് അവൻ വലിച്ചെറിഞ്ഞു.

കോപാവേശിതനായ കൊച്ചാതിയാശാന്റെ ഉള്ളിൽ പകയുടെ വിഷം നിറഞ്ഞു. ആൽത്തറ മുക്കിൽ വച്ച് കുമാരുവിനെ കണ്ട കൊച്ചാതി വെല്ലുവിളിച്ചു.

"നീ സംസ്കൃതം പഠിക്കുന്നത് എനിക്കൊന്നു കാണണം. മണമ്പൂരിനോട് ഞാനെല്ലാം പറഞ്ഞിട്ടുണ്ട്."

സംസ്കൃത പണ്ഡിതനാണ് മണമ്പൂർ വാഴാംകോട്ട് ഗോവിന്ദനാശാൻ. സർക്കാർ ജോലിയിൽ നിന്നും വിരമിച്ച ഒരു ജ്ഞാനസൂര്യൻ. അദ്ദേഹം നെടുങ്കണ്ടയിൽ 'വിജ്ഞാനസന്ദായിനി' എന്നൊരു സംസ്കൃത പാഠശാല നടത്തുകയാണ്. അദ്ദേഹത്തിന്റെ ശിഷ്യത്വം തേടണമെന്നായിരുന്നു കുമാരുവിന്റെ ആശ.

കൊച്ചാതിയോടു വാഗ്വാദത്തിനു മുതിരാൻ കുമാരു ഒരുമ്പെട്ടില്ല. സ്വകാര്യ നിമിഷങ്ങളൊക്കെ കലഹകലുഷങ്ങളാക്കി ഹൃദയം അശാന്തമാക്കാൻ അവനു താത്പര്യമില്ല. തന്റെ മുമ്പിൽ വരപ്രസാദമായി വീണുകിട്ടുന്ന അമൂല്യ നിമിഷങ്ങളെ ജ്ഞാനസമ്പാദനത്തിനായി ഉപയോഗിക്കണം. അവൻ അച്ഛനെ കൂട്ടി പിറ്റേന്നു തന്നെ മണമ്പൂർ ഗുരുവിനെ ചെന്നു കണ്ടു.

മുമ്പിൽ വന്നു നിവർന്നു നില്ക്കുന്ന കറുത്ത കിളരം കുറഞ്ഞ ചെറുമനെക്കണ്ട് മണമ്പൂർ ചിറികോട്ടി പരിഹാസപൂർവ്വം ഒന്നു മന്ദഹസിച്ചു. കൊച്ചാതിയിൽ നിന്നു ലഭിച്ച മുൻവിധികളുടെ പിൻബലത്തിൽ മണമ്പൂർ തുറന്നു പറഞ്ഞു.

"എന്റെ കീഴിൽ പഠിക്കാൻ ജ്ഞാനദാഹം മാത്രം പോരാ, വിനയഗുണവും വേണം."

ഓച്ഛാനിച്ചു നിന്നു ശീലമില്ല കുമാരുവിന്; അതു പൊന്നു തമ്പുരാന്റെ സവിധത്തിലായാൽ പോലും. തണ്ടൊടിഞ്ഞ നീലത്താമര കണക്കേ തല താഴ്ത്തി നില്ക്കാനും അവനറിയില്ല. ഉയർന്ന ശീർഷത്തോടെ എവിടെയും ഉരുക്കു പ്രതിമ സമാനം ഉറച്ചു നില്ക്കും. ഈ നില്പും കൊച്ചാതിയുടെ





ഏഷണിയുമാണ് മണമ്പൂരിനെ ചൊടിപ്പിച്ചിരിക്കുന്നത്.കുമാരു നിശ്ശബ്ദനായി നിന്നു.

" നേരത്തേ സംസ്കൃതം വല്ലതും പഠിച്ചിട്ടുണ്ടോ?"

തുടർന്നു ചില ആമുഖ ചോദ്യങ്ങൾ പരീക്ഷണാർത്ഥം തൊടുത്തു വിട്ടു.

ഒന്നിനും ഉത്തരം കിട്ടാൻ സാധ്യതയില്ലെന്ന് മണമ്പൂർ കരുതി. എങ്കിൽ അവനെ തിരിച്ചയയ്ക്കാൻ അതു തന്നെ മതിയായ ന്യായം.

എന്നാൽ ഓരോ ചോദ്യത്തിനുമുള്ള ഉത്തരം കൃത്യവും വ്യക്തവുമായി അവൻ പറഞ്ഞു.

ഗുരു ആശ്ചര്യഭരിതനായി.

അദ്ദേഹം എഴുന്നേറ്റു നിന്ന് പറഞ്ഞു.

"കുമാരുവിനെ പഠിപ്പിക്കാൻ കഴിയുന്നത് ഒരു ഭാഗ്യം തന്നെ. നീ എനിക്കു കാശും തരേണ്ടാ."

ഗുരുവിന്റെ പ്രീതിക്കു പാത്രീഭൂതനായ പുത്രനെപ്പറ്റി അഭിമാനം കൊണ്ട് പെരുങ്കുടിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

മകനെ ഗുരുകുലത്തിലാക്കിയശേഷം അയാൾ ആശ്വാസനിശ്വാസത്തോടെ കായിക്കരയിലേക്ക് മടങ്ങി.

അവിടെ പാഠങ്ങൾ മുമ്പേ തുടങ്ങിക്കഴിഞ്ഞിരുന്നു. വൈകിയെത്തിയ കുമാരുവിനെ ഗുരുനാഥൻ മുൻപാഠങ്ങൾ കൂടി പഠിപ്പിച്ചു. പരീക്ഷകളിലെല്ലാം പഴമക്കാരേക്കാൾ മുമ്പനായി ശോഭിച്ചത് നവാഗതശിഷ്യനായിരുന്നു. മാഘം, നൈഷധം, ശാകുന്തളം നാടകം, ഭാരതചമ്പു, അലങ്കാര ശാസ്ത്രം ഇവയെല്ലാം കുമാരുവിന്റെ അകതാരിൽ പതിഞ്ഞു കിടന്നു.

പ്രിയ ശിഷ്യന്റെ കവനപാടവം കണ്ടറിഞ്ഞ ഗുരു ഒരു ദിവസം പ്രേരിപ്പിച്ചു;

"ഒരു പുരാണ കഥാസന്ദർഭത്തെ ആസ്പദിച്ച് ഒരു കവിത രചിക്കുക."

ഒരു മണിക്കൂറിനുള്ളിൽ ഇരുപതു ശ്ലോകങ്ങൾ വരെ അനായാസേന രചിക്കുവാൻ കഴിയുമായിരുന്ന അവൻ അതിവേഗം പുതിയൊരു കവിതചമച്ചു; 'വള്ളീവിവാഹം.'

ഒരു ദിവസം അവൻ ശാകുന്തളം നാടകബന്ധിയായ ചില സന്ദേഹങ്ങളുമായി ഗുരുസവിധത്തിലെത്തി. ഗുരുവിന്റെ പ്രതികരണങ്ങൾ ശിഷ്യഹൃദന്തത്തെ തൃപ്തമാക്കിയില്ല. സംശയ നിവൃത്തിക്കായി സമാരംഭിച്ച ഭാഷണം ക്രമേണ വാഗ്വാദമായി മാറി. ശിഷ്യന്റെ അനന്യത്വം അനുഭവിച്ചറിഞ്ഞ അദ്ദേഹം പറഞ്ഞു;

"ഇനി നിനക്ക് എന്നിൽ നിന്നും ഒന്നും പഠിക്കാനില്ല. നമുക്കിരുവർക്കും തൊഴുതു പിരിയാം."

ഈ സാത്വികസന്ദർഭത്തെയും കൊച്ചാതിയാശാൻ ഭാവനാപരമായി ഭാവാന്തരപ്പെടുത്തി സാഹിത്യമണ്ഡലങ്ങളിൽ പ്രചരിപ്പിച്ചു.

"ധാർഷ്ട്യപൂർണ്ണനായ കുമാരുവിനെ മണമ്പൂർ ആശാൻ 'താൻ തന്റെ വഴിക്കു പൊയ്ക്കോ' എന്നു ഗർജ്ജിച്ച് പിരിച്ചു വിട്ടു" എന്നായി പുതിയ

www.malankaralibrary.com



ഭാഷ്യം.

മാത്രമല്ല, കായിക്കര എൻ. കുമാരൻ എന്ന പേരിൽ ആയിടയ്ക്ക് സുജനാനന്ദിനിയിൽ തർജ്ജമ ചെയ്തു കൊടുത്ത അല്പം സഭ്യേതരമായ ഒരു സംസ്കൃത കവിതയുടെ പശ്ചാത്തലത്തിൽ പ്രതിയോഗിയെ അശ്ലീലകവിയാക്കാനും കൂടി അയാൾ ഒരു ശ്രമം നടത്തി.

ശ്ലീലമെന്നോ അശ്ലീലമെന്നോ ഭേദം കല്പിക്കാനാവാത്ത വിധം എല്ലാം നല്ലതെന്നു ഗണിക്കുകയാണ് കൗമാരത്തിന്റെയും യൗവനത്തിന്റെയും നടുവിൽ നില്ക്കുന്ന കവികുമാരൻ. ശരീര സൗകുമാര്യങ്ങളുടെ ചാരുതയും ആത്മസൗഷ്ഠവത്തിന്റെ കാമ്യതയും അവന്റെ കവനവഴികളിലെ ചമൽക്കാരങ്ങളായി മാറി.

അനുഭവങ്ങളുടെ തീക്കനൽ പാതകൾ താണ്ടുന്ന ഏകാന്തപഥികനാണു താൻ. കേവലം മൺമയഭോഗങ്ങൾക്കു നേരേ കണ്ണെറിയാൻ തനിക്കെവിടെയാണു നേരം?

അല്ലലും അലച്ചിലും തെല്ലുമറിയാത്ത വെൺമണിക്കവിതകളുടെ അവസ്ഥയല്ലല്ലോ തന്റേത്. ശരീരവികാരങ്ങൾ അക്കവിതകളെ ഭൂതം കണക്കേ ആവേശിച്ചിരിക്കുന്നു.

തന്റെ ഉള്ള് എരിഞ്ഞു പിടയുകയാണ്.

ഐഹികജന്മങ്ങളുടെ അനിശ്ചിതത്വങ്ങളെ ഓർത്ത്, പ്രാണന്റെ സനാതനമായ ഭാവി പരിണാമങ്ങളെ ഓർത്ത്, ശാപകരമായ ജാതീയ അനുവർത്തനങ്ങളെ ഓർത്ത്.



# അഞ്ച്

ആത്മാവിന്റെ അമാവാസികളിൽ തപ്പിത്തടയുമ്പോൾ ഒരു നക്ഷത്രത്തിന്റെ വഴിവെട്ടത്തിനായി ഉഴറുകയായിരുന്നു. പരനിന്ദകരും പീഡകരും സ്വപ്രാണനുമുകളിൽ പെരുങ്കഴുകുകൾ കണക്കേ വട്ടമിട്ടു പറന്നു താഴുമ്പോൾ കരുത്തുറ്റൊരു രക്ഷാകര കരങ്ങൾക്കായി കാത്തിരുന്നു. പുതിയൊരാകാശ ചക്രവാളത്തിൽ ഉദയംകൊള്ളുന്ന ജ്ഞാനപൂർണ്ണതയുടെ സംക്രമസൂര്യനായിരുന്നു നിനവുകളിലെ പ്രതീക്ഷ.

ഒരു നാൾ ആ താരജ്യോതിസ്സ് ഗഗനോന്നതികൾ വിട്ട് തന്റെ ഓലപ്പുരയിലേക്കു വിരുന്നു വന്നു. സാക്ഷാൽ ശ്രീനാരായണ ഗുരുദേവൻ. ദേശാന്തരഗമനത്തിനിടയിൽ ഒരു പരിചിതഭവനത്തിലേക്കുള്ള സാധാരണ പ്രവേശനം. ഗുരുദേവ പാദങ്ങളിൽ ഒരു കാട്ടുപൂവായി സമർപ്പിതനാണല്ലോ പെരുങ്കുടിനാരായണൻ.

വീട്ടുകാരും അയൽക്കാരും ഗുരുദർശനം കാംക്ഷിച്ച് തൊമ്മൻവിളാകാങ്കണത്തിൽ തൊഴുകരങ്ങളോടെ തിങ്ങി നിന്നു. യുവയോഗിയുടെ പരജ്ഞാനനേത്രങ്ങൾ സർവ്വരിലും ഒരു മാത്ര അനുഗ്രഹകടാക്ഷമായി പതിഞ്ഞു. കൂട്ടത്തിൽ ഒരാളിൽ മാത്രം ഗുരുമിഴികൾ ഒന്നുടക്കി നിന്നു. കടുംതവിട്ടുവർണ്ണമാർന്ന കരുത്തനായ ആ പതിനെട്ടുകാരനിൽ. പൊക്കം കുറവാണെങ്കിലും തടിച്ച കഴുത്തിൽ അവന്റെ വലിയ തല നിവർന്നു കാണാം. കണ്ണുകൾക്ക് അസാധാരണമായ തിളക്കം. മുഖത്ത് നല്ല ഉന്മേഷവും പ്രസരിപ്പും.

ജനാവലിയിലൂടെ സ്വന്തം വഴിതെളിച്ച് ആത്മവിശ്വാസപൂർണ്ണമായ അവന്റെ നടത്ത സമാകൃഷ്ടമായിരിക്കുന്നു.

'എന്റെ ജീവിത സമസ്യകളിൽ കാലം ചൂണ്ടിക്കാട്ടിത്തരുന്ന ശരിയുത്തരമല്ലേ ഈ യുഗപുരുഷൻ' എന്നായിരുന്നു അവന്റെ പ്രതീക്ഷകൾ.

"അകത്തെ മുറിയിലേക്ക് എഴുന്നള്ളി വിശ്രമിക്കാൻ തിരുവുള്ളമാകണം" ഗുരുവിന്റെ മുമ്പിൽ നമിച്ചു കൊണ്ട് പെരുങ്കുടി അപേക്ഷിച്ചു. ജനം വഴിമാറി. ഉൾമുറിയിൽ പട്ടുവിരിച്ച തടിക്കസാലയിൽ ഗുരു ഉപവിഷ്ടനായി. പൊന്നുപോലെ വെട്ടിത്തിളങ്ങുന്ന ചെറിയ ഓട്ടുമൊന്തയിൽ ചൂടുപാലും തളികയിൽ അണ്ടിപ്പരിപ്പും പഴങ്ങളും വച്ച് ഗുരുവിനു നേദിച്ചു.

ഗുരു അപ്പോഴും ആ തവിട്ടു നിറക്കാരനെ തേടുകയായിരുന്നു. ആ പതിനെട്ടുകാരൻ വാതില്ക്കൽ വന്നു നിന്നു. അയസ്കാന്ത ശക്തിയാൽ ആകൃഷ്ടമായ അയസ്സ് എന്ന പോലെ.

"ഇതെന്റെ രണ്ടാം പുത്രൻ കുമാരു". പെരുങ്കുടി പരിചയപ്പെടുത്തി.

www.malankaralibrary.com



"കുമാരു എന്തു ചെയ്യുന്നു?"

പ്രത്യേകിച്ച് ഗൗരവതരമായ ഉത്തരവാദിത്വങ്ങൾ ഒന്നും തന്നെയില്ലാത്തതിനാൽ ഉത്തരം നല്കാനാവാതെ അവനൊന്നു കുഴങ്ങി.

"മഹാജലപ്രവാഹത്തിൽപ്പെട്ട പാറക്കക്ഷണം പോലെ അങ്ങനെ എങ്ങും ഇരിപ്പുറയ്ക്കാതെ ഒഴുകി നീങ്ങുന്നു അല്ലേ?".

ഗുരുവിന്റെ നിഗമനസിദ്ധിയിൽ ജനം ആശ്ചര്യം കൂറി.

"സംസ്കൃത പഠനം കുറച്ചു നടത്തിയിട്ടുണ്ട്." മണിനാദം പോലെ അവന്റെ സ്വരം മുഴങ്ങി.

അടുത്തു നിന്ന കൊച്ചാര്യൻ മുതലാളി അനുബന്ധമായി പറഞ്ഞു;

"കുമാരു കവിതകൾ എഴുതാറുണ്ട്. കായിക്കര ദേശത്തിന്റെ അഭിമാനമാണിവൻ.".

"ഉവ്വോ? ആ കവിതകൾ ഒന്നു കാണണമല്ലോ."

കാവ്യസിദ്ധിയുടെ പാലാഴി നെഞ്ചിൽ ഓളം വെട്ടുന്ന ഗുരുവിന് കവനവൈഭവമുള്ളവരോട് വല്ലാത്തൊരു ആഭിമുഖ്യം തന്നെയുണ്ട്.

ജനത്തിരക്കിനിടയിലും കുമാരു തന്റെ തടിപ്പെട്ടി തുറന്ന് ഭദ്രമായി അതിൽ സൂക്ഷിച്ചു വച്ചിരുന്ന കാവ്യശേഖരം പുറത്തെടുത്ത് ഓടിക്കൊണ്ടു വന്നു ഗുരുസമക്ഷം കാഴ്ച വച്ചു.

കവിതകളിലൂടെ ഗുരുവിന്റെ തിരുമിഴികൾ അതിവേഗം പാഞ്ഞു. കതിരും പതിരും ക്ഷണനേരത്തിനുള്ളിൽ വ്യവച്ഛേദിക്കാൻ പ്രാപ്തമായ ദൃഷ്ടിപാതം.

അന്യാദൃശമായ കവനപാടവത്തിനു മുമ്പിൽ ഗുരു അനുഗ്രഹപൂർവ്വം ഒന്നു മന്ദഹസിച്ചു.

എന്നിട്ടു ചോദിച്ചു.

"കുമാരൻ സമസ്യാപൂരണം നടത്തിയിട്ടുണ്ടോ."

"ഉണ്ട്"

"നാം ഒരു സമസ്യ നൽകാം. കുമാരൻ അതു പൂരിപ്പിക്കുക."

അപ്പോൾ ഉള്ളിൽത്തെളിഞ്ഞ ഒരീരടി ഗുരു പറഞ്ഞു കൊടുത്തു.

'കോലത്തുകര കുടികൊണ്ടരുളും
ബാലപ്പിറ ചൂടിയ വാരിധിയേ.'

അടുത്ത വരികൾ ചേർത്ത് ശ്ലോകം ഉടൻ പൂരിപ്പിക്കണം.

ഗുരു അവനെത്തന്നെ ഉറ്റുനോക്കി നിന്നു. അവനാ ഈരടികൾ മനസ്സിൽ ഒന്നുരുക്കഴിച്ചു. അവന്റെ കൂവളപ്പൂമിഴികൾ ഒരുവേള പാതി കൂമ്പിനിന്നു.

ശേഷപാദങ്ങൾ നെഞ്ചിൽ ഊറിക്കൂടി. തൽക്ഷണം കുമാരു പൂരണം ചൊല്ലി കൂട്ടുകവിത മുഴുമിപ്പിച്ചു.

'കാലൻ കനിവറ്റു കുറിച്ചു വിടു
ന്നോലപ്പടി യെന്നെയയയ്ക്കരുതേ'.

ആ പാദയുഗ്മത്തെ വിഷാദത്തിന്റെ ലാഞ്ഛന ചൂഴ്ന്നു നിൽക്കുന്നതായി ഗുരുവിനു തോന്നി. പ്രാണന്റെ നൈമിഷികത എന്ന നിത്യസത്യത്തോടുള്ള





മനസ്സിന്റെ നീരസം ആ പൂരണ വരികളിൽ പൊടിപൂണ്ടു നിന്നിരുന്നു. തടിയും തന്റേടവും അഴകും ആഭിജാത്യവും അറിവും ഗാംഭീര്യവും ഒത്തിണങ്ങിയ ഏതൊരു തരുണകുമാരനാണ്, ഐഹിക ജന്മത്തിൽ ഒരു ദീർഘയാനം കാമിക്കാതിരിക്കുക; പ്രാണന്റെ തിരിനാളം നശ്വരജന്മത്തിന്റെ ഈ ചെരാതിൽ നിന്നും ഏതുനിമിഷത്തിലും വേർപെട്ടു പോകാമെന്ന വേദാന്തജ്ഞാനം തന്റെ യൗവന വസന്തത്തിൽ ഒരു ചതുർത്ഥിയായി നിലകൊള്ളുകയാണ്.

കുമാരന്റെ അരികിലേക്ക് ഗുരുവരൻ മെല്ലെ പദം വച്ചു. അവന്റെ അബോധമനസ്സിന്റെ ഉള്ളറയിലെങ്ങോ പതുങ്ങിക്കിടന്ന പ്രാണഭയത്തിന്റെ തമസ്സിനെ നിഷ്ക്കാസനം ചെയ്തേ മതിയാകു. അവന്റെ മൂർദ്ധാവിൽ ഗുരു വലംകരം വച്ച് ഒരു നിമിഷം നിന്നു. ഗുരുവദനത്തിൽ അപ്പോൾ നൃത്തമാടിയ മന്ദ്രമോഹനമായ ഏതോ മന്ത്രണത്തിൽ അവന്റെ അന്തരംഗം പ്രഭാപൂർണ്ണമായി.

ധിഷണയുടെ കൺതിളക്കത്തോടെ ബംഗാളിലെ ആശ്രമത്തിൽ വന്നുപെട്ട നരേന്ദ്രനിലെ ചൈതന്യത്തെ ഒരൊറ്റ വചസ്സാൽ തൊട്ടുണർത്തിയ ശ്രീരാമകൃഷ്ണപരമഹംസരെപ്പോലെ ഇവിടിതാ ശ്രീനാരായണഗുരുദേവൻ.

പൊതുവേ യുവകവികൾക്ക് മെരുക്കാനാവാത്ത ജഡികാസക്തികളെ ജീവിതത്തിൽ നിന്നെന്നപോലെ കവിതയിൽ നിന്നും അകറ്റിനിർത്തണമെന്ന നിർദ്ദേശം കൂടി അവനു നൽകണമെന്നു ഗുരുവിനു തോന്നി.

"ശൃംഗാരശ്ലോകങ്ങൾ എഴുതരുത്." അദ്ദേഹം വിലക്കി.

ജ്വലിക്കുന്ന യുവത്വം നിറഞ്ഞ യോഗിയാണ് ഇത് ഉപദേശിക്കുന്നത്. കാലത്തേയും ദേശത്തേയും അതിജീവിച്ചുവളരുവാൻ അദ്ദേഹത്തിനു സാധിക്കുന്നത് ഈ ആദർശം വഴിയാണ്. തനിക്കും ഈ യുഗപുരുഷന്റെ ആത്മീയ ശിക്ഷണം കൈക്കൊണ്ട് കാലത്തിന്റെ വഴിവക്കിൽ ഇത്തിരിവെട്ടം തൂകി നിൽക്കേണ്ടേ?

ചിന്തകളിൽ മനംപൂഴ്ത്തി നിന്നുപോയ കുമാരുവിനോട്, പുറത്തേക്ക് നടന്നുകൊണ്ട് ഗുരുചോദിച്ചു.

"കുമാരു നമ്മോടൊപ്പം വരുന്നോ?"

ഓർക്കാപ്പുറത്തുള്ള ആ സ്വാഗതോക്തിക്കുമുന്നിൽ കുമാരു തരിച്ചുനിന്നു പോയി. ഇതിലേറെ മഹത്വം ആർക്കുകിട്ടും ! ഗുരുനാഥൻ സ്വയമേവ സ്വശിഷ്യനെ കണ്ടെത്തി അനുഗമിക്കാൻ ക്ഷണിക്കുന്നു. വീട്ടുകാരും നാട്ടുകാരും കുമാരുവിന്റെ മറുപടിക്കായി വീർപ്പടക്കിനിന്നു. തുളുമ്പുന്ന മിഴികളോടെ അവൻ കരംകൂപ്പി പ്രത്യുത്തരിച്ചു;

"വരുന്നു; തൃപ്പാദങ്ങളുടെ അനുഗ്രഹമുണ്ടെങ്കിൽ..."

ഗുരു അരുൾചെയ്തു

"അനുഗ്രഹമോ ! അതെപ്പോഴും ഉണ്ടല്ലോ"

www.malankaralibrary.com

# ആറ്

നെയ്യാറിന്റെ തീരത്തെ വനം, വന്യമായ മലങ്കാറ്റിൽ ജട ചിക്കി നിന്നു. കൂറ്റൻ കരിമ്പാറകളിൽ തലയറഞ്ഞ് അലറിക്കരഞ്ഞു പായുകയാണ് നെയ്യാർ. അരുവിപ്പുറത്തെ വിജനമൂകതയിൽ ആ ആർത്ത നാദം സദാ മുഴങ്ങുന്നു. പാറക്കെട്ടുകളും ഗുഹകളും സർവ്വത്ര. പുലികളും കുറുനരികളും കാട്ടാനകളും വാഴുന്ന മലഞ്ചെരിവുകൾ.

മലയാള നാട്ടിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച ശേഷം ഗുരുദേവൻ തിരഞ്ഞെടുത്ത ആശ്രമഭൂമികയാണിത്. ഗുരുവിന്റെ നിഴലായി കുമാരു അരുവിപ്പുറത്തെത്തുമ്പോൾ ആശ്രമപ്പഴക്കം ഏഴാണ്ടുകൾ. അവൻ ഇപ്പോൾ പരക്കെ അറിയപ്പെടുന്നത് കുമാരു എന്നല്ല ; ആശാൻ എന്നാണ്. ഒരു സംസ്കൃത പാഠശാല ഹ്രസ്വകാലത്തേക്കെങ്കിലും നടത്താൻ ഇടയായതാണ് ചെറുപ്പത്തിൽത്തന്നെ ഈ വിളിപ്പേരു നേടാൻ കാരണം.

ഭക്തരുടെ തീർത്ഥ കേന്ദ്രമാണ് അരുവിപ്പുറം. അവർ വഴിപാടായി നേദിക്കുന്ന പഴങ്ങളോ അവിലോ മറ്റോ ആണ് ഗുരുവിന്റെ ആഹാരം. ഒരാവേശത്തിന്റെ തള്ളലിൽ ഗുരുവിന്റെ കൂടെ സന്ന്യാസം കാംക്ഷിച്ച് ഈ കൊടും കാട്ടിലെത്തിയവരിൽ പലരും ആശ്രമചര്യകളുടെ കാർക്കശ്യം സഹിക്കാനാവാതെ അതിവേഗം കുന്നിറങ്ങിപ്പോയിട്ടുണ്ട്.

“എന്താ, കുമാരനും പോകണമെന്നുണ്ടോ?” ഗുരു തിരക്കി. എന്തു പറഞ്ഞ് ഗുരുവിനോടുള്ള തന്റെ പുത്രസമാനമായ ആത്മാഭിനിവേശത്തെ ദ്യോതിപ്പിക്കും? ഉള്ളിൽ സദാ ഉരുക്കഴിക്കാറുള്ള സ്വകവിതയുടെ ആദ്യവരികൾ വികാരവിവശനായി ചൊല്ലാനാണ് അപ്പോൾ പ്രേരണയായത്.

‘അണകവിയുന്നലയാഴി യാഴുമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞ പാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്ന നാരാ -
യണ ഗുരുനായകനെന്റെ ദൈവമല്ലോ.’

ഇതിനേക്കാളധികമായെന്തു പറയാൻ ! സൂര്യനും സൂര്യകാന്തിയും തമ്മിലുള്ള ആത്മൈക്യമാണിത്. ഗുരുദേവകല്പനകൾക്കന്യമായുള്ള ഒരു ജീവിതഗതി തനിക്കു സാദ്ധ്യമാകില്ല തന്നെ.

ദേശദേശാന്തരങ്ങളിലേക്കുള്ള പദസഞ്ചരണമാണ് ഗുരുവിന്റെ ചര്യ. പർണ്ണാശ്രമത്തിൽ സ്വച്ഛന്ദാസനത്തിലമരുന്ന രാജർഷിയല്ലദ്ദേഹം. ത്യാഗനിർഭരമായ സഞ്ചാരം വഴി ജനങ്ങളുടെ വേദനകൾ നേരിട്ടറിഞ്ഞ് പോംവഴിയരുളുന്ന കാരുണ്യമൂർത്തിയാണവിടുന്ന്.ഗുരുവിന്റെ ജംഗമ സാന്നിദ്ധ്യം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പാഠശാലയായിതോന്നി ആശാന്. ഒരരുമ ശിഷ്യനെ





കാലം തന്റെ ജന്മത്തോടു കൂട്ടിയിണക്കിയ മട്ടിലായിരുന്നു ഗുരുവിന്റെ ചാരിതാർത്ഥ്യം.

ഗുരുവിന്റെ ഉന്നം തീയ്യ ജാതിയുടെ മാത്രം വിമോചനമല്ല. അധമരെന്നു വരേണ്യവർഗ്ഗം ചാപ്പകുത്തിയകറ്റിയ സകല വംശീയരുടെയും ഉദ്ധാരണമാണ്. ദേശശാപമായ ജാതിവ്യവസ്ഥിതിയുടെ ചീഞ്ഞളിഞ്ഞ ബീഭത്സമുഖം ശിഷ്യനെ അദ്ദേഹം ചൂണ്ടിക്കാട്ടി.

അലകടലിന്റെ രൗദ്രതയ്ക്ക് പ്രതിരോധം തീർക്കുന്ന കൂറ്റൻ കരിമ്പാറക്കെട്ടുകൾ നിറഞ്ഞ വന്യമായ ആശ്രമഭൂമിയിൽ ആശാൻ ഒരു മാൻകിടാവു കണക്കേ തുള്ളിച്ചാടി നടന്നു. ഇടതൂർന്ന മാമരങ്ങൾ നിറയെ മധുരപ്പഴങ്ങൾ, അവ കൊത്തിത്തിന്നാൻ മത്സരിക്കുന്ന കിളികളുടെ കോലാഹലങ്ങൾ.

ഗുരുവിന്റെ വാസഗൃഹം പാറക്കെട്ടുകൾക്കിടയിലുള്ള സ്വച്ഛമായൊരു ഗുഹ. കുളുർത്ത ആ ശിലാഗഹ്വരത്തിലേക്ക് ഇടുങ്ങിയ പ്രവേശന ദ്വാരം വഴി ദീർഘാകാരനായ ഗുരു ഞെരുങ്ങി കയറിയിറങ്ങുന്നത് ആശാൻ സാകൂതം നോക്കി നിന്നു.

“വരൂ കുമാരാ.” ഒരുനാൾ ആ ഏകാന്ത ഗുഹാന്തരത്തിലേക്ക് ഗുരുസ്വാമി അവനെ മാടിവിളിച്ചു. ഗുരുവിന്റെ ഗുഹാന്തരത്തിലേക്ക് പദം വയ്ക്കുമ്പോൾ പുറത്ത് പയ്യെപ്പയ്യെ തമസ്സിന്റെ അരങ്ങേറ്റം. മറുവശത്തെ ചെറുവിള്ളലിലൂടെ അലകടലിന്റെ കാർഷ്ണ്യഗഭീരത ഘനീഭവിച്ചു കാണാം. പക്ഷേ അപ്പോഴും കൽത്തളത്തിൽ പാടലച്ഛവി കലർന്ന നേർത്ത വെട്ടത്തിന്റെ തുടിപ്പ്. അതിന്റെ ഉറവിടം ഗുരുമുഖം തന്നെയെന്നു ആശാനനുഭവപ്പെട്ടു. മന്ദ്രസ്വരമാർന്ന ഗുരുസൂക്തങ്ങൾക്ക് ശംഖനാദത്തിന്റെ അനുരണനം. കൽവിടവുകളിലൂടെ ഞെരിഞ്ഞു കയറുന്ന കോടവാതത്തിൽ ആരു കലർത്തി കൈതമലർപ്പോളയുടെ ഈ അഭൗമഗന്ധം. ഭാഷണ ഗതിഭേദങ്ങൾക്കൊപ്പം വാസനാനുഭവവും വ്യതിയാനപ്പെടുന്നുവല്ലോ. ചിലപ്പോൾ ഇലഞ്ഞിപ്പൂക്കളുടേത്, മറ്റുചിലപ്പോൾ ചെമ്പകത്താരുകൾക്കുള്ളത്, വേറേ ചിലപ്പോൾ പിച്ചകത്തിന്റെയോ, മല്ലികയുടേതോ ! ശിഷ്യോത്തമൻ ഏതോ ഒരഭൗമ ദിവ്യാനുഭൂതിയിൽ നിർല്ലീനനായിത്തീരുകയായിരുന്നു.

ആശ്രമത്തിൽ ശിഷ്യന്മാർ പലരുണ്ടായിട്ടും ഏകാന്ത സംവാദത്തിനായി ക്ഷണിക്കപ്പെടുന്ന ഏകശിഷ്യൻ ഗുരുവിനൊപ്പം ഗുഹാന്തരത്തിൽ പടിഞ്ഞിരുന്നു. ആ സൂര്യമുഖത്തുനിന്നും ജ്ഞാനത്തിന്റെ അഗ്നിനദി ഉറന്നൊഴുകി. പകരം വയ്ക്കാനാവാത്ത ജ്ഞാനോക്തികൾ.

“കുമാരാ, ഏകതാനതയാണ് സമൂഹത്തെ സ്വച്ഛപൂർണ്ണമാക്കുന്നത്. പക്ഷേ, ഭിന്ന ഭാവങ്ങളാണ് ഇവിടെങ്ങും നിറഞ്ഞു കാണുന്നത്”

ഗുരുവിന്റെ ആശയങ്ങളിൽ ആവേശം പൂണ്ട് പ്രതികരിക്കാൻ നെഞ്ചുതുടിക്കുന്നുണ്ട്. പക്ഷേ മഹായോഗിയുടെ മുമ്പിൽ അതിവിനീതനായി മൗനത്തിൽ ആഴ്ന്നിരിക്കുകയാണ് കുമാരു.

“ഈ ആരണ്യാന്തരത്തിൽ നമുക്ക് അടങ്ങിയിരിക്കാനാവില്ല. ദേശാടനം ചെയ്യണം. കുമാരൻ കൂടെ വരുന്നോ?”

www.malankaralibrary.com



"എനിക്കതിൽപരം ഒരു ഭാഗ്യം കിട്ടാനില്ല സ്വാമി."

കുമാരു അവാച്യാനുഭൂതിയോടെ പ്രത്യുത്തരിച്ചു.

നാറുന്ന അഴുക്കുചാലിൽ വീണൊഴുകുന്ന പവിഴക്കല്ലുപോലെ ജാതിബ്ഭ്രാന്തിന്റെ വിഷം നിറഞ്ഞ ജീവിതരഥ്യകളിലൂടെ ആ തേജോമയൻ സഞ്ചരിച്ചുകൊണ്ടിരുന്നു.

ഗുരുവിന്റെ ചെംപവിഴദ്യുതി തഞ്ചുന്ന പാദങ്ങൾ തൊട്ടുവന്ദിക്കാൻ എവിടെയും ജനത്തിരക്ക്. ശിഷ്യോത്തമനെ ചൂണ്ടി ഗുരു അവർക്ക് പരിചയപ്പെടുത്തിക്കൊടുത്തു.

"ഇതു കുമാരു. കവിതഗുണം നിറഞ്ഞ നമ്മുടെ ശിഷ്യൻ."

വാത്സല്യത്തിന്റെ അതിമധുരം നിറഞ്ഞ സാക്ഷ്യം.

അതിനാൽ ജനം ഗുരുവിനെപ്പോലെ ആശാന്റെ മുമ്പിലും വരവേൽപ്പിന്റെ പരവതാനി വിരിച്ചു നിന്നു. സ്ഥൂലാകാരനായ ആ കാർവർണ്ണൻ കവനവഴിയിലെ സഞ്ചാരികൾക്കും സഹൃദയർക്കും കാഴ്ചയുടെ ഉത്സവമായി മാറി. സ്വർണ്ണവർണ്ണമാർന്ന ഗുരുവിന്റെ നിഴലായിത്തീർന്ന ഈ ഇരുനിറക്കാരനെ ജനം അളവറ്റു സ്നേഹിച്ചു.

"ഞങ്ങൾ വായിച്ചിട്ടുണ്ട് ആശാന്റെ കവിതകൾ"

"എന്നിട്ട്?"

ആത്മനിർവൃതിക്കപ്പുറം തന്റെ അക്ഷരവിന്യാസങ്ങൾക്ക് ചില പ്രത്യേക ഉന്നങ്ങളുണ്ട്. ഭക്തി വർദ്ധനയും സമൂഹനവീകരണവുമാണാ ലക്ഷ്യങ്ങൾ. ഈ മുന്നേറ്റത്തിൽ തന്റെ അക്ഷരസമർപ്പണം എത്രത്തോളം സഫലമായി എന്നാണ് കവിക്ക് അറിയേണ്ടത്. അതുകൊണ്ടാണ് 'എന്നിട്ട്?' എന്ന അർദ്ധോക്തിയിൽ ആരാഞ്ഞത്.

"ഭാവനൂതനത്വത്തിന്റെ വശ്യതയും അഴകും അതിനുണ്ട്".

കവിമുഖം ഏറെ പ്രസാദാത്മകമായി. ജീവൽ പ്രയാണത്തിന്റെ ഓരോ അണുവിലും അതീവശ്രദ്ധ വിന്യസിപ്പിക്കുന്ന തന്റെ സ്വത്വത്തിനു കിട്ടുന്ന ഓരോ അംഗീകാരവാക്കും ആശാന് ആനന്ദകരമാണ്. അതിനാൽ വീണ്ടും തിരക്കി. "ഓഹോ, എന്റെ കവിത പുതിയ ഭാവുകത്വം പകരുന്നുവെന്നോ! സന്തോഷം".

"വെൺമണിക്കവികളുടെ അശ്ലീല ശൃംഗാരത്തിൽ നിന്നുമുള്ള മോചനമാണ് താങ്കളുടെ ദാർശനിക കവിതകൾ".

അവർ ശ്ലാഘിച്ചു.

"എല്ലാം ഗുരു സ്വാമിയുടെ കൃപ". ആശാൻ പറഞ്ഞു.

അതു ശരിതന്നെ. ഗുരുവിന്റെ കൃതികളായിരുന്നല്ലോ കുമാരുവിന്റെ ആദ്യപാഠങ്ങൾ.ശിവ പ്രസാദ പഞ്ചകവും ദേവീസ്തവവും ശ്രീ വാസുദേവാഷ്ടകവും വിനായകാഷ്ടകവും എല്ലാം അവനു സമ്പൂർണ്ണ ഹൃദിസ്ഥം. അതിന്റെ സ്വാധീനം അവന്റെ ദാർശനിക കവിതകളിൽ പടർന്നു കിടക്കുന്നു.

"സ്വാമികളുടെ ഒരു കവിത ചൊല്ലാമോ ആശാനേ."

അവർ താത്പര്യത്തോടെ അഭ്യർത്ഥിച്ചു.





"ചൊല്ലാം. ജഡികതയിൽ നിന്നും ഭക്തിമാർഗ്ഗത്തിലേക്ക് മനസ്സിനെ സംക്രമിപ്പിക്കുന്ന ഒരു കവിതയാവട്ടെ"

"ശരി. കേൾക്കട്ടെ."

രതി മാർഗ്ഗത്തിൽ നിന്നും രാമമാർഗ്ഗം കാംക്ഷിക്കുന്ന ജനതയ്ക്കു മുമ്പിൽ അനുയോജ്യമായൊരു ഭാഗം ഓർമ്മയിൽ ചികഞ്ഞെടുത്ത് അതിമധുരമായി ചൊല്ലി.

മിഴിമുനകൊണ്ടു മയങ്ങി,നാഭിയാകും
കുഴിയിലുരുട്ടി മറപ്പതിനൊരുങ്ങി
കിഴിയുമെടുത്തു വരുന്ന മങ്കമാർ തൻ
വഴികളിലിട്ടു വലയ്ക്കൊലാ മഹേശാ !
തലമുടി കോതി മുടിഞ്ഞു തക്കയിട്ട
ക്കൊല മദയാന കുലുങ്ങിവന്നു കൊമ്പും
തലയുമുയർത്തി വിയത്തിൽ നോക്കി നിൽക്കും
മുലകളുമൊന്ന വലയ്ക്കൊലാ, മഹേശാ !

കറുകറുത്ത ചുരുണ്ടമുടി തിങ്ങിയ വലിയ തല താളബദ്ധമായി ആട്ടി, തിളങ്ങുന്ന വിടർന്ന മിഴികൾ സഹൃദയമുഖങ്ങളിലേക്കയച്ച്, വിരലുകളാൽ താളമിട്ട് ആശാൻ അങ്ങനെ മതി മറന്നു പാടി നിൽക്കേ, വിശ്രമമുറിയിൽ നിന്നും അതാ ഗുരുസ്വാമി മെല്ലെ ഇറങ്ങി വരുന്നു. ഗുരുമുഖത്ത് പുഞ്ചിരിയുടെ പ്രകാശം നിറഞ്ഞു നിൽക്കുന്നു.

"കുമാരു നമ്മുടെ 'ശിവശതകം' പഠിച്ചിരിക്കുന്നു, അല്ലേ?"

ചൊല്ലരങ്ങിൽ നിന്നും വിരമിച്ച് അവൻ ഭയാദരവോടെ നിലകൊണ്ടു. ഗുരു തുടർന്നു;

"ജഡേച്ഛകളെ വരുതിയിൽ നിറുത്തുക ക്ലേശകരമാണ്. അതിൽ ജയിച്ചാൽ പിന്നെ മനം അഭൗമമായൊരു തലത്തിലേക്കുയരും. എല്ലാവർക്കും ഈ അഭ്യാസം സാദ്ധ്യമാവില്ല. കുമാരുവിന് വൈരാഗ്യത്തിന്റെ കയ്പ് രുചിച്ചു തുടങ്ങിയോ?"

www.malankaralibrary.com



## ഏഴ്

"കുമാരൻ അതിവേഗം ആശ്രമചര്യകൾ പഠിച്ചു കഴിഞ്ഞിരിക്കുന്നല്ലോ. കൊള്ളാം. നമുക്ക് തൃപ്തിയായി."

അരുമശിഷ്യനെ ഗുരുവിന്റെ ജ്ഞാനനേത്രങ്ങൾ നിരീക്ഷിച്ചറിഞ്ഞ് ശ്ലാഘിക്കുകയാണ്.

"ആശ്രമത്തിലെ പഴമക്കാരായ പരിവ്രാജകരേക്കാൾ ഗുരുദേവൻ എന്നെ പ്രത്യേകം സ്നേഹിക്കുന്നതിൽ ചിലർക്ക് ഈർഷ്യ ഉണ്ട്."

"ഉവ്വോ! സന്ന്യാസിമാരിലും മാത്സര്യമോ! കുമാരൻ തന്നെ മുൻകൈയെടുത്ത് അത് പരിഹരിക്കാൻ ശ്രമിക്കണം"

"എഴുത്തും വായനയും മറ്റുമായി ഏകാന്തതയിൽ ഒതുങ്ങിക്കൂടുന്ന എന്നെ അവർ ഒറ്റപ്പെടുത്തുകയാണ്."

"അതൊക്കെ താല്ക്കാലിക നീരസങ്ങൾ മാത്രം. ആശ്രമം കൊണ്ടു നാം ഉദ്ദേശിക്കുന്നത് സമൂഹത്തിന്റെ ഉയർച്ചയാണ്. മറ്റാരേക്കാളും ഏറെ കുമാരന് ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ കഴിയും."

"നമ്മുടെ നാട്ടിൽ കുമിഞ്ഞു കൂടുന്ന അയിത്തത്തിന്റെ ചീഞ്ഞ ജഡം ഉളവാക്കുന്ന ദുർഗന്ധമല്ലേ സ്വാമീ ഉടൻ ദുരീകരിക്കേണ്ടത്.?"

"മുഖ്യമായും അതുതന്നെ. തീയ്യരെപ്പറ്റി മാത്രമല്ല നാം ചിന്തിക്കേണ്ടത്. അസ്വതന്ത്രരായ സർവ്വരേയും പറ്റിയാണ്."

"പതിറ്റാണ്ടുകൾക്കപ്പുറത്ത് സ്വാമിയുടെ അരുവിപ്പുറം പ്രതിഷ്ഠയോടെ ഈഴവർ ഒന്നുണർന്നുകഴിഞ്ഞു. ഇനി ഈ ജനതയുടെ വ്യക്തിത്വത്തെ വളർത്താൻ കഴിയണം. നാളെ ഈ ജനം മലയാൺമയുടെ കരുത്തും കാന്തിയുമായി പരിണമിക്കും."

നാവിൽ നിന്നും ഈ പ്രവചനഭാഷ്യം തികട്ടുമ്പോൾ ആശാന്റെ നെഞ്ചിൽ ആവേശസാഗരത്തിന്റെ തിരകളിളകുകയായിരുന്നു.

വായിച്ചും കേട്ടും അറിഞ്ഞതിനേക്കാൾ ഭീകരമായിത്തോന്നി അയിത്തത്തിന്റെ നേർക്കാഴ്ചകൾ. ആശ്രമത്തിൽ തിരിച്ചെത്തിയതു മുതൽ ആശാന്റെ മുഖം ദുഃഖപൂർണ്ണമായിരുന്നു. സഞ്ചാര വിവരങ്ങൾ ആരാഞ്ഞ് ചുറ്റും നിരന്ന ആശ്രമസ്ഥരോട് നിറമിഴികളോടെ പറഞ്ഞു.

"വിവേകാനന്ദസ്വാമികൾ വിരൽ ചൂണ്ടി ഭർത്സിച്ച ഭ്രാന്താലയത്തിലൂടെ ഞാൻ നടക്കുകയായിരുന്നു. ഹോ! ഭയങ്കരം!"

അതു പറയുമ്പോൾ സ്വതേ തീക്ഷ്ണങ്ങളായ ദൃഷ്ടികൾ ചോന്നു കത്തുന്നുണ്ടായിരുന്നു. നെഞ്ചകത്തിൽ നുരയുന്ന ക്ഷുഭിതഭാവങ്ങൾ അണ മുറിയുന്നുണ്ടായിരുന്നു.



അസ്വാസ്ഥ്യത്തിന്റെ കനൽവഴിയേറി ആ മനം പായുകയായിരുന്നു. ശാന്തി തേടി അഭയപ്പെട്ടത് നെയ്യാറിന്റെ തീരത്തെ പാറപ്പരപ്പിൽ ഗുരുസ്വാമി പ്രതിഷ്ഠിച്ച ശിവലിംഗപ്രതിഷ്ഠയുടെ തിരുമുമ്പിൽ. അതിന്റെ ചാരേ ഗുരുസ്വാമി ആലേഖനം ചെയ്ത കവനമഹത്ത്വത്തിൽ മിഴികളുടക്കി നിന്നു. താഴ്‌വാരങ്ങളിൽ കൂണുകൾ പോലെ കാണപ്പെടുന്ന ചാളകളിൽക്കിടന്നു ജാതിഭ്രാന്തിന്റെ വാളാൽ കഷണിക്കപ്പെട്ടു പിടയുന്ന മനുഷ്യർക്കുവേണ്ടി ആ ചതുർവരികൾ ആശാൻ തൊണ്ടപൊട്ടുമാറ് ഉറക്കെച്ചൊല്ലി.

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്'

ഞരമ്പുകളിൽ തിളയ്ക്കുന്ന ചോരയിലലിഞ്ഞ് ഈ സന്ദേശവിപ്ലവം ശരീരമാസകലം പടർന്നു. ജാതിഭേദത്തിന്റെ ആഗ്നേയ ചിന്തകൾ വേട്ടയാടുന്ന രാപ്പകലുകൾ. തന്റെ ഉണ്മയിൽ കരുത്തായി നുരയുന്ന അക്ഷരവീര്യത്തെ ഈ മഹാശാപത്തിന്റെ ഉച്ചാടനത്തിനായി കാണിക്കയർപ്പിക്കുകയാണ് ആശാൻ. "അയ്യപ്പാ, എനിക്കൊരു സമാധാനവുമില്ലയ്യപ്പാ;" ഒരിക്കൽ ഉറ്റ ചങ്ങാതിയോട് ആശാൻ വിലപിച്ചു.

"സ്വർണ്ണത്തിളക്കമുള്ള വാക്കുകളുടെ കൂമ്പാരത്തിൽ നിന്നും പത്തരമാറ്റുള്ള തനിത്തങ്കത്തിന്റെ ഒരു ചെറുതരിക്കായി ഞാൻ തീനും നിദ്രയും വെടിഞ്ഞ് ദിനരാത്രങ്ങൾ തെരഞ്ഞലയുകയാണ്. അതു കണ്ടെത്തുവോളം എനിക്കൊരു സംഭ്രാന്താവസ്ഥയാണ്. കണ്ടെത്തിക്കഴിഞ്ഞാലോ, ഉന്മാദാവസ്ഥയും.

ചിപ്പിയിൽ മുത്തു വിളയുന്നതു പോലെയാണയ്യപ്പാ എന്നുള്ളിൽ കവിത രൂപം കൊള്ളുന്നത്. ചില്ലു പോലെ നാലുപാടുംകൂർത്ത ഒരു മണൽത്തരി എങ്ങനെയോ ചിപ്പിയുടെ മാംസത്തിൽപ്പെട്ടു പോകും. അതിന്റെ ഓരോ അംഗചലനത്തിലും അതു മാംസത്തെ തുളച്ച് ഉള്ളിൽ പൂണ്ടുകിടക്കും. ക്രമേണ കൊഴുത്ത ഒരു സ്രവം ആ മണൽത്തരിയെ ആവരണം ചെയ്യും. അതു ഘനീഭവിച്ച് കാലാന്തരത്തിൽ പ്രഭ ചിതറുന്ന അനർഘമായ മുത്തായി മാറും. ആ ചിപ്പിയെപ്പോല പ്രാണവേദന കടിച്ചമർത്തിക്കൊണ്ടാണയ്യപ്പാ എന്റെ ഓരോ നിമിഷവും കടന്നു പോകുന്നത്. ഹൊ! ഇതെന്തൊരു ദുസ്സഹമായ നിയോഗം."

മഴയ്ക്കു തൊട്ടുമുമ്പുള്ള ആകാശത്തിന്റെ കാളിമ പൂണ്ട വീർപ്പുമുട്ടലുകളായിരുന്നു അവന്റെ ഉള്ളിൽ. കവിതയുടെ മഴപ്പെയ്ത്തിനായി സഹിക്കുന്ന ഈറ്റുനോവ്. പ്രജ്ഞയിൽ നിരന്തരം വെള്ളിടികൾ മുഴങ്ങിക്കൊണ്ടിരിക്കുന്നു. മിന്നൽപ്പിണരുകളുടെ ചുരികഭേദ്യങ്ങൾ മനസ്സിനെ രണവേദിയാക്കിമാറ്റുന്നു. ഇടയ്ക്കിടെ ഇടിത്തീയ് വീണ് കരൾ കത്തിയെരിയുന്നതു പോലെ.

പലപ്പോഴും വാഗ്ദേവതയോടു പ്രലാപത്തോടെ ചോദിച്ചു പോയിട്ടുണ്ട്, കവിതയുടെ കനൽക്കട്ടകൾ നിറച്ച് എന്തിനീ ഹൃദന്തത്തെ ചുട്ടുപൊള്ളി

www.malankaralibrary.com



ക്കുന്നു!

ചിരിയുടെ മാലപ്പടക്കം പൊട്ടിച്ച് വില്ലുവണ്ടികളിലും മറ്റും അലസമായി ചാരിക്കിടന്നു സഞ്ചരിക്കുന്ന ഉല്ലസിതരിലേക്ക് മിഴികൾ പായിച്ച് അവൻ അതിശയം കൂറി.

"ഇവർക്കെല്ലാം ഈ സന്തോഷം എവിടെ നിന്നു കിട്ടുന്നു അയ്യപ്പാ. മാഘവും വേദാന്തവും ഒന്നും അവർ പഠിച്ചിട്ടുണ്ടാവില്ലല്ലോ. എന്നിട്ടും എനിക്കുമാത്രം എന്തേ കൂട്ടും കൂടാരവും പൊട്ടിച്ചിരിയുമെല്ലാം അന്യമായിപ്പോകുന്നു! എനിക്കെന്നെത്തന്നെ മനസ്സിലാക്കാൻ വയ്യല്ലോ അയ്യപ്പാ."

തന്നെക്കാൾ ഇളപ്പമാണെങ്കിലും അയ്യപ്പൻ ധീരബാലനാണ്. ജാതിപ്പിശാചിനെതിരേ വില്ലുകുലച്ചു പതിയിരിക്കുന്നവൻ.

ദേശാടനവേളയിൽ അനുഭവിച്ച ജാതീയമായ ദുരന്താനുഭവങ്ങൾ വടുക്കളായി ആശാന്റെ ഉള്ളിൽ നിറഞ്ഞു കിടക്കുകയാണ്.

ആശ്രമത്തിൽ നിന്നിറങ്ങി വനാന്തരത്തിലൂടെ വെറുതെ ഒറ്റയ്ക്കു നടന്നു. കാട്ടുപുല്ലു പടർന്ന ഒറ്റയടിപ്പാതയിലൂടെ തപ്തനിശ്വാസങ്ങളോടെ അവൻ അലഞ്ഞു. വനചാരികളുടെ കാൽപ്പെരുമാറ്റത്താൽ സീമന്തരേഖപോലെ തെളിഞ്ഞ് നെയ്യാറിന്റെ തീരത്തോളം നീളുന്ന വിജനമായ പാത. സൂര്യാംശുക്കൾ ലേശവും ഊർന്നിറങ്ങാത്ത വിധം നികുഞ്ജങ്ങൾ ജട വളർത്തി നില്ക്കുന്നു.

മുന്നിൽ കണ്ട ഒരു കരിമ്പാറയുടെ പുറത്തു കയറി വെറുതേ ഇരുന്നു. കരുത്തനായ കാറ്റിന്റെ ഗാഢമായ ആശ്ലേഷത്തിൽനിന്നും കുതറിമാറാൻ ശ്രമിക്കുന്ന പൂമരങ്ങൾ. അപ്പോൾ അവരുടെ മുടിക്കെട്ടിൽ നിന്നും ഉതിരുന്ന വാസനപ്പൂക്കൾ ആശാന്റെ നെറുകയിലും മടിത്തട്ടിലും പതിച്ചു. അവൻ അതിന്റെ നനുത്ത ഇതളുകളിൽ തലോടി.

"ആശാനേ, എവിടെയെല്ലാം തെരഞ്ഞു? എന്താ ഒറ്റക്കിവിടെ?"

ഓടിക്കിതച്ചെത്തിയ അയ്യപ്പൻ പറഞ്ഞു.

"ഒറ്റയ്ക്കല്ലയ്യപ്പാ, ഉയിരിനെ പിടിച്ചുലയ്ക്കുന്ന ഒത്തിരി ചിന്തകളുണ്ട് എനിക്കു കൂട്ടിന്" .

"പാടില്ല. ചിന്ത ചിതാ സമാന: എന്നല്ലേ? ഈ കൊഴുത്ത അരോഗദൃഢഗാത്രം ശോഷിപ്പിച്ചു കളയല്ലേ. ഈ സുന്ദരമുഖം ശോകം കൊണ്ട് വാടുകയും വേണ്ടാ" .

"ആട്ടെ എന്തിനാണ് എന്നെ തെരഞ്ഞത്?"

"വേഗം ആശ്രമത്തിലേക്കു വാ. ജ്യേഷ്ഠനും അമ്മാവനും കാണാൻ വന്നിരിക്കുന്നു."

"എന്താ കാര്യം?"

"ഹൊ! അതു ഞാൻ പറഞ്ഞിട്ടു വേണോ? വീട്ടുകാർ ഈ തിരുവുടൽ ഒരു നോക്കു കണ്ടിട്ട് മൂന്നാണ്ടുകൾ കഴിഞ്ഞില്ലേ? ഈ നെഞ്ച് എന്താ, കല്ലായിപ്പോയോ?"

കുമാരന്റെ കരിങ്കൂവള മിഴികളിൽ ഭാവഭേദത്തിന്റെ ലാഞ്ഛന തെല്ലുമുണ്ടായില്ല. അയ്യപ്പന്റെ കൂടെ നിശ്ശബ്ദനായി നടന്ന് ആശ്രമത്തിലെത്തി.





വീട്ടുകാർ ഗുരുവിന്റെ മുമ്പിൽ വിനയാന്വിതരായി നില്ക്കുന്നു.

"ഇതാ കുമാരൻ എത്തിയല്ലോ." അമ്മാവന്റെ മുഖമുണർന്നു.

കുമാരു നേരേ നടന്നു വന്ന് ഗുരുവിന്റെ ചാരത്തു നിലകൊണ്ടു.

"കുഞ്ഞേ, നിന്നെ ഒരു നോക്കു കാണാൻ അപ്പനും അമ്മയും വയസ്സുകാലത്ത് അവ്ടെ കാത്തിരിക്കാ. കൊല്ലം മൂന്നു കഴിഞ്ഞില്ലേ അവരെ നീ കണ്ടിട്ട്. ഗുരുസ്വാമി അനുവദിക്കുമെങ്കിൽ ഇപ്പോ നീ ഞങ്ങടെ കൂടെ എറങ്ങി വരണം"

കുമാരു ഒന്നും മിണ്ടിയില്ല.

ഉടപ്പിറപ്പിന്റെ അന്യതാഭാവം കണ്ട് ജ്യേഷ്ഠന്റെ ഇടനെഞ്ചു തകർന്നുപോയി. അയാൾ നിറമിഴികളോടെ അമ്മാവനെ നോക്കി. മൗനം കനത്ത നിമിഷങ്ങൾ.

പരാത്മവേദനകൾ സസൂക്ഷ്മം നിരീക്ഷിച്ചിരിക്കുകയായിരുന്നു ഗുരു. കുമാര മൗനത്തിന്റെ പൊരുളുതിരയാൻ അദ്ദേഹം ഒരുമ്പെട്ടില്ല. എന്തുകൊണ്ടെന്നാൽ, സന്ന്യാസത്തിന്റെ ഇതേ അവധൂതമാർഗ്ഗത്തിലൂടെ കടന്നുപോയ ഒരു പ്രാചീനകാലം തനിക്കുമുണ്ടായിട്ടുണ്ട്.

ഭൗമബന്ധങ്ങൾ നിഷ്ക്കരുണം അറുത്തുമാറ്റാതെ ഈ യതിമാർഗ്ഗം തുടരുക അസാദ്ധ്യം. ഇതെല്ലാവർക്കും സുഗ്രഹമായെന്നു വരില്ല.

എങ്കിലും, ആഗതരെ സമാധാനിപ്പിച്ച് ഗുരു പറഞ്ഞു;

"കുമാരു വരും, ഈ വരുന്ന തിരുവോണത്തിന്."

www.malankaralibrary.com

## എട്ട്

കർക്കിടകത്തിലെ കരിമേഘങ്ങൾ പെയ്തൊഴിഞ്ഞു. തുള്ളിക്കൊരു കുടമായി കലിതുള്ളിപ്പെയ്തു നിന്ന പേമഴ അരങ്ങുവിട്ടു. തിരുവോണ പ്പൊൻവെയിൽ കസവുചുറ്റി വിരുന്നു വന്നു. പ്രളയജലത്തിന്റെ ആഴങ്ങളിൽ ശ്വാസം മുട്ടിക്കിടന്ന സസ്യജാലങ്ങൾക്കു പ്രാണമുക്തി കിട്ടി. ആശാന്റെ ഹൃദയവും ഉന്മിഷത്തായി

"ആശ്രമത്തിൽ ഇക്കുറി നമുക്കോണം ഒന്നാഘോഷിക്കണം"

ആശാൻ നിർദ്ദേശിച്ചു.

"ആഘോഷങ്ങൾക്കു ഗുരു അനുവദിക്കുമോ?"

സഹയോഗികളുടെ ശങ്ക.

"എന്തുകൊണ്ടില്ല. മാനുഷരെല്ലാരുമൊന്നുപോലെ എന്നതല്ലേ ഓണ ത്തിന്റെ പൊരുൾ. സർവ്വജനസംയോഗമെന്ന വിദൂരസ്വപ്നത്തെ ഉപാസിച്ചു കഴിയുന്ന ഗുരു ഈ ആഘോഷത്തെ ഒരിക്കലും എതിർക്കില്ല."

"അഥവാ അനിഷ്ടമുണ്ടെങ്കിലും പ്രിയശിഷ്യനായ ആശാന്റെ ഇംഗിത ങ്ങൾക്ക് മുമ്പിൽ ഒരംഗീകാര മൗനം സ്വാമി പുലർത്താറുണ്ടല്ലോ."

ആശാൻ മിണ്ടിയില്ല.

ഗുരുവിനു തന്റെ നേർക്കുള്ള അവർണ്ണ്യമായ വാത്സല്യത്തിനു മുമ്പിൽ പലരുടെയും അസൂയ വിഷഫണം നീട്ടാറുണ്ടല്ലോ.

"ഓണാഘോഷത്തിനിടയിൽ ആശാന് ഗുരുസ്വാമി ഒരു ഓണക്കോടി തരാതിരിക്കില്ല."

മറ്റൊരാളുടെ മുനവച്ച പരിഹാസം.

ഈ കല്ലേറുകൾക്കൊന്നും ചിറ്റോളങ്ങൾ പോലും ഉയർത്താനായില്ല, ആ ഗഭീരസാഗരചിത്തത്തിൽ. അത്രമാത്രം സ്ഥിതപ്രജ്ഞനായി മാറിക്കഴിഞ്ഞി രിക്കുന്നു ആശാൻ.

അതിനാൽ അതിവിനീതനായി മൗനം പൂണ്ടിരുന്നു.

"ആശാന് ഒരു മോഹമേയുള്ളു. ഓണക്കോടിയല്ല, ഒരു കാവിക്കോടി ഗുരുവിൽ നിന്ന് ഏറ്റുവാങ്ങാനുള്ള ഭാഗ്യയോഗം"

ഒരാൾ അഭിപ്രായപ്പെട്ടു,

"അങ്ങനെ, അരുവിപ്പുറം പ്രസ്ഥാനത്തിന്റെ സർവ്വാധികാരിയായി ഒരു നാൾ വാഴാമെന്നാവും മോഹം"

മറ്റൊരാളുടെ പരിഹാസം.

"ചങ്ങാതീ, എന്തിനാണ് എഴുതാപ്പുറം വായിക്കുന്നത്. ഈ മലയാളനാ ടിന്റെ മഹാശാപമാണ് ജാതി വ്യവസ്ഥ. അതിന്റെ ഉച്ചാടനമാണ് ഗുരുവിന്റെ





ലക്ഷ്യം. ഇക്കാര്യത്തിൽ ഗുരുവിന്റെ കരങ്ങൾക്കു കരുത്തു പകരുവാൻ ആഗ്ര ഹിച്ചെന്നേയുള്ളു. അതു തെറ്റാണോ?" ആശാൻ ശബ്ദിച്ചു.

"സഹസ്രാബ്ദങ്ങളായി വേരുറച്ച വ്യവസ്ഥിതിയാണിത്. ജാതീയമായ ഈ മഹാമേരുവിനെ കടപുഴക്കാൻ ആർക്കു കഴിയും.?"

"വിപ്ളവം സംഘടിപ്പിക്കണം". ആശാന്റെ ഭാവം തീക്ഷ്ണമായി.

"യോഗിമാർ വിപ്ളവകാരികളാവുകയോ!"

" അക്രമമല്ല വിപ്ളവം. അടിച്ചമർത്തപ്പെട്ട ജനലക്ഷങ്ങളുടെ വിമോചന ത്തിനായുള്ള മുന്നേറ്റമാണത്. മേലാളരെന്നും കീഴാളരെന്നും രണ്ടു വർഗ്ഗ മില്ലെന്നും മാനുഷരെല്ലാരുമൊന്നാകണമെന്നും ഈ പാവങ്ങളെ പറഞ്ഞു പഠിപ്പിക്കണം. ഒന്നോ രണ്ടോ കൊല്ലങ്ങൾ കൊണ്ടൊന്നും ഈ മാറ്റം നാം പ്രതീക്ഷിച്ചു കൂടാ. പടിപടിയായി കേരളത്തെ സമുദ്ധരിക്കാൻ കഴിയണം.

'മാറ്റുവിൻ ചട്ടങ്ങളെ, സ്വയം അല്ലെങ്കിൽ മാറ്റും അതുകൾ ഈ നിങ്ങ ളെത്താൻ' എന്നു ചൂണ്ടിക്കാട്ടാൻ കഴിയണം." ആശാൻ തുടർന്നു; തീക്ഷ്ണ മായ ഭാവത്തോടും ചങ്കുറപ്പുള്ള പോരാളിയുടേതായ അംഗവിക്ഷേപത്തോടും.

"ജനപദം ഖണ്ഡിക്കപ്പെടുകയാണിവിടെ. ഈഴവർ, പുലയർ, പറയർ, കുറ വർ എന്നിങ്ങനെ ഛിന്നഭിന്നമായി മാനവികതയുടെ ഐക്യവും ശക്തിയും നാമാവിശേഷമായിപ്പോവുകയാണ്. ഈ സ്ഥിതി മാറണം. വസുധയെ ഒരു കുടുംബമായും മനുഷ്യരെ ഏകജാതിയായും കാണാൻ കഴിയണം."

"ഭ്രാന്താലയമായ കേരളത്തിൽ ജാതി ഭ്രാന്തിനെതിരേ ഒറ്റമൂലിയുമായി അവതരിച്ച സിദ്ധവൈദ്യനാണ് നമ്മുടെ ഗുരു സ്വാമി. അരുവിപ്പുറത്തെ ശിവ പ്രതിഷ്ഠയോടെ ആ യുഗപുരുഷൻ ജാതിപ്പിശാചിന്റെ മുഖത്ത് ആദ്യത്തെ തുപ്പു തുപ്പി. ആ സന്ധിയില്ലായുദ്ധം അഭംഗുരം തുടരുകയുമാണ്."

അയ്യപ്പൻ ചിന്താങ്ങി.

ശരിയാണ്. ശിവഗിരിയിൽ സ്വാമി ഒരു നെയ്ത്തുശാല ആരംഭിച്ചിരുന്നു. അതിൽ പരിശീലനം നടത്താൻ സ്വാമി കൊണ്ടുവന്നത് നാനാജാതികളിൽപ്പെട്ട അധഃകൃതക്കുട്ടികളെയാണ്.

വികാര വേലിയേറ്റത്തോടെ ആശാൻ വാചാലനായി.

"വഴിനടക്കാനുള്ള സ്വാതന്ത്ര്യം കൂടി നിഹനിക്കപ്പെട്ടിരിക്കുന്നു ഈ പാവങ്ങൾക്ക്. 'ഹൊയ്...മാറിപ്പോടാ' എന്നുറക്കെ തീണ്ടാടിയാണത്രേ മേലാ ളന്മാരുടെ എഴുന്നള്ളത്ത്. കൊട്ടി, ചിലന്തി എന്നൊക്കെയുള്ള പരിഹാസപ്പേ രാണ് ഈഴവർക്ക് അവർ തുല്യം ചാർത്തിക്കൊടുത്തിട്ടുള്ളത്. ഇളവന്മാർ അഥവാ ഈഴവർ കള്ളുചെത്തു വർഗ്ഗമായി ചാപ്പകുത്തപ്പെട്ടിരിക്കുന്നു. രാജ ശാസന പ്രകാരം അവർക്ക് തളപ്പുകയർ അവകാശവും ഏണി അവകാശവും കല്പിച്ചനുവദിക്കപ്പെട്ടിരിക്കുന്നു. നായരിൽ നിന്ന് അറുപത്തിനാലടി തീണ്ടാ പ്പാട് അകലമാണ് തീയ്യർ ദീക്ഷിക്കേണ്ടത്. ഇതു ലംഘിക്കപ്പെട്ടാൽ തീയ്യനെ കൊല്ലേണ്ടത് നായരുടെ ധർമ്മമാണ്. അയിത്തപ്പെട്ടു പലവുരു കുളിക്കേണ്ടി വരുമ്പോൾ ലേശം ചോര കൂടി കഴുകിക്കളയാനുണ്ടായാൽ ആ കുളിക്ക് ഇരട്ടി പ്രയോജനം വരുമത്രേ.

www.malankaralibrary.com



പൊതു കിണർ ഈഴവർ ഉപയോഗിച്ചു കൂടാ. ക്ഷേത്ര ദർശനവും പാടില്ല. ഈഴവക്കുഞ്ഞുങ്ങൾക്ക് പള്ളിക്കൂടത്തിൽ പോലും പ്രവേശനം നിഷിദ്ധം.

തപാലാപ്പീസിൽ നിന്നും എന്തെങ്കിലും വാങ്ങേണ്ടി വന്നാൽ ദൂരെ പച്ചിലയിൽ പണം വച്ച് കൂവി വിളിക്കണം.

അവൻ ഏതെങ്കിലും വേദമന്ത്രങ്ങൾ ഉച്ചരിച്ചാൽ അവന്റെ നാവ് അറുത്തുകളയണം. മതഗ്രന്ഥങ്ങൾ വായിക്കുന്നതു കേൾക്കാനിടയായാൽ ആ തീയന്റെ കാതിൽ ഈയം ഉരുക്കിഒഴിച്ചുകൊള്ളണം. അവൻ വേദം മനഃപാഠമാക്കിയാൽ അവന്റെ മാറുപിളർന്ന് ഹൃദയം വെട്ടിനുറുക്കണം.

ശുചിയായ തുണി ധരിച്ച് ഒരൊറ്റ തീയനെയും കണ്ടുപോകരുത്.പെണ്ണുങ്ങൾ മാറിടം അനാവൃതമാക്കി മേലാളവർഗ്ഗത്തിന്റെ കണ്ണിനും കരളിനും കുളിർമ്മ പകർന്നുവേണം സഞ്ചരിക്കാൻ. കുച കുംഭങ്ങൾ മറച്ചാണ് ഒരുവൾ വഴി നടക്കുന്നതെങ്കിൽ മേലാളനെ കൺകണ്ട മാത്രയിൽ മേൽമുണ്ടു പറിച്ചു മാറ്റി മാറിടദർശനം സുസാദ്ധ്യമാക്കിക്കൊടുത്തുകൊള്ളണം.

തീയ്യരെ കണ്ടാൽ തീണ്ടലെന്നു ശഠിച്ചു വശാകുന്ന അധീശ വർഗ്ഗത്തിനു പക്ഷേ രാവിന്റെ മറക്കുടയ്ക്കുള്ളിൽ അധമപ്പെണ്ണിന്റെ മെയ്ചൂട് അനുഭവിക്കാൻ തടസ്സവുമില്ല. അത്തരമൊരു അനുഭവലാസ്യത്തിൽക്കിടന്ന് വെൺമണിയിലെ ഒരു സ്ത്രീലമ്പടനായ കവി 'കുളിർമുലകളുരുണ്ടില്ലോമനേ, നീ തിരണ്ടില്ല, അതിനിടയിലനംഗന്നായിരം വില്ലൊടിഞ്ഞു' എന്നും അപ്പോൾ യൗവനം വന്നുചേർന്നാലുള്ള ഘോഷം എന്തായിരിക്കും എന്നും മറ്റും പറഞ്ഞ് ചിരിച്ചു തുള്ളുകയാണ്. കീഴ്ജാതിക്കാരനായ ആണിന് മുടിക്കരവും പെണ്ണിന് മുലക്കരവും ചുമത്തപ്പെട്ടിരുന്നു. ഈ കരം കൊടുക്കാൻ നിവൃത്തിയില്ലാതെ പോയ ഒരു ഈഴവപ്പെണ്ണ് തന്റെ ഒരു മുല കറിക്കത്തികൊണ്ടറുത്ത് ഒരു വാഴയിലയിൽ പൊതിഞ്ഞ് അധികാരിക്കു നേദിക്കുകപോലുമുണ്ടായി. ഒരു കുടിയാൻ കല്ല്യാണം കഴിച്ചാൽ അവന്റെ പുതുപ്പെണ്ണുമായി ആദ്യരാത്രി ആഘോഷിക്കാൻ അവനധികാരമില്ല. ആദ്യരാവിൽ അവൾ ജന്മിയുടെ അന്തഃപുരത്തിൽ കാഴ്ചവയ്ക്കപ്പെട്ടേ തീരൂ."

"മതി ആശാനേ മതി. എനിക്കിനി കേട്ടുനിൽക്കാനാവില്ല."

അയ്യപ്പൻ രണ്ടു കൈപ്പത്തികൾകൊണ്ടും ചെവിക്കുടകൾ അടച്ചുപിടിച്ചു.

ആശാൻ തുടർന്നു.

"നാം ഇതിനെതിരെ പൊരുതണം. എഴുത്തിലൂടെയും മൊഴികളിലൂടെയും ചെയ്തികളിലൂടെയും. സൂര്യ പ്രഭാവനായ ഗുരുദേവന്റെ അരുമശിഷ്യരായ നാം ഇനി അമാന്തിച്ചാൽ കാലം മാപ്പു തരുമോ കൂട്ടരേ?"

ആശാന്റെ ഗർജ്ജനം നിലയ്ക്കാത്ത മുഴക്കമായി ജനഹൃദയങ്ങളിൽ മാറ്റൊലിക്കൊണ്ടു.



## ഒൻപത്

"സാഹിത്യത്തെ ഒഴിവാക്കിയുള്ള ഒരു സന്ന്യാസം എനിക്കില്ല." ആശാൻ തറപ്പിച്ചു പറഞ്ഞു.

ഋഷിത്വമില്ലാതെ കവിത്വമില്ലത്രേ.

ഏഴാം ഇന്ദ്രിയം അവന്റെ സർഗ്ഗ കാമനകളെ തൊട്ടുവിരിയിക്കുന്ന ദിവ്യമുഹൂർത്തങ്ങളിൽ അവൻ പരിസരം മറക്കും. ആശ്രമചര്യകളിൽ നിന്നും താനേ മുക്തനാകും. പിന്നെ ചാരുകസാലയാണ് അഭയതലം. എഴുത്തുപലകയും പേനയുമാണ് കൂട്ട്.

ഏകാന്തത തേടി ചിലപ്പോൾ കാടുകയറും. മടങ്ങി വരുന്നതു പിന്നെ പിറ്റേന്നാവും.കാവ്യോപാസനയിൽ മുഴുകി, തുറക്കപ്പെട്ട ഏഴാമിന്ദ്രിയം വാരിത്തൂകുന്ന അനുഭൂതികളിൽ ആമഗ്നനായി ഗുഹാന്തരത്തിലോ പാറപ്പുറപ്പിലോ ലോകബന്ധം മറന്ന് അങ്ങനങ്ങ് ഇരുന്നുപോകും.

ഗുരുസവിധത്തിൽ ആശ്രമസ്ഥർ പരാതിപ്പെട്ടു.

"ആശാൻ ആശ്രമജോലികളിൽ ഞങ്ങളെ സഹായിക്കുന്നില്ല. കവിതയെഴുതി നേരം പോക്കുകയാണു സ്വാമീ."

"കുമാരുവിന്റെ സിദ്ധി അപരിമേയവും അനന്യവുമാണ്. അയാൾ മൂലം നമ്മുടെ പ്രസ്ഥാനങ്ങൾക്ക് ഐശ്വര്യമേ ഭവിക്കൂ. ആരും അയാളെ നിരുത്സാഹപ്പെടുത്തരുത്."

ഈ ഗുരു പ്രസാദത്തിന്റെ വളക്കൂറിൽ ആശാന്റെ കവിത്വം തഴച്ചു. ആത്മവിശ്വാസ നിറവോടെ കവനവഴിയിൽ പദമുദ്രകൾ ദൃഢപ്പെടുത്തി അവൻ മുന്നേറുകയായിരുന്നു.

സർഗ്ഗ നിമിഷങ്ങളിൽ വിജനത തേടാൻ കാരണമുണ്ട്. മൂളിമൂളിയിരുന്നാണ് എഴുത്ത്. തേൻപൂവു തേടുന്ന കരിവണ്ടുപോലെ മൂളും. അങ്ങനെ പ്രാസലയങ്ങൾ പാകപ്പെടും. എന്നിട്ടേ കടലാസ്സിലേക്ക് കവിതകൾ പിറന്നു വീഴൂ. ചിലപ്പോൾ ഉറക്കെ പാടിക്കൊണ്ടുമാവും രചന. ഇതെല്ലാം ജനവലയമദ്ധ്യത്തിലിരുന്നു സാദ്ധ്യമാകുന്നതെങ്ങനെ?

ഹൃദയത്തിൽ പദസമൃദ്ധിയുണ്ട്. കലാമർമ്മജ്ഞനായ അവന്റെ ജാഗരൂകമായ കവനനൈപുണി, അവയിൽ നിന്നും നക്ഷത്രകാന്തി വായ്ക്കുന്ന പദങ്ങൾ പെറുക്കിയെടുത്ത് വൈഷണിക ചാണയിൽ വച്ചു വീണ്ടും മിനുക്കി അടുക്കും. വിശ്വസപ്തവിസ്മയമായ താജ്മഹലിൽ വെണ്ണക്കല്ലുകൾ മനോഭിരാമപൂർവ്വം ചേർന്നമരും മട്ടിലുള്ള പടുക്കൽ. നലം തികഞ്ഞ ഭാവനാത്മകതയിൽ പദങ്ങൾ അലിഞ്ഞുചേരുകയാണ്; തേനിൽ കൽക്കണ്ടത്തരികൾ എന്നപോലെ.

www.malankaralibrary.com



വനവൃക്ഷങ്ങളിലെ സുഗന്ധസൂനങ്ങളെ തഴുകി കാറ്റു വീശുന്നുണ്ട്. അടർന്നു മടിത്തട്ടിൽ വീഴുന്ന കാനനപുഷ്പങ്ങളുടെ നഷ്ടമായ അഭൂതികളെപ്പറ്റി പര്യാലോചിച്ച് ഒരു യോഗീധ്യാന സുഷുപ്തിയിലേക്ക് അയാൾ ആമഗ്നനായെന്നിരിക്കും. കവിത ലാവണ്യകാമനകളുടെ ദർപ്പണം കൂടിയാണ് ആശാന്. പ്രപഞ്ചത്തിന്റെ ഋതുഭേദങ്ങളിൽ വിടരുന്ന മാതൃത്വത്തിന്റെയും പ്രണയത്തിന്റെയും ഭാവഭേദങ്ങൾ ഒട്ടൊന്നുമല്ല ഈ കവന ബോധത്തെ ആവേശിച്ചിട്ടുള്ളത്.

കൂട്ടിലടച്ച വെരുകിനെപ്പോലെ ആശാൻ അങ്ങോട്ടുമിങ്ങോട്ടും പായുകയാണ്. അറുതിയില്ലാതെ ഒരു കടലിരമ്പുകയാണ് തന്റെ സ്വത്വത്തിൽ. അപൂർവ്വമായി തുറക്കപ്പെടുന്ന ഏഴാമിന്ദ്രിയത്തിന്റെ ഉള്ളറകളിൽ നിന്നും കനൽ പോലെ കത്തുന്ന പദങ്ങൾ പെറുക്കിയെടുത്തു കവനബോധത്തിൽ നിരത്താൻ തുടങ്ങുമ്പോഴേക്കും ആ അഗ്നിസാഗരത്തിൽ പൊടുന്നനെ തിരകളടങ്ങുന്ന അനുഭവം. ഉൾത്താപത്തിന്റെയും ക്ഷോഭത്തിന്റെയും അടുത്ത തിരകൾക്കായുള്ള കാത്തിരിപ്പാണു പിന്നെ. വെട്ടിത്തിരുത്തിയും എഴുതിയ കടലാസ്സുകൾ ചീന്തിയെറിഞ്ഞും രണാങ്കണത്തിലെ പോരാളിയുടെ അജയ്യതയോടെ മുന്നേറുകയായിരുന്നു. പടയാളിയുടെ ഉടവാൾ കണക്കേ ഭാഷ ഇവിടെ ആയുധമാവുകയാണ്. യതിഭാവമായ സാത്വികത ചോരാതെ തന്നെ പെണ്ണിലും പ്രപഞ്ചത്തിലും നിറയുന്ന ലാവണ്യത്തിളക്കങ്ങളെ വിടർന്ന മിഴികളിലേക്കാവാഹിക്കുന്ന കവന ധീരത.

പക്ഷേ, ഈ സൂക്ഷ്മാംശങ്ങൾ ആരു നിരൂപണം ചെയ്യുന്നു? അസൂയയുടെ വില്ലിൽ കുലയ്ക്കുന്ന ആക്ഷേപാസ്ത്രങ്ങൾ ഈ പൂങ്കരങ്ങളിലേക്ക് എയ്തുവിട്ടവർ എത്രയെത്ര! ഏറ്റം ഒടുവിൽ അത്തരമൊരു വിഷബാണം അയച്ചത് ഗോവിന്ദപ്പിള്ളയെന്ന വരേണ്യ പണ്ഡിതൻ. ഉള്ളൂർ എസ്.പരമേശ്വര അയ്യരുടെ കാര്യാലയത്തിലെ പ്രവർത്തകൻ. ആ സ്മരണപോലും ആശാന്റെ ഉള്ളിൽ സ്തോഭത്തിന്റെ പത്തി പൊന്തിച്ചു. അടക്കാനാവാത്ത രോഷത്തോടെ മുമ്പിൽ കിടന്ന മേശയുടെ പുറത്ത് ഉരുക്കിന്റെ കരുത്താർന്ന ആ മുഷ്ടി ഉയർത്തി ആഞ്ഞൊരടി.

മൗനസാന്ദ്രമായ മുനികുടീരത്തിൽ പൊടുന്നനെ ഉയർന്ന ഒച്ചയുടെ ഉറവിടം തേടി ഭിക്ഷുക്കൾ ഓടിയെത്തി.

മുഷ്ടി തിരിച്ചെടുക്കാതെ വിദൂരത്തിലേക്ക് ക്ഷോഭദൃഷ്ടികൾ പായിച്ച് പ്രതിമപോലെ നിൽക്കുകയാണ് ആശാൻ.

"എന്താ? എന്തുപറ്റി? " വന്നവർ ജിജ്ഞാസുക്കളായി.

മറുപടി ഇല്ല. അവർ കുലുക്കി വിളിച്ചാരാഞ്ഞു.

അന്നത്തെ അഞ്ചൽ തപാലിൽ അയച്ചുകിട്ടിയ ഒരു ചെറിയ കുറിമാനം അവർക്കുനേരെ നീട്ടിക്കൊണ്ട് അതേ നിൽപ്പുതന്നെ.

കത്തിൽ ഏതാനും വാക്കുകളേ ഉള്ളൂ.

അവയിൽ ഒരു വാക്യത്തിന്റെ അടിയിൽ ആശാൻ പലതവണ അമർത്തി വരച്ചിരിക്കുന്നു, വാശിതീരാൻ എന്ന വിധം. ആ വാക്യമാണ് കവിയുടെ കലി





യേറ്റിയതെന്നു നിശ്ചയം. അവർ അതു വായിച്ചു ."ഇങ്ങനെയുള്ള പൊട്ടക്കവികളുടെ ജീവചരിത്രം ചേർക്കാനല്ല ഞങ്ങൾ ഭാഷാ ചരിത്രം പരിഷ്കരിക്കുന്നത്."

ആശാനോട് പലർക്കും ദ്വേഷമുണ്ട്.

ധാർഷ്ട്യമെന്നു തെറ്റിദ്ധരിച്ചുപോകാവുന്ന വിധം തല നിവർത്തിപ്പിടിച്ചുള്ള ആ നടത്തയും കൂട്ടം തെറ്റിപ്പിരിഞ്ഞുള്ള ആ ഏകാന്തഗമനവും അധ്യക്ഷ്യാത്മകത്വഭാവത്തിലുള്ള ലുബ്ധമായ മറുമൊഴികളും ഒക്കെ എല്ലാവർക്കും അത്ര ഹൃദ്യമായി തോന്നിയെന്നു വരില്ല. പക്ഷേ അവർ പോലും ആ കവന വൈഭവത്തിനു മുമ്പിൽ വിസ്മയം പൂണ്ടു നിന്നിട്ടേയുള്ളൂ.

"ഇതു കാര്യമാക്കേണ്ട , അയാൾ ആശാന്റെ കവിതകൾ വായിച്ചിട്ടുണ്ടാവില്ല." അവർ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

"വായിക്കാതിരിക്കാൻ തരമില്ല. അയാൾകൂടി എഴുതാറുള്ള മാസികകളിലാണ് എന്റെയും കവിതകൾ വന്നുകൊണ്ടിരിക്കുന്നത്."

"എങ്കിൽ ആചാരപ്പഴമയുടെ ബന്ധനങ്ങൾ ചാമ്പലാക്കിക്കൊണ്ടുള്ള ആശാന്റെ നൂതനമായ കവനശൈലി അയാൾക്കു ദഹിച്ചുകാണില്ല."

"അതേ, അതാണുകാര്യം. കവിതയുടെ രൂപഭാവങ്ങളിൽ ഞാൻ സ്വീകരിക്കുന്ന പുതുമ, പരക്കെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. അവർ രൂപശിൽപപരമായി ചേർച്ചയുള്ള വൃത്തങ്ങൾ സ്വീകരിച്ചപ്പോൾ ഞാൻ അതിൽനിന്നും വ്യത്യസ്തമായി ഭാവതീവ്രത പ്രകാശിപ്പിക്കാൻ ഏറ്റം യോജ്യമായ വൃത്തങ്ങളെയാണ് കൈക്കൊണ്ടിട്ടുള്ളത്."

"മാത്രമല്ല, ഒരു അവർണ്ണന്റെ നേർക്കുള്ള സവർണ്ണന്റെ പുച്ഛവും കൂടിയാവാം" മറ്റൊരാൾ ഊഹിച്ചു.

"ആകട്ടെ ആശാനേ, പൊട്ടക്കവിയെന്ന് അയാൾ ഇപ്പോൾ എഴുതി അയയ്ക്കാനായി പ്രത്യേകിച്ച് നിങ്ങൾ തമ്മിലെന്തെങ്കിലും .....?"

ആശാൻ വിശദീകരിച്ചു.

"കഴിഞ്ഞ ലക്കം സുജനാനന്ദിനിയിൽ ഗോവിന്ദപ്പിള്ളയുടേതായി ഒരു പരസ്യം കണ്ടിരുന്നു. ഭാഷാചരിത്രം പുതുക്കുന്നതിനായി മലയാള കവികളുടെ ഹ്രസ്വമായ ജീവചരിത്രവും അവർ രചിച്ച കൃതികളുടെ വിവരണങ്ങളും ക്ഷണിച്ചുകൊണ്ടായിരുന്നു പരസ്യം. എന്നെപ്പറ്റിയും എന്റെ കവിതകളെപ്പറ്റിയും ഞാൻ ഒരു വിവരണം തയ്യാറാക്കി അയച്ചു. അതിനുള്ള മറുപടിയാണ് ഈ വന്നിരിക്കുന്നത്."

എന്തോ കരുതിക്കൂട്ടിയെന്നപോലെ ആശാൻ മുമ്പിൽ കിടന്ന നോട്ടുബുക്കിൽ നിന്നും ഒരു വെള്ളത്താള് ചീന്തിയെടുത്തു. എന്നിട്ടു തപാൽക്കൂടിനു പുറത്ത് ഗോവിന്ദപ്പിള്ളയുടെ വിലാസം കുറിച്ചു. അതിനകത്ത് മടക്കിവച്ച് അയയ്ക്കാനായി കടലാസ്സിൽ ഒരു ദൃഢപ്രതിജ്ഞാവാക്യം എഴുതിവച്ചു.

"എന്നെ പൊട്ടക്കവി എന്നുവിളിച്ച നിങ്ങളെക്കൊണ്ടുതന്നെ ഒരിക്കൽ മഹാകവി എന്നു വിളിപ്പിക്കും."

www.malankaralibrary.com

## പത്ത്

ദേശാടനം ഇക്കുറി ആദ്യമായി സഹ്യസീമകൾക്കപ്പുറത്തേക്ക് നീളുകയാണ്. ഹരിതത്തഴപ്പാർന്ന കുടകിന്റെ ലാവണ്യ സമൃദ്ധി കുമാരുവിന്റെ മിഴികളിൽ പീലിവിരിച്ചുനിന്നാടി.

"ഹേയ്...വണ്ടീ."

ബാംഗളൂർ നഗരത്തിൽ നിരന്നുകിടന്ന കുതിരവണ്ടികൾക്കു നേരെ ആശാൻ കരമുയർത്തി ശബ്ദിച്ചു.

ഓട്ടുമണിക്കുലയുടെ ഝിൽ ഝിൽ ചിനപ്പോടെ ഒരെണ്ണം ഓടിയെത്തി. സ്വാമിയുടെ ഭാണ്ഡംകൂടി കുമാരു പേറി വണ്ടിയിലമർന്നു.

'എവിടേക്ക്' എന്ന മട്ടിൽ കുതിരക്കാരൻ പിൻതിരിഞ്ഞാരാഞ്ഞു.

ഡോക്ടർ പല്പുവിന്റെ വിലാസം ഗുരു പറഞ്ഞുകൊടുത്തു.

'ഓ നന്നായറിയാം'എന്ന ഭാവത്തിൽ വണ്ടിക്കാരൻ ചാട്ട ഉയർത്തി വായുവിലൊന്നു ചുഴറ്റി ഠേ ഠേ....എന്നു രണ്ടു പൊട്ടിച്ചു. കുതിരക്കുളമ്പടികളുടെ താളം മുറുകി.

കരിങ്കൽ മതിൽക്കെട്ടിനുള്ളിലെ വർണ്ണാഞ്ചിതമായ കൂറ്റൻ ബംഗ്ലാവിന്റെ വാതായനഭാഗത്ത് വണ്ടി വന്നു നിന്നു.

ഗൃഹാങ്കണത്തിലെ അതിവിസ്തൃതമായ പച്ചപ്പുൽപ്പരപ്പിൽ കലാസൗന്ദര്യത്തോടെ വെട്ടിഒരുക്കിനിർത്തിയിട്ടുള്ള പൂച്ചെടികൾക്ക് വെള്ളമിറ്റിച്ചുനിന്ന വാല്യക്കാരൻ ആഗതരെ സ്വാഗതം ചെയ്തു പറഞ്ഞു.

"ഡോക്ടർ സാർ പറഞ്ഞിരുന്നു. വരു. അകത്ത് വിശ്രമിക്കാം."

ശില്പഭംഗി തുടിച്ച ദാരുമഞ്ചത്തിൽ ഇരുവരും ചെന്നിരുന്നു. യാത്രാക്ലേശത്താൽ സ്വാമികൾ മിഴികൾ പൂട്ടിപ്പോയി. പതുത്ത ശയ്യാതലം വിട്ട് ആശാൻ പുൽത്തകിടിയിലൂടെ ഉലാത്തി. സ്വദേശത്തു കാണാത്ത പലതരം മരങ്ങളും സസ്യജാലങ്ങളും അവന്റെ കുതൂഹലമുജ്ജ്വലിപ്പിച്ചു. ശാഖികൾ ചായ്ച്ച് പൂക്കൾ വാസനിച്ചു. ഹൃദയഹാരിയായ നറുമണം. ശിരസുയർത്തി നിന്ന ഒരു നെടു മരത്തിൽ നിന്നും അപ്പോൾ ഇറുന്നു വീണ ശോണഛവി കലർന്ന ഒരു പൂവെടുത്ത് കുപ്പായത്തിന്റെ നെഞ്ചോടു ചേർന്ന കീശയിൽ സൂക്ഷിച്ചു വച്ചു; ചെംപട്ടുപോലെ അതിമൃദുവായ ആ മനോഹരപുഷ്പം ആരുടെയും കാൽക്കീഴിൽ കിടന്ന് അരഞ്ഞു നശിക്കാതിരിക്കട്ടെ.

അപ്പോഴേക്കും കരിവണ്ടിന്റെ മിനുപ്പുള്ള ഒരു മുന്തിയ ഇനം ചതുർചക്രവാഹനം വിശാലപാതയിൽ നിന്നും വളഞ്ഞൊഴുകി മുറ്റത്തു വന്നു നിന്നു. ആദ്യമായാണ് ആശാൻ ഒരു കാർ ഇത്ര സമീപത്തായി കാണുന്നത്. കാർ സാരഥി ധടുതിയിൽ പുറത്തിറങ്ങി പിൻവാതിൽ തുറന്ന് ആദരവോടെ





നിന്നു.

ചന്ദനവർണ്ണത്തിലുള്ള പാന്റും കോട്ടും ഇളം നീലകലർന്ന ടൈയും ധരിച്ച ആഢ്യനായ ആ തീയൻ ഒരു കെട്ടു ഫയലുമായി പുറത്തേക്കിറങ്ങി. ഡോക്ടർ പല്പുവിനെ ആശാൻ ആദ്യമായി കാണുകയാണ്. കേട്ടിട്ടുണ്ട് ധാരാളം. എങ്ങനെ കേൾക്കാതിരിക്കും! ഈഴവസമുദായത്തിന്റെ മഹാഭിമാനമല്ലേ ഈ ഭിഷഗ്വരൻ. മാസശമ്പളം ആയിരം രൂപയാണത്രേ! തിരുവിതാംകൂർ മഹാരാജ്യത്തിലെ സചിവോത്തമനുപോലും അത്രകണ്ട് ഉണ്ടാവില്ല. മൈസൂർ രാജ്യത്ത് ഔദ്യോഗിക തലങ്ങളിലെല്ലാം വലിയ സ്വാധീനശക്തിയുള്ള ധീമാൻ.

കാറിന്റെ വാതിൽ അടച്ച ഒച്ചയിൽ ഗുരു, സുഷുപ്തിയിൽ നിന്നുണർന്നു. ഗുരുവിനെ കണ്ടമാത്രയിൽ ഡോക്ടർ നമിച്ചു.

എന്നിട്ട് ആശാനെ നോക്കിയും പരിചിതഭാവത്തോടെ ചിരിച്ചു.

"ആഹാ! പെരിയ സ്വാമിയും ചിന്നസ്വാമിയുമുണ്ടല്ലോ. യാത്രാക്ഷീണം കാണുമല്ലോ. കുഴൽ വെള്ളത്തിൽ ഒന്നു കുളിച്ചു വരുമ്പോഴേക്കും ഭക്ഷണം തയ്യാറാകും. എന്നിട്ട് വിശേഷങ്ങളൊക്കെ കൈമാറാം."

വെട്ടിത്തിളങ്ങുന്ന കറുത്ത ഷൂസ് അഴിച്ച് പൂമുഖപ്പടിയിൽ ഒതുക്കി വച്ച് ഡോക്ടർ അകത്തളത്തിലേക്കു കടന്നു.

ഡോക്ടറുടെ പ്രേയസിയും രണ്ടു മക്കളും പിന്നാലെ എത്തി. നഗരത്തിൽ അരങ്ങേറിയിരുന്ന ഒരു വിനോദ കലാപരിപാടി കണ്ട് വരികയാണ്. ഭാര്യയുടെ നേരേ തിരിഞ്ഞ് ഡോക്ടർ പറഞ്ഞു;

"നീ വേഗം ഭക്ഷണം തയ്യാർ ചെയ്യ്. സ്വാമിമാർക്ക് സസ്യാഹാരം തന്നെ വേണമെന്നൊന്നും നിർബന്ധമില്ല കേട്ടോ."

ഗുരുവിന്റെ ആഹാരത്തെപ്പറ്റി ഡോക്ടർ കേട്ടിട്ടുണ്ട്. സ്വാമികൾ പണ്ട് കടലോരസഞ്ചാരിയായി കഴിഞ്ഞ കാലത്ത് രാവിൽ അഭയപ്പെട്ടിരുന്നത് മുക്കുവക്കുടിലുകളിലാണ്. മീനും കൊഞ്ചും മറ്റും പൊരിച്ച് അന്നു വേണ്ടുവോളം ശാപ്പിടുമായിരുന്നു എന്ന് സ്വാമി തന്നെ പറയാറുണ്ടായിരുന്നു.

ഭക്ഷണം വേഗം ഒരുക്കി. അതിഥികൾ കുളിച്ചു വസ്ത്രം മാറി വന്നു. പല്പുവിന്റെ സഹധർമ്മിണി ഭക്ഷണം വിളമ്പിക്കൊണ്ടു നിന്നു. ആശാന്റെ മനസ്സിൽ ഡോക്ടറുടെ 'ചിന്നസ്വാമി' എന്ന വിളി അപ്പോഴും തികട്ടി വന്നു. അങ്ങനൊരു പ്രയോഗം ആദ്യമായി കേൾക്കുകയാണ്. അതിനാൽ ചോദിച്ചു;

"എന്നാലും ഡോക്ടർ എന്നെ ചിന്നസ്വാമിയെന്നു വിളിച്ചത് തെല്ലു കടന്നു പോയില്ലേ എന്നൊരു തോന്നൽ."

ആശാന്റെ മുഖത്തേക്കു പല്പു ഒന്നുകൂടി വിസ്തരിച്ചു നോക്കി. നിർഭയ ഭാവത്തിന്റെ ഉരുക്കുരൂപമാണാമുഖം. നോട്ടത്തിൽ ആത്മവിശ്വാസത്തിന്റെ നിറവുണ്ട്. കറുത്തു കുറുകിയ ബലിഷ്ഠഗാത്രത്തിൽ അഴകാർന്നൊരു വദനം. ചുരുൾ വല്ലികൾ പോലെ അളകങ്ങൾ ഇളം കാറ്റിൽ ഇളകുന്നു. തീരെ കൂസലില്ലാത്ത പ്രകൃതം. തെല്ലു വിടവുള്ള മുൻനിര ദന്തങ്ങൾ ഗോചരമാക്കിയുള്ള വശ്യമായ ഹാസം. കവനപുഷ്ക്കലതയുടെ ഏഴാമിന്ദ്രിയം ഭൂഷണമാക്കി

www.malankaralibrary.com



പാരിലേക്ക് ബ്രഹ്മാവ് പറഞ്ഞയച്ച അനന്യനായ അക്ഷരശില്പി.

ഡോക്ടർ പറഞ്ഞു;

“ജനലക്ഷങ്ങളിൽ നിന്നും ഗുരു സ്വാമി സൂക്ഷ്മനേത്രങ്ങളാൽ കണ്ടെത്തിയ മണിമുത്താണ് കുമാരു. ഞാൻ താങ്കളുടെ പല കവിതകളും വായിച്ചിട്ടുണ്ട്. ആർഷജ്ഞാനത്തിന്റെ ഹിമവൽ ശൃംഗത്തിൽ നിന്നും ഉറന്നൊഴുകുന്ന ദാർശനിക കവനങ്ങളാണവ. ഗുരുസ്വാമിയുടെ പിൻനിരക്കാരിൽ അഗ്രഗാമിയായി നിങ്ങളെ ഞാൻ കാണുന്നു. അതിനാൽ ചിന്നസ്വാമി എന്നേ ഞാൻ വിളിക്കൂ. എതിരഭിപ്രായമുണ്ടെങ്കിൽ ഗുരുസ്വാമി തന്നെ പറയട്ടെ.”

സ്വാമി ചെറുതായൊന്നു ചിരിച്ചു. ഓരോതരത്തിൽ വ്യാഖ്യാനിക്കാൻ പോന്ന ചിരി.

എന്നിട്ട് അനുഗ്രഹത്തിന്റ ഊർജ്ജം ചൂഴ്ന്ന പദങ്ങൾ പൊഴിച്ചുകൊടുത്തു. “കുമാരു നന്നാകും. മാനവസേവയിൽ വളരെ കാര്യങ്ങൾ കുമാരുവിന് ചെയ്യാനുണ്ട്.”

“അതേ സ്വാമി , നമ്മുടെ ജനങ്ങൾ സ്വാമിയുടെ അരുവിപ്പുറം ശിവലിംഗ പ്രതിഷ്ഠയോടെ ഒന്നുണർന്നു കഴിഞ്ഞിട്ടുണ്ട്. നമുക്കിനി അവരെ ചേർത്തു നിർത്തണം. അരുവിപ്പുറം ക്ഷേത്രയോഗം എന്നോ മറ്റോ ഉള്ള പേരിൽ കേരളത്തിലെ മുഴുവൻ ഈഴവ മഹാജനങ്ങളെയും ശക്തീകരിക്കണം. ഞാൻ കുറേ മുൻപ് സർവീസിൽ നിന്നും അവധിയെടുത്ത് നാട്ടിലെത്തി തിരുവിതാംകൂർ മുഴുവൻ സഞ്ചരിച്ചിരുന്നു. അന്നു ഞാൻ പതിമൂവായിരത്തിലേറെ ഈഴവരിൽ നിന്നും ഒപ്പു ശേഖരിച്ച് ഒരു സങ്കട നിവേദനം മഹാരാജാവിനു സമർപ്പിച്ചു. എന്നിട്ടെന്തായി? യാതൊരനക്കവുമില്ല. ഇതിനു പരിഹാരമായി നമുക്കു സംഘടന ഉടനെ രൂപികരിച്ചേ മതിയാകൂ.”

ശ്രദ്ധാപൂർവ്വം കേൾക്കുന്നതിനിടയിൽ സ്വാമി കല്പിച്ചു.

“സംഘടന കൊണ്ടു ശക്തരാവുക എന്നപോലെ തന്നെ പരമപ്രധാനമാണ് വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്നതും. അതിസമർത്ഥരായ ധാരാളം യുവാക്കൾ നമ്മുടെ സമുദായത്തിലുണ്ട്. പക്ഷേ, അവർക്ക് പഠനസൗകര്യങ്ങൾ എവിടെയും നിഷേധിക്കപ്പെടുകയാണ്.”

ഗൗരവമായി എന്തോ ചിന്തിച്ച മട്ടിൽ ഡോക്ടർ പറഞ്ഞു;

“ഞാനൊരാളുടെ ഉപരിപഠനച്ചെലവുകൾ മുഴുവൻ വഹിച്ചുകൊള്ളാം. കേരളത്തിനുവെളിയിൽ എവിടെയെങ്കിലും പ്രവേശനം തരപ്പെടുത്തിക്കൊടുക്കുകയും ചെയ്യാം.”

“എങ്കിൽ ഒരാളെ ഇതാ ഇപ്പോൾ തന്നെ ഞാനേൽപ്പിക്കുന്നു. സ്വീകരിച്ചോളു” കുമാരുവിനെ ചൂണ്ടി സ്വാമി നിർദ്ദേശിച്ചു.

ആശാന്റെ മിഴികൾ നിറഞ്ഞുപോയി. തന്റെ മേൽ ഗുരുസ്വാമി ചൊരിയുന്ന വാത്സല്യാതിരേകത്തിനു മുൻപിൽ അവന്റെ ഹൃദയം തൊഴുതു നിന്നു.

സ്വാമി തുടർന്നു.

“നമുക്കു നാളെത്തന്നെ ചിദംബരം, മധുര പ്രദേശങ്ങളിലേക്ക് പോകേണ്ടതുണ്ട്. കുമാരൻ ഇവിടെ നിന്നു പഠിക്കട്ടെ. മിടുക്കനായി പഠിച്ചു മടങ്ങി വരു.”





ഗുരുവിനെ പിരിയേണ്ടി വരുന്നതിൽ അവന്റെ വേദന സീമാതീതമാണ്. അവനു ചങ്കുപൊട്ടുന്നതു പോലെ തോന്നി. ഒരു നിഷ്ക്കളങ്ക ശിശുവിനെപ്പോലെ അവൻ വാവിട്ടു കരഞ്ഞു പോയി.

www.malankaralibrary.com

# പതിനൊന്ന്

പല ദിശി വഴി പിരിഞ്ഞകലുകയാണ് സർവ്വരും. ഇണപിരിയാതെ സമാശ്വസിപ്പിക്കുവാൻ കൂടെയുള്ളത് തത്ത്വചിന്താചഷകത്തിൽ നുരയുന്ന കവനലഹരികൾ.

ഉള്ളറയിലെ സുഖദശയ്യാതലം നിരസിച്ച് പൂമുഖത്തെ ചാരുബഞ്ചിൽക്കിടന്നു രാ കഴിച്ചു കൂട്ടിയ സ്വാമികൾ ബ്രഹ്മമുഹൂർത്തത്തിൽത്തന്നെ ഭാണ്ഡവും പേറി യാത്രയായി. പിന്നെ ഡോക്ടറും പിന്നാലെ പത്നിയും നഗരത്തിരക്കിന്റെ ഭാഗമായി മറഞ്ഞു. ഇനി ഗൃഹാന്തരത്തിൽ ശേഷിക്കുന്നത് താനും രണ്ടു വാല്യക്കാരും മാത്രം.

ഉച്ചയോടു കൂടി ഡോക്ടറുടെ കാര്യാലയത്തിൽ ചെല്ലേണ്ടതുണ്ട്. തന്റെ ഉപരിപഠനാർത്ഥം ഏതോ ഒരു സംസ്കൃത കോളേജിലേക്ക് ഡോക്ടറിന്റെ കൂടെപ്പോയി പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കണം. അതുവരെ ഈ ബ്രഹ്മാണ്ഡവാസ്തു സമുച്ചയത്തിൽ വീർപ്പുമുട്ടി കഴിയണം.

ചാവടിയിൽ പത്രക്കാരൻ വീശിയെറിഞ്ഞ ആംഗലദിനപത്രത്തിലെ സചിത്ര വാർത്തകളിലൂടെ ആശാന്റെ മിഴികൾ ഇഴഞ്ഞു നീങ്ങി. പാരായണത്തിന്റെ ഇടവഴികളിൽ അജ്ഞാനത്തിന്റെ കല്ലുകളിൽ തട്ടി പലവട്ടം ഇടറി വീണു. ആംഗല ഭാഷാജ്ഞാനം തുലോം കുറവ്. നെയ്യാറിലെ ജലഗമനം പോലെ ഇടതടവില്ലാതെ സായിപ്പന്മാർ ഇംഗ്ലീഷിൽ പ്രസംഗിക്കുന്നത് കേട്ട് കോരിത്തരിച്ചു നിന്നിട്ടുണ്ട്. കായിക്കര ഗ്രാമത്തിന്റെ നാല്ക്കവലയിൽ മിഷനറിയായ ഒരു സായിപ്പിന്റെ അനർഗ്ഗളമായ പ്രഭാഷണം ദ്വിഭാഷിയുടെ സഹായത്തോടെ കേൾക്കാൻ കഴിഞ്ഞിട്ടുണ്ട് ക്രിസ്തീയ മതത്തിന്റെ അന്തസ്സാരം അന്നാണ് ആദ്യമായി ഗ്രഹിച്ചത്. അത് കരുണാർദ്രമാണെന്ന് ഒരിക്കൽ ഗുരുസ്വാമിയും പറഞ്ഞുതന്നതോർക്കുന്നു.

ചാശ്ചാത്യമിഷനറിമാരിൽ നിന്നും കേട്ടറിഞ്ഞ കേവലമായ ഭാഷാജ്ഞാനം ഈ വാർത്താപത്രികയുടെ സുഗമപാരായണത്തിനു പര്യാപ്തമല്ലല്ലോ എന്ന ഖേദചിന്തയോടെ പത്രം മടക്കി, ചാവടിയിലെ ചൂരൽക്കസേരയിലിട്ട് കുറേ നേരം വെറുതേയിരുന്നു.

നഗരനിരത്തിലൂടെ റിക്ഷാകളും കുതിരവണ്ടികളും തലങ്ങും വിലങ്ങും പായുന്ന കോലാഹലം. കനത്ത സ്വർണ്ണാഭരണങ്ങളും മിനുത്ത പട്ടുടയാടകളും അണിഞ്ഞ് തെരുവിലൂടെ പൊട്ടിച്ചിരിച്ചു നടക്കുന്ന ഉല്ലാസസംഘങ്ങൾ. അവരെക്കണ്ട് ചിന്തിച്ചു പോയി. എന്തേ, എനിക്കു മാത്രം ഇവരെപ്പോലെ പൊട്ടിച്ചിരിച്ചു ജിവിക്കാൻ കഴിയുന്നില്ല. കവികളെല്ലാം ഇപ്രകാരമാണോ?

ഇങ്ങനെ ചിന്തിച്ചു വിവശനായിരിക്കുമ്പോൾ അകത്തളത്തിലെവിടെ





നിന്നോ ഒരു വൃദ്ധയുടെ തേങ്ങലും ഞരക്കവും കാതുകളിൽ ചിലമ്പിച്ചു.

"അതാരാണ്?" ഉത്ക്കണ്ഠയോടെ ആശാൻ പരതി.

ഉള്ളിലെ ചെറുമുറിയിൽ നിന്നുമാണ് വിഷാദത്തിന്റെ ആ ഞരക്കം ഉയരുന്നത്.

അവൻ വാതിൽ മെല്ലെ തുറന്നു. പ്രാണൻ വേർപെട്ടിട്ടില്ലാത്ത ഒരസ്ഥിപഞ്ജരം. എഴുന്നേല്ക്കാനാവാതെ വില്ലുപോലെ വളഞ്ഞ ഒരു വൃദ്ധ.

"ആരാണിത്!"

അവിടേക്ക് കടന്നു വന്ന വേലക്കാരനോട് ഉദ്വേഗത്തോടെ ആരാഞ്ഞു.

"ഡോക്ടർ സാറിന്റെ അമ്മ."

"ഈശ്വരാ!" ആശാൻ വിളിച്ചു പോയി.

കൊട്ടാര സദൃശ്യമായ പാർപ്പിടം, പ്രതാപം, ഉല്ലാസം, പൊട്ടിച്ചിരി ഇത്യാദി ആവരണങ്ങളാൽ ഈ ദൈന്യം പൊതിഞ്ഞു വയ്ക്കപ്പെട്ടിരിക്കുന്നു.

ആശാൻ ആ മാർബിൾ തറയിൽ മുട്ടുകുത്തി നിന്നു.

"അമ്മേ..." പയ്യെ വിളിച്ചു.

പീളകെട്ടിയ നരച്ച കണ്ണുകൾ തുറക്കാൻ അവർ പാടുപെട്ടു.

"ഇറ്റ് കുടിക്കാൻ തരട്ടെ അമ്മേ.."

"ങാ..." വേണമെന്ന അർത്ഥത്തിൽ ഞരങ്ങി.

ഉപ്പിട്ട കഞ്ഞിവെള്ളം അവൻ അടുക്കളയിൽ നിന്നും കൊണ്ടുവന്ന് അല്പാല്പമായി സ്പൂണിൽ കോരിക്കൊടുത്തു. വരണ്ടു കിടന്ന നാവ് അപ്പോൾ പ്രകമ്പനം കൊണ്ടു.

"കുഞ്ഞേതാ"

അവൻ കാര്യങ്ങൾ പറഞ്ഞു. അവരുടെ നെറ്റിയിൽ അവൻ തലോടി. വീണ്ടും അവർ മിഴികളടച്ച് വശം ചെരിഞ്ഞു കിടന്നു.

നേരം മദ്ധ്യാഹ്നത്തോടടുക്കുന്നു.

ആശാൻ കുളിച്ചൊരുങ്ങി വേഗം പുറപ്പെട്ടു. ഡോക്ടർ പല്പുവിന്റെ തിരക്കേറിയ കാര്യാലയത്തിൽ കയറിച്ചെന്നു. ജോലിത്തിരക്കുകൾ മാറ്റിവെച്ച് അദ്ദേഹം ആശാനെ കൂട്ടി മൈസൂർ ദിവാൻ ശേഷാദ്രിയെ ചെന്നു കണ്ടു. പല്പുവിനെ അദ്ദേഹം അതിബഹുമാനപുരസ്സരം സ്വാഗതം ചെയ്തിരുത്തി. പല്പു പറഞ്ഞു;

"ഇത് കുമാരൻ. ഞങ്ങളുടെ സമുദായം വലിയ പ്രതീക്ഷയോടെ കാണുന്ന ചെറുപ്പക്കാരനാണ്. ഗുരുസ്വാമിക്കു ശേഷം പെരിയ സ്വാമിയായി തീരും എന്നാണ് ഈ ചിന്നസ്വാമിയെപ്പറ്റിയുള്ള എന്റെ കണക്കുകൂട്ടൽ. ഇയാൾക്ക് നമ്മുടെ ശ്രീചാമരാജേന്ദ്ര സംസ്കൃതകോളേജിൽ അഡ്മിഷൻ വേണം."

ദിവാൻ ആലോചനാപൂർവ്വം തെല്ലൊരു ശങ്കയോടെ പറഞ്ഞു.

"അതെങ്ങനെ കിട്ടും? ബ്രാഹ്മണർക്കു മാത്രമല്ലേ അവിടെ പ്രവേശനം കിട്ടൂ. മൈസൂറിലെ അബ്രാഹ്മണർക്കു പോലും ഈ കോളേജിൽ പഠനം അസാദ്ധ്യമാണ്. അപ്പോൾ പിന്നെ മറ്റൊരു രാജ്യത്തു നിന്നുള്ള ഈഴവന് എങ്ങനെ ഞാൻ അഡ്മിഷൻ കൊടുക്കും. ഇതു നടപ്പില്ല ഡോക്ടർ".

www.malankaralibrary.com



ഏതു കൊലകൊമ്പന്റെ മുമ്പിലും തലനമിച്ചു ശീലമില്ല ഡോക്ടർ പല്പുവിന്. അതിനാൽ ഉറച്ച സ്വരത്തിൽ പ്രതികരിച്ചു.

"ഈഴവനായ ഞാനെങ്ങനെയാണ് ഈ മൈസൂർ രാജ്യത്ത് ശക്തമായ സ്വാധീനമുള്ള അധികാരിയായി മാറിയത്? സേവനം ചെയ്യാനുള്ള സന്നദ്ധതയും പ്രതിഭ വളർത്താനുള്ള ഉത്സാഹവും കൊണ്ടാണ്. ഇതേ യോഗ്യതയുള്ള ഒരു മഹാപ്രതിഭയുടെ കൂമ്പു നുള്ളിക്കളയുകയാണോ ബ്രാഹ്മണനിയോഗം?"

ശേഷാദ്രി നിശ്ശബ്ദനായി.

പല്പു ആരാണെന്ന് അദ്ദേഹത്തിന് നന്നായി അറിയാം.

ഭാരതമഹാരാജ്യത്തിന്റെ ആർഷതേജസ്സായ ശ്രീവിവേകാന്ദ സ്വാമികൾ മൈസൂരിൽ എഴുന്നള്ളിയപ്പോൾ അദ്ദേഹത്തിനു പാർക്കുവാൻ കണ്ടെത്തിയത് ഡോക്ടർ പല്പുവിന്റെ ഭവനമായിരുന്നില്ലേ! സ്വാമികളെ റിക്ഷയിലിരുത്തി ഈ ഉന്നതോദ്യോഗസ്ഥൻ റിക്ഷ സ്വയം വലിച്ച് വീട്ടിലെത്തിച്ചത് ബ്രാഹ്മണമേധാവിത്തത്തിനു മുമ്പിലുള്ള വിധേയത്വം കൊണ്ടല്ലാ, ഭാരതാംബയുടെ പ്രതിഭാശാലികളായ മക്കളേവരും ഒരുമിച്ച് നിന്നു ഈ ദേശത്തിന്റെ വളർച്ചാ ഹേതുവായി മാറണം എന്ന മനോഭാവം മൂലമായിരുന്നില്ലേ?

അവസാനം ശേഷാദ്രി പറഞ്ഞു;

"ശരി. പ്രവേശനം തരാം. പക്ഷേ ഈഴവനാണെന്ന കാര്യം ആരോടും പരസ്യമാക്കരുത്."

"നന്ദി".

അദ്ദേഹത്തിനു ഹസ്തദാനം ചെയ്ത് പല്പു പടിയിറങ്ങി.

വീടിനോടനുബന്ധമായ ചെറുപുരയിൽ ആശാനു താമസസൗകര്യം ഒരുക്കിക്കൊടുത്തു.

രണ്ടുനാളുകൾക്കകം ക്ലാസ്സിലെത്തണം.

പുതിയ കുപ്പായങ്ങളും വേഷ്ടികളും പഠനസാമഗ്രികളും ഡോക്ടർ വാങ്ങിക്കൊടുത്തു.

ഒരു തീയനു സ്വപ്നം കാണാൻ കൂടി കഴിയാത്ത നവ്യമായൊരു ഉപരി ചക്രവാളത്തിലേക്ക് ഈ ചക്രവാകപ്പക്ഷി ചിറകുവിരുത്തുകയാണ്; കാമനകളുടെ പൊൻവെളിച്ചം തിങ്ങിയ ഹൃദയത്തോടും ഔൽക്കർഷമോഹം വർണ്ണം ചാർത്തുന്ന മേധാശക്തിയോടും.



## പന്ത്രണ്ട്

ഒറ്റപ്പെടലിന്റെ ഭയാനകത പ്രേതം കണക്കേ അവനെ ആവേശിച്ചിരിക്കുന്നു. ധവളവരേണ്യരായ ബ്രാഹ്മണവിദ്യാർത്ഥികളുടെ മഹാഭൂരിപക്ഷത്തിന്റെ മുൻപിൽ ഒരേ ഒരു തീയനായ ഈ കറുമ്പൻ ചതുർത്ഥിയാവുകയാണ്. ക്ലാസ്സിലും കോളജിലും അവനു നേരേ സർവ്വരുടെയും പരിഹാസച്ചിരികളും കുശുകുശുപ്പും. ആരെയും കൂസാത്ത മട്ടിൽ നെഞ്ചുവിരിച്ചുള്ള ആ ഏകാകിയുടെ ഭാവഗൗരവം അവരെ പ്രകോപിപ്പിച്ചു.

പ്രൗഢസംസ്കൃത ഭാഷയിൽ മാത്രമേ അവൻ സംസാരിക്കൂ. പണ്ഡിതമഹാന്മാരായ ഗുരുക്കന്മാരുടെ പാഠങ്ങൾക്കു മുമ്പിൽ വ്യുൽപ്പത്തി തികഞ്ഞ അവന്റെ പ്രത്യോക്തികൾ സഹപാഠികളിലും ഗുരുക്കന്മാരിൽ പോലും വിസ്മയമുണർത്തി. മുൻനിരയിലിരുന്ന് ഗുരുമുഖത്തുറ്റുനോക്കി പഠിക്കാൻ കൊതിച്ച അവനു പക്ഷേ, ഏറ്റം പിൻനിരയിലെ ചെറുബഞ്ചിൽ ഒറ്റയ്ക്കിരിക്കേണ്ടിവന്നു. ഒരക്ഷരം അവനോട് ഉരിയാടാൻ ആരുമില്ലാതായി. അസൂയാലുക്കളും ഗർവ്വിഷ്ടരുമായ സതീർത്ഥ്യരുടെ നേർക്ക് ആശാന്റെ വാശി കത്തിയെരിഞ്ഞു. മേലിൽ ഒരു പരീക്ഷയിലും തനിക്കു മേലേ മാർക്കു നേടാൻ ഒരാളെയും അനുവദിക്കില്ലെന്നവൻ സ്വയം ശപഥം ചെയ്തു.

ആദ്യഘട്ടത്തിലെ പൊതു പരീക്ഷയിൽത്തന്നെ അവനതു തെളിയിച്ചു. ഏറ്റം മുന്തിയ മാർക്ക് അവനു തന്നെയായിരുന്നു. ഓരോ ക്ലാസ്സിലെയും ഒന്നാമൻമാരെ അഭിനന്ദിക്കാനായി കോളജിൽ പൊതുസമ്മേളനം പതിവായിരുന്നു. വിലപ്പെട്ട പാരിതോഷികങ്ങൾ ജേതാക്കൾക്ക് സമ്മാനിക്കുകയും ചെയ്തുപോന്നു. എന്നാൽ ഒന്നാം സ്ഥാനം നേടിയിട്ടും അധഃസ്ഥിതനെന്നു പഴിച്ച് ആശാനെ അവർ മനഃപൂർവ്വം സമ്മാനദാനത്തിൽ നിന്നും ഒഴിവാക്കി.

അങ്ങനവൻ തികച്ചും ഒറ്റപ്പെടലിന്റെ നീറ്റലറിഞ്ഞു. തീപിടിച്ച ഹൃദയവുമായി അവൻ തനിച്ചു നടന്നു. ഉച്ചച്ചോറ് പുറം തിണ്ണയിൽ വച്ച് ഒറ്റയ്ക്കിരുന്ന് ഉണ്ണേണ്ടിവന്നു. ഗ്രന്ഥാലയത്തിൽ പോലും ഏറെനേരം ഇരുത്തില്ല. പുസ്തകങ്ങൾ അവിടെനിന്നെടുത്ത് ദൂരെയിരുന്നു വായിക്കേണ്ടി വന്നു. സ്ഥിരമായി ചെന്നിരിക്കാൻ ഒരു ചെറുവാകത്തണലുണ്ടായിരുന്നു; കലാലയാങ്കണത്തിലെ ഒരൊഴിഞ്ഞ കോണിൽ. വായിച്ചു മിഴികൾ തളരുമ്പോൾ ആ വാകമരത്തിന്റെ വക്ഷസ്സിൽ കരം ചുറ്റി ചാഞ്ഞുകിടക്കും. ചിലപ്പോൾ ഇളം കാറ്റിന്റെ താരാട്ടിൽ തെല്ലുമയങ്ങിയെന്നിരിക്കും. ഉണരുന്നതു പലപ്പോഴും അപരാഹ്ണപഠനത്തിനുള്ള മണി മുഴങ്ങുമ്പോളായിരിക്കും.

അങ്ങനെയൊരുച്ചയിൽ അതിചിന്തവഹിച്ച് മരച്ചോട്ടിലെ ശിലാതല്പത്തിൽ അവൻ ചാഞ്ഞിരുന്നു. വിഷാദം വഴുക്കുന്ന മനസ്സിന്റെ ഒറ്റയടിപ്പാത

www.malankaralibrary.com



യിലൂടെ സ്വകാര്യ ചിന്തയെ കെട്ടിപ്പിടിച്ച് അവന്റെ ഏഴാമിന്ദ്രിയം അനന്തതയിലേക്കു നടന്നകലുകയായിരുന്നു. ബാഹ്യ ശ്രദ്ധകൾക്കുനേരെ മിഴികളുടെ കിളിവാതിലുകൾ കൊട്ടിയടച്ച് മരച്ചോട്ടിലെ ശിലാതലത്തിൽ ഏതാണ്ടൊരു ശവാസനത്തിൽ ആശാൻ ശയിച്ചു. കാറ്റിന്റെ കുസൃതിക്കൈകൾ ഇടയ്ക്കിടെ ചില്ലകൾ ഉലച്ച് ചെറുവാകയുടെ മഞ്ഞപ്പൂക്കൾ അവന്റെ മേൽ വാരിയെറിഞ്ഞ് ഉണർത്താൻ തുനിഞ്ഞുകൊണ്ടിരുന്നു. അപ്പോഴാണ് ഓർക്കാപ്പുറത്ത് ആ തേനൂറും മധുരസ്വരം അവന്റെ കാതുകളിലേക്ക് തുളുമ്പിയത്. 'ഹലോ, കുമാരൻ.' അവന്റെ മിഴിച്ചെപ്പുകൾ മലർക്കെ തുറന്നു. അടിമുടി പൂത്ത പൊൻകണിക്കൊന്ന പോലൊരു മദാമ്മ യുവതി! തുടുത്ത ചുണ്ടുകളിൽ മധുരപ്പുഞ്ചിരിയുടെ തേനുറവ . രണ്ടു വെള്ളിക്കരണ്ടികൾ കോരിയെടുത്ത കടൽ ജലം പോലെ തിളങ്ങുന്ന നീല മിഴികളിൽ സ്നേഹസാഗരത്തിന്റെ തിരയിളക്കം. മഴവില്ലഴകുപോലെ മിന്നിത്തിളങ്ങുന്ന മദാമ്മയുടെ മദാലസ യൗവനത്തിനു മുന്നിൽ ഭാവപാരവശ്യത്തോടെ അവൻ പിടഞ്ഞെണീറ്റു. ഇരുവരും, കലാലയാന്തരീക്ഷത്തിൽ ശ്രദ്ധേയർ. വെളുത്ത ബ്രാഹ്മണ വിദ്യാർത്ഥികൾക്കിടയിൽ വെളുവെളുത്ത മദാമ്മ സുന്ദരി , വേഷം കൊണ്ടും ഭാഷണ വ്യതിരിക്തതയാലും സവിശേഷ ശ്രദ്ധാർഹ.

ഒരേയൊരു അധമവംശീയനായ ആശാൻ പക്ഷേ, കറുത്തവനെന്ന വിധം സർവ്വർക്കും ചതുർത്ഥിയും.

പഠനമികവിൽ ഇരുവരുടെയും നില സർവ്വർക്കും ഉപരിയും. ആശാൻ ജിജ്ഞാസയോടെ അവളെ ഉറ്റുനോക്കിനിന്നു. അവളുടെ ചൊടികളുണർന്നു.

"ഞാൻ മോണലിസ. എന്നെ കുമാരൻ കണ്ടിട്ടില്ലേ?" അപരിചിതത്വം തീണ്ടാത്ത ആമുഖമൊഴികൾ. കഴിഞ്ഞ പരീക്ഷയിൽ അവളുടെ ക്ലാസ്സിൽ ഒന്നാം സ്ഥാനം നേടിയ മിടുക്കി. അതിനുള്ള സമ്മാനം അവൾ പൊതുവേദിയിൽ നിന്നും ഏറ്റുവാങ്ങിയിരുന്നു. ആശാൻ വിനയപൂർവ്വം കേൾക്കുകയാണ്. സ്വതേ ഗൗരവം കനത്ത അവന്റെ ആഢ്യവദനത്തിൽ പുഞ്ചിരിയുടെ നിലാവു സഞ്ചരിച്ചു.

"മോണലിസയെ എനിക്കറിയാം." കഷ്ടിച്ചു വശമാക്കിയ ആംഗലഭാഷയിൽ അവൻ പറഞ്ഞു. അരയന്നങ്ങൾക്കിടയിൽപ്പെട്ട കാകനെപ്പോലുള്ള തന്നെ, അവളും ശ്രദ്ധിച്ചിരിക്കാം. എങ്കിൽ അവളുടെ ആഗമനവും സഹതാപപൂർവ്വമാകാനേ തരമുള്ളൂ. തനിക്കാരുടെയും സഹതാപം വേണ്ടാ.

അവൾ പറഞ്ഞു.

"ഒന്നാം സമ്മാനം എന്തേ അവർ താങ്കൾക്കു തന്നില്ല. ഈ ജാതിയും വർഗ്ഗവും എന്തൊരു ശാപമാണ്. ഞങ്ങടെ നാട്ടിൽ ഇത്തരം ചേരിതിരിവുകൾ തീരെയില്ല"

ആ നീലമിഴികളിലേക്കുറ്റുനോക്കി അവൻ നിശബ്ദനായി നിന്നു. അവളുടെ ഓമനത്തമുള്ള ചെമന്ന അധരങ്ങളിൽ ഭാഷണം വീണ്ടും തുളുമ്പി.

"കുമാരന്റെ കൂടെ ആരുമില്ലെന്ന് ഒരിക്കലും കരുതരുത്, കേട്ടോ. എതിർപ്പുകളുടെ മണലാരണ്യത്തിലും ചില മരുപ്പച്ചകൾ അങ്ങിങ്ങു കാണാതിരിക്കില്ല!"





"അതിലൊരു മരുപ്പച്ചയാണോ മോണലിസ?"

"അതിനിയും ബോദ്ധ്യപ്പെട്ടിട്ടില്ലേ?"

"ഉണ്ട്, അന്നു ഞാനീ മരച്ചോട്ടിൽ ഒറ്റയ്ക്കു നിന്നു കവിതചൊല്ലി അരിശം തീർത്തപ്പോൾ ആ കവിതകൾ കേൾക്കാൻ ആദ്യന്തം മോണലിസ ഉണ്ടായിരുന്നല്ലോ. ആ സാമീപ്യത്തിന് അന്നു ഞാൻ നന്ദി പറഞ്ഞിരുന്നു."

"ഓഹോ! അത്തരമൊരു ഔപചാരികതയിൽ എല്ലാം ഒതുക്കാമെന്നു കരുതി. അല്ലേ?"

കോളജിൽ സംസ്കൃതസമാജത്തിന്റെ ആഭിമുഖ്യത്തിൽ മാസം തോറും കലാലയ വിദ്യാർത്ഥികൾ അവരെഴുതുന്ന കവിതകൾ പൊതുവേദിയിൽ അവതരിപ്പിക്കാറുണ്ടായിരുന്നു. അവ സൂക്ഷ്മബുദ്ധ്യാ ശ്രവിച്ച് നിർദ്ദേശങ്ങൾ നൽകാൻ വിമർശക പ്രതിഭകളായ ഗുരുവരന്മാരും മുൻനിരയിൽ നിരന്നിരുപ്പുണ്ടാവും. ഈ പരിപാടിയിലേക്ക് ആശാനും സോത്സാഹം പേരു നൽകി. പക്ഷേ ആശാനെ മാത്രം സംഘാടകർ കവിയരങ്ങിൽനിന്നും ഒഴിവാക്കിക്കളഞ്ഞു. കാരണമാരാഞ്ഞു ചൊടിച്ച ആശാന്റെ നേരേ അവർ കലി തുള്ളിപ്പറഞ്ഞു;

"ഇതു ബ്രാഹ്മണരുടെ കോളജാ. അധമനായ നിനക്കെന്താ ഇവിടെ കാര്യം?' അവൻ കൊടുങ്കാറ്റിന്റെ രൗദ്രവേഗത്തിൽ അവിടെനിന്നും ഇറങ്ങിപ്പോയി. നേരെ ചെന്ന് ചെറുവാകച്ചോട്ടിലെ ശിലാഖണ്ഡത്തിൽ കയറിനിന്നു താനെഴുതിയ സംസ്കൃതകവിതകൾ അവിടെ നിന്ന് അവൻ തൊണ്ടപൊട്ടിച്ചൊല്ലി. അതു കേൾക്കാൻ ഇറങ്ങിവന്ന അഞ്ചാറു വിദ്യാർത്ഥികളിൽ ഒരാൾ മദാമ്മസുന്ദരിയായിരുന്നു. ആലാപന സുഭഗതയിൽ മനം നിറഞ്ഞിരുന്ന അവൾ ഒടുവിൽ അവനോടാരാഞ്ഞു.

"പൂർണ്ണമായും അർത്ഥമറിയാൻ വയ്യെങ്കിലും കേട്ടിരുന്നുപോയി. ചൊല്ലിയ കവിതകളുടെ അർത്ഥവും ചമൽക്കാരവും മറ്റും ഒന്നു പറഞ്ഞുതരാമോ?" ആ കളമൊഴിയുടെ ഉച്ചാരണം വ്യക്തമായി ഗ്രഹിക്കാനാവാതെ അവൻ വിഷമിക്കുകയായിരുന്നു. മലയാളത്തിലും സംസ്കൃതത്തിലും തമിഴിലും അനന്യമായ അവഗാഹമുള്ള താൻ ഭാഷാപരമായ അജ്ഞതയാൽ പതുങ്ങി നിൽക്കേണ്ടിവന്ന ആദ്യ സന്ദർഭം.

"അലങ്കാരങ്ങൾ സംസ്കൃതകാവ്യങ്ങളിൽ എന്നതാണെന്റെ പഠനവിഷയം. പാശ്ചാത്യ കവികളുടെ അലങ്കാരങ്ങളോട് അവയെ താരതമ്യം ചെയ്ത് ഒരു തീസിസ് തയ്യാറാക്കുകയാണ് എന്റെ ലക്ഷ്യം."

ആശാന് അവളുടെ ഇച്ഛാശക്തിയിൽ അത്ഭുതംതോന്നി. പാശ്ചാത്യർക്കു തീരെ അസാദ്ധ്യമെന്നു കരുതാവുന്ന സംസ്കൃതത്തിൽ ഗവേഷണം ചെയ്യുന്ന ഈ മദാമ്മ അവന് ഒരു ചോദ്യചിഹ്നമാവുകയാണ്. അവൻ നിശ്ചയദാർഢ്യത്തോടെ സ്വയം ചോദിച്ചു.

"എങ്കിൽ എന്തുകൊണ്ട് എനിക്ക് ഇംഗ്ലീഷിലും അവഗാഹം നേടിക്കൂടാ. ഈ സംസ്കൃത കോളജിലെ ത്രിവത്സര പഠനകാലത്തിനുള്ളിൽത്തന്നെ എത്ര കഷ്ടപ്പെട്ടിട്ടായാലും ഇംഗ്ലീഷ് പഠിക്കണം."

www.malankaralibrary.com



ആശാൻ ചോദിച്ചു.

"ഇംഗ്ലീഷ് കവികളെയും അവരുടെ പ്രധാന കവിതകളെയും എനിക്കൊന്നു പരിചയപ്പെടുത്തിത്തരുമോ?" "തീർച്ചയായും. അവരുടെ കൃതികൾ പഠിക്കണമെങ്കിൽ ഇംഗ്ലീഷും പഠിക്കണ്ടേ? അതും പഠിപ്പിക്കണോ?" അവൾ അതിനും ഒരുക്കമാണെന്നു തോന്നുന്നു. സ്നേഹസമ്പുഷ്ടമായ അവളുടെ വിശാലഹൃദയത്തിൽ ചേക്കേറാൻ മനസ്സു ദാഹിച്ചുപോയ നിമിഷം.!

"പഠിപ്പിക്കാമോ? എങ്കിൽ ഞാൻ സംസ്കൃതവും പഠിപ്പിക്കാം. എന്താ?"

അവൾ അതിമധുരമായി ചിരിച്ചു

അവൻ ചോദിച്ചു.

"എന്നെ തേടിയെത്താൻ കാരണമെന്ത്. സത്യം പറയൂ."

"മറ്റെല്ലാവരും കൂട്ടം ചേർന്ന് ചിരിച്ചുകളിച്ച് നടക്കുമ്പോൾ ഈ ഒരാൾമാത്രം ചിന്താ ഭാരത്തോടെ ഇങ്ങനെ കഴിയുന്നു. സർക്കാരിന്റെ സ്റ്റൈപ്പന്റു നേടി പഠിക്കുന്ന അതിസമർത്ഥനാണെന്നും അറിയാം. വലിയ വായനക്കാരനും കവിയുമാണല്ലോ. ഒറ്റയ്ക്കൊന്നു കാണണമെന്നു പലവട്ടം ആശിച്ചിരുന്നു."

അപ്പോൾ ഉച്ചമണി മുഴങ്ങി. അവരുടെ ഭാഷണങ്ങൾ പൊടുന്നനെ മുറിഞ്ഞുപോയി. അവർ ക്ലാസ്സുകളിലേക്കു മടങ്ങി. ക്ലാസ്സു മുറിയിലിരിക്കുമ്പോഴും ആശാന്റെ മനസ്സു നിറയെ മദാമ്മപ്പെൺകുട്ടിയായിരുന്നു. ഏഴഴകാർന്ന മഴവില്ലൊളിപോലെ കണ്ണിലും കരളിലും ആ രൂപം പതിഞ്ഞുകിടക്കുന്നു. സായന്തനത്തിൽ ഡോക്ടറുടെ വീട്ടിലെത്തുമ്പോഴും ഉള്ളിൽ അതേ ചിന്തതന്നെ പൂത്തുനിന്നിരുന്നു. ഡോക്ടറുടെ മക്കളെ ഇംഗ്ലീഷ് പഠിപ്പിക്കാൻ നല്ലൊരദ്ധ്യാപകൻ വീട്ടിലെത്തുന്നുണ്ടായിരുന്നു. "ഞാനും കൂടി ഇവർക്കൊപ്പമിരുന്ന് ഇംഗ്ലീഷ് പഠിച്ചോട്ടെ?"

പല്പുവിനോട് ആശാൻ അഭ്യർത്ഥിച്ചു.

"കൊള്ളാം. ഞാനത് അങ്ങോട്ട് പറയാനിരിക്കുകയായിരുന്നു."

രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോഴും ഉണ്മയിൽ നിറഞ്ഞു നിൽക്കുന്നത് നീലപ്പളുങ്കിന്റെ മിഴിയിണകളുള്ള വിദേശസുന്ദരിയാണ്. ഏകാന്തതയുടെ വൈരസ്യം പൂണ്ട ഹൃത്തിൽ അവളെപ്പറ്റിയുള്ള നിനവുകൾ എത്ര ആശ്വാസകരമായ അനുഭവം! ചിന്നസ്വാമിയെന്ന ഈ കള്ളിമുൾച്ചെടിയിലും വസന്തത്തിന്റെ രാഗപുഷ്പങ്ങൾ രോമാഞ്ചം പോലെ അടിമുടി കുരുക്കുന്നുവെന്നോ!

തൊട്ടടുത്ത നിമിഷം അവനിൽ യാഥാർദ്ധ്യബോധം മടങ്ങിയെത്തി. ഉഗ്രവ്രതനായ ഗുരുസ്വാമിയുടെ അരുമശിഷ്യൻ തരളചിത്തനായിപ്പോവുകയോ?ദുരിതമനുഭവിക്കുന്ന ഒരു മഹാസമുദായത്തിന്റെ ഉയർച്ചക്കുവേണ്ടി ഗുരുസ്വാമി തെരഞ്ഞെടുത്ത് ഉപരിപഠനത്തിനയച്ച താൻ, ഒരു വെള്ളക്കാരിപ്പെണ്ണിന്റെ ലാവണ്യത്തികവിനു മുമ്പിൽ ഉലഞ്ഞുപോവുകയോ?

വീടിനെയും നാടിനെയും പെറ്റമ്മയേയും ഉടപ്പിറപ്പുകളേയും എല്ലാം പ്രാണനിൽ നിന്നും പിഴുതെറിഞ്ഞ് ഒരു മഹാമുനിയുടെ മൗനകുടീരത്തിൽ കവിതോപാസനക്കായി ചേക്കേറിയ തന്നെ ഒരു സുമുഖി ഇത്രകണ്ട് ആവേശിച്ചിരിക്കുന്നുവെന്നോ !





എന്തായാലും തന്റെ സ്വത്വം കവിത്വം തന്നെയാണ്. അതിനതീതമല്ല തന്റെ വ്യക്തിത്വത്തിലെ മറ്റേതൊരംശവും. സൗന്ദര്യോപാസന ഒരു കവിക്ക് നിരാകരിക്കാനാവുമോ?

മാത്രമല്ല, ഒരുത്തമ കവിക്ക് അനുഭവ നിറവ് അനിവാര്യമല്ലേ?ഏകാന്തമായ അവധൂതമാർഗ്ഗങ്ങൾ കവിത്വപുഷ്ക്കലതക്ക് വിഘാതമല്ലേ? ഹൃദയബന്ധങ്ങൾ നെയ്തുതരുന്ന അനുഭൂതി, തന്റെ ചേതനയെ കല്പനാവിലാസങ്ങളുടെ പൊൻചിറകുകളിലേറ്റി ഉയരങ്ങളിലെത്തിക്കാതിരിക്കില്ല! അതിനാൽ ഇപ്പോഴുണ്ടായ ഈ ആകസ്മിക ബന്ധത്തെ പോഷിപ്പിക്കുകയല്ലേ വേണ്ടത്. കാലം നന്നേ കുറഞ്ഞതായിരുന്നു ആ ഇടപെടലിന്റെ മധുരോദാര നിമിഷങ്ങളെങ്കിലും അവളുടെ സാമീപ്യം അർത്ഥദീർഘമായി തന്റെ ഉണ്മയിൽ പിണഞ്ഞുകിടക്കുകയാണ്. ഇന്നോളം അനുഭവിച്ചിട്ടില്ലാത്ത പ്രണയത്തിന്റെ ദിവ്യസുരഭിലമായൊരു ആകാശകുസുമം തന്റെ ഘ്രാണവലയത്തിലേക്ക് ശാഖി ചായ്ച്ച് വിരിഞ്ഞു നിൽക്കുമ്പോൾ അതിനെ നിരാകരിക്കാൻ മനവും മിഴിയുമുള്ള ആർക്കുകഴിയും! എന്തായാലും തന്റെ മനസ്സിനുമേൽ വിരിച്ചിട്ട വിരാഗത്തിന്റെ കട്ടിവിരിപ്പ് തല്ക്കാലത്തേക്കെങ്കിലും ഒന്നു വലിച്ചുമാറ്റുക തന്നെ.രസോന്മേഷിയായ രാഗഗുണങ്ങൾ കുരുക്കാൻ പാകത്തിൽ ആ ആർദ്രതലം ഇനിമേൽ പ്രഭാപൂർണ്ണമാകട്ടെ. കർശനനിയന്ത്രണങ്ങളുടെ പാശബന്ധനങ്ങളിൽ നിന്നും മനസ്സിനെ ഇനിയെങ്കിലും ഒന്നഴിച്ചു വിടട്ടെ. പ്രണയോദയത്തിന്റെ പൊൻവെളിച്ചമേറ്റ് ഹൃദയം ആനന്ദത്തിന്റെ പാരവശ്യത്തിൽ മതിമറന്നു പോകട്ടെ.

എങ്കിലും മര്യാദയുടെ പേരിലെങ്കിലും അവളോടു കാര്യമായൊന്നും തിരിച്ചു ചോദിക്കാൻ കഴിഞ്ഞില്ല.

എവിടെ താമസിക്കുന്നു, വീട്ടിലാരൊക്കെയുണ്ട്, എന്താണു ഭാവി പരിപാടികൾ തുടങ്ങിയവയൊക്കെ.

ഇനി നാളെയും അവൾ തന്നെക്കാണാൻ വരുമോ? തന്റെ ഒറ്റപ്പെടലിന്റെ നീറ്റലിൽ ആ സാമീപ്യം വീണ്ടും കുളിർ ലേപനമാകുമോ?

ഉറങ്ങാനാവാതെ, തല്പത്തിൽ അവൻ എഴുന്നേറ്റിരുന്നു.

മനസ്സ് ഒരായിരം ചോദ്യങ്ങൾ അവനോട് തന്നെ ചോദിക്കുന്നുണ്ടായിരുന്നു.

സൗന്ദര്യം സനാതനസത്യമല്ലേ?

പെണ്ണും പ്രപഞ്ചവും ഏതൊരു കവിയേയും എക്കാലവും ഉണർത്തിപ്പോരുന്ന ലാവണ്യചിഹ്നങ്ങളല്ലേ?

അവന്റെ കവിഹൃദയത്തിലൂടെ ഒരീരടി ഒഴുകി;

"ലോകാനുരാഗമിയലാത്തവരേ, നരന്റെ
യാകാരമാർന്നിവിടെ നിങ്ങൾ പിറന്നിടായ്വിൻ'

മുറിക്കുള്ളിലൂടെ അയാൾ പലവട്ടം ഉലാത്തി. പിന്നെ വിളക്കു കൊളുത്തി മേശപ്പുറത്തു വച്ചു.

പുസ്തകങ്ങൾക്കിടയിൽ നിന്നും ഡയറി എടുത്തു നിവർത്തി.

www.malankaralibrary.com



'ഭാഷാമേഘസന്ദേശം' എന്നാണ് ആ ഡയറിക്ക് ചാർത്തിയ ശീർഷകം.

അതതു ദിനത്തിലെ ശ്രദ്ധേയ വിവരങ്ങൾ നന്നേ ഹ്രസ്വമായ കുറുവാക്യങ്ങളിലൂടെ കുറിച്ചു വയ്ക്കാറുണ്ട്. ചിന്താബഹുലതമൂലം ഇന്നതിനു കഴിഞ്ഞില്ല. വിസ്തരിച്ചു തന്നെ എഴുതാതിരിക്കാൻ ആവാത്തവിധം സ്വപ്നസമാനമായ ആ കൂടിക്കാഴ്ച ആശാനിൽ നിറഞ്ഞു വളരുകയാണ്.

സ്റ്റീൽ പേന മഷിയിൽ മുക്കി എഴുതിത്തുടങ്ങി.

"മനസ്സിനു സന്തോഷത്തെ ജനിപ്പിക്കുന്ന ചില സൗന്ദര്യങ്ങളെ കാണുമ്പോഴാണ് സുന്ദരി എന്നും കാമിനി എന്നും മറ്റുമൊക്കെ സംബോധന ചെയ്യുന്നത്. ഒരു സ്ത്രീയെ നാം കാണുമ്പോൾ നമ്മുടെ ദർശന മാത്രയിലും പിന്നീടുള്ള ആലോചനാ പൂർണ്ണമായ നോട്ടത്തിലും അവളുടെ അവയവങ്ങൾ മനോഹരമായി തോന്നുന്നു എങ്കിൽ അവളെയാണ് സുന്ദരി എന്നു പേരിടണമെന്ന് എനിക്ക് തോന്നുന്നത്.

നീലവർണ്ണത്തിൽ ചുരുണ്ടു നിബിഡമായ കേശം നിതംബസ്ഥാനങ്ങളിൽതട്ടി ഉലയുമ്പോഴുണ്ടാകുന്ന നീലിമയുടെ പ്രകാശം ആരുടെ നയനങ്ങളേയും വശ്യങ്ങളാക്കാതിരിക്കുകയില്ല. പക്ഷേ, ഈവർണ്ണത്തിലുംനീളത്തിലും ദേവസ്ത്രീകളിലല്ലാതെ കാണുമോ? ആ സംഗതിയിൽ യൂറോപ്യൻസിനെ എന്റെ മദാമ്മ ജയിക്കുന്നു. വിശാലമായ നെറ്റിത്തടം, കറുത്തു ഞെരുങ്ങി ലളിതമായ പുരികക്കൊടികൾ, ആയതവും അഴകുള്ളതുമായ നേത്രങ്ങൾ, യുവാക്കളുടെ ഹൃദയത്തെ പൊടിക്കുന്ന -അപഹൃത ചിത്തരാക്കിത്തീർക്കുന്ന ചുവന്ന അധരം, ദേഹത്തു പുതച്ചിരിക്കുന്ന മിനുസവും നേർത്തതുമായ പട്ടുവസ്ത്രങ്ങൾ മന്ദാനിലന്റെ കളിയിൽ ചിലപ്പോൾ വക്ഷപ്രദേശത്തുനിന്നും മാറുമ്പോൾ വൃത്തമായ് സുവർണ്ണ കഞ്ചുകങ്ങളെ മിഞ്ചി നിൽക്കുന്ന കുചകോരകങ്ങളും അതിനടുത്തായി നീലവർണ്ണങ്ങളിൽ വളർന്നു വരുന്നതായ ചെറിയ രോമൽക്കരങ്ങളും ദൃശ്യമാകുന്നു." അവൻ എഴുത്തു നിർത്തി ഡയറി അടച്ച് ഭദ്രമാക്കി വച്ചു. അവളെപ്പറ്റിയുള്ള ഓർമ്മകളുടെ കുളിര് ആ ഗ്രീഷ്മ രാവിൽ ഉടലിനെപ്പോലും തഴുകി ആശ്വസിപ്പിക്കുന്നതായി അവനു തോന്നി. കൂമ്പിയ മിഴികളോടെ മെല്ലെമെല്ലെ ആ തല്പത്തിലേക്കു തലചായ്ച് അവൻ സുഖസുഷുപ്തിയിലാഴുകയും ചെയ്തു.



## പതിമൂന്ന്

കാലത്തിന്റെ ചരടിൽ കറുപ്പും വെളുപ്പുമായ രണ്ടു മുത്തുകൾ പോലെ അവർ ചേർന്നിരുന്നു. കലാലയത്തിൽ ഈ ആത്മബന്ധം ചൂടുവാർത്തയായി.

"കാഴ്ചയിൽ നാം തമ്മിൽ രാത്രിയും പകലും പോലുള്ള അന്തരമുണ്ട്. എന്നിട്ടും നാമെങ്ങനെ ഇണങ്ങി?"

ആത്മഹർഷം പൂണ്ട അവന്റെ ആശ്ചര്യം.

"ഈശ്വരൻ വിധിക്കുന്നു. നാം അതിനു വിധേയപ്പെടുന്നു. അത്രമാത്രം."

അവൾ ആത്മാഭിമാനത്തോടെ പറഞ്ഞു.

"അന്നു ഞാനനുഭവിച്ച ഏകാന്തത, ഇരുളിലെ നേർത്ത വെളിച്ചമായിതോന്നിയിരുന്നു. എന്നാൽ ആ വെളിച്ചം ഇന്നെനിക്ക് നിരാകരിക്കാൻ തോന്നുന്നു. ഈ നിലാവെട്ടത്തിനു മുമ്പിൽ ആ മിന്നാമിനുങ്ങിന്റെ വെട്ടം ഇനിയെന്തിന്?"

"എന്നെ അത്രയ്ക്കിഷ്ടമാണോ?"

"ഞാനെത്രയോ തവണ പറഞ്ഞുകഴിഞ്ഞു. വേനലിലെ ആദ്യമഴയിൽ ഉണരുന്ന പൂച്ചെടിപോലെ സ്വയം തോന്നുന്നു. പാരിലേക്ക് പറുദീസയുടെ ആഭൂതികൾ വിരുന്നു വന്ന അനുഭവം."

ഭാഷാപരമായ പരിമിതികളെ അതിജീവിച്ച് ഭാഷണം വാചാലമാവുകയാണ്. നേർത്തൊരു കടാക്ഷം പോലും അനുരാഗത്തിന്റെ കഥാനുഗായികളായിത്തീരുകയാണ്. ബ്രാഹ്മണ്യത്തിന്റെ തീൻ ശാലയിൽ ലഘുഭക്ഷണം നിർദ്ദേശിച്ച് കസേരകളിൽ അവർ മുഖാമുഖം കാത്തിരുന്നു. അവളുടെ നീലമിഴികളുടെ തിളക്കമാർന്ന സജലഹൃദങ്ങളിലേക്ക് അവന്റെ ലാവണ്യദാഹം ഊളിയിട്ടു പാഞ്ഞു. ശിലാശില്പംപോലെ പരിസരം പോലും മറന്നിരുന്നുപോയ അവന്റെ കൊഴുത്ത കൈത്തണ്ടയിൽ തൊട്ട് അവൾ ആരാഞ്ഞു.

"എന്തു ദിവാസ്വപ്നമാണ് കാണുന്നത്! ങേ?"

അവൻ പറഞ്ഞു.

"എന്റെ സർവ്വസ്വപ്നങ്ങളിലും നീ മാത്രമാണ്"

"എങ്കിൽ .. എന്നെപ്പറ്റി ഇപ്പോൾ ചിന്തിച്ചിരുന്നതെന്താണ്?"

"ഒരു നാലുവരിക്കവിത"

"അതൊന്നു മൂളിക്കേൾപ്പിക്കാമോ കള്ളക്കരിവണ്ടേ?"

"ആരോമലാമഴകു, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന സുകുമാര ഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ."

"ഇതെന്റെ ഭാഷയിൽ ഒന്നു മനസ്സിലാക്കിത്തരാമോ."

www.malankaralibrary.com



അതവൻ ഇംഗ്ലീഷിൽ ഭാഷാന്തരപ്പെടുത്തി. അതാസ്വദിച്ച അവളുടെ നീലക്കടക്കണ്ണുകളിൽ ആശ്ചര്യത്തിന്റെ ഓളംവെട്ടി.

"ഞാനത്രയേറെ മനോഹരിയാണെന്നോ."

"ഊനമറ്റ മനോദർപ്പണമുള്ളവർക്ക് നീ ലാവണ്യത്തിന്റെ സ്വർഗ്ഗകുമാരിയാണ്."

"എന്റെ സൗന്ദര്യത്തേക്കാളും എന്റെ കുമാരന്റെ മനസ്സാണു എനിക്ക് വലുത്. അതു പരിശുദ്ധമാണെന്ന് എനിക്കറിയാം. അതെനിക്കു സ്വന്തമാവില്ലേ ?"

"എന്തുകൊണ്ടില്ല. കാലം നമ്മുടെ താലിച്ചരടിന്റെ ഇഴപിരിച്ചുകൊണ്ടിരിക്കുകയല്ലേ."

എണ്ണയിൽ പൊരിച്ച നേന്ത്രപ്പഴങ്ങളും മാമ്പഴസത്തും മേശപ്പുറത്തു നിരന്നു.

സ്റ്റീൽ കത്തിയാൽ അവൾ പഴം നുറുക്കി. ഫോർക്ക് ഉപയോഗിച്ച് കഷണങ്ങൾ കുത്തിയെടുത്ത് ചെഞ്ചൊടികളിൽ വച്ച് മെല്ലെ അലിച്ചിറക്കി.

കത്തിയും മുള്ളും ശീലിച്ചിട്ടില്ലാത്ത കുമാരു കൈകൊണ്ട് ആഹരിച്ചു തുടങ്ങി.

"നോ.... നോ..." അവൾ വിലക്കി.

മുൾമുനയിൽ കൊരുത്ത ഒരു പഴം നുറുക്ക് അവന്റെ വായിൽ വച്ചുകൊടുത്ത് പറഞ്ഞു

"കത്തിയും മുള്ളും ഒന്നുശീലിച്ചുനോക്ക്."

അവ പരീക്ഷിക്കുന്നതിനിടയിൽ തമാശ കലർന്ന ഗൗരവത്തോടെ അവൻ പറഞ്ഞു.

"എന്താ, എന്നെയും കടൽകടത്തി മറുനാട്ടിൽ കൊണ്ടുപോകാനാണോ ശ്രമം? ക്രിസ്ത്യാനിപ്പെണ്ണായ ഈ വിദേശസുന്ദരിയുടെ കൈപിടിച്ച് എന്റെ നാട്ടിലെത്തിയാൽ ആളുകൾ ക്ഷമിച്ചേക്കും. എന്നാൽ കത്തിയും മുള്ളുമെടുത്ത് ഭക്ഷിച്ചാൽ അവർ ക്ഷമിക്കില്ല. കാരണം ഇത്തിരി വറ്റിനു വക കാണാതെ ഉഴറുന്ന അധഃസ്ഥിത ജനലക്ഷങ്ങളുടെ പ്രതീക്ഷയാണു ഞാൻ."

നഗര മദ്ധ്യത്തിലെ തിരക്കാർന്ന തീൻശാല വിട്ട് അവർ പുറത്തിറങ്ങി.

"ഇനി ഒരു മാസം കോളജിന് അവധിയല്ലേ? മോണലിസയുടെ പരിപാടിയെന്താണ്?"

"നാട്ടിലെത്തണമെന്നാണ് വീട്ടുകാരുടെ കല്പന."

"അപ്പോൾ ഇനി കാണാൻ ഒരു മാസം കാത്തിരിക്കണമെന്നോ!" അവനത് അചിന്ത്യമാണ്.

അവൾ ചിരിതൂകിപ്പറഞ്ഞു.

"ഞാൻ മടങ്ങുന്നില്ലെങ്കിലോ?"

അവന്റെ മുഖം അമിതാഹ്ലാദത്തിന്റെ വസന്തത്തിൽ മുങ്ങി.

"എങ്കിൽ എല്ലാ ദിവസവും പബ്ലിക് ലൈബ്രറിയിൽ വരുമോ?"

ഇരുവരും നിരന്തരം കൂടിക്കാണുന്നതും മാനസനിഗൂഢതയിൽ വിടരുന്ന





രാഗസൂനങ്ങൾ പരസ്പരം കൈമാറുന്നതുമെല്ലാം അവിടെ വച്ചാണ്.

"വരാം. ഒരു കാര്യം ഞാൻ ചോദിച്ചോട്ടേ?"

"എന്തിനാണൊരു മുഖവുര ? എന്തും ചോദിക്കരുതോ?"

"ഞാനെന്താണ് വിളിക്കേണ്ടത്?"

ആശാൻ ചിരിച്ചു.

"പലർക്കും ഞാൻ പല പേരുകാരനാണ്. കുമാരുവും, കുമാരനും, ആശാനും, ചിന്നസ്വാമിയും അങ്ങനെ പലതും. നീ എന്നെ ഇഷ്ടമുള്ളത് വിളിച്ചോളൂ! കുമാരാ എന്നു വിളിച്ചോളൂ!'

"എങ്കിൽ ......രാജകുമാരാ എന്നു വിളിച്ചോട്ടേ?"

ആശാൻ ഉറക്കെച്ചിരിച്ചു.

"രാജകുമാരനോ! ഞാനോ?"

"അതേ, രാജകുമാരൻ. എന്റെ രാജകുമാരൻ. എന്റെ മാത്രം രാജകുമാരൻ." അവന്റെ പൊട്ടിച്ചിരിയുടെ മുഴക്കത്തിൽ അവളുടെ കുളിർമൊഴികൾ അലിഞ്ഞുചേർന്നു.

അപരാഹ്ണ ക്ലാസ്സിനുള്ള മണി മുഴങ്ങി. ഇരുവരും അവരവരുടെ ക്ലാസ്സുകളിലേക്കു മടങ്ങി. ക്ലാസ്സിന്റെ പിൻനിരയിലെ ഏകാന്തപീഠത്തിൽ അവൻ ചെന്നിരുന്നു. വേദാന്ത ബന്ധിയായ വാദസംഘട്ടനങ്ങൾ പഠനമുറിയെ ജാഗ്രത്താക്കുന്നു. ഇഷ്ടവിഷയമായ വേദാന്തത്തിൽ തന്റെ മനസ്സ് ഉന്മിഷത്താകേണ്ടതാണ്. എന്നാൽ അവയൊന്നും ഹൃദയത്തെ ഇന്നു സ്പർശിക്കുന്നേയില്ല. ആത്മദർപ്പണത്തിൽ പ്രതിബിംബിച്ചു കിടക്കുന്ന അഴകിന്റെ ആ ജ്വാലാവതിയിലായിരുന്നു സ്വന്തം വികാര വിചാരങ്ങളുടെ പരവശമായ മിഴിമുനകളെല്ലാം.

തന്റെ ശിലാഹൃദന്തത്തെ വെണ്ണപോലെ മൃദുവാക്കാനുള്ള ഒരുപെണ്ണിന്റെ സൗഹൃദസിദ്ധിക്കു മുമ്പിൽ കോരിത്തരിച്ചു നിന്നുപോയ ആദ്യാനുഭവം.അനുരാഗത്തിന്റെ പുന്നെൽക്കതിരുമായി ഏഴാം കടലിനക്കരെ നിന്നും പാറിവന്ന ഈ ദേശാടനപ്പക്ഷിക്കായി തന്റെ ആത്മപഞ്ജരം എന്നേക്കുമായി തുറന്നിടുകയാണ്. വേദാന്തചിന്തകളാൽ കഠോരമാക്കിപ്പോന്ന ശിലാഹൃദയം, അവളുടെ സ്നേഹചന്ദ്രികയാൽ ചന്ദ്രകാന്തം പോലെ അങ്ങനെ അലിഞ്ഞുതുടങ്ങുകയാണ്.

ക്ലാസ്സുകഴിഞ്ഞ് അവൻ നേരെ പാർപ്പിടത്തിലേക്കു നടന്നു. മനസ്സിന്റെ മച്ചകത്തിൽ പൊടിപൂണ്ടു വിമൂകമായിക്കിടന്ന വിപഞ്ചികയുടെ തന്ത്രികളെ ഒരു സ്വപ്നസുന്ദരിയുടെ ലോലാംഗുലികൾ തൊട്ടുണർത്തുന്ന അനുഭവം.

ചുമരിൽ തറച്ചുവച്ചിരുന്ന നിലക്കണ്ണാടിയുടെ മുമ്പിൽചെന്ന് അവൻ സ്വന്തം മുഖംനോക്കി കുറേനേരം ഒരേ ഒരു നിൽപ്. ഈ മുഖവും ശരീരവും ഇഷ്ടപ്പെടാൻ ഒരാളെങ്കിലും തന്റെ ചുറ്റുവട്ടത്ത് ഉണ്ടെന്നുള്ള തിരിച്ചറിവ് മൃതസഞ്ജീവനി പോലെ അവന് അമൂല്യമാണ്.

ഒരു കലാമർമ്മജ്ഞന്റെ പടുതയോടെ അവൻ തന്റെ മുഖത്തിന് ചില രൂപപരിണാമങ്ങൾ നിരൂപിക്കുകയാണ്.

www.malankaralibrary.com



പാറിപ്പറന്ന ചുരുണ്ട മുടിത്തഴപ്പ് അവൻ ഒന്നൊതുക്കി വച്ചു. മുഖത്തു പടർന്നു കാടുകയറിയ മീശയും ചീകി. മാലോകർ ചാർത്തിയ ചിന്നസ്വാമിയെന്ന മേലെഴുത്തിനുള്ള വിധേയപൂർണ്ണമായ അംഗീകാരമുദ്രയായിരുന്ന ആ താടിത്തഴപ്പിൽ അവൻ തന്റെ വിരലുകൾ പായിച്ചു. എന്നിട്ട്, നിശ്ചയദാർഢ്യത്തോടെ, ഉരുക്കു മൂർച്ചയാർന്ന ക്ഷൗരക്കത്തി പെട്ടിയിൽ നിന്നും പുറത്തെടുത്തു. വേദാന്തതൃഷ്ണയുടെ വളവും ജലവും ആവോളം നേദിച്ച് ഏറെക്കാലമായി പോറ്റിവളർത്തിയ ഇടതൂർന്ന താടിമീശ അവൻ നിഷ്കരുണം പാടേ വടിച്ചുകളഞ്ഞു. മിനുമിനുപ്പാർന്ന ചീർത്ത കവിളുകളിൽ വിരലുകളോടിച്ച് അവൻ മന്ദഹസിച്ചു.

മുഖം ഏറെ പ്രകാശപൂർണ്ണമായിരിക്കുന്നു. ഇനി വേഷത്തിലും ചില പരിഷ്കാരങ്ങൾ വരുത്തി ഒരു നാഗരിക ശൈലി സ്വായത്തമാക്കണം.

അവൻ അന്നു രാത്രിയിലും ഡയറി തുറന്നെഴുതി.

'ദിവസം പ്രതി മദാമ്മയ്ക്ക് എന്നെ കാണാതെയോ എനിക്ക് അവളെ കാണാതെയോ കഴിയുന്ന കാര്യം ഓർക്കാൻ കൂടി വയ്യ.'

പിറ്റേന്ന് അവളെത്തിയത് കേരളത്തനിമയാർന്ന പൗരാണിക വേഷപ്പൊലിമയിൽ. തങ്കക്കസവു കരയിട്ട ചന്ദനവർണ്ണം പൂണ്ട കൈത്തറിസാരിയും അതിനിണങ്ങുന്ന ബ്ലൗസും. ഇണനാഗങ്ങൾ കണക്കേ പിണഞ്ഞുകിടന്ന മരവേരുകളിൽ പാദങ്ങൾ നീട്ടിവച്ച് ശിലാതലത്തിൽ തലചായ്ച്ചു ശയിച്ച അവൻ പൊടുന്നനെ ആ കാൽപെരുമാറ്റം കേട്ട് കരിങ്കൂവളമിഴികൾ ചെറ്റുവിടർത്തി.

പൊൻനിറമാർന്ന നിറകതിർപോലവൾ അഴകിന്റെ കണിയായി. ചെറുവാക ഉയർത്തിപ്പിടിച്ച പച്ചക്കുടയുടെ വിടവുകളിലൂടെ ഊർന്നിറങ്ങുന്ന സൂര്യരശ്മികളേറ്റ് അവളുടെ തനിത്തങ്കമേനി വെട്ടിത്തിളങ്ങി. മാംസനിബദ്ധമാണു രാഗമെന്നു തന്നെക്കൊണ്ടു തിരുത്തിച്ചിന്തിപ്പിക്കാൻ പോന്ന വശ്യരൂപം. ലതകളാൽ മുറ്റും ആച്ഛാദിതമായൊരു പുഷ്പവാടി പോലെയായിരുന്നു സാരിമറയ്ക്കുള്ളിൽ ആ ലാവണ്യവസന്തം. കാറ്റിൻ കരങ്ങൾ വള്ളിപ്പടർപ്പുകളെ പിടിച്ചുലച്ച് പൂവഴകുകളുടെ ആ അകക്കാഴ്ചകളിലേക്ക് അവന്റെ കാമനകളെ ആനയിച്ചു. പാടലവർണ്ണം തുടിച്ച കോളാമ്പിപ്പൂവുകൾ അവളുടെ കവിളിണകളിലും അണിവയറിലും വിരിഞ്ഞുനിന്ന് അവന്റെ സിരകളിൽ ഉന്മാദത്തിന്റെ മധു നിറച്ചു. ഇളനീർക്കുടങ്ങൾ മാറിലേന്തിനിൽക്കുന്ന തൈത്തെങ്ങിന്റെ ചാരത്തെത്തിയ പരവശനെപ്പോലെ അവൻ ദാഹാർത്തനായി അവളെത്തന്നെ നോക്കി നിന്നുപോയി. മിഴിയുള്ളവർക്കാർക്കെങ്കിലും ഈ കളേബരത്തെക്കണ്ട് നിന്നുപോകാതിരിക്കാനാവുമോ.? അത്, വൈരാഗ്യമേറിയൊരു വൈദികനോ വൈരിക്കുമുമ്പ് ഉഴറിയോടിയ ഭീരുവോ ആരും ആയിക്കൊള്ളട്ടെ.

നറുപുഞ്ചിരിയുടെ സ്നിഗ്ദ്ധതയോടെ അവളുടെ അധരങ്ങൾ തുടിച്ചു."ഹായ്! താടിയൊക്കെ വടിച്ച് സുന്ദരക്കുട്ടപ്പനായിരിക്കുന്നുവല്ലോ. എന്താ എന്നെ ഇങ്ങനെ അതിശയഭാവത്തിൽ നോക്കുന്നത്!"

"ഈ നാടൻ വേഷത്തിൽ അണിഞ്ഞൊരുങ്ങി വന്നാൽ എങ്ങനെ അതിശയപ്പെടാതിരിക്കും."

"ഈ വേഷത്തിൽ കേരളത്തിലെത്തിയാൽ കുമാരുവിന്റെ വീട്ടുകാരും നാട്ടുകാരും എന്നെ സ്വീകരിക്കില്ലേ? ഒരു തയ്യാറെടുപ്പു നടത്തി നോക്കിയെന്നേയുള്ളൂ."

ആശാന്റെ മിഴികൾ ആനന്ദാതിരേകത്താൽ ഈറനണിഞ്ഞുപോയി.

"അല്ലെങ്കിൽത്തന്നെ എന്റെ സുന്ദരിക്കുട്ടിയെ ആർക്കാണ് നിരാകരിക്കാൻ കഴിയുക. അഥവാ, ജാതീയമോ, ദേശീയമോ ആയ വൈജാത്യം കാരണമാക്കി ആരെങ്കിലും എതിർക്കാൻ വന്നാൽ അതിനെ നേരിടേണ്ടതെങ്ങനെയെന്നും എനിക്കറിയാം."

അവൾ കരുതിക്കൊണ്ടുവന്ന ഒരിംഗ്ലീഷ് കാവ്യഗ്രന്ഥം അവനുനേരേ നീട്ടി. ജോൺ കീറ്റ്സിന്റെ 'എ തിംഗ് ഓഫ് ബ്യൂട്ടി.'

അതവൻ ഏറ്റുവാങ്ങും നേരം അവളുടെ വിരലുകളുടെ കുളിർമ അവന്റെ അംഗുലികളിൽ പടർന്നു. അതൊരു ആലക്തികതരംഗം മാതിരി അവന്റെ ശരീരമാസകലം കുളിരണിയിച്ചു. ജീവിതത്തിലാദ്യമായാണ് ഒരു പെണ്ണിന്റെ സ്പർശമേൽക്കുന്നത്. അതൊഴിവാക്കേണ്ടത് യതിധർമ്മമാണെന്ന് മാലോകർ വിധിച്ചേക്കാം. പക്ഷേ തന്റെ സന്ന്യാസാഭിമുഖ്യങ്ങൾ സ്വന്തം കാവ്യപുഷ്കലതയ്ക്കുവേണ്ടിയാണെന്ന് അവർ അറിയുന്നുണ്ടാവില്ല. അപ്പോൾ, ഈ സ്പർശം പോലും അനിവാര്യമായൊരു വിധിനിയോഗമായിത്തീരുകയല്ലേ.

"നിനക്കും ഞാനൊരു പുസ്തകം തരും. ഞാൻ തർജ്ജമ ചെയ്ത പുസ്തകം."

"ആ സമ്മാനത്തിനായി ഞാൻ എത്രനാൾ കാത്തിരിക്കണം?"

"അതിന്റെ എഴുത്തെല്ലാം കഴിഞ്ഞു ഇനി അച്ചടിക്കുകയേ വേണ്ടൂ."

"പുസ്തകത്തിന്റെ പേരെന്താ?"

"സൗന്ദര്യലഹരി. ശങ്കരാചാര്യസ്വാമികളുടേതാണ്. ഈ സൗന്ദര്യധാമത്തെ കണ്ടുമുട്ടിയതിന്റെ ലഹരിയിൽ അതിന്റെ സ്മാരകമെന്ന നിലയിലാണ് ഞാനെഴുതിയത്. മാത്രമല്ല, ബ്രാഹ്മണനായ ശങ്കരാചാര്യരുടെ കൃതി അബ്രാഹ്മണനായ ഒരു തീയൻ തർജ്ജമചെയ്യുന്നതും വിപ്ലവകരമായ ഒന്നല്ലേ?"

ആശാൻ തുടർന്നു."രതിസുഖം വിലക്കപ്പെട്ട കനിയല്ലെന്നുകൂടി ഇതിന്റെ തർജ്ജമയിലൂടെ ഞാൻ തുറന്നുപറയുകയാണ്. പാദയുഗ്മം, കണ്ണ്, കർണ്ണം, കവിളിണ, കുണ്ഡലങ്ങൾ, ചുണ്ടുകൾ തുടങ്ങിയ അംഗപ്രത്യംഗങ്ങളെ ഇതിൽ ഞാൻ വർണ്ണിച്ചു സ്തുതിക്കുന്നുണ്ട്. കൃഷ്ണമിത്രന്റെ പ്രബോധചന്ദ്രോദയം എന്നൊരു നാടകവും ഞാൻ മലയാളീകരിച്ചിട്ടുണ്ട്."

"അതിലെ നാലുവരി ഒന്നു ചൊല്ലാമോ. കുമാരന്റെ കാവ്യാലാപം കേൾക്കാൻ എന്തുരസമാ." മണിനാദം പോലുള്ള അവളുടെ അപേക്ഷ.

നെഞ്ചകത്തെ ഉഴിയുന്ന ഈ അഴകിനു മുമ്പിൽ കാണിക്ക വയ്ക്കാൻ പറ്റിയ ചതുർവരികൾ ഉള്ളിൽ തത്ക്ഷണം തികട്ടിവന്നു.

'കൊങ്കക്കുംഭക്ഷതത്തിൽ സ്ഫുടമിഴികൾ
നുറുങ്ങീടവേ ഗാഢമായെ-

www.malankaralibrary.com



നങ്കത്തിങ്കൽക്കരേറിപ്പരിചൊടു
പരിരംഭിക്ക തുമ്പിക്കരോരു.'

പക്ഷേ അതിവേഗം അവനതു മനസ്സിൽ നിന്നും മായിച്ചുകളഞ്ഞു. തൂവെള്ള ലില്ലിപ്പൂവു പോലുള്ള ഈ നൈർമല്യത്തിനു മുമ്പിൽ മാംസബന്ധി യായ വർണ്ണന ഒരിക്കലും പാടില്ല. അതിനാൽ വേറൊരു ഭാഗം ഓർത്തുചൊല്ലി അവളുടെ ആഗ്രഹം സാദ്ധ്യമാക്കി.

"ഇനി നമുക്ക് അടുത്ത തിങ്കളാഴ്ച ഇതേ സമയത്ത് ഇവിടെ വച്ചു കാണാം. വരില്ലേ?"

"അതിനുള്ളിൽത്തന്നെ വന്നുകൂടേ ?"

"പരീക്ഷയാകയാൽ പുറത്തുപോകാൻ മേട്രൻ അനുവദിക്കില്ല."

"അപ്പോൾ പിന്നെ തിങ്കളാഴ്ച എങ്ങനെ വരും."

"എങ്ങനെയെങ്കിലും അന്നു വന്നേ മതിയാകൂ."

"അതെന്താ?"

"അന്നെന്റെ ബർത്ത്ഡേയാണ്."

അവർ പിരിഞ്ഞു.

മുന്നോട്ടുള്ള ചുവടുവയ്പിനിടയിൽ പലവുരു ഇരുവരും പിന്തിരിഞ്ഞു നോക്കി; കൺകളിൽ കാഴ്ചയുടെ പൂരം നേർത്തു മറയുന്നതുവരെ.



# പതിന്നാല്

"കുമാരൻ ഗരിസപ്പാ വെള്ളച്ചാട്ടത്തെപ്പറ്റി കേട്ടിട്ടുണ്ടോ?"

ഡോക്ടർ പല്പു തിരക്കി.

"ഉണ്ട്."

"ഞങ്ങളതു കാണാൻ പോവുകയാണ്. ഒപ്പം കൂടിക്കോളൂ."

പ്രകൃതിസുന്ദരിയുടെ ലാവണ്യരൂപങ്ങളിലാണ് സദാ അവന്റെ കവിഹൃദയം. അതെത്ര ആസ്വദിച്ചാലാണ് മതിവരിക. കാറിൽ പല്പുവിന്റെ കുടുംബത്തോടൊപ്പം അവനും യാത്രയായി. വനഗർഭത്തിൽ നിന്നും ഉറന്നൊഴുകുന്ന കാട്ടാറിന്റെ രൗദ്രഭേരിയിൽ അവിടം വിറയ്ക്കുന്നതുപോലെ. ഉന്നതമായ കുന്നിൽ നിന്നും ഭയാനകതാഴ്ചയിലേക്ക് അസംഖ്യം വെള്ളിമുത്തുകൾ ചിതറിച്ച് ആഞ്ഞു പതിക്കുന്ന ജലപ്രവാഹം. കാറ്റിന്റെ കൈക്കുടന്നകൾ കവർന്നെടുത്ത ആ രജതമുത്തുകൾ കാണികളുടെ വിസ്മിതാനനങ്ങളിലേക്ക് വാരിയെറിഞ്ഞ് കുറുമ്പു കാട്ടുകയാണ്.

"അവൾ കൂടിയെന്നരികിലുണ്ടായിരുന്നെങ്കിൽ .....!" ആശാൻ ആശിച്ചു പോയി.

നാളെ അവളെക്കാണുമ്പോൾ കാഴ്ചയെപ്പറ്റി വിവരിക്കാം. പിന്നീടൊരു നാൾ അവളെയും കൂട്ടി ഈ കാഴ്ചയുടെ നൈവേദ്യം അനുഭവിക്കാനെത്തണം.

ഉല്ലസിതമായ ആ പകലിന്റെ അറുതിയിൽ സന്ധ്യയുടെ നേർത്ത മൂടുപടം വിരിക്കപ്പെടുകയാണ്.

അവർ കാറിൽ തിരിച്ചുകയറി. ആശാന്റെ ആത്മശാഖിയിലെ കാവ്യമലർ മൊട്ടുകൾ ആ കാഴ്ചയുടെ സ്പർശത്താൽ വിരിഞ്ഞു തുടങ്ങി. മറ്റുള്ളവർ ജലപാതത്തെപ്പറ്റി കാറിലിരുന്ന് വാതോരാതെ അനുസ്മരിച്ചു വാഴ്ത്തുമ്പോൾ മൗനത്തിന്റെ വല്മീകത്തിൽ തപസ്സിരുന്ന് ആശാൻ പദങ്ങൾ പെറുക്കിയെടുത്ത് രാകിമിനുക്കി അടുക്കി ആ സുഭഗദർശനത്തിനൊരു കാവ്യസ്മാരകം പണിയാൻ ഒരുങ്ങുകയായിരുന്നു. കഴിയുമെങ്കിൽ നാളെ അവളെ കാണാനെത്തുമ്പോൾ സമ്മാനിക്കത്തക്ക വിധം ഇന്നു രാത്രിയിൽ തന്നെ എഴുതിത്തീർക്കണം.

ഗ്രന്ഥാലയത്തിനു ചാരേ പന്തലിച്ചു നിന്ന ചെറുവാകമരത്തിന്റെ ചോട്ടിൽ അവൻ യഥാസമയം കാത്തുനിന്നു. ക്ഷമയറ്റ് പലവുരു അവൻ വാച്ചിൽ നോക്കി. അവൾ നടന്നുവരാറുള്ള മൺനിരത്തിന്റെ വിജനമായ പുരോഭാഗത്ത് അവന്റെ മിഴികൾ നിർന്നിമേഷങ്ങളായി നിലകൊണ്ടു.

മരച്ചോട്ടിൽ മഞ്ഞപ്പൂക്കൾ വൃത്താകൃതിയിൽ കൊഴിഞ്ഞുകിടക്കുന്നു. കാറ്റും മഴയുമാണ് അവകളെ നിർദ്ദയം കൊഴിച്ചുകളഞ്ഞത്. വഴിപോക്കരുടെ

www.malankaralibrary.com



കാലടികൾക്കടിയിൽപ്പെട്ട് ഞെരിഞ്ഞ് പലതും മണ്ണിൽ വിലയം പ്രാപിച്ചിരിക്കുന്നു.

മരച്ചോട്ടിലെ കരിങ്കല്ലിൽ തീർത്ത ഇരിപ്പിടത്തിൽ അവൻ ഏറെ നേരം കാത്തിരുന്നു. വായിച്ചുതീർത്ത് തിരികെക്കൊടുക്കാൻ കൊണ്ടുവന്ന 'എ തിംഗ് ഓഫ് ബ്യൂട്ടി'യിലെ താളുകൾ വെറുതേ മറിച്ച് അവൻ നോക്കിയിരുന്നു. അവൾ വന്നില്ല.

'എന്തെങ്കിലും അസുഖം?' അവൻ സന്ദേഹിച്ചു. 'അതോ മേട്രൻ അനുവദിക്കാതെയായോ?' കോൺവെന്റിലെത്തി വിവരം തിരക്കിയാലോ? അതുവേണ്ടാ; ഈ രാഗബന്ധം കഴിയുംവിധം രഹസ്യമായിരുന്നുകൊള്ളട്ടെ.; ഭണ്ഡാരത്തിന്റെ രഹസ്യഅറയിൽ സൂക്ഷിച്ചുവയ്ക്കപ്പെട്ട അനർഘ രത്നം പോലെ. കാത്തിരിപ്പു ദിവസങ്ങളോളം നീണ്ടു. ക്രമേണ അവനു നെഞ്ചുപൊട്ടുന്നതായി തോന്നി.

എന്തായാലും കോളജ് തുറന്നാൽ അവളെത്തുമല്ലോ. പരിഭവത്തിന്റെ കാർമേഘങ്ങൾ അതുവരെ ഹൃദയാകാശത്ത് ഉരുണ്ടുകൂടിക്കൊള്ളട്ടെ. എല്ലാം പെയ്തൊഴിയുന്ന നാളെയെക്കാണാൻ അവൻ കാത്തിരുന്നു.

അവധിക്കു ശേഷം ക്ലാസ്സുകൾ പുനഃരാരംഭിച്ചു. ക്ലാസ്സിൽ കയറാതെ അവൻ തളർന്ന വഴിക്കണ്ണുകളോടെ നോക്കിയിരുന്നു. അസൂയാലുക്കളായ സതീർത്ഥ്യരുടെ പരിഹാസശരങ്ങൾ അപ്പോൾ അവനെ പൊതിഞ്ഞു.

അവർ പൊട്ടിച്ചിരിച്ചട്ടഹസിച്ചു.

"അരയന്നപ്പിട പറന്നുപോയി. കരിംകാകൻ ബാക്കിയായി. എത്ര ക്രൂരമായ വിധിവിളയാട്ടം"

ആശാന്റെ നെഞ്ചൊന്നു പിടഞ്ഞു.

എന്താണവർ പറഞ്ഞതിന്റെ പൊരുൾ. അവൾ എവിടെ പോയി?

കയത്തിൽ നിലയറ്റു പോകുന്നതു പോലെ അവനു തോന്നി.

അവസാനം എല്ലാ വിവരങ്ങളും അവൻ അറിഞ്ഞു.

ഈ ബന്ധത്തെപ്പറ്റി വിദേശത്തുള്ള അവളുടെ വീട്ടുകാരെ പ്രാദേശിക രക്ഷാകർത്താവു വഴി തന്റെ വൈരികൾ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു

പിന്തിരിയാൻ അവളെ അവർ ഹേമിച്ചു. അത് അസാദ്ധ്യമാണെന്നവൾ ആവർത്തിച്ചു.

ഹൃദയരാഗത്തിനു മുമ്പിൽ ദേശഭാഷാദി വൈപരീത്യങ്ങൾ തടസ്സമല്ലെന്നവൾ വാദിച്ചു. പക്ഷേ ഭരണസ്വാധീനമുള്ള വീട്ടുകാർ ഇവിടെത്തി അവളെ നിർബ്ബന്ധപൂർവ്വം മടക്കിക്കൊണ്ടു പോവുകയായിരുന്നു.

ബന്ധുക്കളുടെ രോഷം ആളിക്കത്തിക്കുന്ന വിധത്തിൽ ശത്രുക്കൾ തന്നെപ്പറ്റി അപവാദകഥകൾ പറഞ്ഞു പരത്തിയിരിക്കുന്നു. ഈ അധഃകൃതൻ ഇതുപോലെ പല പെൺകുട്ടികളേയും പ്രേമം നടിച്ചു വശീകരിച്ച് ചതിച്ചിട്ടുണ്ടുപോലും!

പാതിമാത്രം പാടിയ പാട്ടുമായി പറന്നുപോയ ദേശാടനപ്പക്ഷിയായ ആ രാജഹംസത്തെപ്പറ്റി രാപകലോർത്ത് അവൻ തലതല്ലിക്കരഞ്ഞു. നിരാശ്ശയുടെ





ഇടവഴികളിൽ അവന്റെ സ്വത്വം ഇടറിവീണുകൊണ്ടിരുന്നു. അപ്പോഴും അവന്റെ ഉയിരിൽ ശത്രുവ്യൂഹത്തിന്റെ ആക്ഷേപപ്പേമഴ തിമിർത്തു പെയ്യുകയായിരുന്നു. നെഞ്ചിൽ ഓരായിരം വെള്ളിടികൾ വെട്ടി. ആദ്യമായി മ്ലാനഭാരത്താൽ കുനിഞ്ഞു പോയ ശിരസ്സുമായി അവൻ തന്റെ ഏകാന്തതയിലേക്കു ഉൾവലിഞ്ഞു.

കൂടണഞ്ഞപ്പോൾ തന്നെക്കാത്ത് പൂമുഖപ്പടിയിൽ അതാ നിൽക്കുന്നു ഡോക്ടർ പല്പു.

പതിവിനു വിരുദ്ധമായി പതിഞ്ഞസ്വരത്തിൽ ആർദ്രതയോടെ അദ്ദേഹം വിളിച്ചു "ചിന്നസ്വാമീ" .........

ആ സംബോധനയോട് ഈയിടെയായി വിപ്രതിപത്തിയായിരുന്നു. ഭക്തിമാർഗ്ഗത്തിൽ നിന്നും രതിഭാവത്തിലേക്കു മനസ്സിനു ഗതിഭേദം സംഭവിച്ചിരുന്നു. നോട്ടുബുക്കിൽ കറുത്തമഷികൊണ്ട് അഭിമാനപുരസ്സരം പണ്ട് ആലേഖനം ചെയ്ത 'ചിന്നസ്വാമി' എന്ന മേലെഴുത്ത്, വെട്ടിക്കൂർപ്പിച്ച പെൻസിലിന്റെ ഉഗ്രമൂർച്ചയാൽ പലവുരു വെട്ടിക്കളയുകപോലും ചെയ്തിരിക്കുന്നു. സന്ന്യാസചിഹ്നമായ താടിമീശയും വടിച്ചുകളഞ്ഞിരിക്കുന്നു.

വേദാന്തജീവിതത്തിനും ജീവിതകാമനകൾക്കുമിടയിൽ കിടന്നു വീർപ്പുമുട്ടുകയായിരുന്നു ഹൃദയം. കാഷായത്തിന്റെ പരുക്കൻ ആവരണം പറിച്ചെറിഞ്ഞ് ലാവണ്യാനുരാഗത്തിന്റെ കടുംനിറമാർന്ന പട്ടുമേലാപ്പ് വാരിപ്പുതയ്ക്കാൻ കൊതിച്ച ദിനങ്ങൾ. നെഞ്ചിൽ നിറയുന്ന സൗന്ദര്യാത്മകതയുടെ സ്വർണ്ണപ്രതിഷ്ഠയ്ക്കു മുമ്പിൽ സദാ ദീപം തെളിക്കാനുള്ള സമർപ്പണദാഹം. പക്ഷേ ഈ വഴിത്തിരിവിന്റെ പ്രാദുർഭശയിൽത്തന്നെ തടസ്സങ്ങളുടെ വന്മലകൾ വഴിമുടക്കി നിന്നു. ഉടഞ്ഞു ചിതറിയ സ്ഫടിക ശില്പത്തിന്റെ മുമ്പിൽ തപിച്ചു നിൽക്കേണ്ടിവന്ന ശില്പിയുടെ ആത്മപരിപീഡനത്തോടെ അവൻ നിന്നു.

ഡോക്ടറുടെ വിളി അവൻ മൂളിക്കേട്ടു.

അയാൾ അവന്റെ തോളിൽത്തട്ടി സമാധാനിപ്പിച്ചു.

"വേർപാട് ദുസ്സഹമാണ്. സഹിച്ചല്ലേ പറ്റൂ"

ആശാൻ വിസ്മയത്തോടെ പല്പുവിനെ നോക്കി ;എന്റെ ജീവിത രഹസ്യങ്ങൾ അങ്ങും അറിഞ്ഞുവോ എന്നമട്ടിൽ.

കുപ്പായക്കീശയിൽ നിന്നും ഡോക്ടർ ഒരു വെള്ളക്കടലാസ് എടുത്തു നീട്ടി.

അവൻ തിടുക്കപ്പെട്ട് അതിലെ കുറിമാനം വായിച്ചു. എന്നിട്ട് പല്പുവിന്റെയും വീട്ടുകാരുടെയും സങ്കടമുഖങ്ങൾ കടന്ന് ഭാവലേശമെന്യേ മുറിയിൽകടന്നു കതകടച്ചു.

അച്ഛൻ ഈ ലോകത്തോടു വിടപറഞ്ഞിരിക്കുന്നു. ദൂരെ, മാമലകൾക്കപ്പുറത്ത് കായിക്കര തൊമ്മൻ വിളാകത്തിന്റെ തെക്കേക്കോണിൽ ആറടിമണ്ണിന്റെ താഴ്ചയിൽ ആ ജഡം ഇപ്പോൾ കിടക്കുന്നുണ്ടാവും. മരണദിവസത്തിൽത്തന്നെ തപാൽക്കമ്പി അയച്ചതാവും. ഇപ്പോൾ ഉടൽ ജീർണ്ണിച്ചു തുടങ്ങിയി

www.malankaralibrary.com



ട്ടുണ്ടാവും.

കേവലം ഒരു കിനാവല്ലാതെ എന്താണീ അവനിവാഴ്വ് എന്നുതോന്നിപ്പോകുന്നു.

അഞ്ചാണ്ടുകളിലധികമായിക്കാണും അച്ഛന്റെ മുഖം ഒരു നോക്കു കണ്ടിട്ട്. ഇനി സ്വർഗ്ഗീയ കല്പദ്രുമത്തിന്റെ കൊമ്പിൽച്ചെല്ലുമ്പോൾ വീണ്ടും കാണാനാവുമോ എന്തോ?

ഉപനിഷത്തുകൾ ഓതിത്തരുന്ന വേദാന്തത്തിലൂടെയല്ലാതെ തനിക്കിനി ശാന്തി ലഭിക്കുമെന്നു തോന്നുന്നില്ല.

ആത്മവേദനകളുടെ നെയ്ത്തേങ്ങൾ എറിഞ്ഞുടയ്ക്കാൻ അവനൊരു ദേവസവിധം ഉണ്ടായേ തീരൂ. അങ്ങനെ അവനു മുമ്പിൽ കവനകലയുടെ ഏഴാമിന്ദ്രിയം തുറക്കപ്പെട്ടു. അവിടമരുന്ന വാഗ്ദേവതയുടെ തങ്കവിഗ്രഹത്തിനു മുമ്പിൽനിന്നു അവന്റെ ഹൃദയം വിളിച്ചു പറഞ്ഞു.

"അമ്മേ, ഒന്നൊന്നായി ഓരോരുവർ എന്റെ പ്രാണനിൽ നിന്നും പടിയിറങ്ങിപ്പോവുകയാണ്. നീയും എന്നെ ഉപേക്ഷിച്ചു പോകുമോ. എങ്കിൽ അന്നു ഞാൻ ഇല്ലാതാകും.

വേദാന്തത്തിന്റെയും പ്രണയത്തിന്റെയും മധുവുണ്ണാൻ നീയെനിക്ക് അവസരം തന്നു. ദേഹത്തിനു കാമനകളും ദേഹിക്കു വേദാന്തവും സ്വീകാര്യമൃഷ്ടാന്നങ്ങളല്ലേ? ഉടലിന്റെ നിയന്ത്രിത വാസനകളെ നിഷ്കരുണം അടിച്ചമർത്തുന്നതാണോ സന്ന്യാസം? ഒരു തരത്തിൽ ആത്മീയതയും ലൗകികതയും പ്രണയബദ്ധമല്ലേ? ഒരു കൂട്ടർ ഈശ്വരനെ പ്രണയിക്കുന്നു മറ്റൊരു കൂട്ടർ ഈശ്വരന്റെ കരവേലയായ സൃഷ്ടികളെ പ്രണയിക്കുന്നു.

എന്റെ ഉള്ളിൽ വിങ്ങുന്ന ഈ സമീക്ഷകൾക്ക് അമ്മേ, നീ ഉത്തരമരുളൂ. വിരഹവേദനയിൽ നിന്നും എന്നെ കരംപിടിച്ചു കരകയറ്റൂ."



# പതിനഞ്ച്

കാലം കരളിൽ ശേഷിപ്പിച്ച ചോരച്ചാലുകളിൽ മറവിയുടെ ഔഷധം ഇറ്റിച്ചേപറ്റു. കരിഞ്ഞാലും വടുക്കൾ മായാതെ നിൽക്കുമെന്നു തീർച്ച. അഥവാ കവനപ്രയാണത്തിന്റെ ഊർജ്ജസ്രോതസ്സ് ഈ വടുക്കളിൽ മയങ്ങിക്കിടക്കുന്ന നോവുകളല്ലോ.

പഠനമെന്ന ഗുരുനിയോഗത്തെ പാതിവഴിയിൽ ഉപേക്ഷിക്കാനാവില്ല. അതിനാൽ വീണ്ടും കോളേജിന്റെ പടികൾ ചവുട്ടി കയറിച്ചെന്നു.

"ഇവിടത്തെ നിന്റെ ദിനങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞെടാ" ഒരു സഹപാഠിയുടെ കരുണയറ്റ ആക്രോശം.

ക്ലാസ്സിലെത്തിയപ്പോൾ അദ്ധ്യാപകന്റെ താക്കീത്."പ്രിൻസിപ്പലിനെ കണ്ടിട്ട് ക്ലാസ്സിൽ കയറിയാൽ മതി.

അങ്ങനെ മുകൾ നിലയിലേക്ക് തടിപ്പടികൾ കടന്നെത്തി.

പ്രിൻസിപ്പൽ നിസ്സഹായനായി പറഞ്ഞു.

"എന്തു ചെയ്യാം. നിനക്കെതിരെ കുറേനാളുകളായി മുറവിളി ഉയരുകയാണ്"

"അറിയാം സാർ. എന്റെ പിറവി ബ്രാഹ്മണ ഇല്ലത്തിലായിരുന്നുവെങ്കിൽ ആരും എതിർക്കുമായിരുന്നില്ലല്ലോ"

"അതേ; ജാതിയും വർണ്ണവും വർഗ്ഗവുമൊക്കെത്തന്നെയാണ് പ്രശ്നം."

"സർ, ജാതിപ്പിശാചിന്റെ ക്രൂരവിളയാട്ടങ്ങൾ കണ്ട് എന്റെ മണ്ണിൽ നിന്നും ഈ മറുനാട്ടിലേക്കു അഭയം തേടി ഓടിപ്പോന്നതാണു ഞാൻ. പഠിപ്പും പത്രാസുമുള്ള ഈ നഗരജീവിതത്തിലും ജാതി ഒരു മഹാശാപമാകുമെന്നു ഞാൻ കരുതിയില്ല."

അനേകം ബ്രാഹ്മണ വിദ്യാർത്ഥികൾ ഒപ്പിട്ട ഒരു ഭീമഹർജിയുടെ കടലാസ്സുകൾ എടുത്തുകാട്ടിക്കൊണ്ട് പ്രിൻസിപ്പൽ പറഞ്ഞു.

"കണ്ടോ? ഏക അവർണ്ണനായ നിന്നെ ഈ ബ്രാഹ്മണ സംസ്കൃത കോളജിൽ പ്രവേശിപ്പിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള ആക്ഷേപഹർജിയാണിത്. ഇതിന്റെ ഒരു പ്രതി ദിവാന്റെ ഓഫീസിലും അവർ സമർപ്പിച്ചിട്ടുണ്ട്."

"ഗുരുസ്വാമി വലിയ പ്രതീക്ഷകളോടെയാണ് ഡോക്ടർ പല്പുവഴി എന്നെ ഇവിടേക്ക് അയച്ചത്. എന്തുവന്നാലും എന്റെ പഠനം മുടങ്ങാൻ ഇട വരുത്തരുതേ. ഇതെന്റെ അപേക്ഷയാണ്."

"പക്ഷേ ദിവാൻ ഇക്കാര്യത്തിൽ തീരുമാനിച്ചു കഴിഞ്ഞു. ഇനി ഇതിന്മേൽ പുനരാലോചന ഒന്നുമില്ല" അയാൾ മേശവലിപ്പിൽ നിന്നും ദിവാന്റെ മുദ്ര പതിച്ച തീട്ടൂരം നിവർത്തിക്കാട്ടി.

www.malankaralibrary.com



അശനിപാതങ്ങളെന്തും ഏറ്റുവാങ്ങാൻ സജ്ജമാക്കുകയാണ് ആശാൻ, തന്റെ ഹൃദയത്തെ. അവന്റെ മിഴികളിൽ നീർക്കണം പൊടിഞ്ഞില്ല.

സത്യം സദാ പ്രകാശമാനമായിരിക്കുമെങ്കിലും അതിന് അധർമ്മത്തെ പ്രതിരോധിക്കാൻ കഴിഞ്ഞെന്നു വരില്ല. കാലാന്തരത്തിൽ അതിന്റെ നില ഉന്നതമെന്നു ലോകം വാഴ്ത്തുമെങ്കിലും രോധത്തിന്റെ സംഘാതമായ തിരത്തള്ളലിൽ അതിനു താത്ക്കാലികമായി പിൻവാങ്ങേണ്ടി വന്നേക്കാം. എങ്കിലും അവസാനമായി ചോദിച്ചു

"ഞാനീ കോളേജിൽ ഏറ്റം ഉയർന്ന മാർക്കു നേടി സ്കോളർഷിപ്പോടെ പഠിക്കുന്ന വിദ്യാർത്ഥിയാണെന്ന സത്യം പരിഗണിക്കപ്പെടേണ്ടതല്ലേ സർ ?"

"അതെ. നിന്റെ സാമർത്ഥ്യം തന്നെയാണ് അവരെ വല്ലാതെ പ്രകോപിപ്പിക്കുന്നത്. അധഃസ്ഥിതനായ ഒരു അന്യദേശക്കാരൻ മേധാശക്തികൊണ്ട് പരീക്ഷക്കടലാസിലൂടെ ബ്രാഹ്മണ വിദ്യാർത്ഥികളെ ഒന്നടങ്കം വെല്ലുവിളിക്കുന്നത് അവർക്കു സഹിക്കാനാവുന്നില്ല. ബ്രാഹ്മണ കോളജിൽ ആചാരവിരുദ്ധമായി അബ്രാഹ്മണനെ പ്രവേശിപ്പിച്ചതിനെതിരേ സർക്കാരിന്റെ ഓഫീസുകളിലെല്ലാം അവർ പരാതി കൊടുത്തിരിക്കുന്നു. ഡോക്ടർ പല്പുവിനു പോലും ഇനി ഒന്നും ചെയ്യാനാവില്ല."

പ്രിൻസിപ്പൽ വ്യസനത്തോടെ തലകുനിച്ചിരുന്നു.

"അപ്പോൾ ഞാൻ പിരിഞ്ഞു പോകണം അല്ലേ സാർ?"

അധികാരി ഒന്നും പറഞ്ഞില്ല.

"എങ്കിൽ ഞാൻ വിടപറയുകയാണ്. ഈ കറുമ്പനെ ഇത്രയും നാൾ ഉൾക്കൊള്ളാൻ കാട്ടിയ ദയയ്ക്കു നന്ദിയുണ്ട് സാർ".

അവൻ കരം കൂപ്പി നമിച്ചു.

പ്രിൻസിപ്പൽ എഴുന്നേറ്റു നിന്ന് അവന്റെ ശിരസ്സിൽ വലം കരം വച്ചനുഗ്രഹിച്ചു.

അവൻ എന്നേക്കുമായി അവിടം വിട്ടു പടിയിറങ്ങി.

തുണിയും പുസ്തകങ്ങളും ഒരു തുകൽ സഞ്ചിയിൽ അടുക്കി അവൻ ഡോക്ടർ പല്പുവിനെ ചെന്നുകണ്ടു.

"പിരിച്ചുവിടൽ ഒഴിവാക്കാനായി അവസാന നിമിഷം വരെയും ഞാൻ പൊരുതി. പക്ഷേ അനീതി ജയിച്ചു. വിഷമിക്കേണ്ടാ. തടസ്സങ്ങൾ സ്വാഭാവികമാണ്. നേരിടുക തന്നെ. കോളേജ് ഇവിടെ മാത്രമല്ലല്ലോ ഉള്ളത്. നേരെ മദ്രാസിലേക്കു പൊയ്ക്കോ. എനിക്കുടനെ ഇംഗ്ലണ്ടിലേക്കു പോകേണ്ടതുണ്ട്. ചിന്നസ്വാമിയുടെ തുടർപഠനത്തിനുവേണ്ട കാര്യങ്ങളൊക്കെ എന്റെ അഭാവത്തിലും എന്റെ സുഹൃത്തായ ഡോക്ടർ നഞ്ചുണ്ടറാവു ചെയ്തുതരും."

അങ്ങനെ മദിരാശിയിലെത്തി.

'പടപേടിച്ചു പന്തളത്തെത്തിയപ്പോൾ പന്തം കൊളുത്തിപ്പട' എന്നു പറഞ്ഞ മാതിരിയിലായി അവിടുത്തെ അവസ്ഥ. പഠനപുരോഗതിക്കുള്ള അനുകൂല സാഹചര്യമൊന്നും അവിടില്ല. അവിടെ കാൽകുത്തിയ നാൾ മുതൽ പെരുമഴയും തുടങ്ങി. രാപകൽ മഴമേഘങ്ങൾ തിങ്ങി നിന്നു പെയ്തു. പൊതുവേ വരണ്ട മദിരാശിയുടെ ചരിത്രത്തിലെ എക്കാലത്തേയും വലിയ പേമഴയും പ്രളയവും. പെരുവെള്ളത്തിൽ ചത്തു മലച്ചു ചീഞ്ഞ ജഡങ്ങളുടെ വിഷഗന്ധവുമേറ്റ് വീർപ്പുമുട്ടിക്കഴിഞ്ഞു. ഹോട്ടൽ ഭക്ഷണം മൂലം വയറിനെ ബാധിച്ച രോഗവും കലശലായി. എങ്ങനെയെങ്കിലും ഒന്നു രക്ഷപ്പെട്ടാൽ മതിയെന്നായി.



തിരികെ ബാംഗ്ലൂരിലെത്തി.

ആശാന്റെ ഉപരിപഠനം വ്യക്തിപരമായ ഒന്നായിരുന്നില്ല. സമുദായ ശ്രേയസിനെ പ്രതിയായിരുന്നു. അതിനാലാണ് ഗുരുവും പല്പുവും മറ്റും നേരിട്ട് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചുപോന്നത്.

ഇനി എന്താണു വഴി? അവർ ആശയ വിനിമയം നടത്തി.' കൽക്കത്തയിലേക്കയയ്ക്കുക.'

ഗുരു കല്പിച്ചു. പല്പു പിന്തുണയ്ക്കുകയും ചെയ്തു.

www.malankaralibrary.com

## പതിനാറ്

ജന്മദേശത്തിന്റെ മുഖച്ഛായ പ്രതിബിംബിച്ച വങ്കനാട് അവനു സ്വാഗതമരുളി. ആൾരൂപങ്ങൾക്കുമുണ്ട് മലയാളിത്തത്തിന്റെ വടിവും നിറവും മുഖശ്രീയും. കാതങ്ങൾ ഏറെ താണ്ടേണ്ടി വന്നു ഹിമവൽമഹാഗിരിയുടെ ഈ താഴ്വാരത്തിലെത്താൻ. കൽക്കരിത്തീക്കട്ടകൾ തിങ്ങിയ ചുടുനെഞ്ചുമായി രാപകലോടിത്തളർന്നെത്തിയ തീവണ്ടിയിൽ നിന്നും ഇറങ്ങി നേരേ നടന്നു.

സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷും നന്നായി ഇണങ്ങിക്കഴിഞ്ഞിരുന്നതിനാൽ ആശയസംവേദനം എളുപ്പമായിരിക്കുന്നു. റിക്ഷാക്കാരന്മാർ മത്സരത്തോടെ ഓടിക്കൂടി.

"സംസ്കൃതകോളജിനടുത്തേക്ക് പോകണം." ഇംഗ്ലീഷിൽ പറഞ്ഞു.

അവർക്കതു മനസ്സിലാകുന്നുണ്ട്.

ഒരാൾ വന്ന് സഞ്ചികൾ വാങ്ങി റിക്ഷായിൽ വച്ചു.

"ഇരിക്കണം സാർ." അയാളും ഇംഗ്ലീഷിലാണ് പറഞ്ഞത്.

സൗമ്യരായ ആളുകൾ. ഹൃദ്യമായ പെരുമാറ്റം.

സാമൂഹ്യജീവിതം കേരളത്തിന്റേതിൽ നിന്നും വ്യത്യസ്തമാണ് എന്നതാണ് ആശ്വാസകരം. ജാതിപരമായ അന്തരം ഇവിടെ അന്യമാണ് എന്നതുതന്നെ. ജാതിയിൽ ചെറുമനെന്നു പെറ്റനാട് ചാപ്പകുത്തിയിരിക്കുന്ന തന്നെ പക്ഷേ ഈ വങ്കദേശത്ത് ആതിഥ്യമരുളി പാർപ്പിക്കുന്നത് ഒരു ബ്രാഹ്മണ കുടുംബമാണ്.

കുറേക്കൊല്ലങ്ങൾക്കു മുമ്പ് ഈ നാടിനെയും അനാചാരങ്ങളുടെ കോടമഞ്ഞ് മൂടിക്കിടന്നിരുന്നു. വങ്കദ്യോവിലുദിച്ച വിപ്ലവ നക്ഷത്രങ്ങളുടെ ചൂടുരശ്മികളേറ്റ് ആ കനത്ത ഹിമാവരണം ഉരുകി നശിക്കുകയായിരുന്നു. ശ്രീരാമകൃഷ്ണപരമഹംസരും ശിഷ്യോത്തമനായ വിവേകാനന്ദസ്വാമികളും ദേവേന്ദ്രനാഥടാഗോർ മഹർഷിയും ആദ്ദേഹത്തിന്റെ പുത്രനായ രവീന്ദ്രനാഥ ടാഗോറും മറ്റുമായിരുന്നു ആ താര പ്രഭാവങ്ങൾ.

തന്റെ വരവും കാത്തിരുന്ന ബ്രാഹ്മണ ആഗ്രഹാരത്തിലേക്ക് വിലാസം തെരഞ്ഞ് ആശാൻ ചെന്നു. നവാഗതന്റെ പേർക്ക് അവരുടെ സ്നേഹനിർഭരമായ വരവേൽപ്പ്.

"യാത്രയൊക്കെ സുഖമായിരുന്നോ?" കാരണവരുടെ ഉപചാരോക്തികൾ.

"വേഷമാകെ മുഷിഞ്ഞിരിക്കുന്നു. ഒന്നു കുളിച്ചുവരാം"

വീട്ടുകാർ അവന്റെ മുറി കാട്ടിക്കൊടുത്തു. കിണറ്ററികിലെ കുളിപ്പുരയും.

അവൻ ചെറുകിണ്ണത്തിൽ എണ്ണയും കടലപ്പൊടിയുമായി കുളിമുറിയിലേക്കു കടന്നു.





കാരെള്ളിന്റെ നിറമുള്ള ബലിഷ്ഠഗാത്രത്തിലും ചുരുണ്ടിടതൂർന്ന മുടിച്ചാർത്തിലും എണ്ണ മെഴുകിപ്പിടിപ്പിച്ചു. ഇത്തിരിനേരം മെയ്ക്കസ്രത്ത് നടത്തി. പിന്നെ ഹിമം പോലെ തണുത്ത ബംഗാൾജലത്തിൽ ഉടൽകുതിർത്തു. കടലപ്പൊടി ഉടലാകെ അമർത്തിത്തിരുമ്മി. നന്നായൊന്നു കുളിച്ചു. പിന്നെ തോർത്തി, വെണ്മയാർന്ന ഒറ്റമുണ്ടുടുത്തു. നെറ്റിയിൽ രണ്ടംഗുലം വിസ്തൃതിയിൽ ഭസ്മക്കുറി നീട്ടിവരച്ചു. ചുരുണ്ട മുടിത്തഴപ്പ് ചീർപ്പുകൊണ്ട് ഭംഗിയായി വകഞ്ഞുവച്ചു. തോളിൽ പുതിയൊരു ഈരിഴത്തോർത്ത് മടക്കിയിട്ടു. എന്നിട്ടൊരു ദേവീസ്തവം രാഗബദ്ധമായി മൂളി ഉമ്മറത്തേക്കു വന്നു.

"നല്ല വിശപ്പുകാണും, നേരേ ഭക്ഷണത്തിനിരുന്നോളൂ."

വീട്ടുകാരെല്ലാവരും ഒപ്പമിരുന്നു.

ബ്രാഹ്മണ വീടായിട്ടും തീൻ മേശയിൽ ഊണിന് മത്സ്യം പൊരിച്ചുവച്ചിരിക്കുന്നു.

"ഇത് ആശ്ചര്യമായിരിക്കുന്നല്ലോ. ഞങ്ങളുടെ നാട്ടിൽ നമ്പൂരിമാർ ശുദ്ധസസ്യാഹാരികളാണ്." ആശാൻ സംസ്കൃതഭാഷയിൽ പറഞ്ഞു.

"ഇവിടിത്തരം ശാഠ്യങ്ങളൊന്നുമില്ല. ഇന്നത്തെ പുരോഗമനാശയക്കാരുടെ സംഭാവനയാണ്. ശ്രീരാമകൃഷ്ണാശ്രമങ്ങളിൽപോലും മത്സ്യമാംസാദികൾ വിളമ്പും."

"ഓഹോ. ഭക്ഷണകാര്യങ്ങളിലും നിങ്ങൾ സ്വതന്ത്രരാണെന്നർത്ഥം. കേരളം ഇന്നും അനാചാരച്ചരടുകളാൽ വരിഞ്ഞുമുറുക്കപ്പെട്ട് അനായാസ ശ്വസനത്തിനായി വിമ്മിട്ടപ്പെടുകയാണ്."

"ആട്ടെ, സംസ്കൃത കോളേജിൽ മുഖ്യമായ പഠനവിഷയം എന്താണ്?"

"ഞാൻ ന്യായവിദ്വാന് ബാംഗ്ലൂരിൽ വച്ചു പഠിച്ചിരുന്നു. ഇവിടെ തർക്കതീർത്ഥ പരീക്ഷയ്ക്കാണ് പഠിക്കുന്നത്. ന്യായശാസ്ത്രവും വ്യുൽപത്തിവാദഭാഗവും വ്യാപ്തിയും ഐച്ഛികമായെടുക്കണം."

"സംസ്കൃതകോളജിലെ മഹാഗുരുവായ കാമാഖ്യനാഥതർക്കവാഗീശൻ പറഞ്ഞിട്ടാണ് നിങ്ങൾക്കീ വീട്ടിൽ താമസസൗകര്യം തരുന്നത്."

"നന്നായി. എനിക്കെന്റെ നാട്ടിൽ തിരിച്ചെത്തിയശേഷം വീറോടെ പറയാമല്ലോ, ഞാൻ വങ്കനാട്ടിൽ കഴിഞ്ഞത് ഒരു ബ്രാഹ്മണ തറവാട്ടിലായിരുന്നു എന്ന്. അവിടെ നരനുനരനശുദ്ധവസ്തുവാണു പോലും! തൊട്ടുകൂടാത്തോർ, തമ്മിലുണ്ണാത്തോർ ഇങ്ങനെ ഒട്ടൊന്നുമല്ല അവിടെ ജാതിക്കോമരങ്ങൾ. അഹഹ! ഇദ്ധരയിൽ ഇങ്ങനെ വല്ല നാടുമുണ്ടോ!"

"വെറുതേയല്ല ഞങ്ങളുടെ വിവേകാനന്ദസ്വാമികൾ കേരളത്തെ നോക്കി ഭ്രാന്താലയം എന്നുവിളിച്ച് പഴിച്ചത്." ഊണുകഴിഞ്ഞ് അവൻ വിശ്രമമുറിയിലേക്ക് പോയി. ശാന്തത നിറഞ്ഞ മുറിയുടെ ജനാലകൾ അവൻ മെല്ലെ തുറന്നു. നനുത്ത കാറ്റ് മുറിക്കുള്ളിൽ വന്നു തഴുകി. മുറ്റത്തെ പാരിജാതത്തിൽനിന്നും വെള്ളപ്പൂക്കളുടെ നിശാസൗരഭം ഒഴുകിയെത്തി. ചെറുമരങ്ങളുടെ പച്ചിലച്ചില്ലകൾ ജനാലയ്ക്കരികിൽ മുഖം ചേർത്തുനിന്നു. അവയിൽ ചേക്കേറി മയങ്ങിയ കിളികൾ ഇരുളിൽ ചിറകടിച്ചു ചിലച്ചകന്നു. ഇല

www.malankaralibrary.com



ച്ചാർത്തിലെ വിടവുകളിലൂടെ നിലാവിന്റെ പാൽക്കിണ്ണം ചോർന്നിറങ്ങുന്നു. യാത്രാക്ഷീണം മറന്ന് അവൻ ആ പ്രകൃതിയുടെ മനോഹാരിതയിൽ മനം മറന്നങ്ങു നിന്നുപോയി.



## പതിനേഴ്

പഠനാരംഭത്തിനു മുമ്പേ മഹാഗുരുവായ കാമാഖ്യനാഥനെ അവൻ വീട്ടിൽ ചെന്നു കണ്ടു. അപ്പോൾ അദ്ദേഹം ചാരുകസേരയിൽ കാലുകൾ നീട്ടിവച്ച് ഇരുന്ന് എഴുതുകയായിരുന്നു. വളർന്ന കുടുമ ശീർഷപാർശ്വത്തിൽ കെട്ടിവച്ചിരിക്കുന്നു. കാഴ്ചയിൽത്തന്നെ ഭയങ്കരത തോന്നുന്ന രൂപം.

ആശാൻ നേരെ ചെന്നു കാൽതൊട്ടുവന്ദിച്ചു.

"നമസ്കാരം ഗുരുനാഥാ."

"ആരാ? എന്താ?" പരുക്കൻ സ്വരത്തിൽ ഗൗരവത്തോടെയുള്ള ഹൂൽക്കാരം.

ആശാൻ സ്വയം പരിചയപ്പെടുത്തി, ഒന്നാന്തരം പ്രൗഢമായ സംസ്കൃതഭാഷയിൽ.

എല്ലാം ശ്രദ്ധിച്ചുകേട്ട ഗുരു ചില ചോദ്യങ്ങൾ ഉന്നയിച്ചു.

അവന്റെ കിറുകൃത്യമായ പ്രത്യുക്തികൾ ഗുരുവിനെ ആശ്ചര്യപ്പെടുത്തി.

"കവിതകളെഴുതുമോ?" ജിജ്ഞാസയോടെ തിരക്കി.

"സംസ്കൃതത്തിലും മലയാളത്തിലും കുറേ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്."

"ഓഹോ! സംസ്കൃതത്തിലുള്ള ഒരു കവിത ചൊല്ലിക്കേൾപ്പിക്കുക."

ഗുരു എഴുത്തു നിർത്തി കാതോർത്തമർന്നു.

ഈണവും സ്വരമഹിമയും ഇണങ്ങിയ കാവ്യാലാപനസുഖത്തിൽ ഗുരു മതിമറന്നിരുന്നുപോയി. വീണ്ടും ഒരു പരീക്ഷണാർത്ഥം ഒരു നോട്ട്ബുക്ക് എടുത്തു നീട്ടിക്കൊണ്ട് ഗുരു കൽപ്പിച്ചു;

"അരനാഴികനേരം തരാം. അതിനുള്ളിൽ പരമാവധി ശ്ലോകങ്ങൾ ചമച്ചു തരണം."

അവൻ ബുക്കും പെൻസിലും ഏറ്റുവാങ്ങി. അല്പം മാറി ഒരു ഏകാന്ത മൂലയിൽ ചെന്നിരുന്നു. ഒരു നിമിഷം മിഴികൾ പൂട്ടി ധ്യാനിച്ചു. പിന്നെ എഴുതി. കവന പാടവം തെളിയിക്കാൻ പാകത്തിൽ ഒരേ വിഷയത്തെപ്പറ്റി സ്രഗ്ദ്ധര വൃത്തത്തിലും ശാർദൂലവിക്രീഡിതം വൃത്തത്തിലും പത്തുശ്ലോകങ്ങൾ എഴുതിക്കൊടുത്തു.

ഗുരു അതു വായിച്ച് അമ്പരന്നുപോയി. ഗുരുവിന്റെ മുഖഗൗരവം മാഞ്ഞു. അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു.

"ഇങ്ങനെയുള്ള ഒരു ശിഷ്യസത്തമനെയാണ് ഞാൻ വാഞ്ഛിക്കുന്നത്. നീ ഒരു കാര്യം ചെയ്യ്. താമസം എന്റെ ഇല്ലത്തേക്കാക്കിക്കോളൂ."

"നേരത്തെ തന്നെ ഡോക്ടർ പല്പു ആവശ്യപ്പെട്ട പ്രകാരം അങ്ങ് ക്രമീ

www.malankaralibrary.com



കരിച്ചുതന്ന ഒരു പാർപ്പിടം ഇവിടടുത്തുണ്ട്. അവിടെ അസൗകര്യങ്ങളൊന്നുമില്ല. അങ്ങേയ്ക്ക് എളിയവനായ എന്നെക്കൊണ്ട് എന്തെങ്കിലും ആവശ്യമുള്ള പക്ഷം കഴിയുന്ന വിധത്തിൽ ഞാനതു നിറവേറ്റിത്തന്നുകൊള്ളാം."

"വേണം. ഇവിടുത്തെ പല പ്രസാധകരും കവിതയ്ക്കുവേണ്ടി എന്നെ നിരന്തരം സമീപിക്കുകയാണ്. ഇതാ ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്നതും അത്തരമൊരു മാസികയ്ക്കുവേണ്ടിയാണ്. യഥാസമയം എല്ലാവർക്കും എഴുതിക്കൊടുക്കാൻ സമയം തികയുന്നില്ല. ആ ധർമ്മം നീ ഏറ്റെടുത്ത് എന്നെ സഹായിക്കണം."

അവൻ വിസ്മയം പൂണ്ടു നിന്നു.

വങ്കനാട്ടിലെങ്ങും ഖ്യാതനായ സംസ്കൃതപണ്ഡിത കവിയാണ് കാമാഖ്യനാഥൻ. അദ്ദേഹത്തിന്റെ പകരക്കാരനായി തൂലിക ഏറ്റുവാങ്ങാനുള്ള നിയോഗം എത്ര മഹത്തായ അംഗീകാരമാണ്. സ്വന്തം നാട്ടിലുള്ള ഒരു പണ്ഡിത വരേണ്യൻ 'പൊട്ടക്കവി' എന്നു ദുഷിച്ച നാൾമുതലുള്ള കരൾനീറ്റലിന് ഇപ്പോഴാണ് സാന്ത്വനത്തിന്റെ തൂവൽസ്പർശം ലഭിച്ചത്. അല്പം ആലോചിച്ച് ഗുരു ആരാഞ്ഞു.

"ക്ഷേത്രാചാരങ്ങളൊക്കെ വശമുണ്ടോ? തന്ത്രമന്ത്രാദികളൊക്കെ?"

"നാട്ടിലൊരു ക്ഷേത്രത്തിൽ കുറച്ചുകാലം പൂജാരിയായിരുന്നു. കല്പിതമായ പല പൂജാക്രിയകളോടും വിപ്രതിപത്തി പുലർത്തിപ്പോന്ന നാരായണ ഗുരുസ്വാമികളുടെ കൂടെയായിരുന്നു ഞാൻ. പാവപ്പെട്ട മനുഷ്യരെ കഷ്ടത്തിലാക്കി പണം പിടുങ്ങാനുള്ള ഉപാധിയാണ് ഇവ എന്നാണ് സ്വാമികളുടെ പക്ഷം."

കാമാഖ്യനാഥൻ പൊട്ടിച്ചിരിച്ചു.

"ശരിയാണ്. എങ്കിലും പണവും വേണ്ടേ? താത്പര്യമെങ്കിൽ പൂജാകാര്യങ്ങളിലും എന്റെ പകരക്കാരനാകാം. അത്യാവശ്യം വേണ്ട പൂജാവിധികൾ ഞാനഭ്യസിപ്പിക്കാം. ന്താ?"

"ഞാനൊരുക്കമാണ്." ആശാൻ പ്രായോഗികബുദ്ധിയോടെ പറഞ്ഞു. ഗുരുവിന്റെ അനുഗ്രഹം നേടി അവൻ അവിടെ നിന്നും മടങ്ങി.

ദേശീയ പുരോഗമന പ്രസ്ഥാനങ്ങളുടെ വിപ്ളവപ്രകാശം തുടിച്ച വങ്കനാടിനെപ്പറ്റി ആശാന് ആഭിമാനം തോന്നി. ബ്രഹ്മസമാജം അവിടെ ആരചിച്ച നൂതനത്വം അത്രകണ്ടു ഗംഭീരമായിരിക്കുന്നു. ദയാനന്ദസരസ്വതിയുടെ ആര്യസമാജവും രാജാറാം മോഹൻറോയിയുടെ മതനവീകരണ പ്രസ്ഥാനങ്ങളുമെല്ലാം ജാതിപ്പിശാചിനെതിരായ ആയുധങ്ങളായിരുന്നു. ഇതുപോലെ കേരളത്തിലും ഒരു ശക്തമായ സംഘടിത പ്രസ്ഥാനം അനിവാര്യമായിരിക്കുന്നു.

അതിന് ഈഴവർ തന്നെ മുൻകൈയെടുക്കണം. അത് മലയാളനാടിനെ വിപ്ലവകരമായ പുരോഗതിയിലേക്കു വഴി നടത്തും. ആശാൻ പ്രത്യാശിച്ചു.

കലാലയത്തിൽ ക്ലാസ്സുകൾ ആരംഭിക്കാൻ നാലഞ്ചു നാളുകൾ കൂടി ശേഷിക്കുന്നുണ്ട്. അതിനുള്ളിൽ, ബംഗാളി സാഹിത്യത്തിന്റെ ദിവ്യാമൃത് പാരായണത്തിലൂടെ ആവോളം മോന്തിക്കുടിച്ചു.





"രവീന്ദ്രനാഥ ടാഗോറിനെ ഒന്നു കാണാൻ കഴിയുമോ?"

വീട്ടുകാരോട് ആശാൻ തിരക്കി.

ബംഗാളി സാഹിത്യത്തിലെ ഏറ്റം പ്രോജ്ജ്വലത്തായ ആ യുവകവിയെ ഒന്നു കാണാൻ മനം കൊതിക്കുന്നു. ആത്മീയഭാവുകത വാസനിക്കുന്ന ടാഗോർക്കവിതകൾ ബംഗാളിന്റെ ഹൃദന്തത്തെ വശീകരിച്ചു കഴിഞ്ഞിരുന്നു. 'സന്ന്യാസി' എന്ന നാടകത്തിലൂടെ അദ്ദേഹം മാറ്റത്തിന്റെ വിപ്ലവാഗ്നി നാടാകെ പ്രസരിപ്പിച്ചു കഴിഞ്ഞിരുന്നു. മാനവവേദനകളുടെ ആഴങ്ങളിൽ നിന്നാണ് ജീവൽ സത്യങ്ങൾ പൊന്തി വിരിയുന്നത് എന്ന് ആ നാടകം വിളംബരം ചെയ്യുന്നു.

"ടാഗോറിന്റെ തറവാട് ഇവിടടുത്താണ്. നടന്നെത്താനുള്ള ദൂരമേയുള്ളു. 'ഉത്തരായനം' എന്നാണ് തറവാടിന്റെ പേര്. അതാ ആ കാണുന്ന ചിത്പൂർ റോഡിൽ നിന്നും പോകുന്ന മറ്റൊരു വഴിയിലുള്ള പടുകൂറ്റൻ മുന്നുനിലമാളികയാണാ തറവാട്. അവർ പക്ഷേ ശാന്തിനികേതനിലേക്കു താമസം മാറ്റിക്കഴിഞ്ഞു."

"അവിടെത്താനുള്ള വഴികൂടി പറഞ്ഞു താ"

ബംഗാളിന്റെ ഹൃദയം കവർന്ന ആ യുവമഹാകവിയെ കാണാൻ മലയാള കവന പ്രതിഭയ്ക്ക് തിടുക്കമായി.

"പടിഞ്ഞാറേ ബംഗാളിൽ ബീർഭൂം ജില്ലയിലെ ബേൽപ്പൂരിൽ നിന്നും മൂന്നു മൈൽ അകലെയാണത്. ഇവിടെ നിന്നും നൂറു മൈലോളം ദൂരം വരും"

. വിദൂരതയിലായിട്ടും ആശാൻ ഇറങ്ങിത്തിരിച്ചു. ബേൽപ്പൂർ ഗ്രാമത്തിന്റെ അതിർത്തി വരെയേ വണ്ടിയുള്ളു. അവിടെ നിന്നും നടന്നു.

വനചരായ തഴച്ച വിജനത. വഴിചോദിക്കാൻ ഒരാളെയെങ്കിലും കണ്ടിരുന്നെങ്കിൽ! യോഗീസദൃശ്യനായ ഒരാൾ വഴിയോരത്തെ ആൽത്തറയിൽ ചമ്രം പടിഞ്ഞിരിക്കുന്നു.

നേരേ അങ്ങോട്ടു ചെന്നു.

അയാളുടെ മുമ്പിൽ ബംഗാളിയിൽ എഴുതപ്പെട്ട ചില പുരാണകൃതികൾ. അവയുടെ പുറം ചട്ടകളിൽ ദേവീദേവചിത്രങ്ങൾ.

ആശാനെ കണ്ടപാടെ അയാൾ ആപാദചൂഡം ഒന്നു സൂക്ഷിച്ചു നോക്കി. എന്നിട്ടു പറഞ്ഞു;

"ആ കൈ ഒന്നു നീട്ടു......"

അനുസരിച്ചു. കൈപ്പത്തിയിലെ രേഖകൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് വീണ്ടും ആഗതനെ കാര്യമായി വീക്ഷിച്ചു. എന്നിട്ട് പ്രാർത്ഥനയോടെ പുരാണഗ്രന്ഥം തുറന്നു. ദൃഷ്ടിയിൽപ്പെട്ട ആദ്യവാക്യം മനസ്സാൽ വായിച്ച് അയാൾ പ്രവചിച്ചു.

'ദേശങ്ങൾക്കപ്പുറത്തേക്കു ഖ്യാതി വളർത്തുന്ന പെരുമയുള്ള ഒരു മഹാത്മാവായിത്തീരും നിങ്ങൾ"

വീണ്ടും അയാൾ ധ്യാനനിരതനായി കണ്ണടച്ചിരുന്നു.

ആശാൻ വഴി ചോദിച്ചു. മിഴികൾ തുറക്കാതെ തന്നെ അയാൾ വഴി പറ

www.malankaralibrary.com



ഞ്ഞു കൊടുത്തു.

വീണ്ടും നടന്നു.

വെയിൽ എരിഞ്ഞു വീഴുന്നുണ്ടെങ്കിലും മാമരസമൃദ്ധിയുടെ പച്ചക്കുട തണലൊരുക്കി നിന്നു. ഹിമാലയത്തിൽ നിന്നും ചിറകടിച്ചെത്തുന്ന ഹിമവാതമേറ്റപ്പോൾ ഉടൽ കുളിർന്നു.

കുറേ ദൂരം നടന്നപ്പോൾ പല ഭാഷകളിലെഴുതിയ ഒരു ചുണ്ടു പലക കണ്ടു. സംസ്കൃതത്തിലുള്ളതു വായിച്ചു.

'യത്ര വിശ്വം ഭവത്യേക നീഡം'

ശാന്തിനികേതന്റെ ആദർശവാക്യമാണത്. അതായത്, ഇത് ലോകത്തിന്റെ മുഴുവൻ തറവാടായിരിക്കണം.

പ്രകൃതിപോലും ധ്യാനലീനമായി നിലകൊള്ളുന്ന ആർഷചൈതന്യനിലയം. അതിവിസ്തൃതമായ വെളിമ്പ്രദേശങ്ങളിൽ സാലവൃക്ഷങ്ങൾ നിറഞ്ഞു കാണാം. അവയ്ക്കിടയിലൂടെ ചെറു നീർച്ചാലുകൾ. അവയിൽ നിറയെ പരൽ മീനുകൾ. അകലെ താഴ്‌വാരത്തിൽ പച്ചനെൽപ്പാടങ്ങളും കതിർ നിറഞ്ഞ കനകവയലുകളും പഴങ്ങൾ തിങ്ങിയ മാന്തോപ്പുകളും കാലികൾ മേയുന്ന കുന്നുകളും കാണാം. ആഴമുള്ള ജലാശയങ്ങളിൽ കടത്തുവഞ്ചികൾ.

ആശാനിലെ പ്രപഞ്ചസ്നേഹി ഉല്ലാസഭരിതനായി.

അവൻ ടാഗോറിനെ ചെന്നു കണ്ടു.

ആ തേജോമയന്റെ ആകാര സൗഷ്ഠവത്തിനു മുമ്പിൽ ആശാൻ കരംകൂപ്പി. തിളങ്ങുന്ന മിഴികളും ഉന്നത നാസികയും താടി നിറഞ്ഞു വളർന്ന കറുത്ത ശ്മശ്രുവും ആ ദീർഘാകാരന്റെ പ്രൗഢി ഏറ്റുന്നു. പാദം വരെ ആച്ഛാദിതമായ ഒരു മേലങ്കി. അതിനു കാവി നിറം. നീണ്ട മുടി തിങ്ങിയ തലയിൽ ഒരു നീലത്തൊപ്പി.

ധ്യാനത്തിനും ജ്ഞാനസമ്പാദനത്തിനും വേണ്ട പുരകളുടെ നിർമ്മാണ സപര്യയിലായിരുന്നു യുവകവി.

ഇരുവരും ഹൃദയം തുറന്നു പരിചയപ്പെട്ടു. തന്റെ ഉദാത്തമായ ഭാവിദർശനങ്ങളെപ്പറ്റി ടാഗോർ പറഞ്ഞു.

മുരളീനാദത്തേക്കാൾ മധുരതരവും ഘനഗംഭീരവുമായ ആ ശബ്ദത്തിൽ ആശാൻ കേട്ടിരുന്നുപോയി. അദ്ദേഹം അവിടെല്ലാം കൊണ്ടു നടന്നുകാണിച്ചു.

ശ്രീനാരായണ ഗുരുദേവനെപ്പറ്റിയും അദ്ദേഹത്തിന്റെ ശിവഗിരിക്കുന്നിനെപ്പറ്റിയും വിശദമായി ചോദിച്ചറിഞ്ഞു.

എന്നിട്ടു പറഞ്ഞു

"എന്നെങ്കിലും കേരളത്തിൽ വരാൻ കഴിഞ്ഞാൽ അദ്ദേഹത്തെ കാണാമെന്നു പ്രതീക്ഷിക്കുന്നു."



## പതിനെട്ട്

വായനാ ചക്രവാളം വികസിതമായിക്കൊണ്ടിരുന്നു. വായിക്കാൻ നൂറുകണക്ക് ഗ്രന്ഥങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ഉറക്കം നാലുമണിക്കൂറിൽ ഒതുങ്ങി. മലയാളത്തിൽ ഏതു കവിക്കു തരപ്പെട്ടിട്ടുണ്ട് ഇത്രയേറെ വായിക്കാനും പഠിക്കാനുമുള്ള അവസരങ്ങൾ!

മനസ്സ് ക്രമേണ ഭക്തിമാർഗ്ഗത്തിൽ നിന്നും ജ്ഞാനമാർഗ്ഗത്തിലേക്കു സംക്രമിച്ചു തുടങ്ങിയിരുന്നു. സത്യമോ സൗന്ദര്യമോ ഏതാണു മഹത്തരം എന്നറിയാതെ വിഭ്രാന്തമായ ദിനരാത്രങ്ങളിലൂടെ ഹൃദയം സഞ്ചരിച്ചുകൊണ്ടിരുന്നു. ഒരുവശത്ത് ലാവണ്യം തികഞ്ഞ കാവ്യമോഹിനി അവളുടെ ചൂടുപറ്റിക്കിടക്കാൻ മാടി വിളിക്കുകയാണ് സദാ. മറുവശത്തോ, ഇന്ദ്രിയാനുഭവങ്ങൾ മിഥ്യയെന്നു പറഞ്ഞ് വേദാന്തത്തിലേക്കു ഹൃദയത്തെ വലിച്ചുകൊണ്ടു പോകുവാനുള്ള ശ്രമം. ആവുന്നത്ര കരുത്തോടെ കുടഞ്ഞെറിയാൻ ശ്രമിക്കുന്തോറും നശ്വരകാമനകൾ അതിലേറെ ശക്തിമത്തായി കരചരണങ്ങളിൽ ചുറ്റിപ്പടരുന്ന അനുഭവം.

സംഗദാഹത്തിൽ നിന്നും നിസ്സംഗഭാവത്തിലേക്കു സംക്രമിക്കാനുള്ള സന്ത്രാസങ്ങൾ. വൈരാഗ്യപഞ്ചകവും കാമിനീഗർഹണവും കളകണ്ഠഗീതവും ഒക്കെ എഴുതിയിട്ടും ഒഴിഞ്ഞു പോകുന്നില്ലല്ലോ ഈശ്വരാ ഈ ആത്മസംഘർഷങ്ങൾ.

നാനാവിധ നിനവുകൾ നെഞ്ചിൽ തിളച്ചു മറിയുകയാണ്. ഈ അവനിവാഴ്‌വിൽ കിനാക്കളെല്ലാം മായുന്ന നിഴലുകൾ പോലെയാണത്രേ. എന്നിട്ടും ആത്മശിഖരങ്ങളിൽ മോഹങ്ങളുടെ ഒരായിരം പൂമൊട്ടുകൾ കുരുത്തു തിങ്ങുകയാണ്. അവ മുളയിലേ നുള്ളിക്കളഞ്ഞ് കാമനകളിൽനിന്നും മോക്ഷംനേടാൻ വേദാന്തചിന്തകൾ ഹേമിക്കുന്നു. അവ പൂത്തും കായ്ച്ചും നിൽക്കുന്നതല്ലേ ജീവിതസാക്ഷാത്കാരമെന്നു പ്രതിരോധചിന്തകൾ ചോദിക്കുന്നു

ജഡികേച്ഛകളുടെ മത്തേഭനെ ജിതേന്ദ്രിയത്വത്തിന്റെ കൂച്ചുതുടലിട്ടു തളച്ചും വിരാഗമൂർച്ഛയുടെ തോട്ടിയാൽ പ്രതിരോധിച്ചും വരുതിയിലാക്കാൻ ഉഗ്രവ്രതനായ ഗുരുദേവനു സാധിക്കും. പക്ഷേ അതു തനിക്കെത്രത്തോളം സാദ്ധ്യമാകും എന്ന കാര്യത്തിൽ സംശയമുണ്ട്. കറയറ്റ ബ്രഹ്മചര്യത്തിൽ നിലനിൽക്കുമ്പോൾത്തന്നെ പ്രകൃതീദേവിയുടെയും തരുണികളുടെയും ലാസ്യലാവണ്യം തന്നെ മത്തുപിടിപ്പിക്കുകയാണ്. ആകാശത്തിനു മുലകൊടുക്കുന്ന മലകളും തോരാൻ വിരിച്ചിട്ട അവളുടെ പച്ചച്ചേല പോലുള്ള താഴ്‌വാര ശാദ്വലങ്ങളും, പാൽപ്പത നുരയുന്ന ചോലകളും അവളുടെ കുങ്കുമപ്പൊട്ടായ ആരക്തസൂര്യനും അവളുടെ കുളിക്കടവായ അലകടലും പാന

www.malankaralibrary.com



പാത്രങ്ങളായ കുളങ്ങളും എല്ലാം എല്ലാം......

ഈ അഴകുകളിൽ നിന്നും മിഴികളെ പിന്തിരിപ്പിക്കുക എന്നതാണോ സന്ന്യാസം? തന്റെ ഗുരുദേവനിൽ നിന്നും കണ്ടു പഠിച്ചത് വ്യത്യസ്തമായ പാഠങ്ങളല്ലേ? സന്ന്യാസിയുടെ ചിഹ്നമെന്നു പൊതുവേ ഗണിക്കപ്പെടുന്ന കാഷായം അദ്ദേഹം സ്വീകരിച്ചിട്ടില്ല. പരിവ്രാജകൻ സസ്യാഹാരിയായിരിക്കണമെന്ന ധാരണയും അദ്ദേഹം തിരുത്തിക്കുറിച്ചു. കടലോരവാസകാലത്ത് കൊഞ്ചും കരിമീനുമായിരുന്നു ഗുരുവിന്റെ ആഹാരം.

അതിനാൽ ആശാന്റെ മനസ്സിൽ നിന്നും ഒരു കാഷായാംബരം താനേ അഴിഞ്ഞു വീഴുകയാണ്. അതു വീണ്ടെടുക്കാൻ പിൻതിരിയരുതേ എന്ന് മനസ്സിനെ ശാസിച്ച് അവൻ, തന്റെ സൗന്ദര്യോപാസനയുടെ രാജവീഥിയിലൂടെ തലയുയർത്തിപ്പിടിച്ചു നടന്നു.

നന്നായി പഠിക്കുന്നുമുണ്ടായിരുന്നു. അവസാനപരീക്ഷ അടുത്തുതുടങ്ങി. മികച്ച വിജയം ഉറപ്പുണ്ടായിരുന്നു. പക്ഷേ, ഓർക്കാപ്പുറത്ത് ആ അശനിപാതം അവന്റെ പ്രതീക്ഷകളുടെ ഭാഗധേയത്തിനു മുമ്പിൽ വീണെരിഞ്ഞു.

കൽക്കത്തയിൽ പ്ലേഗ് ബാധ.

എലികളിൽനിന്നും വമിക്കുന്ന വിഷപ്പടർച്ചയിൽ ജനസഹസ്രങ്ങൾ ചത്തൊടുങ്ങുകയാണ്. തടുത്തു നിർത്താനാവാത്തവിധം വൈദ്യശാസ്ത്രം പകച്ചുനിന്നുപോയി.

കോളജ് അടച്ചു പൂട്ടി.

"വേഗം തിരിച്ചു പൊയ്ക്കോളൂ" ആശാനോട് കാമാഖ്യനാഥൻ ഗത്യന്തരമില്ലാതെ പറഞ്ഞു. ഇച്ഛാഭംഗത്തോടെ അവൻ വങ്കനാടിനോടു വിടപറഞ്ഞു.

'ഇതെന്തൊരു ദുര്യോഗമാണ്.' അവന്റെ ഉള്ളു തേങ്ങി. ഉപരിപഠനാർത്ഥം കാലൂന്നിയ മൂന്നിടങ്ങളിലും പഠനം പാതി വഴിയിൽ നിറുത്തി പിന്തിരിയേണ്ടി വന്ന ദുർഭഗാവസ്ഥ.

രണ്ടാണ്ടുകൾ അഭയം നല്കിയ ബ്രാഹ്മണ കുടുംബം തീവണ്ടി നിലയം വരെ അവനെ അനുധാവനം ചെയ്തു. കൂടപ്പിറപ്പിനെ എന്ന പോലെ അവർ അവനെ കണ്ണീരോടെ യാത്രയാക്കി.

നൊമ്പരങ്ങൾ കടിച്ചമർത്തി അവൻ അരുവിപ്പുറത്തെത്തി.

ഗുരുസ്വാമിയുടെ സാന്ത്വനമേറ്റപ്പോഴാണ് സന്താപചിന്തകൾക്ക് അന്ത്യമുണ്ടായത്.

അഞ്ചു കൊല്ലം നീണ്ട നഗര ജീവിതചര്യകളിൽ നിന്നും പഴയ പർണ്ണാശ്രമത്വത്തിലേക്കുള്ള പ്രത്യാഗമം. അച്ഛൻ മരിച്ച ഒരു വീടുണ്ടെന്നോ അവിടെ വൈധവ്യവ്യഥയിൽ വേവുന്ന ഒരമ്മയുണ്ടെന്നോ അനാഥത്വം അനുഭവിക്കുന്ന ഉടപ്പിറപ്പുകളുണ്ടെന്നോ ഉള്ള ചിന്ത അവനെ തീണ്ടിയില്ല.

ആശ്രമസ്ഥർ പലരും അക്കാര്യം ചോദിക്കുകയും ചെയ്തു.

"വീട്ടുകാരെ കാണാൻ പോകണ്ടേ ആശാനെ?"

അവൻ പറഞ്ഞു;

"എന്റെ വീടിതാണ്. അമ്മയും അച്ഛനും ദൈവം പോലും എനിക്കു





നാരായണ ഗുരുസ്വാമിയാണ്. മറ്റൊരു ബന്ധങ്ങളും എന്നെ ബന്ധനത്തിലാക്കാൻ ഞാനാഗ്രഹിക്കുന്നില്ല" .

"മക്കളിൽ അമ്മയ്ക്കേറ്റമിഷ്ടം കുമാരുവിനെയല്ലേ? ആ അമ്മയെയെങ്കിലും പോയിക്കാണാത്തത് അപരാധമല്ലേ.?'

അതു ചോദിച്ച സഹചരന്റെ നേരേ ആശാൻ കടുപ്പത്തിലൊന്നു നോക്കി.

"എന്റെ മാർഗ്ഗങ്ങൾ വ്യത്യസ്തമാണ്. എന്റെ മനസ്സും അങ്ങനെ തന്നെ."

"ഹോ! അരുവിപ്പുറത്തെ പാറയേക്കാൾ കഠിനമാണല്ലോ ഈശ്വരാ ഈ ഹൃദയം." മറ്റുള്ളവർ അവനെ ഒറ്റയ്ക്കാക്കി അവരവരുടെ കർമ്മങ്ങളിൽ മുഴുകി.

മകൻ അരുവിപ്പുറത്തെത്തിയെന്ന വാർത്ത അമ്മയുടെ കാതിൽ ആരോ എത്തിച്ചു.

ആ പാവത്തിന്റെ ഉള്ളൊന്നുണർന്നു.

"ന്റെ കുഞ്ഞിനെ എത്ര കാലായി ഒന്നു കണ്ടിട്ട്"; അവർ നെഞ്ചിൽ കൈ വച്ച് ആശിച്ചു.

അന്നുമുതൽ കൊതിയോടെ ആ അമ്മ വഴിക്കണ്ണുകളോടെ കാത്തിരുന്നു.

ഇന്നു വരും നാളെവരും എന്നു പ്രതീക്ഷിച്ചുള്ള ആ കാത്തിരിപ്പ് അനന്തമായി നീളുകയാണ്. ഒരു ദിവസം അതിരാവിലെ ആ സാധ്വി രണ്ടും കല്പിച്ച് അരുവിപ്പുറത്തേക്കു നടന്നു

വിയർത്തൊലിച്ച് ക്ഷീണാർത്തയായ ആ വൃദ്ധ ആ മലങ്കാട്ടിൽ വേച്ചു വേച്ചെത്തി.

അമ്മയെ ദൂരെ വച്ചു തന്നെ മകൻ കണ്ടു. ചെയ്തുകൊണ്ടിരുന്ന ആശ്രമ ജോലികൾ അഭംഗുരം തുടർന്ന് അവൻ നിന്നു. നിർവ്വികാരത അവന്റെ ഹൃദയത്തെ ചൂഴ്ന്നു നിന്നിരുന്നു. പെറ്റമ്മയുടെ നേർക്ക് ഒരു പുഞ്ചിരി നേദിക്കാനോ, ഉപചാരം ചൊല്ലാനോ ദാഹമകറ്റാൻ ഇത്തിരി പച്ചവെള്ളം പോലും നല്കാനോ ഭാവമില്ലാത്ത നില്പ്.

അമ്മയുടെ ഇടനെഞ്ച് കലങ്ങിപ്പോയി.

അവൾ വിങ്ങിപ്പൊട്ടി.

പല്ലില്ലാ വായയിലൂടെ അവളുടെ ഹൃദയതാപം അണപൊട്ടി പ്രവഹിച്ചു.

"നീ പടിച്ച ഏതു ഗ്രന്തത്തിൽ പറഞ്ഞിട്ടൊണ്ടെടാ പെറ്റമ്മയെ വന്നു കണ്ടുകൂടരുതെന്ന്?"

അവർ മുണ്ടിന്റെ കോന്തല ഉയർത്തി കണ്ണീരു തുടച്ചു.

അവൻ ഒന്നും മിണ്ടിയില്ല.

കുറേനേരം ആ നില്പു തുടർന്നു.

അമ്മ ഏങ്ങലടിയോടെ പറഞ്ഞു.

"ഞാൻ പോവാണെടാ. ഇനി നിനക്കു ബോധിക്കുമ്പോം വന്നാമതി"

ശോഷിച്ച കാലുകൾ കല്ലിൽ നിന്നും കല്ലിലേക്കു മാറ്റിച്ചവിട്ടി തിരിച്ചിറങ്ങുന്നതിനിടയിൽ പിന്തിരിഞ്ഞു നിന്നു അമ്മ പറഞ്ഞു.

www.malankaralibrary.com



"ഞാനും എത്ര കാലം ഒണ്ടാവും എന്ന് ആർക്കറിയാം?"

വാത്സല്യത്തിന്റെ ശുദ്ധരൂപമായ ആ മാതാവ് വേച്ചു വേച്ചു നടന്നു മറഞ്ഞു.

ധർമ്മനീതികളുടെ മുമ്പിൽ ഈ പുത്രൻ ഒരു പ്രഹേളികയാവുകയാണോ? ആത്മോർജ്ജത്തെ സമ്പൂർണ്ണമായും കാവ്യസൗന്ദര്യങ്ങളുടെ ഉപാസനയ്ക്കായി മാത്രം സമർപ്പിക്കുകയാണെന്നോ? അതോ, ലോകബന്ധങ്ങളുടെ അവസാനത്തെ പൊക്കിൾക്കൊടി ബന്ധം കൂടി അറുത്തുമാറ്റി വേദാന്തത്തിന്റെ കടുപ്പം ആസ്വദിക്കുകയാണോ? ചിതയിലിരിക്കുന്ന മൃതശരീരത്തിൽ പൂവു കൊണ്ടിടുന്നതുപോലെ നശ്വര മനുഷ്യരിൽ സ്നേഹമർപ്പിക്കരുതെന്ന കഠിന വേദാന്തത്തോളം ആ മനം മാറിക്കഴിഞ്ഞുവോ?

അറിയില്ല.

ആശാൻ ചിലപ്പോൾ ദുർഗ്രഹതയുടെ മൂടുപടം ധരിച്ച് ശിലാ വിഗ്രഹം കണക്കേ നിലകൊള്ളുന്നതു കാണാം. മറ്റു ചിലപ്പോൾ സരളാത്മഭാവത്തോടെ ബന്ധങ്ങളുടെ ഇഴയടുപ്പം കാക്കുന്ന മൈത്രേയകുബേരനായി നടന്നുവരുന്നതും കാണാം.



# പത്തൊമ്പത്

ഗുരുവും പല്പുവും ചിന്നസ്വാമിയും ഒത്തുകൂടി. തിരുവനന്തപുരത്തു കുന്നുകുഴിയിലുള്ള പല്പുവിന്റെ 'കമലാലയം' ബംഗ്ളാവിലാണു കൂട്ടായ്മ. അഭ്യസ്തവിദ്യരായ ഏതാനും ഈഴവപ്രമാണിമാരും ക്ഷണിക്കപ്പെട്ടിരുന്നു.

പല്പുവാണ് സംസാരിച്ചു തുടങ്ങിയത്.

"നമ്മുടെ ഗുരുസ്വാമിയുടെ ഉദാത്തദർശനങ്ങൾ പാരിലെങ്ങും പ്രചരിപ്പിക്കുന്നതിൽ ഇനിയെങ്കിലും നാം അമാന്തിച്ചു കൂടാ. അതിനുള്ള അണിയറ പ്രവർത്തനങ്ങളാണ് നാം നടത്തിക്കൊണ്ടിരുന്നത്. ചിന്നസ്വാമിയെ വിദേശത്തയച്ചു പഠിപ്പിച്ചതും അതിനു വേണ്ടിത്തന്നെയാണ്. ഇതുവരെ ചെറിയരീതിയിൽ പ്രവർത്തിച്ചു പോന്ന അരുവിപ്പുറം ക്ഷേത്രയോഗത്തെ, വിശാലമായ അർത്ഥത്തിൽ ശ്രീനാരായണ ധർമ്മ പരിപാലനം അഥവാ SNDP എന്ന് നാം പുനർനാമകരണം ചെയ്യുകയാണ്. യോഗാദ്ധ്യക്ഷൻ ഗുരുസ്വാമിയും സെക്രട്ടറി ചിന്നസ്വാമിയും ആയിരിക്കും".

തുടർന്ന് ആശാൻ പറഞ്ഞു;

"ഏക മാനവീകതയ്ക്കു ഭംഗം വരുത്തുന്ന വിഭാഗീയ പ്രസ്ഥാനങ്ങളായ മതങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന വിശാലദർശനത്തിലൂടെ ഒരു വിശ്വമതത്തിന്റെ വക്താവായി മാറിയിരിക്കുകയാണ് നമ്മുടെ ഗുരുസ്വാമി. അവനവനിലെ ദൈവത്വത്തെ കണ്ടെത്തുന്നതാവണം മതാത്മകത. അതിനാലാണ് സ്വാമികൾ ദേവപ്രതിഷ്ഠക്കു പകരം സത്യം, ധർമ്മം, ദയ, സ്നേഹം ഇത്യാദി പുണ്യപദങ്ങൾ കുറിച്ചു വയ്ക്കുന്നത്. അതുകൊണ്ടാണ് ക്ഷേത്രത്തിനു പകരം വിദ്യാലയങ്ങൾ ആരംഭിക്കാൻ കല്പ്പിക്കുന്നത്."

തുടർന്ന് സ്വാമികൾ ഉപദേശിച്ചു.

"വിദ്യകൊണ്ടും സംഘടനകൊണ്ടും നാം ശക്തീകരിക്കപ്പെടണം. ക്ഷേത്രങ്ങൾ പഴയ സമ്പ്രദായത്തിൽ വളരെ പണം ചെലവു ചെയ്തു ഉണ്ടാക്കരുത്. ഉത്സവത്തിനും കരിമരുന്നിനും മറ്റും പണം ചെലവഴിക്കരുത്. ക്ഷേത്രത്തിൽ ജനങ്ങൾക്ക് സുഖത്തിൽ വന്നിരിക്കാനും പ്രസംഗിക്കാനും മറ്റും ഏർപ്പാടുകൾ ഉള്ള വിശാലമായ മുറികളാണ് വേണ്ടത്. എല്ലാ ക്ഷേത്രങ്ങളോടും സംബന്ധിച്ച് വിദ്യാശാലകളും തോട്ടങ്ങളും ഉണ്ടായിരിക്കണം. കുട്ടികളെ പലതരം വ്യവസായങ്ങൾ ശീലിപ്പിക്കാനുള്ള ഏർപ്പാടുകളും ഉണ്ടാവണം. ജനങ്ങളിൽ നിന്നും വഴിപാടായി കിട്ടുന്ന ധനം, സാധുക്കളായ ജനങ്ങൾക്കു തന്നെ പ്രയോജനകരമായ വിധത്തിൽ ചെലവഴിക്കുകയാണു വേണ്ടത്."

ആശാൻ ഇവ കുറിച്ചെടുത്തുകൊണ്ടിരുന്നു.

www.malankaralibrary.com



പ്രമാണിമാരായ ക്ഷണിതാക്കളിൽ ഒരാൾക്കൊരു സംശയം.

"ചിന്നസ്വാമിയൊരു യോഗിയല്ലേ? മനുഷ്യന്റെ സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിലൊക്കെ അദ്ദേഹത്തിനു പ്രവർത്തിക്കാൻ കഴിയുമോ?"

ആ തർക്കത്തെ അമർച്ച ചെയ്യാൻ ഡോക്ടർ പല്പു എഴുന്നേറ്റു.

"ഇപ്പറഞ്ഞ കാര്യങ്ങളും യോഗീധർമ്മങ്ങൾ തന്നെയാണ്. തൈത്തരീയോപനിഷത്തിൽ ഇങ്ങനെ പറയുന്നു. 'നിങ്ങൾക്ക് അഭിവൃദ്ധി ഉണ്ടാക്കുന്ന മാർഗ്ഗങ്ങളിൽ നിന്നും നിങ്ങൾ വ്യതിചലിക്കരുത്. നിങ്ങൾക്ക് സാമ്പത്തികവും ലൗകികവുമായ പദവി പ്രദാനം ചെയ്യുന്ന വഴിയിൽ നിന്നും അകന്നുപോകരുത്."

"കവിതയെഴുതി നടക്കുന്ന അന്തർമുഖനായ ആശാനെങ്ങനെ സംഘടനാനേതൃത്വം ഏറ്റെടുക്കും? സാമുദായിക പ്രവർത്തനങ്ങളിൽ അയാൾ ഏർപ്പെട്ട ചരിത്രമില്ലല്ലോ."

അതിനും മറുമൊഴിയുമായി പല്പു എഴുന്നേറ്റു. ചരിത്ര വീഥികളിൽ നിന്നും ചികഞ്ഞെടുത്ത് ചില ഉദാഹരണങ്ങൾ നിരത്തി.

"ബുദ്ധ ഭിക്ഷുക്കൾ അന്തർമുഖരായ ധ്യാനയോഗികളായിരുന്നില്ലേ? എന്നാൽ അവരല്ലേ, ശ്രീബുദ്ധന്റെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കിയത്. ബംഗാളിലെ വിവേകാനന്ദനും ജ്ഞാനമാർഗ്ഗത്തിൽ ഒതുങ്ങിക്കഴിഞ്ഞ സന്ന്യാസിയല്ലേ? അദ്ദേഹമല്ലേ ശ്രീരാമകൃഷ്ണപരമഹംസരുടെ ആദർശങ്ങൾക്ക് വ്യാപകത്വം നൽകിയത്?

ആ വാദത്തിനു മുമ്പിൽ പിന്നാരും വിമർശന ഖഡ്ഗം ഓങ്ങിയില്ല.

എങ്കിലും ഗുരുസ്വാമി ഇങ്ങനെ സ്ഥിരീകരിച്ചു.

"വലിയൊരു സാമൂഹ്യപ്രവർത്തകനും സംഘാടകനുമായിരുന്ന പെരുങ്കുടിയുടെ പുത്രനാണ് നമ്മുടെ കുമാരൻ എന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. ആ രക്തഗുണം ഇയാളിലും ഉണ്ട്. അതിലുപരി എന്തു ധർമ്മം ഏൽപ്പിച്ചാലും അവയെല്ലാം പ്രതീക്ഷകൾക്കുപരി മികച്ച രീതിയിൽ സഫലമാക്കാനുള്ള കഴിവും അയാൾക്കുണ്ട്."



# ഇരുപത്.

ഏകാന്തതയിൽ കുടിയിരുന്ന് അവധാനപൂർവ്വം ചിന്തിച്ചു. ശരിയല്ലേ അവരുടെ വാദഗതി. എന്നെക്കൊണ്ടാവുമോ ഈ സെക്രട്ടറി നിയോഗം. ഈ ഏഴാമിന്ദ്രിയക്കാരന് കവന സപര്യയിലൂടെ ലഭിക്കുന്ന അനുഭൂതി സംഘാടക ധർമ്മത്തിലൂടെ എങ്ങനെ കരഗതമാകും? ഇതിനുവേണ്ടിയാണോ അഞ്ചാറു കൊല്ലം ചെലവിട്ട് ദേശീയമായൊരു സഞ്ചിത സംസ്കാരം ആർജ്ജിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടത്!

കേവലമായ ഈ സെക്രട്ടറി പദത്തിൽ ഒതുങ്ങിക്കൂടാനായി കവനതരുവിന്റെ ഉത്തുംഗശാഖി വിട്ട് താഴേക്കിറങ്ങി വരണമെന്നോ? അന്തർമുഖത്വത്തിന്റെ മധുരിമയിൽ ബഹിർമുഖത്വത്തിന്റെ കയ്പ് ഇനിമേൽ കലർത്തണമെന്നോ?

കാവ്യരസമൂറി വരുന്ന ഒരു സഹൃദയത്തിനു സമാനമായി എന്താണീ പാരിലുള്ളത്? ബഹിർമുഖത്വം വിട്ട് ചിന്തയാം മണിമന്ദിരത്തിൽ അഭയപ്പെടുവാനുള്ള അഭിവാഞ്ഛ നെഞ്ചിൽ തുളുമ്പുകയാണ്.

പക്ഷേ ഇതു ഗുരു കല്പിതമാണ്. ഗുരു എന്റെ പ്രാണനാണ്. അതിനാൽ വിപരീതമായ ഒരു നേർത്ത വ്യാക്ഷേപകധ്വനിപോലും ചുണ്ടിലുയർത്താതെ മിണ്ടടങ്ങി അനുശാസനം ശിരസ്സിലേറ്റി.

കർത്തവ്യഭാരം ഏറ്റെടുത്തുകഴിഞ്ഞാൽ അതേറ്റം ഉദാത്തതയിൽ നടപ്പാക്കാനുള്ള മുന്നേറ്റമാണു പിന്നെ. പക്ഷേ സാഹചര്യങ്ങളൊന്നും കർമ്മാനുകൂലമല്ല.

കാര്യാലയമായി ഒരു ചെറുമുറിപോലുമില്ല. സഹായിക്കാൻ ഒരു ചെറുമൻ പോലുമില്ല.

ഒരുപാടു യാത്രകൾ അനിവാര്യമാണുതാനും. ഐക്യബോധമറ്റ തീയ്യജനതയിൽ സ്വരുമയുടെ ഗുണപാഠം ചൊല്ലിക്കൊടുക്കണം. ശുചിത്വബോധവും വിദ്യാദാഹവും വളർത്തണം. അതിനായി ഒരു ലിഖിതജിഹ്വ അച്ചടിച്ച് മാസംതോറും വിതരണം ചെയ്യണം.

ഒരു ചില്ലിക്കാശുപോലും ആരും ഏൽപ്പിച്ചിട്ടില്ല. ആശ്രമത്തിൽ മിച്ചനിക്ഷേപം തീരെയില്ല. എങ്കിലും പണത്തിനുവേണ്ടി ആരുടെ മുമ്പിലും കൈനീട്ടാൻ മനസ്സില്ല. കവിതകൾക്കു ലഭിക്കുന്ന പ്രതിഫലം സമുദായപ്രവർത്തനങ്ങൾക്കു വിനിയോഗിക്കാമെന്നു കരുതി.

കാര്യങ്ങൾ കൃത്യതയോടെ സമാരംഭിച്ചു. അതിരാവിലെ ഉണരും. അതു ചെറുപ്പകാലത്തിലേ ഉള്ള സൽശീലമാണ്. അനുദിനചര്യകളുടെ ഹ്രസ്വ വിവരണം ഡയറിയിൽ എഴുതിയ ശേഷമേ ഉറങ്ങാൻ കിടക്കൂ. അതുപോലെ തന്നെ

www.malankaralibrary.com



വരവുചെലവു കണക്കുകളും.

നടന്നും കാളവണ്ടിയിലും വള്ളത്തിലും മറ്റുമായി നിരന്തരസഞ്ചാരം. കാശില്ലാതെ വന്നാൽ ക്ഷേത്രാങ്കണത്തിലോ, സുഹൃദ് ഭവനങ്ങളിലോ ചേക്കേറും.

മിത്രങ്ങളേക്കാളേറെ ശത്രുക്കളാണു ചുറ്റും. അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകളല്ല, നിന്ദനകളുടെ കണ്ടകങ്ങളാണ് അവർ തന്റെ രഥ്യയിൽ വാരി വിതറുന്നത്. എങ്കിലും ധീരനായി മുന്നേറി. കേരളമാകെ സംഘടനാശാഖകൾ ആരംഭിച്ചു; പ്രസംഗങ്ങൾ വഴി അധഃസ്ഥിതരെ ആവേശഭരിതരാക്കി; തീരാത്തർക്കങ്ങൾക്കു തീർപ്പു കൽപ്പിച്ചു; വിപ്ളവത്തിന്റെ അഗ്നിനക്ഷത്രമായി ആശാൻ, ജനതകളുടെ പ്രതീക്ഷകളിൽ ജ്വലിക്കുകയായിരുന്നു.

"സമുദായത്തിന് ഇനി ഒരു അച്ചുകൂടം അത്യാവശ്യമാണ്."– ആശാൻ പൊതുയോഗത്തിൽ നിർദ്ദേശിച്ചു.

ആരും എതിർക്കാൻ നിന്നില്ല. അത്ര പുരോഗമനപരമായിരുന്നു അദ്ദേഹത്തിന്റെ നീക്കങ്ങളെല്ലാം. പോരെങ്കിൽ സവിസ്തരം ആലോചിച്ചുറച്ച നിശ്ചയദാർഢ്യങ്ങളിൽ ഉടുമ്പിന്റെ കടുംപിടുത്തം പുലർത്തുകയും ചെയ്തിരുന്നു.

"ഒപ്പം ഒരു മാസികയും ആരംഭിക്കണം. എല്ലായിടത്തും ചെന്ന് ജനങ്ങളെ ബോധവൽക്കരിക്കുക പ്രയാസമാണ്."

മുദ്രണാലയത്തിന് ആശാൻ, 'ആനന്ദാ പ്രസ്സ്' എന്നു പേരിട്ടു. മുഖപത്രത്തിനു 'വിവേകോദയം' എന്നും.

ഈ നാമകരണങ്ങളെ നീതീകരിച്ചും ആശാൻ പറഞ്ഞു.

"ഞാൻ വങ്കനാട്ടിൽ നിന്നും മടങ്ങിയെങ്കിലും ആ നാടും അവിടുത്തെ മഹാന്മാരും സംസ്കാരവുമെല്ലാം ഇപ്പോഴും എന്നെ സ്വാധീനിച്ചിരിക്കുന്നു. പ്രത്യേകിച്ച് സ്വാമി വിവേകാനന്ദൻ. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ 'രാജയോഗം' എന്ന വിഖ്യാത കൃതി തർജ്ജമ ചെയ്യാൻ പ്രേരണയായത്. ഇപ്പോൾ പ്രസ്സിനും മാസികയ്ക്കും ഈ പേരിടുന്നതും അദ്ദേഹത്തിനോടുള്ള കടപ്പാടു മൂലമാണ്."

പക്ഷേ, ഈ നൂതനോദ്യമങ്ങളൊക്കെ ആശാന്റെ കർമ്മഭാരം ഏറ്റിക്കൊണ്ടിരുന്നു. കേവുഭാരം താങ്ങാനാവാതെ തണ്ടുവലിച്ചു തളരുന്ന അമരക്കാരന്റെ അവസ്ഥ.

മാസികയിലേക്ക് എഴുതുന്നതും തെറ്റുതിരുത്തുന്നതും അച്ചടിക്കുന്നതും ചെലവിനുള്ള ധനം കണ്ടെത്തുന്നതുമെല്ലാം ആശാന്റെ മാത്രം അദ്ധ്വാനമായി മാറി.

എങ്കിലും വായനക്കാർക്ക് 'വിവേകോദയം' ഹൃദ്യമായ അനുഭവമായി.

"പ്രിയപ്പെട്ട ആശാൻ,

അങ്ങയുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങുന്ന മാസികയുടെ ഓരോലക്കത്തിനു വേണ്ടിയും ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. അത്രകണ്ട് വിജ്ഞാനപ്രദവും സാഹിത്യപരവുമാണത്. ഏറ്റം ശ്രദ്ധേയം, താങ്കളുടെ മുഖപ്രസംഗങ്ങളാണ്. അതിഗഹനങ്ങളായ വിഷയങ്ങൾ ഇത്ര





ലളിതമായി അവതരിപ്പിക്കാൻ മറ്റാർക്കു കഴിയും!"

പണ്ഡിതനായ ഒരു വായനക്കാരന്റെ ഈ കുറിമാനം ആശാനെ ആമോദിപ്പിച്ചു. ഹൃദയാലുക്കളുടെ നന്മനിറഞ്ഞ വാക്കുകൾക്കു മുമ്പിൽ തരളചിത്തനായി മാറിപ്പോയിരുന്നു ആ ശിശു മാനസ്സൻ.

മാസികയുടെ ഉന്നം എന്തെന്ന് അതിന്റെ മുഖക്കുറിപ്പിലൂടെത്തന്നെ ആശാൻ വ്യക്തമാക്കി.

"സമുദായങ്ങളുടെ യോഗക്ഷേമങ്ങൾക്കു പൊതുവിൽ ഗുണപ്രദങ്ങളായ മാർഗ്ഗങ്ങളെ വിവേകപൂർവ്വം ഉപദേശിക്കുകയും, ദോഷകരങ്ങളായുള്ളവയെ ന്യായമായി ചൂണ്ടിക്കാണിക്കുകയും ആചാരപരിഷ്കരണാദികളിൽ ദൂരസ്ഥന്മാരായ സ്വസമുദായാംഗങ്ങൾക്ക് തമ്മിൽ ഏകമതാനുവർത്തിത്തം, പരസ്പര സഹായം ഇവയെപ്പറ്റി സാമാന്യമായും സവിശേഷമായും ഉപന്യസിക്കുകയും ഐകമത്യം, സമുദായ സ്നേഹം, ഭക്തി, സദാചാരം ഇവയെ വർദ്ധിപ്പിക്കുന്നതിനായി സമുദായത്തെ വേണ്ടപോലെ ഗുണദോഷിക്കുകയും മറ്റും ചെയ്യുന്നതിന് യോഗത്തിന്റെ ശക്തിമത്തായ ഒരു വാഗിന്ദ്രിയമായിരിക്കുക...."

ജാതിഭേദത്തെപ്പറ്റി എഴുതുമ്പോൾ ഭാഷ പൊടുന്നനെ കഠാരമൂർച്ചയുള്ള ദംഷ്ട്രകളായി പരിണമിക്കുമായിരുന്നു. നിരവധിയായ സ്വാനുഭവങ്ങളാണ് ഇതിനു കാരണം. ആ മഹാഭിമാനി ഒരുനാളും മറക്കില്ല; കുണ്ടുശങ്കരൻവൈദ്യരുടെ പുത്രീ വിവാഹത്തിന് അയാളുടെ വീട്ടിൽ ചെന്നപ്പോഴുണ്ടായ അനുഭവം.

കുണ്ടുശങ്കരൻ ചങ്ങാതിയാണ്, സഹപാഠിയാണ്. എന്നിട്ടും! അയാളുടെ ചാവറുകോട്ടു വീട്ടിൽ ചെന്നത് അലങ്കൃതമായ വില്ലുവണ്ടിയിലാണ്. മുന്തിയ മൽമലിൽ തയ്ച്ച കോട്ടുധരിച്ച് സുസ്മേരത്താൽ തുടുത്ത ആ സുന്ദരൻ ജനസാന്ദ്രമായ കല്ല്യാണപ്പന്തലിലേക്ക് നിവർന്നു നടന്നു. കല്ല്യാണപ്പെണ്ണിനു സമ്മാനിക്കാൻ മനോഹരമായൊരു ഉപഹാരവും വർണ്ണക്കടലാസിൽ പൊതിഞ്ഞ് ഇടം കയ്യിൽ വഹിച്ചിരുന്നു.

ഖ്യാതിയുടെ മഹിതശോഭ ചൂഴ്ന്ന അദ്ദേഹത്തിലേക്ക് ജനശദ്ധ കേന്ദ്രീകരിച്ചു.

"അതാ ആശാൻ...... ആശാൻ....."

ആരാണ് അദ്ദേഹത്തെ ഒരുനോക്കുകണ്ടാൽ നോക്കിനിന്നു പോകാത്തത്! പുഞ്ചിരിയുടെ ഓളം വീശുന്ന ചീർത്ത കവിൾത്തടങ്ങൾ. ഒരു കരടുപോലും ശേഷിക്കാത്തവിധം തൂത്തുവെടിപ്പാക്കിയ ക്ഷേത്രാങ്കണം പോലെ ക്ഷൗരമുഖം. കനത്തപുരികക്കൊടികൾ. ജനാരവത്തിനുമുമ്പിൽ മുഖഭാവംകൊണ്ട് അദ്ദേഹം ഉപചാരം ചൊല്ലി.

അഭിമാനം വാനോളം വളർന്ന നിമിഷം. മധുരമന്ദഹാസത്തോടെ ജനങ്ങളെ കടാക്ഷിച്ച് പ്രൗഢിയോടെ വീട്ടിലേക്കു നടന്നു.

ഉടൻ ഗൃഹാന്തരത്തിൽനിന്നും ശങ്കരൻ ഒറ്റക്കുതിപ്പിന് ആശാന്റെ മുമ്പിലെത്തി. അയാളുടെ മുഖത്ത് വല്ലാത്തൊരു പരിഭ്രമം. അയാൾ തൊഴുതപേക്ഷിച്ചു.

www.malankaralibrary.com



"ക്ഷമിക്കണം. അങ്ങ് അകത്തേക്ക് കാൽകുത്തരുത്."

"ക്ഷണിച്ചിട്ട് വിലക്കുന്നോ? ഇതെന്തു മര്യാദ?" ആശാൻ ഗൗരവപ്പെട്ടു.

"ഞാനെന്തു ചെയ്യാൻ! എന്റെ മകളെ കെട്ടുന്നത് കായിക്കരയിലെ ഒരു പ്രമാണിയുടെ മകനാ. ജാതിയിലും ഉയർന്നവനാ."

"അതുകൊണ്ട്?"

"താണ ജാതിക്കാരനായ ആശാൻ ഈ മംഗളകർമ്മത്തിൽ എങ്കെടുക്കുന്നത് അവനും അവന്റെ കൂട്ടർക്കും വെറുപ്പാണെന്ന്."

ഇടിവെട്ടേറ്റ മട്ടിൽ ആശാൻ നടുങ്ങിപ്പോയി. കരുതിക്കൊണ്ടുവന്ന സമ്മാനം ആശാൻ തറയിലേക്കു വലിച്ചെറിഞ്ഞു. ബൂട്ടിട്ട കാലുയർത്തി അതിന്മേൽ ആഞ്ഞൊരു ചവിട്ട്. അതിനുള്ളിലെ സ്ഫടികത്തിൽ തീർത്ത അലങ്കാരവസ്തു ഉടഞ്ഞു ചിതറി. ഒരുമരക്കൊമ്പിൽ ചേർന്നിരുന്ന ഇണക്കിളികളുടെ സ്ഫടികശില്പം.

ഝടുതിയിൽ പിന്തിരിഞ്ഞ് ഭീതിദമായ മുഖഭാവത്തോടെ വില്ലു വണ്ടിയിൽ തിരിച്ചുകയറി ആശാൻ പാഞ്ഞുപോയി.

അടിയേറ്റ രാജവെമ്പാലയുടെ ഒടുങ്ങാപ്പകയാണാശാന്, ജാതീയവിഷയത്തിൽ. അതിനെപ്പറ്റി എഴുതുമ്പോൾ പേനയിലെ മഷിക്കൊപ്പം ഒരു ക്രുദ്ധസർപ്പത്തിന്റെ ഉഗ്രവിഷം എങ്ങനെ സ്ഖലിക്കാതിരിക്കും? അതു വായിക്കുന്ന വരേണ്യ വർഗ്ഗത്തെ എങ്ങനെ ഈ വിഷരോഷം ആപാദചൂഡം തീണ്ടാതിരിക്കും.



## ഇരുപത്തൊന്ന്

നീണ്ട അന്വേഷണങ്ങൾക്കൊടുവിൽ അവൾ അവന്റെ വാസകേന്ദ്രം കണ്ടെത്തി. അപ്പോൾ നേരം പാതിരാവായിരുന്നു. ഏകാന്തമായ പാർപ്പിടത്തിന്റെ അടയ്ക്കപ്പെട്ട വാതില്ക്കൽ നിന്ന് അവൾ രാപ്പാടിയെപ്പോലെ വിളിച്ചു കേണു.

"രാജകുമാരാ .........എന്റെ രാജകുമാരാ........?"

ഉറക്കത്തിന്റെ കരിനീലക്കയത്തിൽ നിന്നും അവൻ പിടഞ്ഞുപൊന്തി. അവന്റെ ആത്മതന്ത്രികൾ ആ ദിവ്യസ്വരത്തിന്റെ അനുരണനത്താൽ പ്രകമ്പിതമായി. തന്നെ രാജകുമാരനെന്നു വിളിക്കുന്ന ഒരേ ഒരാൾ മാത്രമേ ഈ ഉലകിലുള്ളു എന്ന തിരിച്ചറിവോടെ അവൻ അതിവേഗം വാതിൽ തുറന്നു. ഒരുതുള്ളിവെള്ളത്തിനായി മരുവിൽ ദാഹിച്ചുകിടന്ന വേഴാമ്പലിന്റെ മുമ്പിൽ ഒരു മഴപ്പെയ്ത്തുപോലെ തന്റെ മുമ്പിൽ ഇതാ മോണലിസ!

അവനവളെ വാരിപ്പുണർന്നു.

അവളുടെ സ്വർണ്ണമുടിനാരുകളിൽ പണ്ടുതാൻ കൊരുത്തുവച്ച ചെറുവാകപ്പൂക്കൾ ഇപ്പോഴും വാടാതെ നിൽക്കുന്നുണ്ടായിരുന്നു. തന്റെ സ്നേഹം പോലെ ആ പൂക്കൾക്കും ഒരുനാളും വാട്ടമുണ്ടാവില്ലേ?

പക്ഷേ അവളുടെ മുഖം കണ്ണുനീരിൽ കുതിർന്നിരുന്നു; നീഹാരബിന്ദുക്കളേറ്റ് ആർദ്രമായിത്തീർന്ന വെള്ളത്താമരപ്പൂവുപോലെ.

കദനഭാരത്താൽ അവൾ മുഖം കുനിച്ചുനിന്നു.

"പറയൂ മോണലിസാ. എന്തുപറ്റി?"

"ഞാൻ യാത്ര ചോദിക്കാൻ വന്നതാണ്."

"നീ എവിടേക്കു പോകുന്നു?"

"മരണത്തിലേക്ക്."

"നിനക്കതിനു കഴിയില്ലെന്നെനിക്കറിയാം."

"ഈ സ്നേഹവ്യാഹിതിതന്നെ എന്റെ മരണം."

"എന്ത്! ഞാൻ നിന്നെ സ്നേഹിക്കുന്നില്ലെന്നോ?"

"അതല്ല, അങ്ങയുടെ സ്നേഹം എനിക്കിനി അനുഭവിക്കാനാവില്ല."

"എന്തുപറ്റി?"

"വീട്ടുകാർ മറ്റൊരുവനുമായി എന്റെ വിവാഹം ഉറപ്പിച്ചുകഴിഞ്ഞു."

"അയ്യോ ഞാനിതെങ്ങനെ സഹിക്കും." സ്വന്തം ഇടനെഞ്ചിലേക്ക് അവൻ മുഷ്ടി ചുരുട്ടി ആഞ്ഞിടിച്ചു കരഞ്ഞു.

ഒപ്പം കണ്ണുതുറന്നു.

കിടക്കയിൽ ആശാൻ എഴുന്നേറ്റിരുന്നു.

റാന്തലിന്റെ തിരിതെളിച്ചു.

www.malankaralibrary.com



ഉടലാകെ വിയർത്തിരിക്കുന്നു.

പരിഭ്രമം പൂണ്ട മിഴികൾ ജനാലകൾക്കപ്പുറത്തേക്കു പാഞ്ഞു.

അവൾ വന്ന തങ്കരഥമെവിടെ? മാലാഖകളുടെ വെൺചിറകുപിടിപ്പിച്ച ആ തങ്കരഥം?

മേശപ്പുറത്തു മൺകൂജയിൽ വച്ചിരുന്ന തണുത്ത ജലം കൂജയോടെ എടുത്തുകുടിച്ചു. ദാഹം ശമിക്കുന്നില്ല. ആത്മാവു കത്തുകയാണ്.

മുറിയിൽ വെട്ടം കണ്ട് അടുത്ത മുറിയിൽ നിന്നും ഡോക്ടർ കൃഷ്ണൻ വന്ന് കതകു തുറന്ന് ചോദിച്ചു.

"എന്താ ചിന്നസ്വാമീ?"

ഒന്നും പറയാൻ തോന്നിയില്ല. മുഖം താഴ്ത്തിയിരുന്നു.

"എന്താ..... എന്തുപറ്റി? വിയർക്കുന്നുണ്ടല്ലോ."

"കുഴപ്പമൊന്നുമില്ല. ഒരു സ്വപ്നം കണ്ടു."

"പെരിയ സ്വാമിയെയായിരിക്കും. അല്ലേ?"

"ഓ..... അതെ അതെ". കള്ളം പറഞ്ഞു.

"സ്വാമിക്കു കുറവുണ്ട്. പേടിക്കേണ്ട. മരുന്നുകളോട് ശരീരം നന്നായി പ്രതികരിക്കുന്നുണ്ട്. താമസിയാതെ ഡിസ്ചാർജ്ജ് ചെയ്യാം. സമാധാനത്തോടെ കിടന്നോളൂ."

ഡോക്ടർ കൃഷ്ണൻ പിൻവാങ്ങി.

വിഷൂചിക പിടിപെട്ട നാരായണ ഗുരുസ്വാമി പാലക്കാട്ടുള്ള ഡോക്ടർ കൃഷ്ണന്റെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. അദ്ദേഹം സുഖപ്രാപ്തനായിക്കൊണ്ടിരിക്കുന്നു.

അദ്ദേഹത്തെച്ചൊല്ലിയല്ലല്ലോ തന്റെ വേദനകൾ.

മുറിക്കുള്ളിൽ ആശാൻ പലവുരു അങ്ങോട്ടുമിങ്ങോട്ടും സംഭ്രാന്തനായി നടന്നു.

താൻ കണ്ട സ്വപ്നം യാഥാർത്ഥ്യമാകുമോ?

എങ്കിൽ, തന്നെ സംബന്ധിച്ച് അതവളുടെ മരണം തന്നെയല്ലേ? ശരീരം പിരിഞ്ഞിരുന്നപ്പോഴും മനസ്സുകൾ ചേർന്നിരിക്കുകയായിരുന്നു. വിരഹവേദന കുറയ്ക്കാനുള്ള ശ്രമത്തിന്റെ ഫലമായാണ് സംഘടനാസാരഥ്യം ശിരസ്സിലേറ്റിയത്. പലരും കുറ്റം വിധിച്ച് ഒറ്റപ്പെടുത്തിയപ്പോഴും തളരാതെ നിന്നത് ആ വിദൂരസ്നേഹം മൂലമായിരുന്നു. തന്റെ നെഞ്ചിനെ കുളിർപ്പിച്ച ആ ഏകമരുപ്പച്ചയും ദുർവിധി നശിപ്പിച്ചു കളയുകയാണോ?

ആരോരുമറിയാതെ കരളിന്റെ ഏകാന്തമൂലയിൽ വിസ്മൃതിയുടെ ചാരം മൂടിക്കിടന്ന പ്രണയക്കനൽ പൊടി തട്ടിയെടുക്കുകയാണോ ഈ സ്വപ്നം?

ആശാനു പിന്നെ ഉറങ്ങാൻ കഴിഞ്ഞില്ല. തുറന്നിട്ട ജനലിന്റെ അഴികളിൽ പിടിച്ച് ഇരുട്ടു നിറഞ്ഞ മുറ്റത്തേക്ക് മിഴികൾ തുറിച്ച് കുറേനേരം വിഷണ്ണനായി നിന്നു. ഒരു ചെറുതേന്മാവിൽ പടർന്നു കയറിക്കിടന്ന മുല്ലവള്ളിയിൽ നിന്നും ഒരു വെള്ളപ്പൂവ് നിലത്തേക്കു വീണു. തേൻ നുകരാൻ വന്ന ഒരു കരിവണ്ടിന്റെ ചിറകു തട്ടിയാണതു നിലംപറ്റിയത്.





ആ വീണപൂവിനെ നോക്കി ആശാൻ നെടുവീർപ്പിട്ടു.

വേദാന്തപ്പൊരുളിനെ കൂട്ടുപിടിച്ചാലല്ലാതെ ഈ നഷ്ടബോധങ്ങളെ അതിജീവിക്കാനാവില്ലെന്നുറച്ചു.

സ്വന്തം അനുഭവങ്ങളെ ഈ പൂവിന്റെ വീഴ്ചയോടു ചേർത്തുവച്ച് ആശാൻ ചിന്താധീനനായി. നഷ്ടബോധങ്ങളുടെ പ്രക്ഷുബ്ധമായ തിരമാലകൾ ഒന്നിനു പുറകെ ഒന്നായി ഇരച്ചു കയറി വേദാന്തത്തിന്റെ പാറക്കെട്ടിൽ തലതല്ലി നിർവ്വീര്യമാവുകയാണ്.

വീണപൂവ് എന്ന ശീർഷകത്തിനു താഴെ ആശാൻ കുറിച്ചു.

"ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര<br>
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ<br>
ശ്രീ ഭൂവിലസ്ഥിര - അസംശയം- ഇന്നു നിന്റെ<br>
യാഭൂതിയെങ്ങു,പുനരെങ്ങു കിടപ്പിതോർത്താൽ."

താൻ പല പെൺകുട്ടികളേയും പ്രേമിച്ചു നടക്കുന്ന ഒരു പ്രണയ ചപലനാണെന്ന ആക്ഷേപമാണല്ലോ ശത്രുക്കൾ അവളുടെ വീട്ടുകാരോട് പറഞ്ഞത്. അതിനാൽ അതിനെ ആസ്പദമാക്കി തുടർന്നെഴുതി;

"ഇന്നല്ലയെങ്കിലയി, നീ ഹൃദയം തുറന്നു<br>
നന്ദിച്ച വണ്ടു കുസുമാന്തര ലോലനായി<br>
'എന്നെച്ചതിച്ചു ശഠൻ' എന്നതു കണ്ടു നീണ്ടു<br>
വന്നേറുമാധിയതു നിന്നെ ഹനിച്ചു പൂവേ'

ശൃംഗാരകവിതകൾ എഴുതരുതെന്ന് പതിനെട്ടാണ്ടുകൾക്കപ്പുറത്ത് ഗുരു വിലക്കിയിട്ടുണ്ട്. പക്ഷേ ആരും കൊതിയോടെ നോക്കി നിന്നു പോകുന്ന ആ താരുണ്യലാവണ്യത്തെ വർണ്ണിക്കുമ്പോൾ ഗുരുശാസനം മറന്നു പോവുകയാണ്. അങ്ങനെ തുടർന്നെഴുതി.

ആകെ നാല്പത്തൊന്നു ശ്ലോകങ്ങൾ.

മലയാളകവന ചരിത്രത്തിൽ 'വീണപൂവ്' ഒരു വിസ്മയാവതാരമായി. സ്തോത്രകൃതികളും ഭാഷാന്തരഗ്രന്ഥങ്ങളും മാത്രം എഴുതിപ്പോന്ന ആ തൂലിക വിശ്വോത്തര രചനാസമ്പ്രദായങ്ങളിലേക്കു പ്രവേശിക്കുകയായിരുന്നു.

"നമ്മുടെ 'വിവേകോദയ'ത്തിലൂടെ ഇതു ഉടനെ പ്രസിദ്ധീകരിക്കണം" ചിലർ നിർദ്ദേശിച്ചു.

"വേണ്ടാ. ഞാൻ പത്രാധിപരായിരിക്കുന്ന മാസികയിൽ ഇതു വരരുത്. ഇതിന്റെ മാഹാത്മ്യം സാഹിത്യലോകം തിരിച്ചറിയും.; ഇന്നല്ലെങ്കിൽ നാളെ. അതിനാൽ മറ്റു പ്രസാധകർ മുമ്പോട്ടു വരട്ടെ."

തികഞ്ഞ ആത്മവിശ്വാസത്തോടെ ആശാൻ പറഞ്ഞു.

നിരൂപകനായ മൂർക്കോത്തു കുമാരൻ ആരാഞ്ഞു.

"ഞാനിത് എന്റെ 'മിതവാദിയിൽ' ചേർത്തു കൊള്ളട്ടെ."

ആശാൻ സമ്മതിച്ചു.

തൊട്ടു പിന്നാലെ സി.എസ്. സുബ്രഹ്മണ്യം പോറ്റി വന്നു ചോദിച്ചു

"എനിക്കിത് ഭാഷാപോഷിണിയിൽ കൊടുക്കണമെന്നുണ്ട്. എന്താ?"

www.malankaralibrary.com



അതു കേട്ട് ആശാൻ സന്ദേഹിച്ചു.

"ഇതു മിതവാദിക്കു കൊടുക്കുകയാൽ പഴകിപ്പോയി എന്നു പഴിക്കാനിടയായി ഭാഷാപോഷിണി നിരാകരിക്കില്ലേ?"

"പഴകുകയോ! ആവർത്തിച്ചുള്ള ഓരോ വായനയിലും ആസ്വാദ്യത ഏറി വരികയല്ലേ?"

വൈകിയില്ല. അടുത്തതായി സമീപിച്ചത് സാക്ഷാൽ കേരള വർമ്മ വലിയ കോയിത്തമ്പുരാൻ.

തമ്പുരാൻ കല്പിച്ചു.

"തിരുവിതാംകൂർ സംസ്ഥാന പാഠാവലിയിലേക്കു ഇതു തെരഞ്ഞെടുത്തിരിക്കുന്നു."



## ഇരുപത്തിരണ്ട്

ആദ്യം വിരിഞ്ഞ പൂവ്, ഒരു വസന്തത്തിന്റെ മുന്നോടിയായിരുന്നു.

ആ കവനതരുവിന്റെ ശാഖികൾ തോറും മനോജ്ഞസൂനങ്ങൾ പൂത്തുനിറഞ്ഞു ; നളിനിയും ലീലയും പ്രരോദനവും മറ്റുമായി. ആശാൻ എന്ന നീലക്കുയിലിന്റെ കളകൂജനം കാവ്യാരാമത്തിൽ വേറിട്ട രാഗലയമായി മാറി.

സാഹിത്യസദസ്സുകൾ ആശാൻ കൃതികളെപ്പറ്റിയുള്ള ചർച്ചകളാൽ സമ്പുഷ്ടമായി.

എന്നാൽ അത്തരം ചർച്ചാവേദികളിലും എതിരാളികൾ അണിനിരന്നു.

അവർ ജല്പിച്ചു.

"ആശാന്റെ കൃതികൾ എല്ലാം അനുകരണങ്ങളാണ്. തമിഴും ബംഗാളിയും കന്നഡയും ഇംഗ്ലീഷുമൊക്കെ അയാൾ വശമാക്കി വച്ചിട്ടുണ്ടല്ലോ. അതതു ഭാഷയിലെ പ്രാമാണിക കൃതികൾ കുറേയൊക്കെ വ്യത്യാസപ്പെടുത്തി എഴുതിയാൽ ആരറിയാനാണ് എന്നാവും ഭാവം".

"അതേ അതേ. എലിസബത്ത് ബാരറ്റ് ബ്രൗണിംഗിന്റെ 'എ ഡെഡ് റോസി'ന്റെ മറ്റൊരു രൂപമാണ് വീണപൂവ്. ഷെല്ലിയുടെ 'ദി ഫോളൻ വൈലറ്റി'നോടും അതിനു സാമ്യമുണ്ട്."

പ്രരോദനം, ഷെല്ലിയുടെ 'അഡോനൈസ്' തന്നെ".

"ഏതോ ബംഗാളി കവിതയുടെ പകർപ്പാവണം 'നളിനി'."

ഈ ചർച്ചകളെല്ലാം ആശാന്റെ നിശിതശ്രോത്രങ്ങളിൽ മാറ്റൊലിക്കൊള്ളുന്നുണ്ടായിരുന്നു.

ഒരു മുഖവുരയിൽ അതിനാൽ ആശാൻ എഴുതി.;

"നന്നായിട്ടേതെങ്കിലും ഒരു കൃതി കണ്ടാൽ അത് കേവലം ഭാഷാന്തരമോ, അനുകരണമോ ആയിരിക്കുമെന്ന് അവർ തീർച്ചയാക്കിക്കഴിയും."

മഹാകവികളെന്ന പേരിൽ പ്രതിഷ്ഠിതരായ വരേണ്യർക്കു നേരെയും ആ വാഗ്പോരാളി തൂലിക കൂർപ്പിച്ചു.

പന്തളം കേരളവർമ്മത്തമ്പുരാന്റെ രുഗ്മാംഗദ ചരിതം, ഉള്ളൂരിന്റെ ഉമാകേരളം, വള്ളത്തോളിന്റെ ചിത്രയോഗം എന്നീ കൃതികളെ ആശാന്റെ വിമർശനബോധം കടിച്ചു കുടഞ്ഞെറിഞ്ഞു.

"ശബ്ദങ്ങളുടെ വിനോദകരമായ സർക്കസ് വിദ്യകൾ നിറഞ്ഞതാണ് രുഗ്മാംഗദ ചരിതം.

കലപ്പയുടെയും ഒലക്കയുടെയും അകത്തു കൂടെയൊക്കെ കവിത കടന്നു പോകുന്നതു കണ്ടാൽ അത്ഭുതവും കൗതുകവും തോന്നും. ആകെപ്പാടെ വളരെ ശ്രമസാദ്ധ്യമായ ഗ്രന്ഥമാണിത്."

www.malankaralibrary.com



" പണ്ഡിതകവിയായ ഉള്ളൂർ എസ്. പരമേശ്വരയ്യർ സംസ്കൃത മഹാകാവ്യങ്ങൾക്കുള്ള ഒരു വക കൃത്രിമ പ്രൗഢി ഭാഷയ്ക്കും ഉണ്ടാകട്ടെ എന്നുവച്ചാണ് ഉമാകേരളം പോലെ എഴുതി വിടുന്നതെന്നുള്ളതിനു സംശയമില്ല. ഈ വക കളകൾ ഉത്തമ സാഹിത്യത്തിന്റെ വളർച്ചയ്ക്കു ഹാനിയുണ്ടാക്കും. കാദംബരിയിൽ ബാണഭട്ടൻ ആരംഭിച്ച ഈ വക കോലാഹലം പിൻഗാമികളായ അനേകം കവികളെ വ്യാമോഹിപ്പിച്ചിട്ടുണ്ട്."

".... നഗരാർണ്ണവ ശൈലാർത്തു എന്നു തുടങ്ങിയിട്ടുള്ള സംസ്കൃത മഹാകാവ്യ വിധികളെ പിന്തുടർന്ന് മലയാളത്തിൽ ഇറങ്ങിയിട്ടുള്ള പുതിയ മഹാകാവ്യങ്ങളിൽ വള്ളത്തോളിന്റെ 'ചിത്രയോഗം' അഞ്ചാമത്തേതാണെന്നു തോന്നുന്നു. ഈവക കാവ്യങ്ങൾ കാണുമ്പോൾ ചില പഴയക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നു വരാറുള്ള 'നെടുങ്കുതിര' കെട്ടിയെടുപ്പാണ് ഓർമ്മയിൽ വരുന്നത്. മുളയും കമുകും കൊണ്ട് മുപ്പതും നാല്പതും അടി ഉയരത്തിൽ ഗോപുരം പോലെ കെട്ടിയുണ്ടാക്കി വെള്ളയും ചുവപ്പും കൊണ്ട് പൊതിഞ്ഞ് ജാലരുകൾ തൂക്കി അലങ്കരിച്ചു വമ്പിച്ച ചട്ടക്കൂടുകളിൽ ഉറപ്പിച്ച് താഴെ രണ്ടു വശത്തായി ഒരു കുതിരയുടെ വാലിന്റെയും തലയുടെയും ആകൃതി കാണിച്ച് കൃഷികൂടി തൊഴിലില്ലാതെ അലഞ്ഞു തിരിയുന്ന കരക്കാരായ ചെറുപ്പക്കാർ ചേർന്ന് ചുമലിലെടുത്ത് വിഗ്രഹത്തിന്റെ പിറകേ എഴുന്നള്ളിച്ചു കൊണ്ടു പോകുന്ന ഒരു ബ്രഹ്മാണ്ഡമായ വാഹനമാണ് നെടുങ്കുതിരയെന്ന് വായനക്കാർ ഓർമ്മിക്കുമല്ലോ. നഗരവർണ്ണനം, സമുദ്രവർണ്ണനം, പർവ്വതവർണ്ണനം, ഋതുവർണ്ണനം തുടങ്ങിയ ഏതാനും വർണ്ണനകൾക്കായി ഒരു കഥയെ ബലി കൊടുത്ത് വാലും തലയും അങ്ങുമിങ്ങും കാണിച്ച് ബ്രഹ്മാണ്ഡാകൃതിയിൽ എഴുതിയുണ്ടാക്കുന്ന ഈ വക ഗ്രന്ഥങ്ങൾ ഇക്കാലത്ത് സാഹിത്യ രസികന്മാരുടെ ഹൃദയാവർജ്ജനത്തിന് പര്യാപ്തമാകുമോ എന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു.

സംസ്കൃത മഹാകാവ്യ സരണിയിൽ നിന്നു സ്വരൂപത്തിലും സ്വഭാവത്തിലും യാതൊരു വ്യത്യാസവുമില്ലാതെ 'ചിത്രയോഗം' പോലുള്ള നവീന കൃതികൾ എഴുതുന്നതിനേക്കാൾ, സംസ്കൃത മഹാകാവ്യങ്ങളെ തർജ്ജമ ചെയ്യുന്നതാണ് അധികം നന്നായിരിക്കുക. രണ്ടു പദങ്ങളുടെ മദ്ധ്യത്തിലായിത്തന്നെ പദങ്ങളുടെ കഴുത്തുകളെ നിർദ്ദയമായി പിരിച്ചും ഒടിച്ചും ജുഗുപ്സാവഹമായ വിധത്തിൽ സന്ധി ചെയ്തിരിക്കുന്നതു കണ്ടാൽ ഭാഷാപ്രണയികൾക്കു ദയ മാത്രമല്ല ചിലപ്പോൾ ക്രോധവും തോന്നും."

ആശാന്റെ കൃതികളെ വിമർശിച്ച് വള്ളത്തോൾ, ലേഖനമെഴുതിയതാണ് ഇത്രയേറെ പ്രകോപിപ്പിക്കാൻ കാരണം. അതേ സമയം അനേകർ ആശാന്റെ കൃതികൾ വായിച്ച് അഭിനന്ദനമലരുകൾ വർഷിച്ചു. അതിൽ മതിമറക്കാതെ ആശാൻ ആരാഞ്ഞു;

"അവർക്കൊക്കെ അതു വേണ്ടവിധം മനസ്സിലായിട്ടുണ്ടാകുമോ എന്തോ?"

അറിയപ്പെടുന്ന കവിയായ മൂർക്കോത്തു കുമാരൻ പറഞ്ഞു;

"ആശാന്റെ കവിതകൾ വായിക്കുന്നതുവരെ കവിയാണെന്ന ആത്മവിശ്വാസം എനിക്കുണ്ടായിരുന്നു. എന്നാൽ ഇനി എനിക്കൊന്നും എഴുതാൻ





കഴിയില്ല. കാഞ്ചികണ്ടവനു പിന്നെ മറ്റൊന്നും കാണാനാവില്ലല്ലോ."

കവനവൈഭവം നിറഞ്ഞ സി.വി. കുഞ്ഞുരാമനും ഒരിക്കൽ പറഞ്ഞു.

"ആശാനേ, ഞാൻ കവിതയെഴുത്തു നിർത്തി."

"എന്താ പെട്ടെന്ന് അങ്ങനെ തോന്നാൻ?"

"ആശാന്റെ നളിനി വായിച്ചതാണു കാരണം."

ആശാൻ അഭിമാനത്തോടെ മന്ദഹസിച്ചു.

www.malankaralibrary.com

## ഇരുപത്തിമൂന്ന്

ഏറെ അന്വേഷണങ്ങൾക്കൊടുവിലാണ് ആ കൃതി കണ്ടെത്തിയത്; എഡ്വിൻ ആർനോൾഡിന്റെ 'ദി ലൈറ്റ് ഓഫ് ഏഷ്യ.' ബംഗാൾ കോളജിലെ ലൈബ്രറിയിൽ വച്ചാണത് ആദ്യം കണ്ടത്. അതു വായിച്ച് മൂന്നു നാളുകൾക്കകം തിരിച്ചുകൊടുത്തു. വർഷങ്ങൾ കഴിഞ്ഞും അതിനുള്ളിലെ ബൗദ്ധദർശനങ്ങളുടെ രുചി നിനവുകളിൽ തികട്ടി വരുന്നു. അതിന്റെ ഒരു പ്രതി ഇപ്പോൾ സ്വന്തമായി വാങ്ങാൻ കിട്ടിയിരിക്കുന്നു.

ഈശ്വരനെ പകുത്ത് പങ്കു പറ്റുന്ന വിവിധ മതങ്ങളുടെ വ്യത്യസ്തമായ ദർശനങ്ങളേക്കാൾ ബുദ്ധമതത്തിലെ വിശാലതയാണ് സ്വീകാര്യമെന്ന തോന്നൽ ശക്തീമത്കരിക്കുന്നു.

ജാതിയും ഉപജാതികളും ചേർന്ന് മനുഷ്യജീവിതം ദുസ്സഹവും സങ്കീർണ്ണവുമാക്കിത്തീർത്തിരിക്കുന്നു. ഇവിടെ സ്വാതന്ത്ര്യത്തിന്റെ ശംഖനാദമാണ് ബൗദ്ധസംഹിത എന്ന് മനസ്സു പറയുന്നു.

കേരളനാടിന്റെ ശ്രീബുദ്ധനല്ലേ ശ്രീനാരായണ ഗുരുവെന്നും തോന്നിപ്പോകുന്നു. ജാതിയേതുമായിക്കൊള്ളട്ടെ മനുഷ്യൻ നല്ലവനാകുകയാണ് കാമ്യം എന്നാണദ്ദേഹത്തിന്റെ അരുൾ.

"ജാതിവശാൽ അധഃപതിച്ചു പോയ ഹൈന്ദവധർമ്മത്തെ യഥാവിധി സംസ്കരിച്ചുയർത്താൻ ബൗദ്ധധർമ്മം മാത്രമേ അഭിലഷണീയമായി ഞാൻ കാണുന്നുള്ളു."

ആശാൻ തുറന്നു പറഞ്ഞു.

ഇപ്പോൾ കുറേനാളുകളായി 'യോഗങ്ങൾ' തോറുമുള്ള ആശാന്റെ പ്രഭാഷണങ്ങളിൽ നിറഞ്ഞു നില്ക്കുന്നത് ശ്രീബുദ്ധധർമ്മങ്ങളാണ്.

'ജാതി സങ്കടം' എന്ന ലേഖനത്തിലൂടെ ആശാൻ നിർഭയം ഉദ്ഘോഷിച്ചു.

"ബ്രഹ്മസൂത്രത്തിൽ ശൂദ്രന് മോക്ഷ സാധനമായ ആത്മവിദ്യ തടുക്കപ്പെട്ടിരിക്കുന്നു. എന്നാൽ സ്ത്രീകളും വൈശ്യരും ശൂദ്രരും കൂടി മോക്ഷത്തെ പ്രാപിക്കുന്നു എന്ന് ശ്രീകൃഷ്ണ ഭഗവാൻ പറയുന്നു. ഒന്നുകിൽ ബ്രഹ്മസൂത്രക്കാരൻ പറയുന്നത് അബദ്ധമാകണം. അല്ലെങ്കിൽ ഭഗവാൻ പറയുന്നത് വ്യാജമാകണം. ഹിന്ദുക്കൾക്ക് രണ്ടു പ്രമാണങ്ങളാണുതാനും. വ്യാസ മഹർഷിയാണ് സൂത്രങ്ങളുടെയും ഗീതയുടെയും കർത്താവ് എന്നുകൂടി ഓർക്കുമ്പോഴാണ് ജാതികൃതമായ വൈകൃതത്തിന്റെ പ്രസക്തി വെളിവാകുന്നത്."

'ശ്രീബുദ്ധചരിത'മെന്ന പേരിൽ 'ലൈറ്റ് ഓഫ് ഏഷ്യ'യെ ആശാൻ ലളിതകോമളമായി ഭാഷാന്തരീകരിച്ചു. ഒരു മാസികയിലൂടെ അതു ഖണ്ഡശഃ പ്ര





സിദ്ധീകരിച്ചും പോന്നു.

ഇതുകണ്ട നാലപ്പാട്ടു നാരായണമേനോൻ ആശാന്റെ നേർക്ക് കോപത്തോടെ കയർത്തു.

"ഈ തർജ്ജമ പ്രസിദ്ധീകരിക്കാൻ ലൈറ്റ് ഓഫ് ഏഷ്യായുടെ പ്രസാധകരിൽ നിന്നും പകർപ്പവകാശം താങ്കൾ നേടിയിട്ടുണ്ടോ?"

"ഇല്ല , അതാവശ്യമാണെന്ന് എനിക്കറിഞ്ഞു കൂടായിരുന്നു."

"പൗരസ്ത്യദീപം' എന്ന പേരിൽ അതിന്റെ നലം തികഞ്ഞ തർജ്ജമ വർഷങ്ങൾക്കു മുമ്പേ തീർത്ത് പ്രസാധകാനുമതിക്കായി കാത്തിരിക്കുന്ന ആളാണു ഞാൻ. നിങ്ങളുടെ വീണ്ടു വിചാരമില്ലാത്ത ഈ ധിക്കാരത്തെപ്പറ്റി ഇന്നു തന്നെ ഞാനവരെ എഴുതി അറിയിക്കാൻ പോവുകയാണ്."

ആശാനെതിരേ മേനോൻ തിരുവനന്തപുരത്തെത്തി വ്യവഹാരത്തിനുള്ള നീക്കമാരംഭിച്ചു.

ആശാൻ കുഴങ്ങി. ഊണും ഉറക്കവുംപോലും നാമമാത്രമാക്കി സംഘടനാ പ്രവർത്തനങ്ങൾക്കായി അക്ഷീണം ഓടി നടക്കുന്ന തനിക്കു വ്യവഹാരം നടത്താൻ എവിടെയാണു നേരം?

എതിർപ്പുകളുടെയും പരിഹാസങ്ങളുടെയും മുൾപ്പടർപ്പിനുള്ളിൽ വിരിയാൻ വിധിക്കപ്പെട്ട ഒരു ജന്മമല്ലോ ഇത് എന്നോർത്ത് വേദനിച്ചു.

ടാഗോർ കൃതികളുടെ ഭാഷാന്തരയജ്ഞം സമാരംഭിക്കുവാൻ ഉദ്യമിച്ച നിമിഷത്തിലാണ് ഈ പകർപ്പവകാശ നിയമത്തെപ്പറ്റി ബോധവാനായത്. അതു നന്നായി. അല്ലെങ്കിൽ ആ മഹാതപസ്യയും പാഴ്വേലയായിപ്പോകുമായിരുന്നു. അതിനാൽ സ്വന്തം കവിതകളിൽ തന്നെ മുഴുകി. അങ്ങനിരിക്കേ വിദൂരഭവനത്തിൽ നിന്നും ഒരു ദുഃഖവാർത്ത പറന്നെത്തി. അമ്മ മരിച്ചു.

നിർവ്വികാരമായ ആ ഉരുക്കു നെഞ്ചിൽ ആ വാർത്തയ്ക്കെന്തു സ്വാധീനം ചെലുത്താൻ കഴിയും.

വീടും വീട്ടുകാരും ഏതോ അന്യമായ മരീചികകൾ! പൊക്കിൾക്കൊടി ബന്ധം മുറിച്ചാലും, മുറിയാത്ത വാത്സല്യത്തിന്റെ അദൃശ്യമായ ചരടും ഇപ്പോൾ പൊട്ടിപ്പോയിരിക്കുന്നു.

ഇതു തനിക്കാശ്വാസമാണോ ദുസ്സഹമാണോ?

വാർദ്ധക്യ വിവശതകൾക്കിടയിലും വിദൂരത്തിരുന്ന് എത്രയോ തവണ ആ പാവം തള്ള നെഞ്ചുലഞ്ഞ് "മോനേ..... എന്റെ കുമാരു" എന്ന് നീട്ടിവിളിച്ചിട്ടുണ്ടാവും. അതു കേൾക്കാൻ ഒരു നിമിഷം പോലും തിരിഞ്ഞു നിന്നിട്ടില്ല.

മാതൃത്വം സ്ത്രീത്വത്തിന്റെ മധുരഭാവമല്ലേ? സ്ത്രീത്വത്തെ നിരാകരിക്കുന്ന ഒരു ദർശനം ഒരു കവിക്കു പാടുണ്ടോ? ചിന്തയിലും എഴുത്തിലും നിറഞ്ഞു നിന്ന് തന്റെ ബോധത്തെ കീഴ്പ്പെടുത്തുന്ന സർവ്വപ്രധാന വിഷയമല്ലേ സ്ത്രീത്വം. തന്റെ എല്ലാ കൃതികളിലും സ്ത്രീയല്ലേ കേന്ദ്ര കഥാപാത്രങ്ങൾ. പക്ഷേ പെറ്റമ്മയുടെ മാതൃത്വത്തെ മാനിക്കുവാൻ എന്തേ തനിക്കു കഴിയാതെപോയി! ഈ വൈകാരികമായ അകൽച്ച എന്തുകൊണ്ട് അമ്മയോടും? തനിക്കുപോലും പലപ്പോഴും ദുരൂഹമായിത്തോന്നുന്ന സ്വഹൃദയഭാവ

www.malankaralibrary.com



ങ്ങളിലേക്ക് നോക്കി അങ്ങനെ ഇരുന്നുപോയി. സർവ്വനേരവും കാവ്യബോധം നിറയെ അപ്സരതരുണികളുടെ നൃത്തമേളമായിരുന്നു. കണ്ണും കരളും അവരുടെ ലാസ്യനടനലീലകൾക്കു മുമ്പിൽ സമർപ്പിച്ചുപോയി. ആ മിഴികൾ അവിടെ നിന്നും പിഴുത് മാതൃത്വത്തിന്റെ പുണ്യതലത്തിലേക്ക് പറിച്ചുനടുവാൻ ആവാതെ പോയി.

ധ്യാനത്തിന്റെ വിശുദ്ധിയിൽ കഴുകിയ മിഴികളുമായി അമ്മയെ കാണാൻ വരാം എന്നു മനസ്സിൽ കുറിച്ചു. അതു നാളെയാവട്ടെ മറ്റന്നാളാവട്ടെ എന്നു കരുതി നീണ്ടുപോയി.

പിന്നൊട്ടും വൈകിയില്ല.

പിറന്ന മണ്ണിന്റെ വിശുദ്ധിയിലേക്ക് ആ പാദങ്ങൾ അതിവേഗം കുതിച്ചു. ബഹുദൂരം യാത്രചെയ്ത് വീട്ടിലെത്തുമ്പോൾ സംസ്കാരകർമ്മങ്ങളെല്ലാം പൂർണ്ണമായിക്കഴിഞ്ഞിരുന്നു.

വീട്ടുകാരും ചുരുക്കം അയൽക്കാരും അവിടെയുണ്ട്.

ഉടപ്പിറപ്പിനെ കൺകണ്ട മാത്രയിൽ ജ്യേഷ്ഠൻ ശബ്ദിച്ചു,

"ങ്ഹും! എന്തൊരു മാതൃസ്നേഹം! വർഷങ്ങളായിട്ടും ഒരുനോക്കു കാണണമെന്നു തോന്നിയില്ല. എത്ര തവണ ആ പാവം പേരു വിളിച്ചുകരഞ്ഞു...."

ആശാൻ യാതൊന്നും മിണ്ടിയില്ല.

അമ്മ കിടന്നിരുന്ന കട്ടിലിന്റെ ഒരു മൂലയിൽ തലകുനിച്ചു മുട്ടുകുത്തി നിന്നു. ഇടനെഞ്ചു പൊട്ടുന്ന ഏങ്ങലടിയുയർന്നു. തലയുയർത്തി മിഴിനീരോടെ പറഞ്ഞു.

"ഒന്നും മനഃപൂർവ്വമായിരുന്നില്ല."

സോദരങ്ങൾ മെല്ലെ അടുത്തെത്തി.

"ചിന്നസ്വാമി വന്നില്ലെങ്കിലും അമ്മയെക്കാണാൻ പെരിയസ്വാമി വന്നല്ലോ. അതു മതി." സഹോദരൻ പറഞ്ഞു.

ആശാൻ അയാളെ ജിജ്ഞാസയോടെ നോക്കി.

അയാൾ വിശദീകരിച്ചു.

"മരിക്കാറായപ്പോൾ അമ്മയ്ക്ക് ഒരൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. ഗുരുസ്വാമിയെ കാണണമെന്ന്. അമ്മയ്ക്ക് മസൂരിയല്ലായിരുന്നോ! അപ്പോൾ സ്വാമികളെ വരുത്താനാകുമോ? മാത്രമല്ല, സ്വാമികൾ അപ്പോൾ ഏതോ ദൂരദിക്കിലൂടെ ദേശാന്തരയാത്രയിലുമായിരുന്നത്രേ. എന്നിട്ടും സ്വാമികൾ അതിശയകരമായി വന്നു!"

ആശാൻ ശ്വാസമടക്കിപ്പിടിച്ച് കേൾക്കുകയാണ്.

വിവരണം തുടർന്നു.

"അന്നർദ്ധരാത്രിയായപ്പോൾ ആരോ ഒരാൾ പടിപ്പുരക്കതകിൽ മുട്ടിവിളിച്ചു—വീട്ടുകാരേ, നമുക്കു കൂടി ഈ രാത്രി ഇവിടെ കഴിച്ചുകൂട്ടാൻ അനുവദിക്കുമോ?"

വാതിൽ തുറക്കാതെ തന്നെ ഞങ്ങൾ വിളിച്ചുപറഞ്ഞു.

"ഇല്ല... മസൂരിരോഗം പിടിച്ച ആളാ മുറിക്കുള്ളിൽ. ദീനം പകരും.





തൊട്ടടുത്ത വീട്ടിൽ രാപ്പാർക്കാനുള്ള സൗകര്യമൊണ്ട്. അങ്ങോട്ട് പൊയ്ക്കോ..."

"എന്നിട്ട്?" ആശാന്റെ പുരികക്കൊടികൾ ആകാംക്ഷയാൽ ഉയർന്നു.

"മസൂരിയൊന്നും എനിക്ക് പ്രശ്നമല്ല, ഞാനകത്തു കടന്നോളാം എന്നായി ആഗതൻ. ഞങ്ങൾ കതകു തുറന്നു. അതു ഗുരുസ്വാമിയായിരുന്നു. സ്വാമി വന്ന് അമ്മയുടെ മുഖത്ത് നോക്കിനിന്നു. മരിക്കാറായിക്കിടന്ന അമ്മ സ്വാമിയെ തിരിച്ചറിഞ്ഞു. കൈകൂപ്പാൻ ശ്രമിച്ചുകൊണ്ട് അമ്മ പറഞ്ഞു; എണിറ്റു നമസ്കരിക്കാൻ ആവതില്ല സ്വാമീ. അതുകേട്ട് സ്വാമി പറഞ്ഞു: 'വേണ്ട..... എഴുന്നേൽക്കണ്ടാ. എന്തായാലും ആഗ്രഹം സാധിച്ചല്ലോ." ഞങ്ങളും അപ്പോൾ മുറിയിലുണ്ടായിരുന്നു. ഞങ്ങൾ അന്തം മറിഞ്ഞുപോയി. അമ്മയുടെ ആഗ്രഹം സ്വാമികൾ എങ്ങനെ അറിഞ്ഞു. പിന്നെ, മൂന്നാലു തുള്ളി നാരങ്ങ നീര് അമ്മയുടെ വായിലേക്ക് സ്വാമികൾ ഇറ്റിച്ചുകൊടുത്തു. എന്നിട്ടു കല്പിച്ചു: ഇനി സുഖമായി ഉറങ്ങിക്കൊള്ളുക. പിന്നാരും സ്വാമിയെ കണ്ടില്ല. ഞങ്ങൾ വേഗം പുറത്തിറങ്ങിനോക്കി. നടവഴിയിലിറങ്ങി തെരഞ്ഞു. അവിടെങ്ങും സ്വാമി ഉണ്ടായിരുന്നില്ല. അമ്മ എന്നേക്കുമായി സുഖമായി ഉറങ്ങുകയും ചെയ്തു."

"രോഗമാരംഭിച്ചിട്ട് എത്രനാളായി ?"

"ഇവിടടുത്ത് തീരെ പാവപ്പെട്ട ഒരു വീട്ടുകാർ പാർക്കുന്നുണ്ട്. ആ വീട്ടിലെ അമ്മയ്ക്ക് മസൂരി പിടിപെട്ടു. ചികിത്സിക്കാൻ കാശില്ല. മറ്റുള്ളവരും രോഗം പിടിച്ചു മരിക്കാതിരിക്കാൻ കുട്ടികളെയും കൊണ്ട് അവിടുത്തെ വീട്ടുകാരൻ മറ്റെവിടെയോ മാറിത്താമസിച്ചു.ദീനം കൂടി ആ തള്ള ചാകാറായിക്കിടക്കുന്ന വിവരമറിഞ്ഞ് നമ്മുടെ അമ്മ ആ വീട്ടിൽ ചെന്നു. അവിടെ നിന്നും മാറാതെ നിന്ന് അമ്മ ആ പാവത്തിനെ ശുശ്രൂഷിച്ചു. അങ്ങനെ അവർക്ക് പൂർണ്ണസുഖം കിട്ടി. എന്നാൽ അമ്മയ്ക്ക് രോഗം പിടിപെടുകയും ചെയ്തു. പലവൈദ്യന്മാരെയും ഞങ്ങൾ കൊണ്ടുവന്നു. ഒന്നും ഫലിച്ചില്ല."

ആത്മതാപത്തിന്റെ ചിതയിൽ അമ്മയുടെ സ്മരണകൾ ആശാൻ ഭക്ത്യാദരവോടെ എടുത്തുവച്ചു. ആ പൂജ്യപാദങ്ങളിൽ ഹൃദയമർപ്പിച്ചു. നെഞ്ചിൽ ഉണരുന്ന അനുതാപത്തിന്റെ അഗ്നിപർവ്വതത്തിൽ നിന്നും ഒരു കവിതയുടെ ഉഷ്ണലാവ ഉരുകിയൊലിച്ചു തുടങ്ങി;

"എന്മേൽ പ്രീതിയൊടും ക്ഷമിക്കയപരാധം
"ഞാൻ ക്ഷമിച്ചുണ്ണി" യെ-
ന്നമ്മേ ചൊല്ലുക – കഷ്ടം! അമ്മ മൃതയായ്,
പൊങ്ങില്ല നാവിങ്ങിനി."

www.malankaralibrary.com

## ഇരുപത്തിനാല്.

അടിച്ചു താഴ്ത്തുമ്പോഴും കുതിച്ചുയരുന്ന വ്യക്തിത്വ മഹത്വം. ഛേദനത്തിലും അടിമുടി പൊട്ടിക്കിളിർത്ത് ഒറ്റമരക്കാടുപോലെ തഴയ്ക്കുന്ന അജയ്യത.

"ആശാനൊരതിശയം തന്നെ. കവിത്വവും സംഘാടകത്വവും ഇത്രമേൽ ഒത്തിണങ്ങിയ മറ്റാരാ ഉള്ളത്?" അന്തർമുഖനായ ആശാന്റെ സംഘടനാസാര ഥ്യത്തിനെതിരെ ആരംഭകാലത്തു നെറ്റിചുളിച്ചവർപോലും പിന്നീട് അഭി പ്രായപ്പെട്ടു. സാഹിത്യസദസ്സുകളിലേക്കും സ്വീകരണച്ചടങ്ങുകളിലേക്കും മത്സരാവേശത്തോടെ എവിടെയും ആശാൻ ക്ഷണിക്കപ്പെടുകയാണ്.

"ഞാൻ കർമ്മ വ്യാപൃതനായിരിക്കുന്നത് പ്രകീർത്തനങ്ങളുടെ പൂച്ചെണ്ടു വാങ്ങാനല്ല. ഇത്തരം യോഗങ്ങളിൽ പങ്കെടുത്ത് എന്റെ വിലപ്പെട്ട എഴുത്തു സമയം തുലച്ചുകളയാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

അപ്രതിരോധ്യമായ ആ കടുത്ത ആജ്ഞകൾ ആർക്കും ഭേദിക്കാനായില്ല. അത്രയേറെ ഊക്കുണ്ടായിരുന്നു ആ വാക്കുകൾക്ക്. അത്രത്തോളം കർക്കശ മായിരുന്നു ആ താക്കീതുകൾ. വന്നു ക്ഷണിച്ചവരോട് അദ്ദേഹം പറഞ്ഞു.

"പണ്ഡിത സദസ്സുകളിൽ ഒരു ചെറു കവിത ചൊല്ലാൻ ഇടം തരുമോ എന്നു യാചിച്ച് മേലാളന്മാരുടെ മുമ്പിൽ തൊഴുതു നിന്ന ഒരു കൗമാരക്കാലം എനിക്കുണ്ടായിരുന്നു. ഇന്നു ഞാനവരോട് പേനത്തുമ്പിലൂടെ പകരം തീർക്കു കയാണ്."

ഒരുപക്ഷേ, തലയെടുപ്പുള്ള ആ കുട്ടിക്കരിവീരന്റെ ധാർഷ്ട്യദ്യോതക മായ നടത്തയും ആരെയും കൂസാത്ത നോക്കും മുഖപക്ഷം തീണ്ടാത്ത നി ശിതവിമർശന വാക്കും എല്ലാം ഈ മുൻകാല നിരാസങ്ങളുടെ പശ്ചാത്തല ത്തിൽ ആവിർഭവിച്ച സ്വത്വങ്ങളാകാം.

വിശുദ്ധവും സരളാഭവുമായ ആ നെഞ്ചകത്തിന്റെ വെണ്മ അന്യർ ക്കാർക്കും അത്രമേൽ ഗോചരമാകരുതെന്ന വാശിയോടെയുമാവാം കടുപ്പമേ റിയ ഈ ഭാവഗാംഭീര്യം ഒരാവരണം കണക്കേ പരിപാലിച്ചുപോന്നത്.

എങ്കിലും തന്റെ കൃതികളുടെമേലും കർമ്മങ്ങളുടെ മേലും ഉപലാളനം ചെയ്യുന്ന സഹൃദയരുടെ മുമ്പിൽ മാത്രം ആ ഹൃദയ പരിച്ഛേദം ആശാൻ തുറന്നുവയ്ക്കും. ഒരു കൈക്കുടന്നയിൽ ഒതുങ്ങുന്ന സ്നേഹവാത്സല്യങ്ങളുടെ തീർത്ഥം തേടി വരുന്ന സഹൃദയരെ ആ നന്മ നിറഞ്ഞ പെരുമാറ്റങ്ങളുടെ പുണ്യഗംഗാ പ്രവാഹ സമൃദ്ധിയിൽ ആറാടിക്കുന്നത് അപ്പോൾ കാണാം.

ഉടുപ്പിലും എടുപ്പിലും നടപ്പിലുമെല്ലാം അസൂയാർഹമായ തനിമ കാത്തുപോന്ന ആശാനെതിരെ ചില കുബുദ്ധികൾ അവിടവിടെ തക്കം പാർ ത്തമരുന്നുണ്ടായിരുന്നു. ആശാനുവേണ്ടി ഒരുക്കപ്പെടുന്ന സ്വീകരണവേളക





ളിൽ നുഴഞ്ഞുകയറി അധിക്ഷേപിക്കുകയാണ് അവരുടെ ലക്ഷ്യം. അങ്ങനെ യവർ അനന്തപുരിയിലെ ഈഴവർക്കായുള്ള ഹോസ്റ്റലിലുമെത്തി. അവരുടെ ചാർച്ചയിൽപ്പെട്ട വിദ്യാർത്ഥികളെ വശത്താക്കി.

സ്വീകർത്താവ് യഥാസമയം അവിടെത്തി. ആരും കൊതിയോടെ നോക്കിനിന്നു പോകുന്നത്ര ധാടിയും മോടിയും. കറുത്ത കോട്ടും ചന്ദനപ്പൊ ട്ടുമണിഞ്ഞ് ഉദ്ധൃതശീർഷനായുള്ള ആ സുന്ദര കളേബരന്റെ വരവിന് ഒരു നാട്ടുരാജാവിന്റെ നടയുടെ പ്രാമാണികത്വം ഉണ്ടായിരുന്നു.

ആഢ്യത്വം പൂണ്ട ഗൗരവത്തോടെ ഇടംവലം നോക്കാതെ നേരേ വേദി യിലേക്കു കയറിച്ചെന്ന് ചെംപട്ടു വിരിച്ച മുഖ്യപീഠത്തിൽ അമർന്നു.

വിദ്യാർത്ഥികൾ ഒന്നടങ്കം കരഘോഷത്തോടെ എഴുന്നേറ്റു നിന്നു. ദാരുശില്പകാന്തി തുടിച്ച വീട്ടിയിൽ കടഞ്ഞ നടക്കമ്പ് വലംകരത്തിൽ ചേർത്തുപിടിച്ചിരുന്നു. കരഘോഷം നിറുത്താൻ മറുകരം മുന്നോട്ടു നീട്ടി ആംഗ്യംകാട്ടി. തൽക്ഷണം സമ്മേളന ശാലയിൽ ആഴമുള്ള നിശബ്ദത.

പ്രധാനിയുടെ പ്രസംഗവും പഠകരുമൊത്തുള്ള സംവാദവുമാണ് കാര്യ പരിപാടികൾ. പ്രസംഗം തകർത്തു.

യുവതയുടെ മേധാശക്തിക്കു താങ്ങാനാവുംവിധം ഒരുജ്ജ്വല വാഗ്ധോ രണി.

തുടർന്ന് സംവാദത്തിനുള്ള ഊഴമെത്തിയപ്പോൾ ഒരു പയ്യൻ ധിക്കാര പൂർവ്വം ചാടിയെഴുന്നേറ്റ് ആക്രോശിച്ചു.

"താങ്കൾ പ്രജാസഭാംഗമല്ലേ?"

ശ്രീമൂലം പ്രജാസഭയിലെ വെറും എട്ടംഗംങ്ങളിൽ ഒരാളായി ആശാനെ ശ്രീമൂലം തിരുനാൾ മഹാരാജാവ് തെരഞ്ഞെടുത്തത് ആരെയാണ് ആസൂയാ ലുക്കളാക്കാത്തത്. ഇന്ത്യാമഹാരാജ്യത്തിൽ ആദ്യമായി തിരുവിതാംകൂർ നാട്ടുരാജ്യം മാത്രമാണ് ഇത്തരമൊരു നിയമനിർമ്മാണ സഭ സമാരംഭിച്ചത്. ഈഴവർ തുടങ്ങിയ അധഃസ്ഥിതർക്ക് അംഗത്വം ഒരിക്കലും കിട്ടരുതെന്ന വാശിയാൽ നൂറ്റമ്പത് ഉറുപ്പിക വാർഷിക കരം തീരുവ ഉള്ളവർക്കുമാത്രമായി വോട്ടവകാശം പരിമിതപ്പെടുത്തിക്കൊണ്ടായിരുന്നു തെരഞ്ഞെടുപ്പ്. ആശാൻ തെരഞ്ഞെടുക്കപ്പെടാതിരിക്കാൻ ഏറെ പരിശ്രമിച്ചവർ ഈഴവകുലത്തിലെ ചില പ്രമാണിമാർ തന്നെയായിരുന്നു എന്ന കാര്യവും ആശാനറിയാമായി രുന്നു. എന്നിട്ടും കടമ്പകളെല്ലാം പിന്നിലാക്കി ഈഴവ മഹാജനതയുടെ ഒരേയൊരു പ്രതിനിധിയായി അംഗത്വത്തിന്റെ വിജയ സിംഹാസനം ആശാൻ കരസ്ഥമാക്കുകയായിരുന്നു.

ചോദ്യം ഉന്നയിച്ച പയ്യൻ തുടർന്നു

"എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കണം എന്നാവ ശ്യപ്പെട്ട പ്രമേയത്തിന് പ്രജാസഭയിൽ അവതരണാനുമതി നിഷേധിച്ചില്ലേ? ഇതിൽ പ്രതിഷേധിച്ച് താങ്കൾ എന്തുകൊണ്ട് ഇറങ്ങിപ്പോയില്ല.?"

ശാന്തഗംഭീരനായിരുന്നുകൊണ്ട് ആശാൻ ഇത്രമാത്രം പറഞ്ഞു.

"വോക്കൗട്ട് പോലെയുള്ള ശൈലികളല്ല എന്റേത്.."

www.malankaralibrary.com



നീതിക്കുവേണ്ടി വ്യവസ്ഥാപിതവും നൈയമികവുമായ നടപടികൾ മാത്രമാണ് ആ കുലപതിയുടെ മാർഗ്ഗം. ചെറുപ്പക്കാരൻ വീണ്ടും ചീറുകയാണ്.

“പ്രജാസഭാ മെമ്പറുടെ പദവിയും അലവൻസും നഷ്ടമാകാതിരിക്കാനല്ലേ വോക്കൗട്ട് നടത്താതെ അസംബ്ലിയിൽ അങ്ങനെ കുത്തിയിരുന്നത്.?”

മഹാമേരുവിനെ നോക്കി അതിന്റെ ചോട്ടിലെ പുൽക്കൊടി വെല്ലു വിളിക്കുന്നോ? ആ ആദർശധീരന്റെ നിഷ്ക്കാമചിത്തം ആരോപകന്റെ വീൺവാക്കുകൾക്ക് നേരേ പരമപുച്ഛത്തോടെ ഫൂൽക്കരിച്ചു. സമുദായ ഖജനാവ് ശൂന്യമായിക്കിടന്ന ആരംഭകാലത്തും സ്വന്തം പണം നിർല്ലോപം വ്യയം ചെയ്ത് സമുദായത്തെ ശക്തീകരിച്ചിട്ടേയുള്ളൂ. കാൽ നടയായുള്ള നെടുയാത്രകളിൽ വിശന്നു വയറുകാഞ്ഞപ്പോഴും പൊതുധനത്തിൽ നിന്നും ഒരു ചില്ലിപോലും ചെലവിട്ട് സത്രങ്ങളിൽ കയറി ഊണു കഴിച്ചിട്ടില്ല. പരിചിതരുടെ ഭവനങ്ങൾ തേടിപ്പിടിച്ചു ചെന്ന് ഇത്തിരി വറ്റു കഴിച്ചിട്ടായിരുന്നു തുടർയാത്രകൾ. രാപ്പാർക്കുവാനും അത്തരക്കാരുടെ പാർപ്പിടങ്ങളെത്തന്നെയാണ് അഭയപ്പെട്ടിരുന്നത്.

ഭരണ സമിതിക്കാർ തനിക്ക് ശമ്പളം നിശ്ചയിച്ചിരുന്നു. പക്ഷേ അതിന് ഭണ്ഡാരത്തിൽ കാശില്ലല്ലോ. കണക്കുബുക്കിൽ പക്ഷേ ആ ചെലവ് കൃത്യമായി എഴുതുകയും ചെയ്യുമായിരുന്നു. അതേ തുക തന്നെ തന്റെ വക സംഭാവനയായി വരവു വിഭാഗത്തിലും കുറിച്ച് ഋണഭാരം സ്വയം ഒഴിവാക്കുകയായിരുന്നു. എന്നിട്ടും ചിലർ പറഞ്ഞു പരത്തി;

“ഖജനാവിൽ നിന്നും ആശാൻ കാശെല്ലാം എടുത്ത് തോന്നിയതുപോലെ ചെലവാക്കുകയാണ്. വെറുതേയല്ല നാൾക്കുനാൾ കൊഴുത്ത് നീർക്കുതിര കണക്കേ ചീർക്കുന്നത്.” എന്നിട്ടും ചിറ്റോളങ്ങൾ പോലുമുയർത്താതെ ആശാന്റെ മനസ്സ് മഹാ ശാന്തത പുലർത്തി.

പക്ഷേ, അയ്യപ്പനും മറ്റു ചില സഹചരന്മാരും ചൊടിച്ചു.

“ആർക്കുവേണ്ടിയാണീ ത്യാഗം സഹിക്കുന്നത്. എന്തിനുവേണ്ടിയാണീ സേവനം ചെയ്യുന്നത്. ഇനി മേലിൽ ആശാന്റെ ശമ്പളം സമുദായം തന്നെ കൃത്യമായി കൊടുത്തുകൊള്ളണം.”

ക്ഷുഭിതരായ ചങ്ങാതികളെ ആ ജ്ഞാനയോഗി ശാന്തരാക്കി.

“ഗംഗയിൽ നിന്ന് വെള്ളം കൈക്കുമ്പിളിലെടുത്ത് സ്വന്തമാക്കിയശേഷം അതിൽത്തന്നെ അപ്പാടെ തർപ്പിക്കുകയല്ലേ നാം ചെയ്യുന്നത്. അങ്ങനെയാണ് പുണ്യം നേടേണ്ടത്.”

ഇത്ര സാത്വികനായ ഈ നിഷ്കാമഭാവനോടാണ് ഹോസ്റ്റൽ വിദ്യാർത്ഥിയുടെ പരിഹാസാരോപണം. ആശാൻ സ്ഥൈര്യപൂർവ്വം തന്നെ ആ പയ്യനോട് മറപടി പറഞ്ഞു.

“അങ്ങനെയാണ് നിങ്ങൾ കരുതുന്നതെങ്കിൽ മെമ്പർ സ്ഥാനം രാജിവെച്ച് പുറത്തുപോരാൻ ഞാൻ സന്നദ്ധനാണ്. എന്നാലും വോക്കൗട്ടിനു ഞാനില്ല. ഞാൻ രാജിവയ്ക്കണമെന്നാണോ നിങ്ങളുടെ അഭിപ്രായം ? പറയൂ?”





ആ ചോദ്യം കേൾക്കേണ്ട താമസം മഹാഭൂരിപക്ഷം വിദ്യാർത്ഥികളും ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

“പാടില്ല, ആശാൻ രാജിവയ്ക്കാൻ പാടില്ല.”

അലയടങ്ങിയ കടൽപോലെ ശാന്തത അവിടെ ഒരു വേള തളം കെട്ടി.

വീണ്ടും മറ്റൊരാൾ കാവ്യസ്പർശിയായ ഒരു ദുരാരോപണം എയ്തു വിട്ടു.

സമകാലികനായ ഒരു കവിയുടെ കവിതകളെ ഉയർത്തിപ്പിടിച്ച് അയാൾ സമർത്ഥിച്ചു.

“ഞങ്ങളുടെ പുതുതലമുറയെ മോഹിപ്പിക്കുന്ന കവിതകൾ ഇതാണ്. വൃത്തത്തിന്റെയും ദ്വിതീയാക്ഷരപ്രാസത്തിന്റെയും നിയമബന്ധനത്തിൽ നിന്നുള്ള മോചനമാണീ കവിതകൾ. ഈ കവിതകളെപ്പറ്റി എന്താണഭിപ്രായം?”

ആശാൻ തുറന്നടിച്ചു.

“അന്തസ്സാര ശൂന്യങ്ങളും പദബഹളങ്ങളുമായ ഈ കവിതകളെപ്പറ്റി എനിക്കത്ര മതിപ്പൊന്നുമില്ല.”

ആരോപകൻ വീണ്ടും അത്യുച്ചത്തിൽ ചിലച്ചുകൊണ്ടു സ്ഥിരീകരിച്ചു.

“എന്തായാലും ഇന്നിന്റെ കവി അദ്ദേഹം തന്നെയാണ്.”

ആശാനും തിരിച്ചടിച്ചു.

“പക്ഷേ അയാൾ നാളെയുടെ കവിയാവില്ല, തീർച്ച.”

www.malankaralibrary.com

## ഇരുപത്തഞ്ച്

പിന്നെയും മുറുമുറുപ്പ് ഏറിക്കൊണ്ടിരുന്നു. സിംഹരാജനു നേരേ കുതിക്കാൻ പൊന്തകളിൽ പതുങ്ങിക്കിടക്കുന്ന കുറുനരികളുടെ ക്രൗര്യം.

ഒടുവിലൊരുപായം അവർ കണ്ടുപിടിച്ചു. സാക്ഷാൽ ഗുരുദേവന്റെ പക്കലെത്തി അവർ ആരോപിച്ചു.

"സ്വാമീ..... ആശാൻ നമ്മുടെ സമുദായത്തിനാകമാനം വലിയ നഷ്ടം വരുത്തിവയ്ക്കുന്നു."

"അങ്ങനെയോ? എന്തടിസ്ഥാനത്തിലാണിതു പറയുന്നത്?"

അവർ തമ്മിൽത്തമ്മിൽ നോക്കി കുശുകുശുത്തു. അവരിൽ പ്രധാനി രണ്ടും കല്പിച്ചങ്ങു പറഞ്ഞു.

"സമുദായത്തിന്റേതായി ഈയിടെ പൂർത്തീകരിച്ച കെട്ടിടത്തിന്റെ പണി മുഴുവൻ ആശാൻ ഒറ്റയ്ക്കായിരുന്നല്ലോ നടത്തിയിരുന്നത്."

"ആളേറെച്ചെയ്യുന്നതിനേക്കാൾ താനേറെച്ചെയ്യുന്നതാണു നന്നെന്ന് കുമാരുവിനു തോന്നിക്കാണും."

"അതെപ്പോഴാണ് ഇടിഞ്ഞു വീഴുക എന്നാണ് ജനങ്ങളുടെ ശങ്ക"

"എന്താ കാര്യം?"

"തീരെ താഴ്ചയില്ലാത്ത വാനത്തിൽ വെറും കാട്ടുകല്ലുകൾ അടുക്കിയാണ് അതു പണിതിരിക്കുന്നത് എന്ന് പലരും പറയുന്നു."

"അയാൾ അങ്ങനെ ചെയ്യുമോ?"

ആവശ്യമെങ്കിൽ ആശാനെപ്പോലും ഉപദേശിക്കുവാൻ ഗുരുസ്വാമി മടിക്കില്ലെന്ന് അവർക്കറിയാം.

ഇവരിൽ ചിലരോടു തന്നെ കുറേനാൾ മുമ്പ് ഗുരു ആരാഞ്ഞു.

"കുമാരനു തെറ്റു വരുമോ?"

അവർക്കാവേശമായി.

ആശാന്റെ കവിതകളിൽ നിന്നും ദോഷൈകദൃക്കുകൾ കണ്ടെത്തിയ പല വാക്യഖണ്ഡങ്ങളും ഉള്ളിൽ പേറി നടക്കുകയായിരുന്നു അവർ. തൽക്ഷണം അവ അവരുടെ മനസ്സിൽ തികട്ടി.

"തെറ്റു വരും സ്വാമീ"

"എവിടെയാണു പിഴ? ചൂണ്ടിക്കാണിക്കാമോ? "

"മഹാരാജാ" ദശരഥൻ എന്നു ബാലരാമായണത്തിൽ കാണുന്നുണ്ട്. ലീലയിൽ 'മനോഖഗ' എന്നും. ഞങ്ങൾ ഇതേപ്പറ്റി അയാളോടു തന്നെ ഖണ്ഡിതമായി പറഞ്ഞു."

"എന്നിട്ടെന്തു മറുപടി കിട്ടി?"





"മഹാരാജൻ എന്നും മനഃഖഗ എന്നും ചൊല്ലാൻ പ്രയാസമായതിനാലാണ് ആലാപനസുഖത്തിനായി ഭേദം വരുത്തിയത് എന്നായിരുന്നു ആശാന്റെ മറുപടി."

നലം തികഞ്ഞ കവീന്ദ്രനും നിശിത വിമർശകനുമായ സ്വാമികൾ തീർപ്പു കല്പിച്ചരുളി.

"അതു ശരിയല്ലല്ലോ. ചൊല്ലാൻ സുഖമുണ്ടെന്നു കരുതി തെറ്റായ പദം സ്വീകരിക്കുകയോ?"

ഇതുപോലെ ഇക്കുറിയും സ്വാമികൾ അയാളെ ശാസിക്കും എന്ന പ്രതീക്ഷയോടെ അവർ കാതു കൂർപ്പിച്ചു നിന്നു.

വാസ്തു നിർമ്മാണത്തിലെ പിഴകളെപ്പറ്റി കേട്ട സ്വാമികൾ ഒരു നിമിഷം ആലോചിച്ചു.

ആശാന്റെ നേർക്ക് അനേകർക്ക് അസൂയയുണ്ടെന്ന് അറിയാം. പക്ഷേ, ഇത്ര രൂക്ഷമായ ആരോപണം ആദ്യമായാണ്. തന്റെ ആത്മഭാജനമായ പ്രിയശിഷ്യനെ തനിക്കു നന്നായി അറിയാം. അതിനാരുടെയും സാക്ഷ്യപത്രം ആവശ്യമില്ല.

ധർമ്മ പരിപാലന യോഗത്തിന്റെ കണക്കുകൾ മുഴുവൻ സൂക്ഷ്മപരിശോധനക്കു വിധേയമാക്കിയ ശേഷം സർക്കാരിന്റെ അസിസ്റ്റന്റ് സെക്രട്ടറി എസ്. ജെ. ജോഷാ എഴുതിയ ഓഡിറ്റ് റിപ്പോർട്ട് താൻ വായിച്ചതാണല്ലോ. അതിൽ അദ്ദേഹം എഴുതി;

"ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റം സമർത്ഥനായ ഉദ്യോഗസ്ഥന്മാരിൽ ഒരാളാണ് മിസ്റ്റർ കുമാരനാശാൻ. ഇത്ര ബഹുലമായ ജോലിയുടെ തൃപ്തികരമായ നിർവ്വഹണത്തിന് ഒരു അസിസ്റ്റന്റ് സെക്രട്ടറി അത്യന്താപേക്ഷിതമായിരുന്നു. മിസ്റ്റർ കുമാരനാശാൻ ഒരു അസിസ്റ്റന്റിനെ കൂടാതെയും ഇവ ചെയ്യുമായിരിക്കാം. പക്ഷേ, അദ്ദേഹത്തിന്റെ പിൻഗാമിക്ക് ഇതു പ്രാണാപഹാരി തന്നെ ആയിരിക്കും. ഇരുപതു കൊല്ലത്തോളമുള്ള എന്റെ ഔദ്യോഗിക പരിചയത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിതു പറയുന്നത്."

ഈ റിപ്പോർട്ട് വായിച്ച് ആശാനെ വരുത്തി മനം നിറഞ്ഞഭിനന്ദിച്ചതുമാണ്. എങ്കിലും ആശാന്റെ നിഷ്കളങ്കതയെപ്പറ്റി ഇവരെ ബോധ്യപ്പെടുത്തണം. കാണാതെ വിശ്വസിക്കാനാവാത്തവർക്ക് കണ്ടു വിശ്വസിക്കാനുള്ള അവസരം നിഷേധിക്കപ്പെടരുത്. അതിനാൽ കല്പിച്ചു.

"നിങ്ങൾപോയി അതു തെളിയിച്ചോളൂ."

അവർ ആഹ്ളാദത്തോടെ പാഞ്ഞു.

ഉടൻ തന്നെ കുറേ പണിയാളുകളെ സംഘടിപ്പിച്ചു.

കൂന്താലിയും മൺവെട്ടിയും കമ്പിപ്പാരയും മറ്റുമുപയോഗിച്ച് കെട്ടിടത്തിന്റെ അടിത്തറയോടു ചേർന്ന മണ്ണ് കുത്തിയിളക്കി വാനം തെളിച്ചു.

വീർപ്പടക്കി നിൽക്കുകയാണ്, നൂറുകണക്കിന് വരുന്ന സമുദായ പ്രവർത്തകർ.

വേണ്ടതിലും കുറേക്കൂടി ആഴത്തിലായിരുന്നു വാനം. ഒന്നാന്തരം കരി

www.malankaralibrary.com



ങ്കല്ലുകൾ നല്ല വീതിയിൽ അടുക്കി ഉറപ്പിച്ച് ബലിഷ്ഠമാക്കിയ ശേഷമാണ് മേല്പ്പണികളെല്ലാം എന്ന സത്യം പകൽപോലെ തെളിഞ്ഞിരിക്കുന്നു.

കറതീർന്ന തനിത്തങ്കമായി അഗ്നിശുദ്ധിയാർജ്ജിച്ച് പൂർവ്വാധികം ഉജ്ജ്വലതയോടെ ജനഹൃദയങ്ങളിൽ ആശാൻ പ്രതിഷ്ഠിതനാവുകയാണ്. പക്ഷേ, ആ സംഭവം ആശാന്റെ നെഞ്ചകത്തെ തല്ലിച്ചതച്ചു. ആത്മവേദന താങ്ങാനാവാതെ പുളഞ്ഞുപോയി.

ദൈവമായിത്തന്നെ ഹൃദയകോവിലിൽ ഇന്നോളം പൂജിച്ചുപോന്ന ഗുരുസ്വാമിപോലും ഈ ശത്രു നിരയെ പ്രതിരോധിക്കാൻ തുനിഞ്ഞില്ലല്ലോ.

മൂടിക്കെട്ടിയ മനസ്സുമായി അന്തിയിൽ അവൻ കൂടണഞ്ഞു. വീടിന്റെ ചുമരിൽ തൂങ്ങിക്കിടന്ന രവിവർമ്മച്ചിത്രത്തിലേക്ക് മിഴികൾ വഴുതി വീണു. എത്രയോ തവണ കണ്ടിട്ടുള്ള ചിത്രമാണത്. പക്ഷേ ഇന്നതു കാണുമ്പോൾ ഇതുവരെ നുകരാത്ത ഒരു വൈയക്തികാനുഭൂതി ഉള്ളിൽ നിറയുന്നു. പർണ്ണാശ്രമത്തിലെ മരച്ചോട്ടിൽ ചിന്താവിഷ്ടയായി തപിച്ചിരിക്കുന്ന സീതാദേവിയുടെ ചിത്രം. ആരെല്ലാം അപഹസിച്ചിട്ടും പരിശുദ്ധയായ സീതാദേവി സങ്കടപ്പെട്ടില്ല. പ്രിയതമനായ ശ്രീരാമൻ തന്റെ ചാരിത്ര്യശുദ്ധിയുടെ തെളിവിനായി അഗ്നിപരീക്ഷയ്ക്ക് ഹേമിച്ചപ്പോൾ പക്ഷേ തകർന്നുപോയി. ഇന്ന് അതേ അവസ്ഥയിലാണു താനും. ചിന്താവിഷ്ടയായ സീതാദേവിയുടെ ആത്മാംശത്തിൽ തന്റെ വേദനകളും ചാലിച്ച് കവിതയുടെ വഴിയേ ഒഴുക്കി വിടാതെ വയ്യ!

ആ ദേവീ ദുഃഖത്തിൽ നിന്നും മിഴിയെടുക്കാനാവാതെ ആശാൻ കുറേ നേരം അങ്ങനിരുന്നുപോയി. ഉള്ളിൽ ചില തീരുമാനങ്ങൾ രൂപപ്പെടുകയാണ്. ഇനി ഈ സംഘടനാ ഭാരവാഹിത്വം തുടരുക അസാദ്ധ്യം. കുറേ നാളുകളായി ആലോചിക്കുന്ന കാര്യമാണ്. എന്നാൽ ഇപ്പോൾ ഉറച്ചുതീരുമാനിച്ചിരിക്കുന്നു. അന്ന് വിവേകോദയത്തിലൂടെ ഇങ്ങനെ അഭ്യർത്ഥിച്ചിരുന്നു.

"........യോഗാരംഭം മുതൽ ഇതുവരെ ഒരു വ്യാഴവട്ടം മുടങ്ങാതെ അദ്ധ്വാനിച്ച് എന്റെ ശരീരത്തിനും മനസ്സിനും അധികമായ ശ്രമം നേരിടേണ്ടി വന്നിട്ടുണ്ട്. ഒരു അസിസ്റ്റന്റ് സെക്രട്ടറിയോടു കൂടിത്തന്നെയും മേലാൽ ഈ ഭാരം വഹിക്കുന്നത് എനിക്ക് അസാദ്ധ്യമാണെന്നുള്ള വസ്തുത കൂടി പ്രധാന ഭാരവാഹികളിൽ പലരേയും ഞാൻ ഇതിനുമുമ്പ് സ്വകാര്യമായി അറിയിച്ചിട്ടുണ്ട്."

ഭാരാധിക്യത്താൽ കൽവഴികളിൽ ഉഴറിവീഴാൻ വേയ്ക്കുന്ന ഋഷഭസമാനം നുര തുപ്പിക്കിതച്ചു നീങ്ങുകയായിരുന്നില്ലേ താനും!

അന്നത്തെ അപേക്ഷയുടെ മുമ്പിൽ അനുവദിച്ചു കിട്ടിയത് വിശ്രമത്തിന്റെ കഷ്ടിച്ചൊരാണ്ട്. ഇനി വയ്യ! ഒരു നാൾപോലും തുടരുക വയ്യ.



## ഇരുപത്താറ്

അതിചിന്തകളുടെ ഭാരം പേറി തൈക്കാട്ടെ വീട്ടിൽ ആശാൻ ഒറ്റയ്ക്കിരുന്നു. പിറവിയിലേ പ്രണയിച്ചുപോയ സ്വാതന്ത്ര്യമോഹമാണ് ഋഷികുടീരത്തിലേക്കു പദംവയ്ക്കുവാൻ പ്രേരണയായത്. പക്ഷേ, അസ്വതന്ത്രതയുടെ കാണാച്ചരടുകൾ ഉയിരിനെ വരിഞ്ഞു മുറുക്കുന്ന അനുഭവം. ഇന്ന് ഇച്ഛാഭംഗം തോന്നുന്നു.

ഏതു വേദനയിലും ഇണപിരിയാത്ത അക്ഷരങ്ങളോടു സല്ലപിച്ച് എഴുത്തുമുറിയിൽ തന്നെയിരുന്നു. വിവിധ പ്രസാധകർ പ്രസിദ്ധീകരിച്ച തന്റെ കൃതികളിലൂടെ ഒന്നു കണ്ണോടിച്ചു. ഏറെ നാളായി തൊടാതെ കിടന്ന ചില പ്രാരംഭകൃതികളെടുത്ത് വെറുതേ മറിച്ചു. 'നിജാനന്ദ വിലാസം' എന്ന ശീർഷകത്തിൽ കരുവാ കൃഷ്ണനാശാൻ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പുറം ചട്ടയിലെ തന്റെ തൂലികാനാമം വായിച്ച് മനം മടുത്തിരിക്കുന്നു. കുമാരദേവരെന്ന സച്ചിദാനന്ദ സ്വാമികളാൽ അരുൾ ചെയ്യപ്പെട്ടത് എന്നാണെഴുത്ത്. അതുപോലെ തന്നെ, ധർമ്മയോഗത്തിന്റെ വാർഷികത്തിൽ മൂലൂർ എഴുതി ച്ചൊല്ലിയ കവിതയിലെ ഈരടികളും സ്മരണയിലുണ്ട്.

'പിന്നെ സ്വാമീ കടാക്ഷത്താൽ മന്നിൽ സദാ കീർത്തിയോലും
ചിന്നസ്വാമി എൻ.കെ ആശാൻ ജയിച്ചിടേണം.'

ചിന്നസ്വാമിയെന്ന വിശേഷണം കാണുന്ന മാത്രയിൽ പേനയുടെ മൂർച്ചയാൽ നിഷ്കരുണം വെട്ടിക്കളയുകയാണ് ഇപ്പോൾ.

ബ്രഹ്മചര്യമാണ് തന്നെ ഇപ്പോൾ അസ്വതന്ത്രനാക്കുന്നത്. പുരുഷാർത്ഥങ്ങളിൽ മുഖ്യമായ കാമത്തെ നിരാകരിച്ച് ജീവിത സാക്ഷാത്കാരത്തിനു വിഘാതമായ ആശ്രമജീവിതം തന്റെ കവനശക്തിയെ ചോർത്തിക്കളയുന്നില്ലേ എന്നാണാശങ്ക. ഇങ്ങനെ നാനാവിധ വിചാരങ്ങളിൽ കുരുങ്ങി ഒരു പകൽ മുഴുവൻ ഇരുന്നു കളഞ്ഞു.

വൈകുന്നേരം അയ്യപ്പൻ വന്നു

ആശാൻ, കൂടെ പാർപ്പിച്ചിരിക്കുകയാണ് അയ്യപ്പനെ. അനന്തപുരിയിൽ ഉദ്യോഗസ്ഥനാണ് അയ്യപ്പൻ.

"തിരക്കൊഴിഞ്ഞ് ആദ്യമായാണല്ലോ കാണുന്നത്. എന്തുപറ്റി?"

വന്നപാടെ അയാൾ സാകൂതം തിരക്കി.

"പണിയെടുത്തു തളർന്നയ്യപ്പാ. ഇനിയെങ്കിലും എനിക്കെന്റെ കാര്യംനോക്കണം."

പ്രധാനപ്പെട്ട ഒരഭ്യർത്ഥന എന്ന മട്ടിൽ അയ്യപ്പൻ പറഞ്ഞു.

"തച്ചക്കുടിയിലെ കുമാരു റൈട്ടർ എന്നെക്കാണാൻ വന്നിരുന്നു."

www.malankaralibrary.com



"അതെന്തിന്?" ജിജ്ഞാസയോടെ തിരക്കി. ആശാന് റൈട്ടർ വളരെ പ്രിയപ്പെട്ട ആളാണ്. സൗമ്യനും ആഢ്യനുമായ ഒരു സമുദായപ്രമാണി. ധർമ്മ പരിപാലന യോഗത്തിന്റെ ഓഡിറ്ററും ഉപാദ്ധ്യക്ഷനുമായിരുന്നു.

തച്ചക്കുടിത്തറവാട് അതിപുരാതനമാണ്. അദ്ദേഹം ഇപ്പോൾ താമസി ക്കുന്ന കുന്നുകുഴിയിലുള്ള കമലാലയം ബംഗ്ലാവിൽ ആശാൻ പലതവണ പോയിട്ടുണ്ട്.

"അദ്ദേഹത്തിന്റെ ഭാനുമതി എന്ന മകൾക്ക് പഠിക്കണമെന്നുണ്ട്. പഠിപ്പി ക്കാൻ ആശാനെ കിട്ടുമോ എന്നു എന്നോടു ചോദിച്ചു."

"അയ്യപ്പനെന്തു പറഞ്ഞു?"

"മറ്റാരായിരുന്നെങ്കിലും സാധ്യമല്ല എന്നു ഞാൻ പറഞ്ഞേനേ. വിവേ കോദയം എന്ന പാഠപുസ്തകത്തിലൂടെ ജനലക്ഷങ്ങളെ പഠിപ്പിച്ചു പോരുന്ന ആശാന്റെ വിലപ്പെട്ട സമയം കേവലം ഒരാൾക്കുവേണ്ടി ചെലവാക്കുക എന്നു പറഞ്ഞാൽ....!"

"ശരിയാണ്. തച്ചക്കുടി തറവാട്ടുകാരുടെ ആവശ്യം നിരാകരിക്കാനാവില്ല. കുമാരു റൈട്ടറുടെ ജ്യേഷ്ഠപുത്രനായ ഡോക്ടർ പല്പുവല്ലേ എന്നെ ഉപ രിപഠനത്തിനു നിർലോപം സഹായിച്ചത്. സമയം ഒത്തുകിട്ടുമ്പോഴൊക്കെ പോയി പഠിപ്പിക്കാൻ ശ്രമിക്കാം"

ഒരു അപരാഹ്ണത്തിൽ അങ്ങനെ കമലാലയം ബംഗ്ലാവിൽ ആശാനെ ത്തി.

ചെടികളും തൈമരങ്ങളും നിറഞ്ഞ ഗൃഹാങ്കണം. വെൺമണൽ വിരിച്ച വിശാലമായ മുറ്റത്തിലൂടെ നടന്നു. പൊതുവേ നിശ്ശബ്ദമാണന്തരീക്ഷം. പൂക്കളുടെ വാസന തുടിച്ചു നിൽക്കുന്നു. നാസിക വിടർത്തി വാസനിച്ചു നിന്നു. ചെമ്പകത്തിന്റേതാണോ, നന്ത്യാർവട്ടത്തിന്റേതോ അതോ പാരിജാത ത്തിന്റേതോ? തേൻകുരുവികൾ തത്തിക്കളിക്കുന്ന മുല്ലപ്പടർപ്പിൽനിന്നും കു ടമുല്ലയുടെ ഒരു ചെറിയ പൂങ്കുല ആശാൻ നുള്ളി എടുത്ത് കോട്ടിന്റെ കീശ യിലാഴ്ത്തി. തുളസിത്തറയിൽ തഴച്ചു നിന്ന കൃഷ്ണതുളസിയുടെ ഒരു കതിർ ഇറുത്ത് ഒന്നു മണത്തു.

ചരടുവലിച്ച് ഓട്ടുമണിയെ ഉണർത്താൻ ആയുമ്പോഴേക്കും ഒരു പെൺകുട്ടിയുടെ മന്ദ്ര മധുരശബ്ദം കാതിലേക്ക് കിനിഞ്ഞിറങ്ങി.

തൊടിയിൽ നിന്നാണ്.

"ന്റെ പൂവാലീ...... നീ ഇതു കുടിച്ചില്ലേൽ ഈ ഭാനു പിണങ്ങും ട്ടോ."

പടറ്റിവാഴകൾ തഴച്ച തൊടിയിലേക്ക് ആശാന്റെ മിഴികൾ നീണ്ടു. അവൾ പൈക്കിടാവിനെ കുടിപ്പിക്കാൻ കുനിഞ്ഞിരിക്കുകയാണ്. സമൃദ്ധമായ മുടി ച്ചാർത്തു ചൂഴ്ന്ന പ്രസന്ന മുഖം കാർമേഘങ്ങൾക്കിടയിലെ പൊന്നമ്പിളി കണക്കേ പ്രകാശിക്കുന്നു. കറുത്ത കിടാവിന്റെ തിരുനെറ്റിയിലെ മനോഹര മായ വെള്ളച്ചുട്ടിയിൽ സ്വർണ്ണവളക്കൈകൊണ്ട് അവൾ തഴുകുകയാണ്. ആശ്രമ വാടിയിൽ മാൻപേടയ്ക്കൊപ്പം നിൽക്കുന്ന ശകുന്തളയെപ്പോലെ. തങ്കവളകളുടെ കിലുകിലാരവത്തിനൊപ്പം അവളുടെ കൊച്ചു വർത്തമാനവും





ഇണചേർന്നുയരുന്നു. പ്രായം മധുരപ്പതിനേഴിന്റെ പടിവാതിൽക്കലെത്തി നിൽക്കുന്നു.

"ഭാനൂ ...." ആശാൻ നീട്ടിവിളിച്ചു.

അവൾ അതു കേട്ടക്ഷണം തിരിഞ്ഞുനോക്കി. തിടുക്കത്തിൽ പിടഞ്ഞെ ഴുന്നേറ്റു. ഇടനെഞ്ചിൽ വലംകരം വച്ച് അതിശയത്തോടെ 'ഈശ്വരാ' എന്നു ച്ചരിച്ച് അവൾ പിന്നാമ്പുറത്തേക്ക് ഒരു പാച്ചിൽ.

പാളത്തൊട്ടി കിണറ്റിലേക്കെറിഞ്ഞ് തൂമയേറും കൈകളാൽ അവൾ അതിവേഗം ജലം കോരിയെടുത്തു. പൂക്കളുടെ പടങ്ങൾ തുന്നിയ പാവാട ചെറ്റു ചെരിച്ചുയർത്തിക്കുത്തി വെളുത്ത കണങ്കാലുകളെ അവൾ ജലപൂരി തങ്ങളാക്കി. അവളുടെ കാല്പാദങ്ങളിൽ ഉമ്മ വച്ചു കിടന്നിരുന്ന പൊൻ പാദസരങ്ങൾ അപ്പോഴും നിർത്താതെ കിന്നരിക്കുന്നുണ്ടായിരുന്നു. അവൾ കൈകളും മുഖവും കഴുകി. തെല്ലു കുനിഞ്ഞ് പാവാടയുടെ താഴറ്റം ഉയർത്തി മുഖം തുടച്ചു.

ആശാൻ മെല്ലെ നടന്ന് പ്രവേശന കവാടത്തിനു മുമ്പിൽ വന്നു നിന്നു. അവൾ പിന്നാമ്പുറവാതിൽ വഴി വീട്ടിനുള്ളിൽ കടന്ന് ഓടിവന്ന് മുൻ വാതാ യനം മലർക്കെ തുറന്നുകൊടുത്തു.

നേർത്ത പരിഭ്രമത്തോടെ അവൾ കരംകൂപ്പി താണു നമിച്ചുകൊണ്ട് ആശാനെ സ്വീകരണശാലയിലേക്കു ക്ഷണിച്ചു. നല്ലൊരു തടിക്കസേര പൊടി തുടച്ചു വെടിപ്പാക്കി വേഗം ഒരുക്കിവച്ചു. ആശാൻ അതിലമർന്നു.

അവൾ ഉള്ളിലേക്ക് നോക്കി വിളിച്ചു.

"അമ്മേ.....അമ്മേ....."

ധാരാളം മുറികളുള്ള ആ വലിയ ബംഗ്ലാവിന്റെ അകത്തളങ്ങളിൽ മണി നാദം പോലെ ആ സ്വരം മുഴങ്ങി. നിലവറയോടു ചേർന്നുള്ള മുറിയിൽ നിന്നും അമ്മ ഒരു ഊന്നുവടിയുടെ സഹായത്താൽ മെല്ലെ നടന്നുവന്നു. വടി മാറ്റിവച്ച് അമ്മയെ അവൾ താങ്ങി നടത്തി മുൻഭാഗത്തെ മുറിയിലേക്കാനയി ച്ചു.

"ഇത്ര വയ്യാത്ത സ്ഥിതിയിലാണെന്ന് ഞാനറിഞ്ഞിരുന്നില്ലല്ലോ." ആശാൻ പറഞ്ഞു.

അവരുടെ വിളറിയ മുഖത്ത് ചിരിയുടെ ലാഞ്ഛന പടർന്നു. പതിഞ്ഞ സ്വരത്തിൽ അവർ പറഞ്ഞു.

"എനിക്കു വയ്യാണ്ടായതോടെ ഇവൾടെ പഠിപ്പു മുടങ്ങിയതാ ഞങ്ങടെ പ്രയാസം. നല്ല മിടുക്കിയായി പഠിച്ചു വന്നതാ."

ആശാൻ അവളെ കരുണാപൂർവ്വം ഒന്നു നോക്കി. വിഷാദപൂർണ്ണയായ അവൾ മുഖം താഴ്ത്തിനിന്നു.

"മറ്റു കുട്ടികൾ പഠിക്കുന്നുണ്ടല്ലോ." ആശാൻ തിരക്കി.

"ഉണ്ട്, അവരിപ്പം പള്ളിക്കൂടം വിട്ട് വരും. അവരുടെ കാര്യങ്ങളും വീട്ടു കാര്യങ്ങളുമെല്ലാം ഭാനു ഒറ്റയ്ക്കു ചെയ്യുകയാണ്."

"ഭാനുവിനു ഞാൻ പാഠങ്ങൾ പറഞ്ഞുകൊടുത്തുകൊള്ളാം." ആശാൻ

www.malankaralibrary.com



സമാധാനിപ്പിച്ചു.

സമാശ്വാസത്തോടെ അവൾ നെടുതായൊന്നു നിശ്വസിച്ചു. പഠനമുറി അവൾ ഒരുക്കി.

ഗുരുപീഠം പ്രതിഷ്ഠിച്ചു. കരിവീട്ടിയിൽ കടഞ്ഞ ഒരു ഗംഭീരാസനം. ഒരു ചെറുമേശയും അതിനുനേരേ തന്റെ ചെറിയ കസേരയും സജ്ജീകരിച്ചു.

അമ്മയെ അവൾ താങ്ങി നടത്തി കിടക്കറയിലെത്തിച്ചു. പിന്നീട് ഓടിയെത്തി ഗുരുവിന്റെ മുമ്പിൽ ആദരവോടെ നിന്നു.

"ഇരിക്കൂ." വാത്സല്യാതിരേകം ചൂഴ്ന്ന ഗുരുമൊഴി. അവൾ അനുസരിച്ചു.

മുമ്പിൽ നിൽക്കുന്നത് എങ്ങും കീർത്തികേട്ട മഹാത്മാവാണ്. ഇതൊരു കേവലനായ മനുഷ്യൻ തന്നെയോ എന്ന ഭക്തിപാരവശ്യ ചിന്തയാണ് ഉള്ളിയിൽ നിറയുന്നത്. ആശാൻ മെല്ലെ ജനലരികിലേക്കു നീങ്ങി. അവൾ തുന്നിയിട്ട നീലപ്പട്ടിന്റെ മറ നീക്കി പുറത്തേക്കു കണ്ണോടിച്ചു. അവൾ നട്ടുനനച്ച പച്ചക്കറിത്തോപ്പിന്റെ ഹരിതത്തഴപ്പിൽ ആശാന്റെ മിഴിയിണ കുളിർത്തു. പാവലും പടവലവും വെണ്ടയും വെള്ളരിയുമെല്ലാം ഫലസമൃദ്ധിയോടെ കാറ്റിൽ സംഘനൃത്തമാടുകയാണ്.

"ഭാനുവാണോ ഈ തോട്ടമൊക്കെ പരിപാലിക്കുന്നത്?"

"ഉം"

"ഈ വിരൽകൊണ്ടു തൊട്ടാൽ എന്തും പൊന്നാകുമല്ലോ." അവൾ വ്രീളാവിവശയായി.

"എനിക്കും കൃഷിയോടേറെ ആഭിമുഖ്യമുണ്ട് പക്ഷേ നേരം തീരെയില്ല."

ആശാന്റെ പക്കലൊരു സംസ്കൃത ഗ്രന്ഥമുണ്ട്. പക്ഷേ അതു തുറക്കാനുള്ള മട്ടൊന്നുമില്ല. ആദ്യദിനമല്ലേ എന്നു കരുതിയാവാം.

അവളെ ഉറ്റുനോക്കി ആശാൻ ചോദിച്ചു.

"അമ്മയ്ക്ക് സുഖമില്ലെങ്കിൽ ഒരു അടുക്കളക്കാരിയെ കണ്ടെത്താമായിരുന്നില്ലേ. സമർത്ഥയായ ഭാനുവിന് പഠിപ്പു തുടരാമായിരുന്നല്ലോ."

"അമ്മയുടെ അസുഖം ശരീരത്തിനു മാത്രമല്ല."

"പിന്നെ മാനസിക പ്രശ്നവുമുണ്ടോ?"

"ഒറ്റയ്ക്കായിപ്പോയാൽ അമ്മയ്ക്ക് വല്ലാത്ത വീർപ്പു മുട്ടലാണ്. എപ്പോഴും ഇരുന്നു കരയും."

"എന്താ... കാരണം?"

"എന്റെ മൂത്ത ചേച്ചിയെ വിവാഹം ചെയ്തയച്ചിരുന്നു. പക്ഷേ, വേഗം മരിച്ചുപോയി. അതമ്മയ്ക്ക് താങ്ങാനായില്ല."

"അപ്പോൾ, അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ! വിവേകികൾ' എന്ന കവിവാക്യം ഭാനുവിനു നന്നായി ഇണങ്ങും."

"അത് അങ്ങയുടെ നളിനിയിലേതല്ലേ."

ആനന്ദം തുളുമ്പുന്ന ആശ്ചര്യ ഹൃദയത്തോടെ ആശാൻ ഒരു നിമിഷം അവളുടെ സഹൃദയത്വത്തിനു മുമ്പിൽ നിന്നുപോയി.

എന്നിട്ട് സ്നേഹവായ്പോടെ അവളെ ഉറ്റുനോക്കി ചോദിച്ചു.





"എന്റെ ഏതെല്ലാം കവിതകൾ വായിച്ചിട്ടുണ്ട്?"

"ഒത്തിരി."

"ഏറ്റം ഇഷ്ടം തോന്നിയത് ഏതു കവിതയാണ്"

"എല്ലാം ഇഷ്ടമാണ്."

അവൾ ആശ്ചര്യത്തോടെ തുടർന്നു.

"ഇത്രയും കൃത്യതയുള്ള പദസ്വീകാര്യത മറ്റാരുടെയും കവിതകളിൽ കാണാൻ കഴിയില്ല. എങ്ങനെയാണിതു സാധിക്കുന്നത്!"

"സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്; ഏകഃ ശബ്ദഃ സമ്യക്ജ്ഞാതഃ സുഷ്ഠു പ്രയുക്തഃ സ്വർഗ്ഗേ കാമധുക് ഭവതി എന്ന്. അതായത് ഒരൊറ്റ പദം നല്ലവണ്ണം മനസ്സിലാക്കി കഥാസ്ഥാനത്തു പ്രയോഗിച്ചാൽ സ്വർഗ്ഗം ലഭിക്കും. ഈ ബോധ്യം എനിക്കു വേണ്ടുവോളമുണ്ട്. ആകട്ടെ എന്റെ ഏതെങ്കിലും കവിതയുടെ നാലുവരി ഓർമ്മയുണ്ടോ?ഉണ്ടെങ്കിൽ ഒന്നു ചൊല്ലാമോ?"

നല്ലീണത്തിൽ ഒരു കവിത മുഴുവൻ അവൾ ചൊല്ലി. ആശാന്റെ ആശ്ചര്യം ഇരട്ടിച്ചു.

"സംഗീതം അഭ്യസിച്ചിട്ടുണ്ടോ? നല്ല വാസനയുണ്ടല്ലോ."

"കുറേ പഠിച്ചു. അമ്മയ്ക്കു വയ്യാതായതോടെ അതും മുടങ്ങി."

അവളുടെ വർത്തമാനത്തിന്റെ മധുരമധു നുകർന്ന് ആശാൻ മതിമറന്നിരുന്നുപോയി.

"വീട്ടുകാർ പറഞ്ഞുതന്ന ഒരു ചരിത്രം ഞാൻ പറയട്ടെ?"

അവൾ അനുമതി തേടി.

"പറയൂ, കേൾക്കട്ടെ. നിന്റെ വർത്തമാനം കേട്ടിരിക്കാൻ നല്ല രസമുണ്ട്."

അവൾ ഉത്സാഹഭരിതയായി. ചടുലതയോടെ അവൾ വാചാലയായി.

"പതിനാറു കൊല്ലങ്ങൾക്കു മുമ്പ് അങ്ങ് കൽക്കത്തയിൽ നിന്ന് മടങ്ങിയെത്തിയ അന്നു തന്നെ ഇവിടെ വന്നിരുന്നില്ലേ?"

"അതേ, ഞാനോർക്കുന്നു. അത്ര വലിയ ആത്മബന്ധമാണ് എനിക്കീ വീടിനോടുള്ളത്. അന്നെന്തു സംഭവിച്ചു?"

"അന്നീ വീട്ടിൽ ഒരു കുഞ്ഞിനെ അമ്മ പ്രസവിച്ച കാര്യം ഓർക്കുന്നുണ്ടോ? "

"ഓർക്കുന്നു. ആ കുഞ്ഞ്, ഭാനുവായിരുന്നോ?"

"അതേ. ഇനി മറ്റൊരനുഭവം കൂടിയുണ്ട്."

"അതും പറയൂ...."

"അങ്ങയെ ചിന്നസ്വാമി എന്നല്ലേ ആളുകൾ വിളിക്കാറ്"

"ആളുകൾ അങ്ങനെ വിളിക്കാറുണ്ട്. എന്നാൽ എനിക്കതിഷ്ടമല്ല."

''അതെന്താ."

"അതൊക്കെ പിന്നീട് ഞാൻ പറഞ്ഞുകൊള്ളാം. ഇപ്പോൾ നിന്റെ കാര്യങ്ങൾ കേൾക്കട്ടെ."

"അതിനെ ലോപിപ്പിച്ച് 'ചിന്ന' എന്നാണ് അങ്ങയെ ചൂണ്ടി ചിലർ എന്നോട് പറഞ്ഞത്. അങ്ങ് ഇവിടെ വന്നപ്പോൾ അതാ 'ചിന്ന' എന്നു പറഞ്ഞ്

www.malankaralibrary.com



അമ്മ എന്നെ ഒക്കത്തെടുത്തു വച്ച് ചൂണ്ടിക്കാട്ടിയിരുന്നു. ചിന്ന എന്നതു പെണ്ണുങ്ങൾക്കുള്ള പേരാണല്ലോ. അതെങ്ങനെ ഒരാണിനു കിട്ടി എന്നായിരുന്നു അഞ്ചു വയസ്സുകാരിയായ എന്റെ അന്നത്തെ സംശയം.."

ആശാൻ മനം നിറഞ്ഞ് ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു.

അവളും മുഖം പൊത്തി കുടുകുടെ ചിരിച്ചു.

ആശാനും വിട്ടില്ല.

"ഭാനുമതി എന്ന പദത്തിന്റെ അർത്ഥമെന്താ? പ്രകാശമുള്ളവൾ, സുന്ദരി എന്നൊക്കെയാണ്. ഈ ഭാനുമതിയും അങ്ങനെ തന്നെയാണുതാനും. എന്നാൽ 'ഭാനു' എന്നു മാത്രം വിളിക്കുമ്പോൾ അതൊരു പുരുഷനാമമായി തോന്നാം."

ചുമരിൽ തൂക്കിയിട്ട നാഴികമണി ആറ് അടിച്ചു. ആശാൻ എഴുന്നേറ്റു കൊണ്ടു പറഞ്ഞു;

"ശരി , ഇപ്പോൾ ഞാനിറങ്ങട്ടെ. അടുത്ത ദിവസം മുതൽ പഠിപ്പിച്ചു തുടങ്ങാം."

"നാളെ മുതലോ?" ഉത്സാഹത്തിന്റെ പൂത്തിരികൾ അവളുടെ നക്ഷത്ര മിഴികളിൽ പ്രകാശിച്ചു.

"നോക്കട്ടെ."

"ഞാൻ കാപ്പിയെടുക്കാം. കുടിച്ചിട്ടേ പോകാവൂ."

"തീർച്ചയായും. ആ കൈപ്പുണ്യം കൂടി ഒന്നറിയാമല്ലോ."

കാപ്പിക്കായി ആശാൻ കാത്തുനിന്നു.

മിന്നിപ്പാറുന്ന പൂത്തുമ്പിയെപ്പോലെ അവൾ അടുക്കളയിലേക്കൊരു പാച്ചിൽ.

ചെറു ചരുവത്തിൽ ഇത്തിരി തെളിവെള്ളമെടുത്ത് അവൾ തീയടുപ്പിൽ വച്ചു. പാൽപാത്രം മൂടി മാറ്റി നോക്കി. ഒരു തുള്ളി ശേഷിച്ചിട്ടില്ല. തൽക്ഷണം ഒരോട്ടുമൊന്തയിൽ വെള്ളവുമായി എരുത്തിലിലേക്കൊരു ഓട്ടം. പശുവിന്റെ അകിടു കഴുകി വെടിപ്പാക്കി പാൽ പിഴിഞ്ഞെടുത്തു. ഇളം ചൂടാർന്ന പൈംപാൽ ഒരു തുടം. അതവൾ തിളച്ചു മറിയുന്ന ചുടുനീരിനോടു ചേർത്തു. ചക്കരയും ചുക്കിന്റെ ഒരു നുറുക്കും കാപ്പിപ്പൊടിയും നിക്ഷേപിച്ചു. വെള്ളത്തുണിയിൽ അരിച്ചെടുത്ത ചക്കരക്കാപ്പി ഒരോട്ടുകിണ്ണത്തിൽ പകർന്ന് ക്ഷണനേരം കൊണ്ട് തിണ്ണയിലെത്തി ആശാനു നേരേ നീട്ടി.

"ആഹാ! ഇത്രവേഗം പാൽക്കാപ്പിയോ!" ആശാൻ സാകൂതം അതു വാങ്ങി. ചൂടോടെ അയാൾ അത് ഊതിക്കുടിച്ചു.

മധുവുണ്ണുന്ന മനോജ്ഞനായ കരിവണ്ടിനെ എന്നപോലെ അവൾ ആശാനെ നോക്കി നിന്നു.

അവളുടെ കുസൃതി മനസ്സ് അപ്പോൾ ആത്മമന്ത്രണം ചെയ്തു

"കുടിക്കുമെങ്കിൽ ഞാനെന്നും പാൽക്കാപ്പി തരാം. ഈ കറുത്ത നിറം ഒന്നു തെളിഞ്ഞു കിട്ടട്ടെ."



## ഇരുപത്തേഴ്

സമുദായ പ്രമാണിമാർ തൈക്കാട്ടെ വീട്ടിൽ ഒത്തുകൂടി. അനിവാര്യകാര്യങ്ങളിൽ അടിയന്തിര തീരുമാനം സ്വീകരിക്കേണ്ടതുണ്ട്. കാര്യാലയത്തിൽ ഈയിടെയായി ആശാനെ കാണാതായതിനാൽ ഭരണസമിതിയംഗങ്ങൾ അദ്ദേഹത്തെ തേടി പാർപ്പിടത്തിൽ എത്തിയിരിക്കുകയാണ്. മുൻകൂട്ടി നിശ്ചയിച്ചിരുന്ന ചർച്ചകൾ സമാരംഭിക്കാനുള്ള മുഹൂർത്തം എത്തിയിരിക്കുന്നു.

കുളിച്ചൊരുങ്ങി നടക്കമ്പു ചുഴറ്റി പൂമുഖപ്പടിയും കടന്ന് വെളിയിലേക്കു തിടുക്കത്തിലിറങ്ങി നടക്കുന്നതിനിടയിൽ ആശാൻ അലക്ഷ്യമായി പറഞ്ഞു.

"എനിക്കിന്നു നേരം തീരെയില്ല. നിങ്ങൾ തന്നെ യോഗം കൂടിക്കോളൂ. എനിക്കു മറ്റൊരു പരിപാടിയുണ്ട്"

പ്രമാണിമാർ വിസ്മയപുരസ്സരം മിഴിച്ചു നോക്കി. ആശാന്റെ കയ്യിലിരുന്ന സംസ്കൃത പുസ്തകം അവരുടെ കണ്ണിലുടക്കി. അവർ സന്ദേഹിച്ചു.

"ഇയാളിത് എന്തിനുള്ള പുറപ്പാടാ?"

വീട്ടിലുണ്ടായിരുന്ന അയ്യപ്പനോട് അവർ കാര്യം തെരക്കി.

അയാൾ വെട്ടിത്തുറന്നു പറഞ്ഞു.

"അദ്ദേഹത്തെ ഇങ്ങനെ നിരുന്മേഷിയാക്കിയത് നിങ്ങളിൽ ചിലരൊക്കെത്തന്നെയാ. സമുദായത്തിനുവേണ്ടി ഒരു ജീവിതം ഹോമിച്ച ആ മഹാമനുഷ്യനെ നിങ്ങൾ നിരന്തരം കല്ലെറിയുകയായിരുന്നില്ലേ?"

"അയാളിപ്പോൾ പുസ്തകവുമായി എങ്ങോട്ട് പോകുന്നു."

"പണം കക്കുന്നു എന്നു വരെ ആക്ഷേപിച്ചവരില്ലേ? ഇനി നിങ്ങളുടെ ഒരു ചില്ലിക്കാശു പോലും വാങ്ങില്ലെന്ന് ആശാൻ ശപഥം ചെയ്തിരിക്കുകയാ. വല്ലപാടും ആർക്കെങ്കിലും പാഠം പറഞ്ഞുകൊടുത്തെങ്കിലും ആ പാവം ഉപജീവനം കഴിച്ചോട്ടെ."

കമലാലയം ബംഗ്ലാവിൽ ആശാൻ അല്പം മുൻകൂട്ടിത്തന്നെ എത്തി. പിന്നാപ്പുറത്തിരുന്ന് മെഴുക്കുപാത്രങ്ങൾ ചാരംതേച്ചു കഴുകി മിനുക്കുന്നതിനിടയിൽ ആരുടെയോ കാൽപ്പെരുമാറ്റം കേട്ട് മുൻ വശത്തെത്തിയ അവൾ ആശാനെക്കണ്ട് ചിറയിൽ തടഞ്ഞ അരുവിപോലെ നിന്നു പോയി.

തലേ രാവിലുടനീളം ആശാന്റെ മനസ്സിൽ അവളുടെ മനോഹര രൂപവും മധുരമൊഴികളുമായിരുന്നു. അവൻ അവളെ ആകാംക്ഷയോടെ നോക്കി.

ഇത്ര നേരത്തേ അദ്ദേഹം എത്തുമെന്നവൾ കരുതിയില്ല. അന്നു വരുമെന്നുപോലും വാക്കുതരാതെയണല്ലോ തലേന്ന് അദ്ദേഹം മടങ്ങിയത്. എങ്കിലും യഥാസമയം കുളിച്ചു വെടിപ്പായി കാത്തിരിക്കണമെന്നു കരുതിയതാണ്. പക്ഷേ............

www.malankaralibrary.com



പൗർണ്ണമിയുടെ ശാലീനത പടർന്ന ആ സുന്ദരമുഖം നോക്കി ആശാൻ ചിരിച്ചു. ദൃഷ്ടിദോഷം ഭവിക്കാതിരിക്കത്തക്കവിധം കരിപ്പാത്രത്തിൽനിന്നും പടർന്ന കരി അവളുടെ മുഖത്തു കളങ്കമായിക്കിടന്നു.

"ഞാൻ നേരത്തെ വന്നു പ്രയാസപ്പെടുത്തിയോ?"

"ഞാനല്ലേ അങ്ങയെ ബുദ്ധിമുട്ടിക്കുന്നത്. കയറി ഇരിക്കൂ. അങ്ങയുടെ നേരം നഷ്ടപ്പെടുത്താതെ ഞാനിപ്പം വന്നേക്കാം."

"ഭാനുവും കൂടെ വന്നോളൂ. നീഹാരമണിഞ്ഞ താമരത്താരു പോലെ വിയർപ്പു പൊടിഞ്ഞ ഈ മുഖം കഴുകാനൊന്നും നില്ക്കേണ്ടാ. ചന്ദ്രനിലെ നിഴൽപ്പാടുപോലെ, കരിയുടെ കളങ്കവും ഈ പൂംകവിളിൽ അങ്ങനെ തന്നെ ഇരുന്നോട്ടെ"

ഈ അംഗീകാരങ്ങൾക്കു മുമ്പിൽ അവൾ നാണിച്ചു പോയി. കരുണാർദ്രമായ ഈ നോക്കും വാക്കുമെല്ലാം എത്ര വലിയ ആശ്വാസൗഷധമാണ് തന്റെ ഈ വ്യാകുലാവസ്ഥകളിൽ ഇറ്റിക്കുന്നത്.

സ്വകാര്യമുറിയിൽ അവർ മുഖതാവിൽ ഇരുന്നു. കോട്ടിന്റെ കീശയിൽ നിന്നും വെളുത്ത ഒരു പട്ടുറുമാലിൽ പൊതിഞ്ഞു വച്ച എന്തോ ഒന്നെടുത്ത് ആശാൻ അവൾക്കു സമ്മാനിച്ചു കൊണ്ട് ചോദിച്ചു. "ഞാനെഴുതിയ 'കപോതപുഷ്പം' വായിച്ചിട്ടുണ്ടോ?"

തെല്ലു നേരം ആലോചിച്ച് അവൾ പറഞ്ഞു

"കുറേ നാൾ മുൻപ് ആത്മപോഷിണിയിൽ വായിച്ചിരുന്നു"

"ഇത്ര നല്ല വാസനയുള്ള പൂവ് വേറെയുണ്ടോ എന്നു സംശയമാണ്. ഞാനത് നമ്മുടെ കാഴ്ചബംഗ്ലാവിലെ തോട്ടത്തിൽ വച്ചാണ് ആദ്യമായി കണ്ടത്. വെള്ളപ്പൂവിൽ ഒരു മാടപ്പിറാവ് ഇരിക്കുന്ന വിധമാണ് ആ കാഴ്ച. ഞാനത് ഇറുത്തെടുത്ത് ഒരു നിധി പോലെ പെട്ടിയിൽ സൂക്ഷിച്ചു വച്ചിരിക്കുകയായിരുന്നു. ഉണങ്ങിയിട്ടും വാസന ഇപ്പോഴുമുണ്ട്. ഇല്ലേ?"

ആ വിശേഷപുഷ്പത്തിന്റെ മങ്ങിയ മധുരഗന്ധം അവൾ നാസികയാൽ ഊറ്റി വലിച്ചു. തുടുത്ത ചുണ്ടിണകൾ അപ്പോൾ അതിന്മേൽ അമരുന്നതു കണ്ട് ആശാൻ കോരിത്തരിച്ചു പോയി.

ആത്മനിർവൃതിയുടെ ഓമനപ്പകലുകൾ മധുരക്കിനാവുകൾ പോലെ ആടിത്തിമിർത്ത് അരങ്ങൊഴിഞ്ഞുകൊണ്ടിരുന്നു. പുതിയവയ്ക്കു വേണ്ടി ഇരുവരും കാത്തിരുന്നു. മറ്റെല്ലാം വിസ്മൃതമാകുന്ന ഏകാഗ്രമായ രാഗാരാധനയുടെ പൂജാവേളകൾ.

അനുഭവനിറവാർന്ന ആ മഹാഗുരുവിൽ നിന്നും നിരവധികാര്യങ്ങൾ അവൾക്ക് അഭ്യസിക്കാനുണ്ടായിരുന്നു. സാഹിത്യ മീമാംസകളുടെ ലാവണ്യാനുഭൂതികളിലേക്ക് അവളുടെ മനസ്സിനെ ആശാൻ കൂട്ടിക്കൊണ്ടുപോയി. ആ കാഴ്ചകൾ അവളുടെ കാമനകളെ വർണ്ണാഭമാക്കി. ആദർശങ്ങളെ വിമലീകരിച്ചു. അറിവിന്റെ ഗിരിമകുടത്തിലേക്ക് അതിസാവധാനമാണ് ഗുരു അവളെ കരം പിടിച്ചു കൊണ്ട് പോകുന്നത്. കുടുംബഭാരത്തിന്റെ മേൽ പഠനഭാരം കൂടി വച്ചുകൊടുത്ത് പാവത്തിനെ അസഹ്യപ്പെടുത്തരുതല്ലോ. ഗുരുവിന്റെ





ആ കാരുണ്യമാണ് അവളുടെ സമാശ്വാസം. രാത്രിയിൽ ക്ഷീണാർത്തയായി കിടക്കയിൽ അഭയപ്പെട്ടാലും അവൾക്കുറക്കം വരാറില്ല. ആശാനെപ്പറ്റി ഓരോന്നോരോന്നോർത്ത് അവൾ രോമാഞ്ചമണിഞ്ഞ് അങ്ങനെ നേരം കഴിക്കും.

അദ്ദേഹത്തിന്റെ സാമിപ്യം എന്തൊരുന്മേഷദായകമാണ്. ചില എഴുത്തു ജോലികൾ തന്നെ ഏൽപ്പിച്ച് അദ്ദേഹം കസേരയിൽ ഒന്നു ചാഞ്ഞിരിക്കും. മേശമേൽ നീട്ടിവച്ച കൈകളിൽ തുറന്നുവച്ച ഒരു പുസ്തകം കാണും. എങ്കിലും മിക്കപ്പോഴും മിഴി രണ്ടും തന്റെമേൽ വട്ടമിട്ടു ചുറ്റിപ്പറന്നുകൊണ്ടിരിക്കും. ഇടയ്ക്ക് താനും അദ്ദേഹത്തിന്റെ നേർക്ക് ഒന്നു കടക്കണ്ണെറിഞ്ഞെന്നിരിക്കും. അപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ഒരു കുസൃതിച്ചിരി പരക്കും. താൻ നാണംകൊണ്ടു ചൂളിപ്പോകും.എഴുത്തിൽ മുഴുകാൻ ശ്രമിക്കും. പക്ഷേ, പിന്നതിനു കഴിഞ്ഞെന്നു വരില്ല. നാലു കണ്ണുകൾ ഇടയ്ക്കിടെ ഒളിഞ്ഞും തെളിഞ്ഞും പരസ്പരം നോക്കി മൗനസാന്ദ്രമായ കഥകളും കവിതകളും കൈമാറിക്കൊണ്ടിരിക്കും. ചുമരിൽ നാഴികമണി സമയം വിളംബരം ചെയ്യുമ്പോഴാവും ഇരുവർക്കും സ്ഥലകാല ബോധമുണ്ടാവുക. അദ്ദേഹത്തിന്റെ ക്ലാസ്സ് രാപകൽ നീണ്ടുനിന്നിരുന്നെങ്കിൽ എന്നാണവളുടെ ദാഹം. അവൾക്കൊത്തിരി കാര്യങ്ങൾ പറയണമെന്നുണ്ട്. പക്ഷേ, പേടിയാണ്. കൊട്ടിയടച്ച വാതിലിനടുത്ത് അച്ഛനോ, അമ്മയോ, ജ്യേഷ്ഠനോ കാതുകൾ കൂർപ്പിച്ചു നില്പുണ്ടെങ്കിലോ! ഇപ്പോൾത്തന്നെ പലരിലും ചില സന്ദേഹങ്ങളുടെ ഫണങ്ങൾ ഉയർന്നു തുടങ്ങിയിട്ടുണ്ടുപോലും.

"അച്ഛാ...അച്ഛാ...ആശാനദ്ദേഹം എത്ര നന്നായിട്ടാണെന്നോ സംസ്കൃതം പഠിപ്പിക്കുന്നത്. എനിക്കു കൂടുതൽ പഠിക്കണമെന്നുണ്ട്. പക്ഷേ സമയം തീരെ തികയുന്നില്ല."

ഒരു സന്ധ്യയിൽ അവൾ അച്ഛനോടാവശ്യപ്പെട്ടു.

പുന്നാരപ്പുത്രിയുടെ ഏത് ഇച്ഛകൾക്കു മുമ്പിലും ആ അച്ഛൻ വഴങ്ങിപ്പോകും.

അത്രകണ്ടു ജീവനാണ് അയാൾക്കവളെ.

"അദ്ദേഹം ഈയിടെയായി സംഘടനാ പ്രവർത്തനങ്ങളിൽനിന്നും അകന്നു നിൽക്കുകയാണ്. എത്രനാൾ ഇങ്ങനെ തുടരുമെന്നറിയില്ല. എന്തായാലും മോൾടെ ആഗ്രഹം ഞാൻ പറഞ്ഞുനോക്കാം."

ഒരു ദിവസം ക്ലാസ്സു കഴിഞ്ഞപ്പോഴേക്കും ഒരുഗ്രൻ മഴ അലറിപ്പെയ്തു തുടങ്ങി. മണിക്കൂറുകൾ കാത്തിട്ടും തോരുന്നില്ല. വഴികളാകെ പെരുമഴയിൽ ചെളിനിറഞ്ഞു. സന്ധ്യ കനക്കുകയും ചെയ്തു.

"ഇന്നിവിടെത്തങ്ങാം ആശാനെ."

റൈട്ടർ നിർബന്ധിച്ചു.

"പക്ഷേ, ഞാനൊന്നും കരുതിയിട്ടില്ലല്ലോ."

"മൂന്നു കാര്യങ്ങളല്ലേ വേണ്ടൂ. ഭക്ഷണം, പാർപ്പിടം, വസ്ത്രം. ഈ മൂന്നിനും ഈശ്വര കൃപയാൽ ഇവിടെ കുറവൊന്നുമില്ല."

ഒരു കുളിക്കുള്ള വട്ടം കൂട്ടുകയാണ് അശാൻ. അതു നിരീക്ഷിച്ചറിഞ്ഞ്

www.malankaralibrary.com



ഭാനു കർത്തവ്യബോധത്തോടെ പയ്യെപ്പറഞ്ഞു.

"കുളിപ്പുരയിൽ ഞാൻ വെള്ളം കോരിവച്ചിട്ടുണ്ട്."

അവൾക്കു മാത്രം കേൾക്കാവുന്നത്ര മൃദുവായി അയാളും പ്രത്യുത്തരിച്ചു, ഒരു കള്ളച്ചിരിയോടെ .

"ആ വെള്ളത്തിൽ നീ പോയി കുളിച്ചോളൂ. എനിക്കു കുളിക്കാൻ പ്രകൃതിമാതാവ് ആകാശത്തിന്റെ ജലധാരാസ്നാനയന്ത്രം ഇതാ പ്രവർത്തിപ്പിച്ചു തുടങ്ങിയിരിക്കുന്നു."

അയാൾ പരിയത്തെ ഇരുൾപ്പടർപ്പിന്റെ മറവിലേക്കിറങ്ങി മഹാവർഷത്തിൽ ആഴ്ന്നു നിന്നു.

ജലം അയാൾക്ക് എക്കാലവും കളിത്തോഴനാണ്. വർഷമായും ജലധിയായും തന്റെ പ്രാണനെ കുളിർപ്പിക്കുന്ന പ്രാദുർഭാവം.

കവിതകൾ നീട്ടിച്ചൊല്ലി സ്നാനലീലയിൽ അയാൾ അഭിരമിക്കുകയാണ്.

അടുക്കളയിൽ അത്താഴമൊരുക്കുന്ന തിരക്കിനിടയിലും അവൾ ആ ആലാപനരുചി ആവോളം നുണഞ്ഞു നിന്നു. മഴയിൽ നിന്നും ആ മഴമേഘവർണ്ണൻ തിരിച്ചു കയറി തിണ്ണയിൽ നിന്ന് ഉടൽ തോർത്തി. അലമാരയിൽ തേച്ചു വച്ചിരുന്ന മുണ്ടും ജുബ്ബയും റൈട്ടർ എടുത്തുകൊടുത്തു. അതണിഞ്ഞ് മുടി ചീകി ഒതുക്കി വിശാല ഫാലത്തിൽ നെടുകെ വിഭൂതിയും ചാർത്തി ആശാൻ ഭജനമുറിയിലേക്കു കടന്നു വന്നു.

കുളിച്ച്, മഞ്ഞപ്പട്ടിന്റെ പാവാടയും ബ്ലൗസുമണിഞ്ഞ് ഈറനാർന്ന മുടി ത്തഴപ്പ് ഭംഗിയായി ചീകി, പൊട്ടിട്ട് നിലവിളക്കിന്റെ പൊൻപ്രകാശത്തിലിരുന്ന് മണിനാദത്തിൽ ഭാനുമതി ഭാഗവതകാവ്യവും ഗുരുദേവകീർത്തനങ്ങളും ആലപിച്ചു.

തീൻമുറിയിലിരുന്ന് സരസഭാഷണത്തിന്റെ അകമ്പടിയോടെ അവർ ആഹരിച്ചു. പിന്നെ ആ രാഗകുബേരൻ, രഹസ്യ നിനവുകളുടെയും സുന്ദര സ്വപ്നങ്ങളുടെയും നിലവറയായ നീലരാവിന്റെ മടിത്തട്ടിലേക്ക് ചാഞ്ഞുകിടന്നു.

റൈട്ടർ പിറ്റേന്നു രാവിലെ ആശാനോടഭ്യർത്ഥിച്ചു.

"ആശാന് ഇനിമുതൽ എന്റെ വീട്ടിലേക്ക് താമസം മാറ്ററുതോ. ബംഗ്ലാവിൽ മുറികൾ അധികമാണ്. കൂടുതൽ സമയമെടുത്ത് മോളെ പഠിപ്പിക്കുകയും ചെയ്യാമല്ലോ. ഒറ്റയ്ക്കു കഴിയുന്നതിന്റെ മടുപ്പും മാറിക്കിട്ടും."

മകളെ പഠിപ്പിച്ച് തുടങ്ങിയിട്ട് ഒരുമാസം പൂർത്തീകരിച്ചപ്പോൾ റൈട്ടർ കുറേ പണമെടുത്ത് ആശാനുനേരെ നീട്ടിയിരുന്നു.

"എന്താ ഇത്?" ആശാൻ ചോദിച്ചു.

"പഠിപ്പിച്ചു തുടങ്ങിയിട്ട് ഇന്ന് ഒരു മാസമായിരിക്കുന്നു."

റൈട്ടർ വച്ചു നീട്ടിയ ശമ്പളം വാങ്ങാതെ ആശാൻ പറഞ്ഞു.

"ഞാനെന്താ അന്യനാണോ? ഭാരിച്ച ഫീസ് തന്ന് എന്നെ പഠിപ്പിച്ച ഡോക്ടർ പല്പുവിന്റെ വീട്ടുകാരോട് എനിക്കുമില്ലേ കടപ്പാടുകൾ? മാത്രമല്ല,ഗുരുകുല ശിക്ഷണത്തിൽ തുക പറഞ്ഞുവാങ്ങുന്ന പതിവും ഇല്ലല്ലോ."

"എങ്കിൽ ഇത് ഗുരുദക്ഷിണയാണെന്നു കരുതിക്കോളൂ."





"പഠിപ്പുകഴിയട്ടെ. അവസരം വരുമ്പോൾ ഞാൻ ഗുരുദക്ഷിണ വാങ്ങിക്കൊള്ളാം. എന്താ?"

"സന്തോഷം."

അങ്ങനെ പ്രതിഫലം വാങ്ങാതെ പഠിപ്പിക്കുന്ന ഗുരുവിനെയാണ് റൈട്ടർ, കമലാലയം ബംഗ്ലാവിലേക്കു താമസം മാറ്റാൻ നിർബന്ധിക്കുന്നത്.

ആശാനു സന്തോഷമായി. അതിലേറെ ആഹ്ലാദം പ്രിയശിഷ്യയ്ക്കായിരുന്നു.

ദിനചര്യകളിൽ കണിശക്കാരനായ ആശാന്റെ ഏതാവശ്യവും യഥാവിധി പാലിക്കാൻ അവൾ ജാഗരൂകയായി. അസാമാന്യമായ അച്ചടക്കവും ആത്മനിയന്ത്രണവുമുള്ള ആശാന്റെ മനസ്സ് ഒരുനിമിഷാർദ്ധത്തിൽപോലും പിഴയ്ക്കുകയോ ഇടറുകയോ ചെയ്തില്ല. അതേസമയം ആത്മബന്ധങ്ങളുടെ ഇഴയടുപ്പം വഴി ദർശന മഹത്വത്തിന്റെ പ്രായോഗികജ്ഞാനം അവൾക്കാവോളം പകർന്നുകൊടുത്തുകൊണ്ടുമിരുന്നു.

"ലോകമെന്ന പ്രതിഭാസത്തിൽ വൈരുദ്ധ്യങ്ങളുണ്ട്. ശരി ഏതെന്നു വിവേചിച്ചറിഞ്ഞ് ധർമ്മനിഷ്ഠയോടെ അവയെ മുറുകെ പിടിച്ചുകൊള്ളണം. അതേ സമയം പൂർണ്ണ സത്യം ഒന്നേയുള്ളൂ. അതാണു ബ്രഹ്മം. രാഗവൈരാഗ്യങ്ങൾ തമ്മിലുള്ള അനുരഞ്ജനമാവണം ജീവിതം. ഗുരുസ്വാമി പോലും ഭൗതികജീവിതത്തെ നിരാകരിച്ചു പറഞ്ഞിട്ടില്ല. ലോകത്തെ നിഷേധിക്കുന്നത് ദൈവനിന്ദയാണ്. സത്യം, ധർമ്മം, ദയ, ശാന്തി, അഹിംസ എന്നീ പഞ്ചപുണ്യാനുശീലനത്താൽ മോക്ഷം ലഭിക്കും. ബ്രഹ്മ സ്നേഹത്തെ ലോകാനുരാഗങ്ങളോടു സംയോജിപ്പിച്ചു പവിത്രീകരിക്കുകയാണ് വേണ്ടത്. ചുരുക്കത്തിൽ ആത്മാവിന്റെ നിത്യതയെ ആദരിക്കുകയും ലൗകികനശ്വരതകളെ ആനന്ദപൂർണ്ണങ്ങളാക്കുകയും വേണം."

ദാർശനിക പാഠങ്ങൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇടയ്ക്കിടെ അങ്ങനെ പറഞ്ഞുപോവുകയാണ്. എന്നാൽ ഇതിനേക്കാൾ അവൾക്കിഷ്ടം ആശാന്റെ സാഹിത്യക്ലാസ്സുകളാണ്. അതുകേട്ട് പകലറുതിയോളം അവൾ ഒറ്റയിരുപ്പിരിക്കും. പഠിപ്പിക്കുന്നതിനിടയിൽ സ്വന്തം മോഹങ്ങളും മോഹഭംഗങ്ങളും സന്താപങ്ങളും സന്ത്രാസങ്ങളുമൊക്കെ ആശാന്റെ നെഞ്ചിൽ നിന്നും ചോർന്നു വീഴും. ചിലപ്പോൾ അവൾ അതു കേട്ട് തേങ്ങിക്കരയും. എന്നിട്ടവൾ ആശാനെ സാന്ത്വനപ്പെടുത്തും.

ഒരു സായന്തനത്തിൽ അവളോടു പറഞ്ഞു

"ഭാനൂ, എനിക്കു നാളെ രാവിലെ ഗുരുവിനെ കാണാൻ പോകണം."

"എനിക്കറിയാമല്ലോ. ഗുരുദേവന്റെ അറുപതാം ജയന്തി ആഘോഷമല്ലേ നാളെ."

"മിടുക്കി! നീ ഉറക്കമുണരുമ്പോഴേക്കും ഞാൻ പാതിദൂരം പിന്നിട്ടിരിക്കും, കേട്ടോ."

പിറ്റേന്നു പതിവിലും നേരത്തേ ആശാൻ ഉറക്കമുണർന്നു.

പുലർച്ചെ മൂന്നു മണിക്ക്.

www.malankaralibrary.com



വാതിൽ തുറന്നിറങ്ങുമ്പോൾ അതാ, എരിയുന്ന ഓട്ടുവിളക്കു കയ്യിലേന്തി അവൾ വാതില്ക്കൽ കാത്തുനില്ക്കുന്നു. ക്ഷേത്രനട തുറക്കുമ്പോൾ കണി കാണുന്ന ദേവീവിഗ്രഹം പോലെ! ദന്തധാവനചൂർണ്ണവും എണ്ണയും തിളച്ചാറിയ വെള്ളവും അവൾ ഒരുക്കി വച്ചിരിക്കുന്നു!

തെളിനീർ നിറഞ്ഞ ഓട്ടുമൊന്ത അദ്ദേഹത്തിനു നേരേ അവൾ നീട്ടി.

അദ്ദേഹമതു വാങ്ങി.

ഒരു നിമിഷാർദ്ധത്തിനുള്ളിൽ ഏതോ ദിവ്യമായൊരു അഭിനിവേശം ആശാനെ ആവേശിച്ചു. വലതു കരം നീട്ടി തൊട്ടു മുമ്പിൽ നില്ക്കുന്ന അവളുടെ മൂർദ്ധാവിൽ വച്ചു. നാലരപ്പതിറ്റാണ്ടു കണ്ട ഗുരു ഒരു തരുണിയെ ബോധപൂർവ്വം സ്പർശിച്ച ആദ്യമുഹൂർത്തം!

അരുമശിഷ്യയുടെ നേർക്കുള്ള ഗുരുവിന്റെ അനുഗ്രഹസ്പർശം എന്നതിലുപരി അവളിലത് അവർണ്ണ്യമായൊരു ആഭൂതിയായി പടർന്നു.

അവൾ വികാര വായ്പോടെ യാചിച്ചു.

“ഇതു ഗുരുനാഥന്റെ അനുഗ്രഹ സ്പർശം. എന്നാൽ ഒന്നുകൂടി കിട്ടാനുണ്ട്; പ്രാണനാഥന്റെ വകയായി. അതും കൂടി തരൂ. തരില്ലേ?”

ആശാൻ തെല്ലു പരിഭ്രമിച്ചു. അവകാശം എന്നതു പോലെയാണവൾ ആവശ്യപ്പെടുന്നത്.

താരുണ്യവസന്തം വിരുന്നു വന്ന ആ മധുരപ്പതിനേഴുകാരിയെക്കണ്ട് ആശാന്റെ മാംസത്തിന്റെ ഓരോ അണുവിലും വല്ലാത്തൊരു മോഹവികാരം നുരയുകയായിരുന്നു.

ഒരു നിമിഷം കൊണ്ട് അവളെ വാരിപ്പുണർന്നു; മൃദുലമായ പൂങ്കവിളിൽ അമർത്തി ഉമ്മവച്ചു.

അടുത്തനിമിഷം ആശാൻ കുതറിമാറി.

ചുറ്റും നോക്കി. ആരെങ്കിലും കണ്ടുവോ? ഇരുട്ടിന്റെ കരിമ്പടം പുതച്ചിരുന്നതു ഭാഗ്യം.

ദിവ്യാനുഭൂതിയുടെ സഹസ്രദളപത്മം ആ സ്പർശത്തിൽ അവളുടെ സുഷുപ്നാ കേന്ദ്രത്തിൽ വിരിഞ്ഞു നിന്നു.

നീലാകാശക്കൂടാരത്തിലെ നക്ഷത്രക്കുട്ടികൾ ആ രംഗം കണ്ട് കണ്ണിറുക്കിച്ചിരിച്ചു.

ഞെട്ടിപ്പോയ ഏതാനും മുല്ലമലരുകൾ ഞെട്ടറ്റു നിലം പറ്റി.

ഏതോ അനശ്വര ശില്പി വെൺകുളിർക്കല്ലിൽ കടഞ്ഞെടുത്ത ദേവീവിഗ്രഹം പോലെ ആ ദീപ പ്രഭയിൽ അവൾ സ്വയം മറന്നങ്ങനെ നിന്നു പോയി



# ഇരുപത്തെട്ട്

“ഭാനൂ... നീ നില മറന്നു പെരുമാറുകയാണോ എന്നാണ് എന്റെ സംശ്യം”

“അമ്മയെന്താ ഇങ്ങനെ പറയുന്നത്?”

“ഞാൻ കേൾക്കുന്നുണ്ട്, കതകടച്ച മുറിയിൽ അദ്ദേഹത്തിന്റെ മുമ്പിലിരുന്ന് നീ പൊട്ടിച്ചിരിക്കുന്നതും കളിവാക്കു പറയുന്നതും”

“അത്.... അമ്മേ..... അദ്ദേഹം ഓരോന്നു പഠിപ്പിച്ചു വരുമ്പോൾ അറിയാതെ പൊട്ടിച്ചിരിച്ചു പോകുന്നതാ....”

“നീ എന്നെ പറ്റിക്കാൻ നോക്കേണ്ട. ഞാനും ഈ പ്രായമൊക്കെ കഴിഞ്ഞു തന്ന്യാ വന്നത്. ഇങ്ങനൊക്കെ പെരുമാറാൻ അദ്ദേഹം ആരാണെന്നാ നിന്റെ വിചാരം? മലയാളനാട് അടക്കി വാഴുന്ന കവിയല്ല്യോ. ഗുരുദേവനുശേഷം ഈഴവരുടെ സ്വാമിയായിത്തീരേണ്ട ആളല്ല്യോ.”

ഭാനുവിന്റെ മുഖത്തെ ഭാസുരത ഒട്ടൊന്നു മങ്ങി. അവൾ സ്ഥിരീകരിച്ചു പറഞ്ഞു.

“അമ്മയ്ക്കൊന്നുമറിയില്ല. അദ്ദേഹം കുടുംബജീവിതം ആഗ്രഹിക്കുന്നുണ്ട്. ”

“മിണ്ടിപ്പോകരുത് ഇങ്ങനൊന്നും. നമ്മുടെ പല്പു പോലും ചിന്നസ്വാമിയെന്നാ വിളിക്കുന്നത്. അങ്ങനെയുള്ള അദ്ദേഹമെങ്ങനെയാ കുടുംബക്കാരനാകുന്നത്! അങ്ങനാരുന്നേൽ പണ്ടേ ആകാരുന്നില്ലേ? എന്തിനാ, ഈ പത്തമ്പതു കൊല്ലം കാത്തത്”

“ഓരോന്നിനും അതതിന്റേതായ മുഹൂർത്തങ്ങൾ ഈശ്വരൻ കുറിച്ചു വച്ചിട്ടുണ്ടമ്മേ.”

“എന്തായാലും നീ അടക്കമൊതുക്കത്തോടെ കഴിഞ്ഞോണം. ആളുകളെക്കൊണ്ട് ഒന്നും പറയിപ്പിച്ചേക്കരുത്. അച്ഛനിങ്ങു വരട്ടെ; ഉടനെ തന്നെ നിന്നെ കെട്ടിച്ചയയ്ക്കാനുള്ള വഴിനോക്കാൻ പറയാം.”

“അമ്മേ........ ” അവൾ കരഞ്ഞു പോയി.

“ന്താ കുഞ്ഞേ....”

“ഞാനമ്മയോടൊരു സത്യം പറയാം.”

“ന്താ?”

“അദ്ദേഹത്തിനെന്നെ ജീവനാണ്.”

“അങ്ങനദ്ദേഹം പറഞ്ഞോ?” അമ്മ പരിഭ്രാന്തയായി ശബ്ദിച്ചു.

“എനിക്കറിയാം.”

“ഈശ്വരാ, ഇനി എന്താ സംഭവിക്ക്വോന്ന് ആർക്കറിയാം!”

വൈകിട്ട് അച്ഛനെത്തി. അമ്മ കാര്യങ്ങൾ തുറന്നു പറഞ്ഞു.

www.malankaralibrary.com



അയാൾ അത്ഭുതപ്പെട്ടു.

"ഗുരുസ്വാമിയുടെ ഉറ്റശിഷ്യനാണല്ലോ ആശാൻ. അദ്ദേഹം വിവാഹിതനാകണമെങ്കിൽ സ്വാമിയുടെ അനുവാദം വേണ്ടേ? സ്വാമി അതിനനുവദിക്കുമോ?"

ഗാഢമായി ചിന്തിച്ച് റൈറ്റർ തുടർന്നു.

"ഇനി ഗുരുസ്വാമി സമ്മതിച്ചാൽത്തന്നെ പ്രായവ്യത്യാസം ഒരു പ്രശ്നമാവില്ലേ? അദ്ദേഹത്തിനു നാല്പത്തഞ്ചു വയസ്സുണ്ട്. നമ്മുടെ മോൾക്ക് പതിനേഴല്ലേയുള്ളൂ. മാത്രമല്ല, ഗുരുവും ശിഷ്യയും തമ്മിൽ വിവാഹം കഴിക്കുകയെന്നു വച്ചാൽ......?"

അരമനരഹസ്യം എങ്ങിനെയൊക്കെയോ അങ്ങാടിപ്പാട്ടാവുകയാണ്. ഭാനുവിന്റെ വീട്ടിലെ ആശാന്റെ വാസം നേരത്തേതന്നെ കുശുകുശുപ്പുകൾക്ക് കാരണമായിരുന്നു. ശത്രുപക്ഷത്തിനു കൊണ്ടുപിടിച്ചാഘോഷിക്കാൻ കിട്ടിയ ഉദ്വേഗജനകമായ വിഷയം. ഇല്ലാക്കഥകളുടെ മസാലകൾ ചേർത്ത് നാനാവിധകഥകൾ നാടെങ്ങും അവർ വച്ചു വിളമ്പി.

ആശാനെ സ്നേഹിച്ചിരുന്നവർ പോലും വാർത്ത കേട്ടു ഞെട്ടി. അവർക്കതു വിശ്വസിക്കാനായില്ല.

ഉന്നതശീർഷനായ മഹാകവി കുമാരനാശാൻ അപക്വമതിയായ ഒരു കൊച്ചുപെണ്ണിനെ സംബന്ധം ചെയ്യുമെന്നോ!

ഇതെന്തസംബന്ധം! ശിവ ശിവ!....

അന്നു സന്ധ്യയിൽ നിറകണ്ണുകളോടെ അവൾ ആശാനോടു പറഞ്ഞു.

"നാടെങ്ങും അപവാദകഥകളാണ്. പുറത്തിറങ്ങാൻ മേലാ. എങ്ങനെ ഞാനിതെല്ലാം സഹിക്കും?"

"നമുക്കു വിവാഹിതരാകാം."

ശത്രുക്കളുടെ വാക്കിനും നോക്കിനും മുമ്പിൽ തോല്ക്കാൻ മനസ്സില്ലാത്ത ആശാൻ കുസലെന്യേ പറഞ്ഞു.

സഗാഢമായ പര്യാലോചനകളുടെ പരിണതിയായിരുന്നു ആ തീരുമാനം.

"ഈശ്വരാ! എനിക്കു സമാധാനമായി!"

അവളുടെ ആഹ്ലാദമൊന്നു കാണേണ്ടതു തന്നെ. ആനന്ദം അടക്കാനാവാതെ അവളുടെ മനം തുള്ളിച്ചാടി. അദ്ദേഹം പറഞ്ഞാൽ അതു നടക്കും എന്നവൾക്കുറപ്പാണ്. ഏതു പ്രശ്നങ്ങളുടെ കൊടുങ്കാറ്റിനു മുമ്പിലും വിഹ്വലപ്പെടാത്ത ഉരുക്കു ഹൃദയമാണത്.

ആചാരപ്രകാരം തന്നെ വിവാഹിതരാകാനാണു നീക്കം. ആശാൻ, തന്റെ സുഹൃത്തായ മാധവൻ വൈദ്യരെ ചെന്നു കണ്ടു. ഡോക്ടർ പല്പുവിന്റെ അനുജനാണ്. പണ്ട് കുറേക്കാലം അയാൾക്കൊപ്പം ആശാൻ താമസിച്ചു പോന്നിട്ടുണ്ട്.

അയാൾ കമലാലയം ബംഗ്ലാവിലെത്തി ആശാനുവേണ്ടി മുറപ്രകാരം ഭാനുമതിയെ ചോദിച്ചു. ആശാന്റെ ജ്യേഷ്ഠൻ കൃഷ്ണനും അനുജൻ ഗോവിന്ദ





നും ഒപ്പമുണ്ടായിരുന്നു.

റൈറ്റർ എതിരൊന്നും പറഞ്ഞില്ല. ഉള്ളിന്റെ ഉള്ളിൽ ആയാൾക്ക് ഈ ബന്ധത്തിൽ അഭിമാനമേയുള്ളൂ. ഇത്ര അപരിമേയ വ്യക്തിത്വമുള്ള ഒരു കീർത്തിമാനെ മരുമകനായി കിട്ടുക വലിയകാര്യമല്ലേ? പ്രായാന്തരത്തെ ചൊല്ലി മാത്രമാണ് ഉള്ളിലൊരു ചാഞ്ചാട്ടം. എങ്കിലും പരസ്യമായി അനുകൂലിക്കാനും അയാൾക്കാവില്ല. സമുദായപ്രമാണിയാണല്ലോ റൈറ്ററും.

എങ്കിലും അണിയറയിൽ കാര്യങ്ങൾ രഹസ്യമായി പുരോഗമിക്കുന്ന മട്ടാണ്.

ഈ അനുകൂലാവസ്ഥയിൽ എതിരാളികൾ കലിതുള്ളി.

അവർ ഭാനുമതിയുടെ ജ്യേഷ്ഠനെ ചെന്നു കണ്ടു. അയാളുടെ ചൂടൻ പ്രകൃതിയെ ഫലപ്രദമായി വിനിയോഗിക്കാനാണ് പ്രതിയോഗികളുടെ ശ്രമം.

ക്ഷിപ്രക്ഷോഭിയായ അയാളിൽ നിന്നും ഇക്കാര്യം റൈട്ടർ വളരെ ഗോപ്യമായി വച്ചിരിക്കുകയായിരുന്നു. പ്രതിയോഗികൾ ഓരോ നീക്കവും അയാളെ അറിയിച്ചുകൊണ്ടിരുന്നു. ഒരു കൊടുങ്കാറ്റുപോലെ അയാൾ ആശാന്റെ മുമ്പിൽ വന്നു നിന്ന് ആർത്തലച്ചു.

"ബ്രഹ്മ നിർവ്വഹണത്തിനായി ഇറങ്ങിത്തിരിച്ച സന്ന്യാസിയാണ് താങ്കൾ. അങ്ങനെയുള്ള ആൾ അനുരാഗിയാവുകയെന്നുവച്ചാൽ! അതും എട്ടും പൊട്ടും തിരിയാത്ത ഒരു കൊച്ചുപെണ്ണിനോട്.....!"

പഠിപ്പും വിവരവുമുള്ള ആരോപകന്റെ ആഗ്നേയ ഭർത്സനങ്ങൾക്കു മീതേ സൗമ്യതയുടെ കുളിർമഴ പൊഴിച്ച് ആശാൻ സ്വന്തം നിലപാടുകളെ യുക്തിപൂർവ്വം ശരിവച്ചു.

"എന്റെ ജീവിതം എന്റെ വകയാണ്. മറ്റുള്ളവർക്ക് ഉപദ്രവകരമല്ലാത്ത വിധത്തിൽ എന്റെ ഉത്തമ താത്പര്യങ്ങളെ പരിരക്ഷിക്കാനും എല്ലാ കഴിവുകളും വികസിപ്പിച്ച് ഒരു പൂർണ്ണജീവിതം നയിക്കാനുമുള്ള അവകാശം എനിക്കുണ്ട്. അതിനെ നിങ്ങൾ തടയുന്നത് ധർമ്മമോ ബുദ്ധിയോ ആയിരിക്കുമോ?"

ആരോപകൻ അതു ഗൗനിച്ചില്ല.വീണ്ടും കൊമ്പുകോർക്കാൻ തന്നെയാണു ഭാവം.

"മലയാള നാടിന്റെ പൊതു സ്വത്തായ ഒരു മഹാപ്രതിഭ ഗൃഹസ്ഥാശ്രമത്തിലേക്കു കടക്കുന്നത് ജനതയോടു ചെയ്യുന്ന മഹാപരാധമാണ്. യഥാർത്ഥ കവിതകളുടെ വസന്തം വിരിയിച്ച ആൾതന്നെ അതു നശിപ്പിച്ചു കളയുകയാണ് ഇതുമൂലം ചെയ്യുന്നത്."

അതിനും നൽകി നല്ല മറുപടി.

"വിവാഹിതരാരും ഇതുവരെ നല്ല കവിത എഴുതിയിട്ടില്ല എന്നു നിങ്ങൾ വാദിക്കുമെങ്കിൽ അതു സാഹിത്യചരിത്രത്തിന് കടക വിരുദ്ധമായ ഒരു സാഹസമായിരിക്കും. ഗൃഹസ്ഥാശ്രമികളിൽ നിന്നാണ് ലോകോത്തരങ്ങളായ കാവ്യങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് ഓർമ്മിക്കണം. എന്റെ മികച്ച കവിതകൾ ഇനിമേലാണ് പ്രവഹിക്കാൻ പോകുന്നത്. അതു നിങ്ങൾ നോക്കിക്കൊള്ളുക.

കാളിദാസൻ, രഘുവംശത്തിൽ പറയുന്നു, 'നദീ മുഖേനേവ സമുദ്രമാ

www.malankaralibrary.com



വിശത്.' അതായത്, നദീമുഖം ഉണ്ടെങ്കിൽ ലോകം മുഴുവൻ ചുറ്റിസഞ്ചരിക്കാൻ കഴിയുമെന്ന്. ഇവിടെ, വിവാഹം എന്റെ നദീമുഖമാണ്. ഈ നദീമുഖപ്രവേശത്തിലൂടെ ഇന്നോളം എനിക്കന്യമായിരുന്ന അനുഭവലോകങ്ങളിലേക്ക് ഞാനൊന്നു സഞ്ചരിച്ച് എന്റെ വ്യക്തിത്വത്തെ വികസ്വരമാക്കിക്കൊള്ളട്ടെ."

ഭാനുവിന്റെ സഹോദരൻ വീണ്ടും കയർത്തു.

"എന്റെ പെങ്ങളുടെ പ്രായത്തിന്റെ മൂന്നിരട്ടിയോളം പ്രായമുള്ള ആളുമായി....ഛേ!"

ഖണ്ഡനത്തിന്റെ ഉടവാൾ ആ ആരോപണത്തിന്റെ മേലും ആശാൻ ആഞ്ഞുവീശി.

"നവയൗവനം കഴിഞ്ഞ് ഒന്നോ രണ്ടോ പ്രസവിക്കുമ്പോൾ സാധാരണയായി സ്ത്രീകൾക്ക് പ്രായം ഏറെ തോന്നിക്കും. നാല്പത്തിയഞ്ചായ എന്റെ പ്രായം ഒരു വയസ്സായി ഞാൻ കരുതുന്നതേയില്ല. എന്റെ ആരോഗ്യവും ശരീരശക്തിയും അനന്യസാധാരണമാണെന്ന് ഞാൻ അഭിമാനിക്കുന്നു. ഈ കൂടുവിട്ട് ജീവൻ പോകുന്നത് എങ്ങനെയെന്നു പോലും എനിക്കു പലപ്പോഴും അത്ഭുതം തോന്നാതിരുന്നിട്ടില്ല. ഇനി മറ്റെന്തെങ്കിലും ആക്ഷേപം ഉന്നയിക്കാനുണ്ടോ...?"

അവസാനമായി അയാൾ ഇങ്ങനെ വെല്ലുവിളിച്ചുകൊണ്ടു തിരിച്ചു പോയി.

"എന്തായാലും ഗുരുസ്വാമിയുടെ അനുവാദമില്ലാതെ വിവാഹം നടക്കില്ലല്ലോ. സ്വാമികൾ ഇതിനെ അനുകൂലിക്കില്ലെന്ന് എല്ലാവർക്കുമറിയാം."

പിറ്റേ ലക്കം വിവേകോദയത്തിൽ ആശാന്റെ സ്ഥിരം കുറിപ്പു വിഭാഗമായ ലോക വാർത്തകളിൽ ഇങ്ങനൊരു സംഭവം അദ്ദേഹം എഴുതി.

"എഴുപതു വയസ്സുള്ള ഒരു പെൻഷൻഡ് ഉദ്യോഗസ്ഥൻ തന്റെ പുത്രപൗത്രാദികളുടെയും ബന്ധുക്കളുടെയും മറ്റും തടസ്സത്തെ വകവയ്ക്കാതെ പതിനാറു വയസ്സുപ്രായമുള്ള ഒരു ബാലികയെ വിവാഹം ചെയ്യാൻ തീർച്ചയാക്കിയിരിക്കുന്നതായി മദിരാശിയിലെ ചില പത്രങ്ങളിൽ കാണുന്നു. ഈ അനാശാസ്യമായ വിവാഹത്തിന്റെ ഔചിത്യക്കുറവിനെ ചൂണ്ടിക്കാണിച്ചവരോട് വധുവിന്റെ വീട്ടുകാർ പറയുന്നത്, യുവാക്കന്മാരെ വിവാഹം ചെയ്ത അനേകം ബാലികകൾ വിധവകളായിത്തീർന്നിട്ടുണ്ടെന്നും നേരേ മറിച്ച് ബാലികകളെ വിവാഹം ചെയ്തശേഷം അനേകം വൃദ്ധന്മാർ ദീർഘകാലം ജീവിച്ചിരുന്നിട്ടുണ്ടെന്നും മറ്റുമാണ്. ഈ ദമ്പതികളുടെ ദാമ്പത്യസുഖത്തിന് അടുത്തകാലത്തൊന്നും വിഘ്നം വരുത്താതിരിക്കാൻ പ്രാർത്ഥിക്കയല്ലാതെ നമുക്കെന്തു ചെയ്യാം."

ആശാന്റെ ഒറ്റയാൾ പ്രതിരോധത്തെ ഭേദിച്ച് അപവാദത്തിന്റെ വിഷപ്പടർപ്പുകൾ വളർന്നുകൊണ്ടിരുന്നു. ഈ അശനിപാതങ്ങളിലും തുണ അയ്യപ്പൻ മാത്രമായിരുന്നു.

വിവാഹദിവസം നിശ്ചയിച്ചു.

ചിങ്ങം ഏഴിന് വ്യാഴാഴ്ച രാത്രി ഏഴരയുടെ ശുഭമുഹൂർത്തത്തിൽ.





കർക്കിടകത്തിലെ കരിമേഘങ്ങളെ ചിങ്ങമാസത്തിന്റെ സൂര്യരശ്മികൾ തുരത്തി ഓടിക്കുകയാണ്.

വിവാഹവിവരം പലരേയും എഴുതി അറിയിച്ചു. പരമപ്രമുഖനായ ഗുരുസ്വാമിയെ മാത്രം വിവരമറിയിച്ചില്ല. അവിടുത്തെ അനുഗ്രഹം കാംക്ഷിച്ചെഴുതാൻ തൂലിക പലതവണ കയ്യിലെടുത്തതാണ്. പക്ഷേ, എന്തുകൊണ്ടോ ഒന്നും എഴുതാനായില്ല. അവസാനം രണ്ടും കല്പിച്ചു ഗുരുവിനെഴുതി; സംസ്കൃതശ്ലോകങ്ങളിൽ.

"പ്രിയ ഗുരോ,

അഭിരുചി മാറിക്കൊണ്ടിരിക്കുന്നതിനാലും മറ്റുകാരണങ്ങൾകൊണ്ടും ഞാൻ മംഗളകരമായ ഗൃഹസ്ഥാശ്രമത്തിലേക്കു നീങ്ങുകയാണ്. അങ്ങയെ ആശ്രയിക്കുന്നവർക്കും ആശ്രയമറ്റ ബ്രഹ്മചര്യവും നാലാമത്തേതായ സന്ന്യാസാശ്രമവും മാത്രമല്ലല്ലോ അവലംബമായിട്ടുള്ളത്."

ഗുരുവിന്റെ മറുപടിക്കായി വിവാഹത്തലേന്നുവരെ കാത്തിരുന്നു. വന്നില്ല. ആശാന്റെ മനം വല്ലാതെ തപിച്ചു. ഗുരുവിന്റെ അനുഗ്രഹമില്ലാതെ താനെങ്ങനെ കതിർമണ്ഡപത്തിലേക്കു കടക്കും. അതിനാൽ ഗുരുവിന്റെ പേർക്ക് ഒരു തപാൽക്കമ്പി വളരെ അടിയന്തിരമായി അയച്ചു.

"വിവാഹം നിശ്ചയിച്ചു. ആശീർവാദങ്ങൾക്കായി പ്രാർത്ഥിക്കുന്നു."

അതിനു മറുപടിയില്ല.

നാളെയാണു വിവാഹം.

എന്തായാലും ഗുരുവിന്റെ മനോഭാവം അറിഞ്ഞേതീരൂ.

ഗുരുവിനെ ധിക്കരിച്ച് പ്രണയവിവാഹം കഴിച്ചവൻ എന്ന ദുഷ്പേര് തന്റെ വാഴ്വിനെ കളങ്കപ്പെടുത്തിക്കൂടാ.

"അയ്യപ്പാ, വേഗം ഗുരുസ്വാമിയുടെ അടുത്തേക്കു പോവുക. ഞാനയച്ച ശ്ലോകവും കമ്പിയും സ്വാമികൾക്കു കിട്ടിയോ എന്നന്വേഷിക്കുക. ഞാൻ അനുഗ്രഹത്തിനായി ദാഹിച്ചു കാത്തിരിക്കുകയാണെന്നു പറയുക."

അലകടൽ പോലെ അശാന്തമായിരുന്നു ആശാൻ ഹൃദയം. ഗുരു അനുവദിക്കുമോ? അനുവദിക്കുകയില്ലെങ്കിൽ എന്തുചെയ്യും.? മനസ്സാകുന്ന തുലാസിന്റെ ഒരു തട്ടിൽ മഹാഗുരുവും മറുതട്ടിൽ പ്രണയിനിയും.

ഈശ്വരാ ! ഇതെന്തൊരു അഗ്നിപരീക്ഷണം!

എന്തു തന്നെയായാലും ഗുരുവിന്റെ ഹൃദയം കലുഷമാവില്ല. ജിതേന്ദ്രിയനായ ആ ഉഗ്രവ്രതന്റെ നെഞ്ചിന് ഏതശനിപാതങ്ങളെയും സ്ഥിതപ്രജ്ഞതയോടെ നേരിടാനറിയാം. പക്ഷേ, ഭാനുവിന്റെ കാര്യം അതല്ലല്ലോ. ഒരു നിമിഷംപോലും തന്നെ കാണാതിരിക്കാനാവാത്ത വിധം തരളാർദ്രയാണ്. ഗുരുവിന്റെ എതിർപ്പു പരിഗണിച്ച് ഈ ബന്ധത്തിൽ നിന്നും താൻ പിന്മാറിയാൽ അവൾ പിന്നെ ജീവിച്ചിരിക്കില്ല. താനും കരൾ പിളർന്ന് തൽക്ഷണം താനേ ഒടുങ്ങും.

പ്രഭാതത്തിൽ യാത്രതിരിച്ച അയ്യപ്പൻ രാത്രിയിൽ തിരിച്ചെത്തി.

"ഗുരുവിനെ കണ്ടോ അയ്യപ്പാ? " അത്യാകാംക്ഷയോടെ ആശാൻ തിര

www.malankaralibrary.com



ക്കി.

"കണ്ടു"

"എന്നിട്ട് ? എന്തെങ്കിലും അനിഷ്ടഭാവം.....?"

യുദ്ധം ജയിച്ചെത്തിയ പടനായകന്റെ ഉന്മേഷത്തോടെ അയ്യപ്പൻ പറഞ്ഞു.

"കമ്പി വായിച്ച് ഗുരുസ്വാമി പറയുകയാ; 'കുമാരനു നമ്മുടെ അനുഗ്രഹം എപ്പോഴുമുണ്ടല്ലോ. അതു കമ്പി അയച്ചിട്ടുവേണോ, നമ്മുടെ സന്തോഷം കുമാരനെ അറിയിക്കുക എന്ന്."

"ഗുരുദേവൻ എന്റെ പരമദൈവമല്ലോ." ആശാൻ വർദ്ധിതാനന്ദാവേശത്താൽ മിഴികൾ ഉയരങ്ങളിലേക്കുയർത്തി ആശ്വാസപൂർവം ഉറക്കെ പറഞ്ഞുപോയി.

മറ്റൊരു കാര്യംകൂടി ഗുരു കല്പിച്ചു.

"വേഗം പറയൂ അയ്യപ്പാ. അതെന്താണ്?"

"നമ്മുടെ കുറെ ശത്രുക്കൾ ആശാനെപ്പറ്റി കള്ളക്കഥകൾ പറഞ്ഞ് സ്വാമികളുടെ ചുറ്റുമുണ്ടായിരുന്നു. സന്ന്യാസത്തിന് ഇറങ്ങിത്തിരിച്ച ആശാൻ ലോകമോഹങ്ങൾക്കു വശപ്പെട്ടുപോയത് തെറ്റല്ലേ എന്ന് ഒരുത്തൻ ചോദിച്ചു."

"ഇതു കേട്ട സ്വാമികൾ എന്തു പറഞ്ഞു?"

"അതല്ലേ രസം! നാല്പത്തഞ്ചു വർഷം ഗോതമ്പുഭക്ഷണം കഴിച്ചു പോന്ന ഒരാൾ ഇപ്പോൾ അരിഭക്ഷണമാക്കി; അത്രേയുള്ളൂ എന്നായിരുന്നു മറുപടി."

ആശാൻ അത്യുച്ചത്തിൽ പൊട്ടിച്ചിരിച്ചുപോയി.



# ഇരുപത്തൊമ്പത്

തീക്കടൽ നീന്തിക്കടന്നുള്ള വരവായിരുന്നു. പുതിയൊരു മനോഹരതീരം കൺമുമ്പിൽ തെളിഞ്ഞുകിടക്കുന്നു. അലറുന്ന അലമാലകളെ പിന്നിലാക്കാൻ കഴിയുമെന്ന് സ്വപ്നത്തിൽപോലും കരുതിയതല്ല.

ഇനി ഈ പഞ്ചാരമണലിൽ സ്വകാര്യതയുടെ സുഖം നുകരുവാനാവുംവിധം ഒരിടം കണ്ടെത്തണം. ഇളംകാറ്റിൽ പീലിവിരിച്ചാടുന്ന ഓലത്തുഞ്ചത്ത് ഊയലാടുന്ന തൂക്കണാംകുരുവിക്കൂടുപോലെ സ്വകാര്യത നിറഞ്ഞ ഒരിടം.

എല്ലാം മുൻകൂട്ടി ഒരുക്കിയിരുന്നു. അയ്യപ്പനാണെല്ലാം സജ്ജമാക്കിയത്. പാവം! അടിച്ചുവാരി വെടിപ്പാക്കി ചായം തേച്ച് കൈതമുക്കിലെ വീട് അയാൾ മോടിപിടിപ്പിച്ചിരിക്കുന്നു. അടുക്കും വെടിപ്പും ഈ ദമ്പതികൾക്ക് നിർബന്ധമുള്ളവയാണെന്ന് അയ്യപ്പന് നന്നായറിയാം.

വിവാഹത്തിനെത്തിയ ബന്ധുമിത്രങ്ങളുടെ സ്നേഹാരവം അങ്ങനെ വഴിപിരിയുകയാണ്. സാന്ധ്യശോഭയും നവദമ്പതികൾക്ക് മധുരാശംസകൾ തൂകി പടിയിറങ്ങി. ഏറ്റവുമൊടുവിൽ പ്രിയപ്പെട്ട അയ്യപ്പനും. ആ വിടവാങ്ങൽ ആശാന് സഹിക്കാനായില്ല. അപവാദങ്ങളുടെ ശരവർഷവുമായി വൈരികൾ ചുറ്റും നിരന്നപ്പോഴും കവചമായി തന്നെ പൊതിഞ്ഞുനിന്ന ഒരേ ഒരാളാണ് അയ്യപ്പൻ.

അയ്യപ്പനെ ആശാൻ കെട്ടിപ്പിടിച്ചു കരഞ്ഞു. ആശാന്റെ മിഴികളിൽ പൊടിഞ്ഞ ദുഃഖാശ്രുക്കൾ അയ്യപ്പൻ തൊട്ടെടുത്തു. അയ്യപ്പന്റെ കണ്ണീർ ആശാനും തുടച്ചു. ആ രംഗം കണ്ടുനിന്ന ഭാനുമതിയും വിങ്ങിപ്പൊട്ടി. പോക്കുവെയിൽപോലെ അയ്യപ്പൻ വിദൂരതയിൽ വിലയംകൊണ്ടു.

നിശ്ശബ്ദയാമിനി ആ ദമ്പതികളുടെ സ്വകാര്യതകളെ പരിരക്ഷിക്കുവാനെന്നവിധം കടന്നുവന്നു.

പൂമുഖത്തിന്റെ തെക്കേക്കോണിൽ തൂക്കിയിട്ട ചങ്ങലവിളക്കിൽ ആശാൻ എണ്ണപകർന്നു. ഭാനുമതി അതിൽ ആദ്യതിരി തെളിച്ചു.

മുൻവാതിലുകളടച്ച് അവർ ഉള്ളറയിലേക്കു കടന്നു. അകത്തളത്തിലെ ദാരുതല്പത്തിൽ ആശാൻ കുറേ മുല്ലപ്പൂക്കൾ വാരിവിതറി. തലേന്നു സന്ധ്യയിൽ ഇറുത്ത് വെള്ളം തളിച്ച് വാഴയിലക്കുമ്പിളിൽ സൂക്ഷിച്ചിരുന്ന കുടമുല്ലമൊട്ടുകളാണ്. മുറിയിലാകെ പരിമളം തുടിച്ചു. ആ സുഗന്ധവായു അവൻ ആവോളം വലിച്ചെടുത്ത് നെഞ്ചുവിരിച്ചൊരു നില്പ്. സാവധാനം നിശ്വസിച്ചുകൊണ്ട് മുല്ലപ്പൂമെത്തയിലേക്ക് ചൂണ്ടി ആശാൻ ക്ഷണിച്ചു.

"ഭാനു... വന്നിരിക്ക്."

അവൾ അനുസരിച്ചു.

www.malankaralibrary.com



അരികിൽ ആശാനും വന്നിരുന്നു.

അവളുടെ നെഞ്ചിടിപ്പേറി. ശ്വസനതാളപ്പെരുക്കത്തിനൊത്ത് ആ മാറിടം ഉയർന്നുതാണുകൊണ്ടിരുന്നു.

“എനിക്കിതൊരു പുതിയ ജന്മമാണു ഭാനൂ. ഞാനിന്നാണ് സ്വതന്ത്രനായത്. എന്നിലെ വ്യക്തിത്വം പൂർണ്ണത അനുഭവിക്കുന്നത് ഇന്നുമുതലാണ്.”

“അങ്ങെനിക്കു പണ്ടേ പരിപൂർണ്ണനാണ്. അങ്ങയേക്കാൾ പൂർണ്ണനായ ഒരാൾ എന്റെ സങ്കൽപ്പത്തിൽപോലുമില്ല.”

“പക്ഷേ, സമൂഹം എന്നെ ബന്ധിച്ചിട്ടിരിക്കുകയായിരുന്നു ഇതുവരെ. ചിന്നസ്വാമിയെന്നു വിളിച്ച് അവരെന്നെ ആശ്രമത്തിന്റെ തടവറയിലാക്കാൻ ശ്രമിച്ചു. ഗുരുസ്വാമി എന്നെ പണ്ടേ തിരിച്ചറിഞ്ഞിരുന്നതിനാൽ ആശ്രമത്തിലും എനിക്ക് സ്വാതന്ത്ര്യം കിട്ടി.”

“സന്ന്യാസത്തോട് ഒരിക്കലും ആശ വച്ചിരുന്നില്ലേ.”

“ഒരിക്കലുമില്ല. എനിക്കതിനു കഴിയില്ല. ഞാൻ അമ്പലങ്ങൾ തോറും പോയി ഭജനം പാർത്തതും കാട്ടിൽ ഒറ്റയ്ക്കു കഴിഞ്ഞതും എന്നിലെ കവിത്വത്തെ ഉപാസിച്ചുണർത്താൻ വേണ്ടിയായിരുന്നു.”

“പിന്നെന്തിനാണ് യോഗത്തിന്റെ സെക്രട്ടറിയായി പതിമൂന്നു കൊല്ലം കഴിഞ്ഞത?”

“അതൊക്കെ മറ്റുള്ളവർ എന്റെ ചുമലിൽ വച്ചുകെട്ടിയ ഭാരമാണ്. ചില കടപ്പാടുകൾക്കു മുമ്പിൽ അതു നിശ്ശബ്ദമായി സഹിക്കേണ്ടി വന്നു. തികച്ചും അന്തർമുഖനായ എന്നെ ബഹിർമുഖത്വത്തിന്റെ മുഖംമൂടി അവർ അണിയിക്കുകയായിരുന്നു. സെക്രട്ടറിസ്ഥാനം രാജിവയ്ക്കാൻ പോകുകയാണെന്നു പലവട്ടം പറഞ്ഞിട്ടും ആരും അനുവാദം തന്നില്ല.”

“ആ സ്ഥാനത്തു തുടരാൻ സ്വാമികൾ ഇനിയും നിർബന്ധിച്ചാലോ?”

“ഇല്ല, ഗുരുസ്വാമി നിർബ്ബന്ധിക്കില്ല. സ്വാമികൾ മാത്രമേ എന്നെ ശരിക്കും മനസ്സിലാക്കിയിട്ടുള്ളു. എന്നെ എക്കാലവും സ്വാതന്ത്ര്യത്തിന്റെ മഹാകാശത്തേക്ക് പറത്തിവിടാനാണ് സ്വാമികൾ ശ്രമിച്ചത്. നാടിളക്കിയ നമ്മുടെ വിവാഹവിവാദത്തിൽപോലും ഗുരുവിന് അനുകൂല നിലപാടാണ്.”

ഗ്രീഷ്മാനുഭവങ്ങളുടെ മരുഭൂവിൽനിന്നും ഒരു കുളിർ മരുപ്പച്ചയിലേക്ക് ഓടിയെത്തിയ ആശ്വാസമായിരുന്നു ആശാന്.

ആശാന്റെ വിരിഞ്ഞ മാറിൽ അവൾ തലചായ്ച്ചിരുന്നു. ആ മുടിക്കെട്ടിൽ പൂശിയ തൈലത്തിന്റെ വാസന അയാൾ മൂക്കു വിടർത്തി ആസ്വദിച്ചു.

“ഇതു മായയോ സത്യമോ! ഇതു സ്വർഗ്ഗമോ ഭൂമിയോ!!”

അവൻ തെല്ലുകുനിഞ്ഞ് അവളുടെ കാതിൽ മന്ത്രിച്ചു. അവളുടെ ഉടലാകെ കോൾമയിർകൊണ്ടു. ആ സ്ഥൂല ഗാത്രത്തെ തരിവളക്കൈകളാൽ അവൾ ചുറ്റിപ്പിടിച്ചു.

“എനിക്കിതു വിമോചനത്തിന്റെ മധുരരാവാണു ഭാനൂ. ഇത്രയും കാലം സ്വാദിഷ്ടഭോജ്യം ഒരുക്കിവച്ച തീൻമേശയ്ക്കു മുമ്പിൽ വിലങ്ങിട്ട കരങ്ങളോടെ ഞാൻ കൊതിയൂറി കാത്തിരുന്നു. നീയെന്റെ കരബന്ധനം അഴിച്ചു





കളയുന്ന രാവാണിത്. എന്റെ ജീവിതത്തിലെ ഏറ്റം വിലപ്പെട്ട രാവ്.”

അയാൾ അവളെത്തന്നെ നോക്കി നിന്നു. സമൂഹം തന്റെ മുമ്പിൽ വരച്ചിട്ട ലക്ഷ്മണരേഖകളെ ഭേദിച്ച് അവന്റെ മനോവിചാരങ്ങളും നയനഗതിയും കാമനകളുടെ തേൻകനികൾ തേടി പായുകയായിരുന്നു. മണിയറയിലെ ഈ പതിനേഴുകാരിയിൽ അവന്റെ തൃഷ്ണകൾ കൂട്ടത്തോടെ പാറിവന്നു ചേക്കേറുവാൻ വട്ടം കൂട്ടുകയാണ്. അവൻ അവളെ കരങ്ങളിൽ വിലങ്ങനെ കോരിയെടുത്തു. ഉദ്യാനത്തിൽ നിന്നിറുത്തെടുത്ത റോസാപ്പൂവിനെ എന്നപോലെ അവനവളെ വാസനിച്ചു ചുംബിക്കാനാഞ്ഞു. അവൾ നാണിച്ചു തല ചെരിച്ചുകളഞ്ഞു. ആശാനിൽ ഒരുത്സവലഹരി നുരഞ്ഞു പതയുകയായിരുന്നു. അവൻ പൊട്ടിച്ചിരിച്ചു. മുനിയുടെ മൗനം തകർത്തുടച്ചതിന്റെ ചരിതാർത്ഥഘോഷം. തന്റെ പതനം കാത്ത് നടവഴികളിൽ ചതിക്കുഴികൾ തീർത്ത് പതിയിരിക്കുന്ന വൈരികളോട് പകതീർക്കുന്ന അനുഗ്രഹരാവാണിത്.

കരങ്ങളിൽ കിടത്തി അവളെ ആയാൾ വട്ടം കറക്കി.

“മതി...മതി...നിർത്ത്.. തലചുറ്റുന്നു..!”

അവൾ അപേക്ഷിച്ചു.

ഭ്രമണം നിർത്തി അവനവളെ കട്ടിലിലെ പട്ടുമെത്തയിലേക്ക് മലർക്കെക്കിടത്തി. എന്നിട്ട് ഇത്തിരി ദൂരം പിൻവാങ്ങി ഒരു ശില്പിയുടെ നയന സൂക്ഷ്മതയോടെ അവളിലെ അഴകിന്റെ നിമ്നോന്നതങ്ങളിലൂടെ അവന്റെ മിഴികൾ തഴുകി ഒഴുകി.

“എന്താ? എന്നെ ആദ്യമായിക്കാണുന്നതുപോലെ?’

“ഇതു വെറും കാഴ്ചയല്ല. നോട്ടമാണ്. എന്റെ ഭാവന കയറു പൊട്ടിച്ചു പായുകയാണ്. എന്താ, ഇങ്ങനെ നോക്കിക്കണ്ടോട്ടേ?”

“അതിനവകാശമുണ്ടല്ലോ”

അവൻ വീണ്ടും ആർത്തു ചിരിച്ചു.

ആകാശ മേലാടയെ ഉല്ലംഘിക്കാൻ വെമ്പുന്ന പർവ്വതയുഗ്മങ്ങൾ കണക്കേ, നനുത്ത നീലപ്പട്ടിന്റെ റൗക്കയ്ക്കുള്ളിൽ കിടന്നു വീർപ്പുമുട്ടുന്ന അവളുടെ ലാവണ്യക്കൊഴുപ്പ് അവന്റെ ഏഴാമിന്ദ്രിയത്തെ തഴുകിയുണർത്തി.

ലജ്ജാവൈവശ്യത്താൽ അവൾ മുഖം പൊത്തിക്കിടന്നു.

അകലെ ആകാശത്ത് അപ്പോൾ അകാലത്തിൽ ഒരുഗ്രൻ ഇടി മുഴങ്ങി. ഒരു കോടവാതം കിളിവാതിലിലൂടെ ചീറിപ്പറന്നെത്തി റാന്തലിന്റെ നാളത്തെ പിടിച്ചുലച്ചു.

മേഘഗർജ്ജനം കേട്ടു ചകിതയായിപ്പോയ അവളുടെ ചാരേ അവൻ കൂട്ടിരുന്നു. അവനും കിടക്കയിലേക്കു ചാഞ്ഞു. പേടി പൂണ്ട അവളുടെ നെഞ്ഞിൽ നിർഭയത്വമാർന്ന തന്റെ നെഞ്ചകം സഗാഢം ചേർത്തു വച്ച് അവളിലവൻ ധൈര്യം പകർന്നു.

കാർമേഘങ്ങൾ അടുത്തു കൂടി മുരളുന്നുണ്ടായിരുന്നു. അവ പരസ്പരം ഏറ്റുമുട്ടി തണുത്തൊരു കൂറ്റൻ മഴയായി ഭൂമിദേവിയെ കുളിർപ്പിക്കുന്നു. കാലം തെറ്റിപ്പെയ്ത പൊന്നോണ മഴ. രാക്കൊഴുപ്പ് ഏറിക്കൊണ്ടിരുന്നു. നേര

www.malankaralibrary.com



മെന്തായിക്കാണും? ആർക്കറിയാം.

അവർ യാതൊന്നുമറിഞ്ഞില്ല.

അവർ ഈ ലോകത്തായിരുന്നില്ല.

സർവ്വബന്ധമുക്തരായി ആ പാതിരാക്കിളികൾ ഏതോ അനന്തവിഹായസ്സിൽ കൊക്കുരുമ്മി പാറുകയായിരുന്നു. സ്വപ്നങ്ങൾ പൂത്തു വിലസുന്ന സുഷുപ്തിയുടെ ആഴത്തിലേക്ക് പിന്നെ താനേ വഴുതി വീഴുകയായിരുന്നു.

ബ്രാഹ്മമുഹൂർത്തത്തിൽത്തന്നെ ഉണർന്നെഴുന്നേൽക്കുന്നതിൽ കണിശക്കാരനായ ആശാൻ അന്നാദ്യമായി ആ പതിവു തെറ്റിച്ചു. ജാലകവിടവിലൂടെ ഊർന്നിറങ്ങിയ സൂര്യരശ്മികൾ തോണ്ടി വിളിച്ചപ്പോഴാണ് എഴുന്നേറ്റിരുന്നത്.

ആദ്യം തേടിയത് ഭാനുവിനെയാണ്.

അവൾ കിടക്കയിലില്ല.

അഴിഞ്ഞുലഞ്ഞ മുണ്ട് കുംഭമേൽ വച്ചു മുറുക്കി ആശാൻ അടുക്കളവശത്തേക്കു കടന്നു.

കുളിച്ച് ഈറനാർന്ന വാർമുടി ഒരു വെള്ളത്തോർത്താൽ മൂടിക്കെട്ടി അടുക്കളപ്പണിയിൽ അവൾ മുഴുകി നില്ക്കുന്നു.

വാതിൽക്കൽ വന്നു നിന്നു കോട്ടുവായിട്ട ആശാന്റെ നേർക്ക് നാണംകൊഴുത്ത ഒരു നോട്ടം അവൾ തൊടുത്തു.

അയാൾ അഭിമാനത്തോടെ ഹൃദയച്ചെപ്പിൽ ആ അനർഘ സമ്മാനം സൂക്ഷിച്ചു വച്ചു.

അവൾ നീട്ടിയ ചായ തീച്ചൂടോടെ ഇറ്റിറക്കിക്കൊണ്ട് അവൻ പറഞ്ഞു.

"ചിന്ന സ്വാമി അങ്ങനെ ഛിന്ന സ്വാമിയായി. ഛിന്നമായ ഈ വല്മീകത്തിനുള്ളിലെ ഭൗമിക മനുഷ്യൻ ഇനിമുതൽ പുതിയൊരാകാശവും ഭൂമിയും ആവിഷ്കരിക്കാൻ പുറപ്പെടുകയാണ്. എനിക്കതിനു കഴിയും, നീയെപ്പോഴും എന്നരികിലുണ്ടെങ്കിൽ."

"ഞാനെന്നും കൂടെയുണ്ടാവും. പക്ഷേ, എന്റെ കൂടെ ഉണ്ടാകുമോ എന്നാണെന്റെ പേടി"

"ഇനി മുതൽ പൊതു പ്രവർത്തനം പൂർണ്ണമായും ഞാൻ മതിയാക്കുകയാണ്."

"അങ്ങു കൂടെയില്ലാത്ത ഒരു നിമിഷത്തെപ്പറ്റി എനിക്കോർക്കാൻ കൂടി സാദ്ധ്യമല്ല. അങ്ങയെ പിരിഞ്ഞിരിക്കേണ്ടി വന്നാൽ പുരാണത്തിലെ കാവേരിയുടെ അവസ്ഥയായിരിക്കും എനിക്കും. മറക്കരുത്"

"എന്താണാ അവസ്ഥ?"

"മഹാജ്ഞാനിയായ അങ്ങേയ്ക്ക് ആ പുരാണം അറിയില്ലേ? അങ്ങയുടെ നളിനിക്ക് എന്താണു സംഭവിച്ചത്. അതു തന്നെയാണു കാവേരിക്കും ഉണ്ടായത്."

"പ്രാണപ്രിയനായ ദിവാകരനെ തേടിയലഞ്ഞ നളിനി അവനെ കാണാതായപ്പോൾ നിരാശ്ശയാൽ ജലാശയത്തിൽ ചാടി ജീവനൊടുക്കാൻ തുനിഞ്ഞു."





"അതു തന്നെയാണ് കാവേരിയും ചെയ്തത്. ആ കഥ സത്യമായും അറിയില്ലേ?"

"ഇല്ല. പറയു, കേൾക്കട്ടെ"

ആ വിവരണം കേൾക്കാൻ ആശാൻ അവളുടെ മുഖത്ത് ഉറ്റു നോക്കിയിരുന്നു. അവൾ പറഞ്ഞു തുടങ്ങി.

"മക്കളില്ലാതിരുന്ന കാവേരൻ എന്ന രാജാവിന് ബ്രഹ്മാവ് സമ്മാനിച്ച അതിസുന്ദരിയായൊരു ബാലികയായിരുന്നു കാവേരി. അഗസ്ത്യമുനി അവളിൽ അനുരക്തനായി. വിവാഹവേളയിൽ കാവേരി ഒരു കാര്യം മാത്രമേ ആവശ്യപ്പെട്ടുള്ളു.ഒരിക്കലും തന്നെപ്പിരിഞ്ഞിരിക്കരുത്. അഗസ്ത്യമുനി വാക്കു നല്കി. വിവാഹാനന്തരം ആശ്രമത്തിൽ അവർ സന്തോഷത്തോടെജീവിതമാരംഭിച്ചു. കുറേനാൾ കഴിഞ്ഞ് തെല്ലകലെയുള്ള ഒരാശ്രമത്തിലെ ശിഷ്യരെ ചില ഗഹനതത്ത്വങ്ങൾ പഠിപ്പിച്ച് അഗസ്ത്യൻ ഇരുന്നു പോയി. രാവേറെ ഭർത്താവിനെ കാത്തിരുന്ന കാവേരി ആശ്രമവളപ്പിലുള്ള കുളത്തിൽ ചാടി. അവിടെ നിന്നും അവളുടെ പ്രാണൻ ഭൂഗർഭത്തിലേക്കു മറയുകയും ഒരു മലയിൽ നിന്നും നീരുറവയായി അവൾ ഒഴുകിത്തുടങ്ങിയെന്നുമാണു പുരാണം. ആ ഉറവയാണ് ദക്ഷിണ ഭാരതത്തിന്റെ വരപ്രസാദമായ കാവേരി നദി."

ആശാൻ ചിരി തൂകിപ്പറഞ്ഞു.

"ഇങ്ങനൊന്നും നമ്മുടെയിടയിൽ സംഭവിക്കാൻ പോകുന്നില്ല. നീയെന്റെ ഉടലിന്റെയും ഉയിരിന്റെയും അർദ്ധഭാഗമാണു ഭാനു. വ്യക്തിത്വത്തിന്റെ പൂർണ്ണത കാംക്ഷിച്ചാണ് ഞാൻ വിവാഹിതനായത്. ഒറ്റയ്ക്കു നടന്ന് ഞാൻ വീണ്ടും അപൂർണ്ണനാവുകയോ? ഇല്ല."

"സമുദായ പ്രവർത്തനം വെടിഞ്ഞാലും സാഹിത്യപ്രവർത്തനങ്ങളുമായി ഓടി നടക്കുമോ?"

"സാഹിത്യസമ്മേളനങ്ങളിൽ പങ്കെടുക്കുന്ന പരിപാടി എനിക്കു പണ്ടേ കുറവാണ്. മൗനവും ഏകാന്തതയും ഉണ്ടെങ്കിൽ ഈ ചെറു വീട്ടിനുള്ളിലിരുന്നു കൊണ്ടുതന്നെ കവിതയെഴുതി ഉപജീവനത്തിനുള്ള വക കണ്ടെത്താൻ എനിക്കു കഴിയും."

"ഞാനൊരു കാര്യം പറയട്ടെ" ഭാനു എന്തോ ആലോചിച്ച് അഭിപ്രായപ്പെട്ടു.

"ഒന്നല്ല, നീ ഒരായിരം കാര്യങ്ങൾ പറയൂ. ഇതു നമ്മുടെ സ്വകാര്യസാമ്രാജ്യമല്ലേ?"

"എന്റെ വലിയ തറവാടിനെ അപേക്ഷിച്ച് ഇവിടെന്തു ജോലിയിരിക്കുന്നു. വെറുതെ ഇരുന്ന് എനിക്കു ശീലമില്ലെന്നറിയാമല്ലോ. അതുകൊണ്ട് പകൽ സമയം ഞാൻ നമ്മുടെ ശാരദാ ബുക്സിൽ പോയിരിക്കട്ടെ."

"അതുവേണ്ട, ദൂരക്കൂടുതലാണ്. തമ്പാനൂരിനടുത്തു വരെ നീ എങ്ങനെ പോകും? ജഡ്ക്കായിൽ പോകാമെന്നു വച്ചാൽ അതു വലിയ പണച്ചെലവാകും. തൽക്കാലം പുസ്തകക്കടയുടെ കാര്യങ്ങൾ ഞാൻ തന്നെ നോക്കാം."

www.malankaralibrary.com



"ആട്ടെ, ഒരു കാര്യം ചോദിക്കാൻ മറന്നു, ഇവിടെ നിന്നും ബുക്സ്റ്റാളിൽ പോകാനായി സൈക്കിൾ സവാരി പഠിക്കുന്നതായി പറഞ്ഞിരുന്നല്ലോ. അതെന്തായി? പഠിച്ചു കഴിഞ്ഞോ?"

നേർത്തൊരു ജാള്യം ആശാന്റെ മുഖത്തു നിഴലിച്ചു.

പഠനരംഗങ്ങളിലെല്ലാം മുന്നോട്ടു വച്ച കാൽ പിന്നോട്ടു വലിക്കേണ്ടിവന്നു. സൈക്കിൾ പഠനകാര്യത്തിലും അതു തന്നെ അനുഭവം.

"എന്റെ തടിച്ച ശരീര പ്രകൃതിയും പ്രായക്കൂടുതലും മൂലം ഈ സർക്കസ് വിദ്യ എന്നെക്കൊണ്ട് പറ്റുന്ന പണിയല്ല ഭാനൂ"

അവൾ കുടുകുടെ ചിരിച്ചു.

"എങ്കിൽ ഒരു കാര്യം ചെയ്യ്; ശാരദാ ബുക്സ് അവിടെ നിന്നും പിഴുത് ഈ കൈതമുക്കിൽത്തന്നെ നട്. ഞാൻ വളവും വെള്ളവും കൊടുത്തു വളർത്തിക്കോളാം. അങ്ങയെ തിരുവിതാംകൂർ സർക്കാർ ടെക്സ്റ്റ് ബുക്ക് കമ്മറ്റി അംഗം ആക്കിയതിനാൽ സമയക്കുറവുണ്ടാകുമല്ലോ എന്നു കരുതി പറഞ്ഞതാണ്"

"ആശയം കൊള്ളാം, ശ്രമിക്കാം."



# മുപ്പത്

ജീവിതത്തിന്റെ മേനിയഴകിൽ പുതിയപുതിയ വർണ്ണത്തുവലുകൾ ചാരുതയേറ്റിക്കൊണ്ടിരുന്നു. ഓരോ നിമിഷാർദ്ധത്തിലും ആനന്ദലഹരി നുരയുകയാണ്. വിപഞ്ചികയും മധുരരാഗവും പോലെ പരസ്പരം ഇഴുകിച്ചേർന്ന് പുലരുകയാണാ മിഥുനങ്ങൾ. പോഷകനദി ഒഴുകി വന്ന് നെയ്യാറിന്റെ മുന്നേറ്റത്തിന് ആക്കം കൂട്ടുന്ന മാതിരി ആശാന്റെ ജീവൽഗതി ഏറെ കരുത്താർജ്ജിക്കുകയാണ്.

ആശാന്റെ ചൊടികളിൽ ഒരു ചുംബന മധുരം പകർന്ന് ഒരു നാൾ ഭാനു പറഞ്ഞു.

"ഇന്നെങ്ങും പോകേണ്ടാ. ഞാൻ വിടില്ല"

ഓർക്കാപ്പുറത്തുള്ള അവളുടെ കരബന്ധനത്തിൽപ്പെട്ട് ആശാൻ വിഷമിച്ചു.

"പാഠപ്പുസ്തകങ്ങൾ തെരഞ്ഞെടുക്കാനായി ഇന്നു സെക്രട്ടറിയേറ്റിൽ ചെല്ലണമെന്ന് കാണിച്ച് കത്തു വന്ന വിവരം നിനക്കറിയില്ലേ?"

"എനിക്കൊരു വലിയ കാര്യം പറയാനുണ്ട്."

കന്നിമൊട്ടേന്തുന്ന തൈമുല്ലയുടെ നിർവൃതിഭാവം ആ മുഖത്തു നിഴലിച്ചു കണ്ട ആശാൻ ഉദ്വേഗത്തോടെ തിരക്കി.

"കുഞ്ഞ്?"

കൈകളാൽ മുഖം പൊത്തി നിന്ന് അവൾ നാണത്തോടെ മൂളി.

"ഉം"

നടക്കമ്പും ബാഗും എടുത്ത് അയാൾ കിടക്കയിലേക്ക് ഒരേറ്.

അടക്കാവാത്ത ചാരിതാർത്ഥ്യത്തോടെ ചെറ്റു കുനിഞ്ഞ് അവളുടെ ഇരു തുടയിലും ചേർത്തൊരു പിടുത്തം. അവളെ അയാൾ മെല്ലെ എടുത്തുയർത്തി തിരുവയറിൽ പയ്യെ ഒന്നു മുത്തി. എന്നിട്ടു മെല്ലെ മെത്തയിലേക്ക് കിടത്തിക്കൊണ്ട് പറഞ്ഞു.

"ഇനി മെയ്യനങ്ങി യാതൊരു വേലയും ചെയ്തു പോകരുത്. ഭക്ഷണകാര്യങ്ങൾ ഞാൻ തന്നെ നോക്കിക്കൊള്ളാം. എനിക്കു നേരം തെകയാത്തപക്ഷം ഒരു തോഴിയെ വയ്ക്കാം. കേട്ടോ".

അവൾ തലയാട്ടി സമ്മതിച്ചു.

തന്റെ സ്വച്ഛതയെപ്രതി സ്വയംമറക്കുന്ന ആ ഉത്തമപുരുഷന്റെ മുമ്പിൽ അവൾ ഹൃദയം കൊണ്ടു നമിച്ചു.

പിന്നെപ്പിന്നെ കഴിവതും അവളെ തനിച്ചാക്കി അയാൾ എങ്ങും പോകാതെയായി. ഓലത്തുഞ്ചത്തെ തൂക്കണാം കുരുവിക്കൂട്ടിൽ പെൺകിളി അവ

www.malankaralibrary.com



ളുടെ സ്വപ്നങ്ങൾക്കു മേൽ അടയിരിക്കുകയാണ്. ആൺകിളി കണ്ണിമ ചിമ്മാതെ കൂട്ടിരിക്കുകയുമാണ്.

ആശാന് ഇപ്പോൾ എഴുതാൻ നേരമേറെ കിട്ടിത്തുടങ്ങിയിരിക്കുന്നു. സമുദായപരമായ കർമ്മബാഹുല്യങ്ങളിൽനിന്നും ഋഷിപ്രോക്തമായ നിർദ്ദേശങ്ങളിൽ നിന്നുമെല്ലാം മനസ്സ് സ്വതന്ത്രമായിരിക്കുന്നു.

ഭാനുവും വെറുതെയിരുന്നില്ല. ആശാന്റെ തടിപ്പെട്ടിയിൽ നിന്നും പഴയ കയ്യെഴുത്തു പുസ്തകങ്ങൾ അവൾ എടുത്തു വായിച്ചു കൊണ്ടിരുന്നു; എഴുതി മുഴുമിച്ചതും പാതി വഴിയിൽ എഴുത്തു നിർത്തിയതുമായ കവിതകൾ.

അക്കൂട്ടത്തിൽ അവൾക്കൊരു ഡയറി കിട്ടി. മുഖതാളിൽ പാടലവർണ്ണം പടർന്ന എഴുത്തു പുസ്തകം. അതിന്റെ പുറങ്ങൾ മെല്ലെ മറിച്ചു.

അനുദിനസംഭവങ്ങളുടെ ചെറുവിവരങ്ങൾ തീയതി സഹിതം ക്രമബദ്ധമായി കുറിച്ചു വച്ചിരിക്കുന്നു. അവൾക്കതു കൗതുകമായി. പ്രിയഭർത്താവിന്റെ പിൻവഴികൾ ശേഷിപ്പിച്ച പാദമുദ്രകളുടെ നേർക്കാഴ്ചകളാണല്ലോ അവ. വിവരണം ഒരിടത്തുമാത്രം ദീർഘമായി രേഖപ്പെടുത്തിയിരിക്കുന്നു. ആകാംക്ഷയോടെ അതു വായിച്ചു.

അവളുടെ ഉള്ളിലെ ഉന്മേഷം പൊടുന്നനെ മങ്ങി. മനസ്സു വിങ്ങുന്നതു പോലെ. ഒരു മദാമ്മപ്പെണ്ണിന്റെ രൂപഭംഗി വർണ്ണിച്ചെഴുതിയിരിക്കുകയാണാശാൻ. മാത്രമല്ല, അവളെ ഒരു ദിവസം പോലും കാണാതിരിക്കാൻ എനിക്കാവില്ല എന്നു പോലും എഴുതിയിരിക്കുന്നു. അങ്ങനെയെങ്കിൽ പഠനകാലത്തെ ആ ബന്ധം എത്രത്തോളം വളർന്നിരിക്കാം.

എല്ലാം തുറന്നുപറയാറുള്ള അദ്ദേഹം ഇതുമാത്രം എന്നിൽ നിന്നും എന്തിനു മറച്ചു വച്ചു.

അതോ, ഇതുപോലെ എഴുതപ്പെടാത്ത വേറെ അടുപ്പങ്ങളും മറ്റുപലരുമായി അദ്ദേഹത്തിനുണ്ടായിരുന്നോ? ഇപ്പോഴും ഈ ബന്ധങ്ങൾ തുടരുന്നുണ്ടോ? കവിഹൃദയം അജ്ഞാത സമുദ്രംപോലെയാണല്ലോ?.

അവൾ ഡയറി മടക്കി വച്ചു.

മനസ്സിൽ അനുബന്ധ ചിന്തകൾ പെറ്റു പെരുകിക്കൊണ്ടിരുന്നു. അവ ഹൃദയത്തിൽ നിറഞ്ഞു വീർപ്പുമുട്ടിച്ചു. അത്യാവശ്യ കാര്യങ്ങൾക്കായി പുറത്തുപോയിരുന്ന ആശാൻ, മദ്ധ്യാഹ്നത്തിൽ തിരിച്ചെത്തി.

"ഹാവൂ! എന്തൊരു ചൂട് !എന്തൊരു വിശപ്പ് ! ഭാനു....... ചോറെടുക്ക് .... വേഗം വേഗം."

അവൾ അനങ്ങിയില്ല.

കട്ടിലിൽ കയറി പുതച്ചു മൂടി ഒരു കിടപ്പ്.

"ഇവളെവിടെപ്പോയി' എന്നു പറഞ്ഞു അടുക്കളയിലും തിണ്ണയിലും തെരഞ്ഞു.

അവസാനം കണ്ടെത്തി.

"എന്തു പറ്റി ഭാനു? പനിയുണ്ടോ?"

പുതപ്പുമാറ്റി നെറ്റിയിൽ തൊട്ടുനോക്കി.





"എന്നെ തൊട്ടുപോകരുത്." അവൾ ശബ്ദമുയർത്തി.

"അയ്യോ! ഇതെന്തുപറ്റി?"

"ആരാണാ മദാമ്മ? അവളെ കാണാതിരിക്കാൻ ഒരു ദിവസം പോലും കഴിയില്ലത്രേ" അവൾ ചാടിയെഴുന്നേറ്റു ചൊടിച്ചു.

ആശാൻ എല്ലാം ഊഹിച്ചു.

മദാമ്മ എന്ന നാമശ്രവണമാത്രയിൽ അയാളുടെ മനസ്സ് ഒന്നുലഞ്ഞു. എങ്കിലും ചരിത്രഗതിയിൽ നിന്നും സത്യത്തെ തുടച്ചുമാറ്റാൻ അയാൾ തയ്യാറല്ല.

"അത് എന്നേക്കുമായി അടഞ്ഞു പോയ ഒരദ്ധ്യായമാണു ഭാനു. ഇരുപതു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ഒരു ബന്ധം. അതിപ്പോൾ ഡയറിയിലെ അക്ഷരങ്ങളിൽ മാത്രമേ ജീവിക്കുന്നുള്ളു. എന്റെ മനസ്സിൽ അതു നിർജ്ജീവമാണ്."

"വീണപൂവിന്റെ പിന്നിലെ പെണ്ണ് ആരാണെന്ന് ഞാനെത്ര തവണ ചോദിച്ചു. എന്നിട്ടും സത്യം പറഞ്ഞില്ല. അതു നാരായണഗുരുവിന്റെ രോഗാവസ്ഥയിൽ എഴുതിയതാണെന്നൊക്കെ കള്ളം പറഞ്ഞു. അതു വിശ്വസിക്കാൻ ഞാനൊരു മണ്ടിയൊന്നുമല്ല."

"പ്രയോജനരഹിതമായ കാര്യങ്ങളെപ്പറ്റി പറയണ്ടായെന്നു കരുതി. അത്രമാത്രം.

ഞാനൊരു കാര്യം ചോദിക്കട്ടെ ഭാനൂ. നമ്മുടെ വിവാഹത്തിനു മുമ്പ് ഞാനീ മദാമ്മയുടെ കാര്യം നിന്നോടു തുറന്നു പറഞ്ഞിരുന്നു എങ്കിൽ നീ എന്നെ മറക്കുമായിരുന്നോ?"

അവൾ മറുപടി പറഞ്ഞില്ല.

അവൾക്കൊരിക്കലും ആശാനെ മറക്കാൻ ആവുമായിരുന്നില്ല.

ആശാൻ അവളോടു ചേർന്നിരുന്നു പറഞ്ഞു.

"ഭാനൂ..... ഞാനൊരു മനുഷ്യനാണ്. പച്ചയായ മനുഷ്യൻ. നെഞ്ചു നിറയെ കാമനകളെ പോറ്റി വളർത്തുന്ന കവി. ഒരു സുന്ദരിപ്പെണ്ണിന്റെ പ്രേമാഭ്യർത്ഥനയെ തൊഴിച്ചെറിയാൻ എനിക്കായില്ല. പക്ഷേ, ഞാനൊരിക്കലും ഒരു കുസുമാന്തരലോലനായിട്ടില്ല."

അവൾ തണുത്തു

ആശാൻ ഏറെ സൗമ്യനായി തുടർന്നു

"എന്റെ ഭാനൂ, നീയൊരു സാധാരണ പെണ്ണല്ല. എനിക്കു വേണ്ടി യുഗങ്ങൾക്കു മുമ്പേ കാലം കാത്തു വച്ച കനകദീപമാണ്. എന്റെ എഴുത്തിന്റെ വഴികളിൽ പ്രകാശം ചൊരിയേണ്ട നീ ഇത്തരം നിസ്സാരകാര്യങ്ങൾ പറഞ്ഞ് എന്നെ വിഷമിപ്പിക്കരുതേ."

ഭാനുവിന്റെ ആവലാതി പ്രഭാതത്തിലെ മൂടൽ മഞ്ഞുപോലെ മാഞ്ഞുപോയി. ജീവൻ തുടിക്കുന്ന വീർത്ത വയറുമായി അവൾ മെല്ലെ എഴുന്നേറ്റിരുന്നു. അവൾ ഭക്ഷണം വിളമ്പി. ആശാൻ അതു കഴിച്ചു കൊണ്ടിരിക്കേ അവൾ പ്രസന്നവദനയായി പറഞ്ഞു.

www.malankaralibrary.com



"തടിപ്പെട്ടിക്കുള്ളിൽ 'ചിന്താവിഷ്ടയായ സീത'യെയും കണ്ടു. വെറും എൺപതു പദ്യങ്ങൾ മാത്രമേ എഴുതിയിട്ടുള്ളല്ലോ. നാലഞ്ചുകൊല്ലം കഴിഞ്ഞിട്ടും അതെന്തേ തുടർന്നെഴുതിയില്ല. എനിക്കതു വായിച്ചിട്ടു മതിവരുന്നില്ല ഇതങ്ങയുടെ ഏറ്റം ഉജ്ജ്വലമായ കാവ്യമായിരിക്കും."

"ശരി. ഞാനത് ഇന്നു തന്നെ തുടർന്നെഴുതാൻ പോവുകയാണ്."

ഊണു കഴിഞ്ഞ് ആശാൻ എഴുത്തുമുറിയിലെ ഏകാന്തതയിലേക്ക് ഉൾവലിഞ്ഞു. സന്ധ്യവരെ ഇരുന്ന് ഇടമുറിയാതെ എഴുതി.

അങ്ങനിരിക്കേ പൊടുന്നനെ വീണുകിട്ടിയ മറ്റൊരു കാവ്യ വിഷയത്തിന്റെ വികസ്വരതകൾക്കായി ചിന്തകളുടെ ഏകാന്തപഥങ്ങൾ താണ്ടി അയാളുടെ നിഗൂഢചിത്തം അനന്തമായ ഇടവഴികളിലൂടെ പായുകയായിരുന്നു. എവിടെയെല്ലാമോ ചിതറിക്കിടക്കുന്ന മുത്തുകൾക്കായുള്ള ഉദ്വേഗപൂർണ്ണമായ തിരച്ചിൽ പോലെ. നെഞ്ചിൽ പൊടുന്നനേ കൊള്ളിമീനുകൾ കണക്കേ വീശുന്ന ആശയങ്ങൾക്ക് പദാർജ്ജവത്തം പകർന്ന് അയാൾ അങ്ങനെ എഴുത്തിന്റെ ഹർഷോന്മാദത്തിൽ ആഴ്ന്നിരിക്കുകയാണ്.

അടുക്കളജോലിയിലായിരുന്ന ഭാനു, പിന്നാപ്പുറത്ത് ആരുടെയോ കാൽപ്പെരുമാറ്റം കേട്ട് അങ്ങോട്ടു ചെന്നു. നാട്ടു വൈദ്യനാണ്. ഭാനുവിന്റെ കാലിൽ ഈയിടെയായി തുടങ്ങിയ വേദനയ്ക്കുള്ള മരുന്നുമായി വന്നിരിക്കുകയാണ്. ദുഷിച്ച രക്തം അട്ടയെക്കൊണ്ട് ഊറ്റിക്കുടിപ്പിച്ചു കളയുകയാണ് ചികിത്സ. കുളയട്ടയുമായി വന്നു നില്ക്കുന്ന വൈദ്യനെക്കണ്ട്, ആശാൻ കേൾക്കാനായി ഭാനു ഉറക്കെ വിളിച്ചു പറഞ്ഞു.

"ദേ, അട്ടയെ കൊണ്ടു വന്നിരിക്കുന്നു."

എഴുത്തു മുറിയിൽ നിന്നും തൽക്ഷണം പ്രതികരണം ഉച്ചത്തിലുയർന്നു.

"എങ്കിൽ പിടിച്ചു മെത്തയിൽ കിടത്തൂ."

ഭാനു അതുകേട്ടു ഉറക്കെ പൊട്ടിച്ചിരിച്ചുപോയി.

"എന്താ ചിരിക്കുന്നത്?" ആശാന്റെ ആശ്ചര്യം.

"മറുപടി കേട്ടു ചിരിച്ചതാണേ"

"ആരു മറുപടി പറഞ്ഞു? ഞാനോ? ഞാനെന്തു പറഞ്ഞു? അതിനു നീയെന്താ ചോദിച്ചത്? ആ....!"

എഴുത്തിന്റെ ആഴത്തിൽ മുങ്ങിക്കിടന്ന് അക്ഷരമുത്തുകൾ സസൂക്ഷ്മം തപ്പിയെടുക്കുന്നതിനിടയിൽ പരിസരം പോലും അദ്ദേഹം മറന്നുപോയിരുന്നു. ചിരി അടക്കാനാവാതെ ഓർത്തോർത്ത് ചിരിച്ചുകൊണ്ട് അടുത്തു വന്ന ഭാനുവിനോട് ആശാൻ ഇരിക്കാൻ പറഞ്ഞു.

എഴുതിച്ചേർത്ത പദ്യങ്ങൾ ശ്രുതിശുദ്ധമായി ആശാൻ ചൊല്ലാൻ തുടങ്ങി. അതു കേൾക്കുന്നത് പുണ്യമാണ് ഭാനുവിന്. അവൾ മിഴികളടച്ച് കാവ്യാലാപനലയത്തിൽ മുഴുകിയിരുന്നുപോയി.

അപ്പോഴേക്കും അയ്യപ്പനും വന്നു. വല്ലപ്പോഴും സായന്തനങ്ങളിൽ ഈ വരവു പതിവുണ്ട്. കുറേ ഭാഗങ്ങൾ ചൊല്ലിക്കഴിഞ്ഞ് ഇരുവരോടുമായി ആശാൻ പറഞ്ഞു.





"ഭാനുവിന്റെ നിഗമനം ശരിയാണ്. എന്റെ ഏറ്റവും മികച്ച കൃതി ഇതായിരിക്കുമെന്ന് ഞാനും കരുതുന്നു. ഇത് തീർച്ചയായും കാലത്തെ അതിജീവിക്കും. എന്റെ മറ്റു കാവ്യങ്ങൾ വിസ്മൃതമായാലും ഇതു നിലനിൽക്കും."

അയ്യപ്പൻ വീറോടെ പറഞ്ഞു.

"ആശാന്റെ എല്ലാ കാവ്യങ്ങളും എന്നേക്കും നിലനിൽക്കും." അതുകേട്ട് കവിയുടെ ഉള്ളം കുളിർത്തു. തുടർന്ന് ആത്മവിശ്വാസത്തോടെ വാചാലനായി.

"അയ്യപ്പൻ ഇതുകേൾക്കൂ. എന്റെ കവിതകൾ ആസ്വദിക്കുന്നതിനായി അന്യദേശക്കാർ മലയാളം പഠിക്കുന്ന കാലം വരും. 'ചിന്താവിഷ്ടയായ സീത' എന്ന ഈ കാവ്യം എന്റെ ഹൃദയപരിച്ഛേദമാണ്. ഞാനനുഭവിച്ച യാതനകളാണ്. അതുകൊണ്ടാണ് അതിൽ ഒരിടത്ത് ഞാനിങ്ങനെ കുറിച്ചത്,

'വ്യഥപോലറിവോതിടുന്ന സദ്ഗുരുവും മർത്ത്യനു വേറെയില്ല താൻ' എന്ന്.

"ഈ തീവ്രദുഃഖമാണ് ഇതിനെ ഏറ്റവും വിശിഷ്ടമാക്കുന്നതും."

അയ്യപ്പനോടായി തുടർന്നു

"കുറേ വേദന എഴുതിയൊഴിച്ച് അപൂർണ്ണതയിൽ വച്ചിരിക്കുകയായിരുന്നു ഈ കാവ്യം. ഇപ്പോൾ ഭാനുവിന്റെ പ്രേരണയാൽ പൂർത്തിയാക്കുകയാണ്."

"നന്നായി. ഇപ്പോൾ ചൊല്ലിയ ശ്ലോകത്തോടു ചേർന്നുള്ള ഭാഗം കുറേ നാൾ മുമ്പ് എഴുതിയതാണെങ്കിലും അതിനു ഭാനുമതിയുമായി നല്ല ചേർച്ച തോന്നുന്നു."

പരിഹാസ വേദന അസഹ്യമായിട്ടും ഗർഭിണിയായ സീതാദേവി ആത്മഹത്യ ചെയ്യാതിരുന്നതിനാൽ പുത്രന്മാരെ കിട്ടിയല്ലോ എന്നാണല്ലോ ആ പദ്യത്തിന്റെ പൊരുൾ.

ഇതുപോലെ ആശാനും സഹനതീവ്രതയിൽപ്പോലും മനം പതറാതെ നിന്നതിനാൽ ഭാനുമതിയെന്ന അനർഘ സമ്മാനത്തെ ലഭിച്ചല്ലോ എന്നാണ് അയ്യപ്പന്റെ വ്യാഖ്യാനം.

"അയ്യപ്പൻ എന്റെ കവിതയെ സൂക്ഷ്മമായി മനസ്സിലാക്കിയിട്ടുണ്ടല്ലോ." ആശാൻ ശ്ലാഘിച്ചു.

ആശാന്റെയും ഭാനുവിന്റെയും ഹൃദയസരസ്സുകളിൽ മോഹങ്ങളുടെ ഒരായിരം ചെന്താമരകൾ വിരിഞ്ഞുകൊണ്ടിരുന്നു. ക്രമേണ കനം ഏറിക്കൊണ്ടിരുന്ന അവളുടെ വയറിനോട് ചേർത്ത് ചുണ്ടുകൾ വച്ച് ആശാൻ എന്നും അവരുടെ കാണാക്കുരുന്നിനോട് സല്ലപിക്കും.

ശാന്തി നിറഞ്ഞ ഉള്ളറയിൽക്കിടന്ന് കുഞ്ഞ്, കരചരണങ്ങൾ ഇളക്കി ആതാതവാക്യങ്ങൾ നൊട്ടിനുണയും. അപ്പോൾ ഭാനു കോൾമയിർ കൊള്ളും.

ഒരു നാൾ ഭാനുവിനെയും കൂട്ടി ആശാൻ ശംഖുമുഖത്തു നിന്നും വീട്ടിലേക്കു വരികയാണ്. വില്ലുവണ്ടിയിൽ ഏറെ കരുതലോടെ ഇരുത്തിയാണു യാത്ര. കണ്ണാശുപത്രിയുടെ അടുത്തെത്തിയപ്പോഴേക്കും ഒരു കൊമ്പനാന

www.malankaralibrary.com



എതിരേ വരുന്നു. ഇടുങ്ങിയ വഴിയിൽ ഒഴിഞ്ഞുമാറാനിടമില്ല.

വണ്ടിക്കുതിര വിരണ്ടു. അതു കുതറിത്തുള്ളി. വണ്ടി ആടിയുലഞ്ഞ് ഒരു വശത്തേക്ക് മറിഞ്ഞുവീണു. ഭാനു തെരുവോരത്തു തെറിച്ചുവീണു. അവൾ വേദനയോടെ കരയുകയായിരുന്നു. ആശാൻ പിടഞ്ഞെഴുന്നേറ്റ് അവളെ ഇരു കരങ്ങളിലും കോരിയെടുത്തു. വണ്ടിക്കും കുതിരയ്ക്കും കാര്യമായ കേടുസംഭവിച്ചിരിക്കുന്നു. മറ്റുവണ്ടികളൊന്നും കാണുന്നുമില്ല.

ആശാൻ അവളെ താങ്ങിയെടുത്തു നടന്നു. ഏറ്റം അടുത്തുള്ള ആശുപത്രിയിലാക്കി.

ആശാൻ വല്ലാതെ ഭയന്നുപോയി.

ഗർഭപൂർണ്ണതയ്ക്ക് രണ്ടു മാസങ്ങൾ ഇനിയും വേണം. സവിസ്തര പരിശോധനയ്ക്കുശേഷം ഒരു ഡോക്ടർ പുറത്തേക്കു വന്നു. പരിഭ്രാന്തനായി നിൽക്കുന്ന ആശാന്റെ പക്കലെത്തി ആദ്ദേഹം സഹതാപത്തോടെ പറഞ്ഞു.

"എന്തുചെയ്യാൻ? താങ്കൾക്കൊരു മുത്തച്ഛനാകാനുള്ള സാധ്യത വളരെ കുറവാണ്."

ഭാനു തന്റെ മകളാണെന്ന ധാരണയിലാണ് ഡോക്ടർ അതു പറഞ്ഞത്.

ആശാൻ തിരുത്താൻ നിന്നില്ല.

"എന്താ ഡോക്ടർ, തുറന്നു പറയൂ" ആശാന്റെ മനസ്സ് പിടയുകയായിരുന്നു.

"കുഞ്ഞിനെ ജീവനോടെ കിട്ടുമെന്നു തോന്നുന്നില്ല."

ഡോക്ടർ തുറന്നു പറഞ്ഞു.

ജീവിതത്തിന്റെ പട്ടുറുമാലിൽ മോഹങ്ങളുടെ ഒരു മോഹനപുഷ്പം നെയ്തുകൊണ്ടിരുന്ന ആശാൻ അതുകേട്ട് വാവിട്ട് കേണുപോയി.

ഉല്ലാസഭാവം തളംകെട്ടി നിൽക്കാറുള്ള ആ വദനം കാർമേഘം മൂടിക്കെട്ടിയ ആകാശം പോലെയായി.

"കരയാതിരിക്കൂ, ഞങ്ങൾ പരമാവധി പരിശ്രമിക്കുകയാണ്."

വൈദ്യസംഘം ആശ്വസിപ്പിച്ചു. കടന്നുപൊയ്ക്കൊണ്ടിരുന്ന ഓരോ നിമിഷത്തിനും ഒരായുസ്സിന്റെ ദൈർഘ്യമുണ്ടെന്ന് ആശാനു തോന്നിപ്പോയി.

ഭാനു മാസം തികയാകതെ പ്രസവിച്ചു.

ചെറുചൂടുവെള്ളം കുപ്പിയിൽ നിറച്ച് കുഞ്ഞിന്റെ പാർശ്വങ്ങളിൽ വച്ച് ഡോക്ടർമാർ രാപകൽ പരിചരിച്ചു.

മാസങ്ങൾകൊണ്ട് അവൻ ആരോഗ്യവാനായിത്തീരുകയാണ്. അവൻ നീലപ്പളുങ്കുപോലുള്ള ഇളം മിഴികൾ തുറന്നു. കൈകാലുകൾ ഇളക്കി അവൻ ഉച്ചത്തിൽ കരഞ്ഞു.

ആശാൻ അതുകേട്ട് ആഞ്ഞുചിരിച്ചു.



# മുപ്പത്തൊന്ന്

ജടപിടിച്ച കുറ്റൻ നാട്ടുമാവിന്റെ തണൽപ്പറ്റിലിരുന്ന് ആശാനെത്തന്നെ ഉറ്റുനോക്കുകയാണ് ഭാനുമതി. ഒറ്റത്തോർത്തു മാത്രമുടുത്ത് അനാവൃതഗാത്രനായി ആശാനെ അപൂർവ്വമായേ ഇങ്ങനെ കാണാറുള്ളു. മുമ്പെല്ലാം ഔദ്യോഗിക പരിവേഷത്തിൽ കോട്ടും കസവുമുണ്ടും ധരിച്ച് അരങ്ങുവാഴുന്ന ആഢ്യനാണ് ഇവിടെ ഈ മണ്ണിൽ തടിയുടഞ്ഞദ്ധ്വാനിക്കുന്നത്.

കൂന്താലി ഊക്കോടെ ആഴ്ത്തി മണ്ണുകിളച്ചു മറിക്കുന്ന ആ മേഘവർണ്ണന്റെ തടിച്ചുകുറുകിയ ഉടലിലൂടെ വേർപ്പുചാലുകൾ ഉറന്നൊഴുകുകയാണ്.

"ഇനി ഇതു കുടിച്ചിട്ടു മതി." ഭാനു ക്ഷണിച്ചു.

മണ്ണിൽ കൂന്താലി ആഞ്ഞൊന്നു കൊത്തി നിർത്തി. എന്നിട്ടു പിന്നിലേക്കു തിരിഞ്ഞുനോക്കി. ഓട്ടുമൊന്തയിൽ തണുത്ത സംഭാരവുമായി നിൽക്കുകയാണവൾ.

ദാഹപരവശനായ ആശാൻ തലയിൽ ചുറ്റിക്കെട്ടിയിരുന്ന തോർത്തഴിച്ച് മുഖമൊന്നു തുടച്ചു.

പച്ചമുളകും ഇഞ്ചിയും ചതച്ചിട്ട ഒന്നാന്തരം സംഭാരം കുംഭ നിറയുവോളം മോന്തി. കുറേ അവളുടെ വായിലേക്കും പകർന്നു.

"ഈ പറമ്പിൽ നമുക്ക് പൊന്നുവിളയിക്കണം ഭാനൂ." കടും ചെമപ്പാർന്ന മണ്ണിന്റെ ഉർവ്വരതയിൽ കണ്ണുനട്ട് അവളും അനുകൂലിച്ചു.

"നല്ലൊരു വീടും നമുക്കിവിടെ ഉണ്ടാക്കണം. കൈതമുക്കിൽ സ്ഥലം കുറവാണല്ലോ എന്നു ഞാൻ സങ്കടപ്പെട്ടിരുന്നു. ഇപ്പോൾ ഇത്ര വലിയ പറമ്പു നമുക്കുകിട്ടിയല്ലോ."

"രണ്ടു മൂന്ന് ഏക്കറിൽ കൂടുതലൊന്നും ഞാനും മോഹിച്ചിരുന്നില്ല. എന്നാൽ ഇരുപതേക്കർ നല്ലൊന്നാന്തരം ഭൂമി നമുക്ക് സ്വന്തമായിരിക്കുന്നു. എന്റെ കവിതകളെ പൊട്ടക്കവിതകൾ എന്ന് വിളിച്ചാക്ഷേപിച്ച മൂഢന്മാരുടെ മുമ്പിൽ ഞാനീ പറമ്പിനെ വലിയൊരു ചോദ്യച്ചിഹ്നമാക്കി മാറ്റും."

"ഇതും അവർക്കു സഹിക്കുന്നുണ്ടാവില്ല. 'ബാലരാമായണം' എന്ന ഒരൊറ്റ പുസ്തകത്തിന് മൂവായിരം രൂപയല്ലേ പ്രതിഫലമായിക്കിട്ടിയത്. ആ തുക മുടക്കി ഈ തോന്നയ്ക്കലിൽ ഇരുപതേക്കർ വാങ്ങിക്കുക എന്നുപറഞ്ഞാൽ അതവരുടെ അസൂയ വളർത്താതിരിക്കുമോ?"

"അവർ രഹസ്യമായി പറഞ്ഞു പരത്തുന്നതായി ഞാനറിഞ്ഞു, ബാലരാമായണം സർക്കാർ പാഠപുസ്തകമാക്കിയത് എന്റെ സ്വാധീനം മൂലമാണെന്ന്. സർക്കാർ തീരുമാനം എന്നെ എഴുതി അറിയിച്ചപ്പോൾ മാത്രമാണ് ഇക്കാര്യ

www.malankaralibrary.com



ത്തെപ്പറ്റി ഞാനറിഞ്ഞത്."

ഭാനുമതിയുടെ തോളിൽ കരം ചേർത്ത് പറമ്പിന്റെ പടിഞ്ഞാറു ഭാഗത്തേക്ക് ആശാൻ നടന്നു.

"നോക്കൂ ഭാനൂ... ആ പടിഞ്ഞാറു ഭാഗം ഒരു വനംപോലെ തോന്നുന്നില്ലേ? ആ മരങ്ങൾ ഞാൻ വെട്ടിത്തെളിക്കില്ല. അതിന്റെ നടുവിൽ ഒരു പാറപ്പരപ്പുണ്ട്. അവിടെ ചെന്നിരുന്നെഴുതാൻ നല്ല സുഖമുണ്ടാവും. അത്ര നല്ല ഏകാന്തതയും പ്രകൃതി ഭംഗിയുമാണ്."

അതിനുമപ്പുറത്തേക്കു വിരൽ ചൂണ്ടി ആശാൻ ആവേശത്തോടെ പറഞ്ഞു.

"കൈത്തോടുകൾ അതിരിടുന്ന ആ നെല്പാടങ്ങൾ കണ്ടോ.

നിനക്കു കാണാമോ? അതോ ഞാനെടുത്തുയർത്തി കാട്ടണോ?"

അവൾ നാണം പൂണ്ടു പറഞ്ഞു.

"വീടിനു പുറത്തും ഇങ്ങനെയായാലോ! എനിക്കു നന്നായി കാണാം. വയലും അതിനപ്പുറത്തെ തെങ്ങിൻതോപ്പുമെല്ലാം."

"അതും കഴിഞ്ഞാൽ കഠിനംകുളം കായലാണ്. തിരകളടിച്ചുയരുന്ന അറേബ്യൻ സമുദ്രവും കാണാം." അതി വിസ്തൃതമായ ആ ഭൂമിക എത്ര കണ്ടാലും മതിവരില്ല ആശാന്. ഒരുപാടു പദ്ധതികൾ അവിടദ്ദേഹം വിഭാവനം ചെയ്യുകയാണ്.

"നാളെ മുതൽ ആദിച്ചരാമനോട് കാട് വെട്ടിത്തെളിക്കാൻ വരാൻ പറഞ്ഞിട്ടുണ്ട്. അവർക്കു കാച്ചിൽപ്പുഴുക്കും ചമ്മന്തിയും കൊടുക്കണം. കുറച്ചു കഞ്ഞീം വച്ചോളൂ!"

പറയനായ ആദിച്ചൻ പണ്ടേ ആശാന്റെ സഹായിയാണ്. പശുവിനെ പോറ്റാൻ വേണ്ടിയാണ് അവനെ കൊണ്ടു വന്നത്. അന്നവന് വയസ്സു പന്ത്രണ്ടേയുള്ളൂ. ആശാനെ അവൻ തമ്പുരാൻ എന്നാണു വിളിക്കാറ്. ആശാനതിഷ്ടമല്ല. ആ വിളികേട്ട് അനിഷ്ടത്തോടെ ആശാൻ ഒരിക്കൽ വിലക്കി.

"തമ്പുരാൻ ഒരാളേയുള്ളൂ രാമാ. അദ്ദേഹം അങ്ങു മുകളിലാണ്. എന്നെ നീ ആശാൻ എന്നു വിളിച്ചാൽ മതി."

പറഞ്ഞ പ്രകാരം പിറ്റേന്ന് ആദിച്ചനും സംഘവുമെത്തി. ഇടതൂർന്ന കുറ്റിക്കാടുകൾ അവർ വെട്ടിത്തെളിച്ചു തുടങ്ങി. പുൽത്തഴപ്പിനുള്ളിൽ യഥേഷ്ടം പിണഞ്ഞു കിടന്ന വിഷപ്പാമ്പുകൾ അതോടെ തലപൊന്തിച്ചു ചീറി. അവ ഒന്നും രണ്ടുമല്ല, രണ്ടും നാലുമല്ല, നൂറു നൂറെണ്ണം. അണലിയും മൂർഖനും രാജവെമ്പാലയും മറ്റും. കല്ലും വടികളും ഓങ്ങി രാമനും പരിവാരങ്ങളും വിഷസർപ്പങ്ങളെ വളഞ്ഞു.

"അരുത് . അവയെ ഉപദ്രവിക്കരുത്."ആശാൻ ഓടി വന്നു വിലക്കി: ഒരു പീഡയെറുമ്പിനും വരുത്തരുതെന്ന മഹാമനസ്കതയാണതിന്റെ പിന്നിൽ.

"പിന്നെന്തുചെയ്യും? ഇവയെ തുരത്താതെ കൃഷിചെയ്യാൻ പറ്റില്ല."

"പരിഹാരമുണ്ട്." ആശാൻ പറഞ്ഞു.

എന്നിട്ട് കുറച്ചകലെ നിന്നും കുറവന്മാരെ കൊണ്ടുവന്നു. കുടം വച്ച്





പാമ്പുകളെ പിടിക്കാനുള്ള പ്രത്യേക വിദ്യ അവർക്കറിയാം ഒരു പാമ്പിനു നാലു ചക്രം കൂലിപറഞ്ഞു സമ്മതിപ്പിച്ചിട്ടാണ് കൊണ്ടു വന്നിരിക്കുന്നത്. ഇവരുടെ പാമ്പുപിടുത്തം കാണാൻ നാട്ടുകാരെല്ലാം ആകാംക്ഷാപൂർവ്വം വന്നുനിരന്നു.

"പിടിച്ച പാമ്പുകളെയെല്ലാം അകലെയുള്ള വനത്തിൽ കൊണ്ടുപോയി ജീവനോടെ തുറന്നുവിടണം. എങ്കിലേ കാശുതരൂ" ആശാൻ പറഞ്ഞു. അങ്ങനെ രണ്ടു ദിവസങ്ങൾക്കകം പറമ്പിലെ പാമ്പുകളെല്ലാം തുരത്തപ്പെട്ടു.

കൃഷിയിടത്തിലെ അദ്ധ്വാനപ്പെരുമയിലൂടെ ആശാന്റെ ദുർമ്മേദസ് ഉരുകിപ്പൊയ്ക്കൊണ്ടിരുന്നു. ശരീരഭാരം നൂറ്ററുപതു റാത്തൽ വരെയെത്തിയിരുന്നു. അത് നൂറു റാത്തലായി കുറച്ചാൽ മാത്രമേ തന്റെ ഉയരത്തിനൊത്ത് തൂക്കമെത്തുകയുള്ളൂ. അല്ലെങ്കിൽ അത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. കഠിനാദ്ധ്വാനത്തിൽ നിന്നും സഹതാപപൂർവ്വം വിലക്കുന്ന ഭാനുവിനോട് ആശാൻ പറഞ്ഞു.

"നിന്നോടൊപ്പം എനിക്ക് പൂർണ്ണാരോഗ്യവാനായി ഒരു നൂറുകൊല്ലമെങ്കിലും ജീവിക്കണം ഭാനൂ."

"അതിനു 'കൂനി' ചികിത്സ പോരേ? വെയിൽ മുഴുവനും ഏറ്റിങ്ങനെ കറുക്കണോ?"

"പ്രകൃതിയുടെ ഒന്നാന്തരം ടോണിക്കാണെടീ വെയിൽ. പിന്നെ കറുപ്പിന്റെ കാര്യം. അതിനേഴഴകാണെന്നല്ലേ പഴമൊഴി. ഈ കൃഷ്ണവർണ്ണമാണെന്റെ സ്വത്വം. അതാണെന്റെ ആകർഷകത്വവും. അല്ലേ?"

അവൾ ചിരിച്ചു.

മദ്രാസിൽ വച്ചു പിടികൂടിയ ഉദരരോഗത്തിനു പരിഹാരമായാണ് കൂനി ചികിത്സ പരീക്ഷിച്ചത്. അതു ഗുണമായി. പിന്നീട് പ്രകൃതി ചികിത്സകളിലേക്കു തിരിഞ്ഞു. ജർമ്മൻ ഭിഷഗ്വരനായ ഡോക്ടർ ലൂചി കൂറിയുടെ ഒരു പുസ്തകത്തിലൂടെയാണ് അതിനെപ്പറ്റി ഗ്രഹിച്ചത്. ക്രമാതീതമായി ഏറിക്കൊണ്ടിരുന്ന ദേഹഭാരം കുറയ്ക്കാൻ അതു ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടു. അതിൻപ്രകാരം ഭക്ഷണക്രമം അപ്പാടെ മാറ്റി. തവിടുമാറ്റാത്ത അരി വറ്റിച്ചു കിട്ടിയ ചോറ്, പാതി പഴുത്ത പഴങ്ങൾ, ഇലക്കറികൾ എന്നിവ പത്ഥ്യമാക്കി. നീരാവിക്കുളിയും ചികിത്സാഭാഗമായിരുന്നു. കുഴിയിലിരുന്ന് ഉടൽ കമ്പിളി കൊണ്ടു മൂടി ആവി കൊണ്ടു.

സ്ഥൂലമായ അരക്കെട്ടും ചീർത്ത കുംഭയും കൂടെക്കൂടെ ഈറൻ തുണി കൊണ്ടു തിരുമ്മി. അങ്ങനെ ശരീരഭാരം വരുതിയിൽ വന്നു മെരുങ്ങി നിന്നു.

വെട്ടിത്തെളിച്ച പറമ്പിൽ തൈത്തെങ്ങുകൾ കുഴിച്ചുവച്ചു. ഉഴുന്നും പയറും മുതിരയും മരച്ചീനിയും കൃഷിചെയ്തു. നല്ലൊരു പുരയും തീർത്തു.അതിനു ചുറ്റും ഭാനുവിന്റെ കർമ്മസാക്ഷ്യമായി ഒരു പച്ചക്കറിത്തോട്ടം.

വീടിനടുത്ത് സ്വകാര്യത തുടിച്ച ഒരെഴുത്തുപുരയും ഒരുക്കി. അതിനുചുറ്റും ആശാൻ ചേമന്തിയും രാജമല്ലിയും നെന്മേനി വാകയും നട്ടു. അവ വളർന്നു തഴച്ചു. പൂത്തു മറിഞ്ഞു.

www.malankaralibrary.com



അനുപദം ആ രചനാവഴികളിൽ ഈ പൂക്കളുടെ നറുമണം ഇഴുകിച്ചേർന്നു. ആ കവിതകൾ പാരിന്റെ സുഗന്ധമായി ഏങ്ങും ആഞ്ഞു വീശിനിന്നു.



## മുപ്പത്തിരണ്ട്

സ്വന്തം ഭാഷക്കാർ ആക്ഷേപദണ്ഡുകൊണ്ട് അടിച്ചു താഴ്ത്തിയ പത്തിമേൽ വിശ്വഭാഷക്കാർ അഭിപൂജനത്തിന്റെ മാണിക്യം ചാർത്തിക്കൊടുക്കുകയാണ്.

മഹാകവി കുമാരനാശാന് ബ്രിട്ടീഷ് ചക്രവർത്തിയുടെ പട്ടും വളയും സമ്മാനിക്കപ്പെടുന്നു. ഭാരതമഹാരാജ്യത്തിലെ ഒരു സാഹിത്യപ്രതിഭയുടെ സ്വപ്നത്തിലെ പരമമായ പാരിതോഷിക ലബ്ധി.

ആശാന്റെ ഉന്മേഷം ഇരട്ടിച്ചു.

ആഹ്ലാദവാർത്ത കേട്ടപാടേ ഭാനുവിനെ മാറോടണച്ച് ആശാൻ മന്ത്രിച്ചു;

"നീ എന്റെ പ്രാണനിൽ കുടിയേറിയ നാൾ മുതൽ എന്റെ മഹത്വം വർദ്ധിക്കുകയാണു ഭാനൂ."

ആകാശത്തിനും മേലേക്ക് ഔദ്ധത്യമാർന്നുയരുന്ന മഹാമേരുവിന്റെ ചോട്ടിലെന്നപോലെ അവൾ വിസ്മയംപൂണ്ടു നിന്നു. മഹാഭിമാനത്തിന്റെ നെയ്ത്തിരികൾ ആ മിഴികളെ ദീപ്തമാക്കിയിരുന്നു. അവൾ ആ ഉരുക്കുമാറിൽ മുഖം പൂഴ്ത്തിനിന്ന് ആനന്ദാശ്രുക്കൾ സമർപ്പിച്ചു.

"എന്നെ തഴഞ്ഞ നാട്ടു പ്രമാണിമാരുടെ മുമ്പിൽ, സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിലെ അധികാരികൾ വച്ചുനീട്ടുന്ന ഈ സമ്മാനം ഏറ്റുവാങ്ങി ഞാൻ പകരം വീട്ടും."

ആശാന്റെ ചുണ്ടിൽ ഒരു ഗൂഢമന്ദസ്മിതം വിടർന്നു.

തദ്ദേശിയരായ നാടുവാഴികളുടെ നീതിരാഹിത്യത്തെ അദ്ദേഹം നിശിതമായി ചോദ്യം ചെയ്തു. പ്രത്യേകിച്ച് കൊച്ചി വലിയകോയിത്തമ്പുരാന്റെ പക്ഷഭേദത്തെ.

"അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് മലയാളത്തിൽ നിന്നും ചിലരെ തെരഞ്ഞെടുത്ത് അവർക്ക് കവി തിലകന്മാർ എന്ന ഉന്നതപദവി കൊടുത്തല്ലോ. അപ്പോഴും എന്നെ മനഃപൂർവ്വം തഴയുകയായിരുന്നു. ആ കവിതിലകസ്ഥാനങ്ങളെയെല്ലാം നിഷ്പ്രഭമാക്കുന്നതാണ് എന്റെ ഈ സമ്മാനം."

വാർത്തയറിഞ്ഞ് അയ്യപ്പനും ഓടിയെത്തി. അയാൾ ആശാന്റെ കൈ പിടിച്ച് അഭിനന്ദിച്ചു പറഞ്ഞു.

"മഹാകാവ്യം എഴുതാതെ അങ്ങനൊരാൾ മലയാളചരിത്രത്തിലാദ്യമായി 'മഹാകവി'യെന്നു അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇതും സ്വാധീനം വഴിനേടിയതാണെന്നു പഴിക്കാൻ ചിലർ മുതിർന്നേക്കും."

"അങ്ങനെയും ആരോപണമുണ്ടോ?" ഭാനുവിന്റെ വിസ്മയം.

"അതേ, ഭാരത സ്വാതന്ത്ര്യത്തെ പ്രതി ബ്രിട്ടീഷുകാർക്കെതിരെ

www.malankaralibrary.com



സർവ്വഎഴുത്തുകാരും അണി നിരന്നില്ലേ? അപ്പോഴും വേറിട്ടു മുഴങ്ങിയ സ്വരം ആശാന്റേതായിരുന്നല്ലോ"

"ഭാരതത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം എന്റെ രണ്ടാം ലക്ഷ്യം മാത്രമായിരുന്നു. ഒന്നാമത്തെ ഉന്നം ജാതിരക്ഷസ്സിൽ നിന്നുള്ള സ്വാതന്ത്ര്യം തന്നെയായിരുന്നു. ജാതിക്കെതിരേ നിലകൊണ്ട് മനുഷ്യരെ ഒരൊറ്റ സമൂഹമായി കണ്ടവർ ബ്രിട്ടീഷുകാർ മാത്രമായിരുന്നു. അതിനാൽ അവരുടെ ഭരണം നിലനിർത്തിക്കൊണ്ടു തന്നെ പൗരാവകാശം നേടുക എന്നതായിരുന്നു എന്റെ ലക്ഷ്യം."

"കോൺഗ്രസ്സ് അദ്ധ്യക്ഷനായിരുന്ന ഡബ്ളിയു. സി. ബാനർജി പോലും പറഞ്ഞത്, ബ്രിട്ടീഷ് ബന്ധം വിച്ഛേദിച്ചാൽ നമുക്കു നഷ്ടമല്ലാതെ നേട്ടമില്ല എന്നാണ്. ദാദാബായ് നവ്റോജി പറഞ്ഞത്, ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ജീവിക്കുക എന്നത് ഇന്ത്യക്കാരുടെ മഹാഭാഗ്യമാണ് എന്നല്ലേ. എന്തിനേറെ, ജോർജ്ജ് അഞ്ചാമൻ ചക്രവർത്തി കൽക്കത്താ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ വരവേല്ക്കാനായി രവീന്ദ്രനാഥ ടാഗോർ രചിച്ച 'ജനഗണമന'യിലെ ആധിനായക, ഭാരത ഭാഗ്യവിധാതാ എന്നീ രണ്ടു പ്രയോഗങ്ങളും ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രതിനാമങ്ങളായാണ് ചേർത്തിട്ടുള്ളത്." അയ്യപ്പൻ പിൻതാങ്ങി.

'അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം' എന്ന ദേവോക്തികൾ ഇവിടെ അന്വർത്ഥമാകുകയാണ്. അധർമ്മം തലയുയർത്തുമ്പോൾ ഞാനവിടെ അവതരിക്കുന്നു എന്നാണല്ലോ അർത്ഥം. ബ്രിട്ടീഷുകാരെ ഈ ജാതി ഭ്രാന്തിന്റെ നാട്ടിലേക്കയച്ച് ഭഗവാൻ തന്റെ വാഗ്ദാനം പ്രാവർത്തികമാക്കുകയാണ്. ഇതായിരുന്നല്ലോ ആശാന്റെ വേറിട്ട വിചാരങ്ങൾ.

"ഒരു തീയ്യക്കുട്ടിയുടെ വിചാരം" എന്ന കവിതയിൽ അതുകൊണ്ടാണ് ആശാൻ ഇങ്ങനെയെഴുതിയത്.

എന്തിനു ഭാരത ധരേ കരയുന്നു! പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ.
ചിന്തിക്ക, ജാതി മദിരാന്ധരടിച്ചു തമ്മി-
ലന്തപ്പെടും തനയരെന്തിനയേ 'സ്വരാജ്യം'?

വീണ്ടുമെഴുതി.

"കൈസറുടെ കരബലമസ്തമിച്ചെങ്ങു മാംഗല
കേസരി പതാക കാറ്റിൽ കളിയാടട്ടെ."

മദ്രാസ് സർവ്വകലാശാലയുടെ സെനറ്റ് ഹാളിൽ വച്ചായിരുന്നു ആ സമ്മാന സമർപ്പണം. ഒരു തളികയിൽ മടക്കിവെച്ച രണ്ടു കാശ്മിർ സാൽവകളും സ്വർണ്ണമെഡലും ഒരു തങ്കവളയും വെയിത്സ് രാജകുമാരനിൽ നിന്നും മഹാകവി ഏറ്റുവാങ്ങി. നാന്നൂറു ഉറുപ്പിക മൂല്യമുള്ള അപ്രാപ്യമായ പാരിതോഷികങ്ങൾ.

ഹർഷാരവ മഹാവർഷമേറ്റ് നെഞ്ചുകുളിർത്ത് പട്ടും വളയും കരങ്ങളിലേന്തി ആ ഉദ്ധത ശീർഷൻ വേദിയിൽ നിന്നിറങ്ങി വന്നു. യോഗം പിരിഞ്ഞു.





ആശാൻ മദ്രാസ് നഗരത്തിലെ മുന്തിയ ചില വ്യാപാര നിലയങ്ങളിൽ ഒന്നു കയറിയിറങ്ങി. ഈ സമ്മാന സ്വീകരണത്തിന്റെ സ്മരണാർത്ഥം ഭാനുവിനുവേണ്ടി എന്തെങ്കിലുമൊന്ന് വാങ്ങുക എന്നതായിരുന്നു ലക്ഷ്യം. താൻ ഈയിടെ അവൾക്കു വാങ്ങിക്കൊടുത്ത പട്ടുസാരിക്ക് ഇണങ്ങുന്ന വിളിമ്പ് തിരുവനന്തപുരത്തെങ്ങും അന്വേഷിച്ചിട്ടും കിട്ടിയില്ല. അതിനാൽ അതുതന്നെ വാങ്ങാൻ തീരുമാനിച്ചു. പതിനാറുഗജം മുന്തിയ ഇനം സാരി വിളിമ്പ് വാങ്ങി. ഒപ്പം സ്വർണ്ണ വർണ്ണമാർന്ന നല്ലൊരു മഷിപ്പേനയും സ്വർണ്ണ വാച്ചും.

സ്വാഭിമാനം സ്വദേശത്തേക്കു മടങ്ങി. അവിടങ്ങോളമിങ്ങോളം വരവേല്പിന്റെ പൊടിപൂരം. ആദ്യം ആലുവാ സംസ്കൃത കോളജിൽ. തുടർന്നു കൊച്ചിയിൽ. കവി തിലകന്മാരുടെ കൂട്ടത്തിൽ തന്നെ ചേർക്കാൻ കൂട്ടാക്കാതിരുന്ന കൊച്ചി രാജാവിന്റെ തട്ടകത്തിൽ വച്ചു നടന്ന സ്വാഗതോപചാര മഹായോഗത്തിലേക്ക് അലങ്കരിച്ച കുതിരവണ്ടിയിലിരുത്തിയാണ് എഴുന്നള്ളിച്ചത്. വെയിത്സിലെ രാജകുമാരനിൽ നിന്നു നേടിയ പട്ടുഷാൾ കോട്ടിനു മുകളിൽ ചാർത്തി വലംകരത്തിൽ തങ്കവള അണിഞ്ഞാണ് എല്ലായിടത്തും സംബന്ധിച്ചത്.ചിലയിടങ്ങളിൽ നിരവധി അലങ്കൃത വഞ്ചികളുടെയും ബോട്ടുകളുടെയും അകമ്പടിയോടെയായിരുന്നു സ്വീകരണം.

പിന്നെ നേരേ ശിവഗിരിക്കുന്നിലേക്ക്. പട്ടുടുക്കാമായിരുന്നിട്ടും വെറുമൊരു ഒറ്റമുണ്ടുടുത്ത് കാട്ടിൽ കഴിയുന്ന ഗുരുവിന്റെ തിരുസവിധത്തിലേക്ക്. കണ്ടപാടേ ആ ആർഷപാദങ്ങളിൽ കമഴ്ന്നുവീണു. കരം കൂപ്പിയെഴുന്നേറ്റ് രാജകുമാരനിൽ നിന്നും ലഭിച്ച അരുണാഭമായ ഒരുഷാൾ തളികയിൽ വച്ച് ഗുരുവിനു നേരേ നീട്ടി.

"ഇതു ഗുരുദേവൻ സ്വീരിച്ചാലും."

സ്വാമികൾ അതേറ്റു വാങ്ങി നോക്കി. എന്നിട്ട് തിരികെ കൊടുത്തു പറഞ്ഞു.

"നാം കുമാരുവിന്റെ വീട്ടിൽ വരുമ്പോൾ നമ്മുടെ ഉപയോഗത്തിനായി ഇതു മാറ്റി വച്ചേക്കൂ."

www.malankaralibrary.com



ഭാനുവിനെ ആശാൻ മാറോടു പിടിച്ചടുപ്പിച്ചു. അവളുടെ മൂർദ്ധാവിലും കവിളുകളിലും മാറിമാറി ചുംബിച്ചു. നിദ്രയിലാഴ്ന്നു കിടന്ന പൊന്നോമന ക്കുഞ്ഞുങ്ങളുടെ പൂവൽ ശിരസ്സുകളിൽ മെല്ലെ തഴുകി.

"പോട്ടേ..."ഭാനുവിനോടു വീണ്ടും ചോദിച്ചു.

അവൾ നിറകണ്ണുകളോടെ നിന്നു. പൂമുഖത്തേക്കിറങ്ങി വന്ന് മുറ്റത്തെ ഇരുട്ടിലേക്ക് ഇടയ്ക്കിടെ നോക്കി ആരെയോ അദ്ദേഹം പരതുന്നുണ്ടായി രുന്നു.

''ആ കുമാരു പണിക്കരും അയ്യാവു പണിക്കരും കൂടെ വരാമെന്ന് ഏറ്റിരു ന്നതാണല്ലോ. അവരെത്തിയില്ലല്ലോ. എന്തുപറ്റി?"

ആശാൻ സംശയിച്ചു നിന്നു.

ഓടു കമ്പനിയുടെ ഓഹരിക്കാരാണവർ.

"എങ്കിൽ ഇന്നൊറ്റയ്ക്കു പോകണ്ട." ഭാനു വിലക്കി. ആശാൻ തിരിച്ചു കയറി അവളുടെ അരികുപറ്റി തെല്ലുനേരമിരുന്നു.

"പോകാഞ്ഞാൽ പല തരക്കേടുണ്ടു ഭാനൂ. ശനിയാഴ്ച ഞാൻ തിരി ച്ചെത്തിക്കൊള്ളാം."

"വേണ്ടാ. നാളെപ്പോയിട്ട് ഞായറാഴ്ച വന്നാൽ മതി."

ആശാൻ ഒന്നു മന്ദഹസിച്ചു.

കറുത്ത തുകൽ ബാഗും തൂക്കി പടിയിറങ്ങി.

മുറ്റത്തു കുതിരവണ്ടി കാത്തു കിടക്കുന്നു.

അതിനുള്ളിലേക്കു കയറുമ്പോൾ തിരുനെറ്റി വണ്ടിയുടെ പിന്നിൽ ആഞ്ഞു തട്ടി.

"അയ്യോ ചോര." ഭാനു പിന്നിൽ നിന്ന് ഉറക്കെ പറഞ്ഞു.

അവൾ ഓടിയിറങ്ങി വന്നു.

"വല്ലാതെ മുറിഞ്ഞിട്ടുണ്ട്. ഞാൻ മരുന്നു വച്ചു തരാം. ചോര ഒഴുകുന്നു ണ്ട്. വണ്ടിയിൽ നിന്നിറങ്ങ്."അവൾ കരഞ്ഞു.

"സമയമായി" ആശാൻ മന്ത്രിച്ചു.

കോട്ടിന്റെ കീശയിൽ നിന്നും കൈലേസ്സെടുത്ത് ആശാൻ ചോര തുടച്ചു. എന്നിട്ട് വണ്ടിക്കാരന്റെ തോളിൽ തട്ടി വണ്ടി വിടാൻ നിർദ്ദേശിച്ചു.

കരഞ്ഞുകൊണ്ടു നിൽക്കുന്ന ഭാനുവിനെ ആശാൻ ഒന്നുകൂടി നോക്കി. നിശയുടെ അഗാധഹ്രദത്തിലേക്ക് കുതിരക്കുളമ്പടി നാദം ചൂഴ്ന്നിറങ്ങി.

ബോട്ടുജെട്ടിയിൽ അസാധാരണമായ ആൾത്തിരക്ക്.

ആശാൻ കാര്യം തിരക്കി.

ഒരു യാത്രികൻ പറഞ്ഞു;

"തിരുവനന്തപുരത്തു നിന്നും മുറജപവും ലക്ഷാർച്ചനയും കഴിഞ്ഞു വരുന്ന ജനങ്ങളാ. കൂടാതെ കോട്ടയത്തേക്ക് ഒരു കല്യാണത്തിനായി പോകുന്നവരുമുണ്ട്."

ബോട്ടിൽ തൊണ്ണൂറ്റൊൻപതു പേർക്കുള്ള ഇടമേയുള്ളൂ. എന്നാൽ അതിൽ കയറിപ്പറ്റിയവർ നൂറ്റിമുപ്പത്തിയാറ്!





ഫസ്റ്റ് ക്ലാസ്സ് ടിക്കറ്റിനായി ഒഴിച്ചിട്ടിരുന്ന കാബിൻ സീറ്റിൽ ആശാൻ അ മർന്നു.

"അതാ മഹാകവി കുമാരനാശാൻ"യാത്രികർ ആവേശത്തോടെ പറഞ്ഞു. സർവ്വ ദൃഷ്ടികളും ആ പ്രതിഭയുടെ സുമുഖ വദനത്തെ പൊതിഞ്ഞു.

സഹൃദയർ ഓടി അരികിലെത്തി വിശേഷങ്ങൾ തിരക്കി.

സൗമ്യ മധുരമായി ആശാൻ അവരോടെല്ലാം സംസാരിച്ചു.

പാതിരാക്കാറ്റിന്റെ പ്രഹരമേറ്റ് കലിതുള്ളുന്ന അഷ്ടമുടിക്കായലിന്റെ വിരിമാറിലൂടെ 'രക്ഷകൻ' എന്ന യാനപാത്രം അലറിപ്പാഞ്ഞു.

മകരത്തണുപ്പിൽ നിന്നും കനത്ത കോട്ട് ആശാനെ പൊതിഞ്ഞു സംര ക്ഷിച്ചു.

ചിലർ അപേക്ഷിച്ചു.

"ഞങ്ങൾക്കൊരു കവിത കേൾക്കണമെന്നുണ്ട്."

സഹൃദയ സമക്ഷം തന്റെ കവിതചൊല്ലി അവരെ ആനന്ദിപ്പിക്കുന്നതിൽ ആശാനും ഉത്സുകനാണ്.

കറുത്ത ബാഗ് അദ്ദേഹം തുറന്നു.

രണ്ടു കൃതികളുടെ കയ്യെഴുത്ത് അതിലുണ്ട്.

ഈയിടെ എഴുതിയ കരുണയുടെയും ശ്രീബുദ്ധചരിതം അഞ്ചാം ഭാഗ ത്തിന്റെയും .

"ഇതു വഞ്ചിയാത്രയാണല്ലോ . അതിനാൽ വഞ്ചിപ്പാട്ടു തന്നെയാവട്ടെ" ആശാൻ പുഞ്ചിരിയോടെ പറഞ്ഞു.

അദ്ദേഹം കരുണ ചൊല്ലിത്തുടങ്ങി. പുംസകോകിലം പോലും അസൂയ പ്പെടുന്ന അതിമധുരശബ്ദത്താൽ. അതുവരെ ഉയർന്നുകേട്ട ജനാരവം താനേ നിലച്ചു. സർവ്വരും ആ കാവ്യ ഗംഗാ പ്രവാഹത്തിന്റെ നാദ വീചികൾ കോരി നിറയ്ക്കാൻ കാതുകൾ തുറന്നുവച്ചു. അവർ ഇരിപ്പിടത്തിൽ താളം പിടിച്ചും തലയാട്ടിയും ചിലർ കണ്ണീർ തൂകിയും ആ ആലാപന മധുവിൽ മുങ്ങിത്താണു. ഏവരിലും ഒരു ഉല്ലാസയാത്രയുടെ പ്രതീതി.

ഇടതു കരത്തിൽ കയ്യെഴുത്ത് ഉയർത്തിപ്പിടിച്ച് വലതുകരവിക്ഷേപ ത്തിന്റെ ഹൃദ്യതയോടും തീക്ഷ്ണഭാവത്തോടും ആശാൻ ഉറക്കെ ചൊല്ലുക യാണ്. കവിതയ്ക്കുള്ളിൽ ആശാൻ വിതച്ചിട്ടുള്ള ഗാനാത്മകതയെ ചൊല്ലി യുണർത്തുന്ന ആ ആലാപനശൈലി കേൾവിക്കാരുടെ കരളുകളിൽ ആല ക്തികതരംഗങ്ങളെ ഉദ്ദീപിപ്പിച്ചു. കുറേ ഭാഗം ചൊല്ലി അദ്ദേഹം നിർത്തി.

"മുഴുമിക്കാൻ നേരം പോരാ. ഉറങ്ങാൻ സമയമായി. ഇനി കിടക്കട്ടെ.'

കാബിനിന്റെ വാതിലും ജനാലകളും ആശാൻ ഭദ്രമായി അടച്ചു.

എന്നിട്ടും തണുപ്പ് ഏറിക്കൊണ്ടിരുന്നു.

ധരിച്ചിരിക്കുന്നത് ഖദറിൽ തീർത്ത കട്ടിയുള്ള കോട്ട്. ഷാൾകൊണ്ടു ശിരസ്സ് മൂടി.

നിദ്രയുടെ കരിങ്കയത്തിലേക്ക് മനവും തനുവും ആഴ്ന്നുപോയി.

കാതങ്ങൾക്കപ്പുറം, തോന്നയ്ക്കലിലെ തൂക്കണാംകുരുവിക്കൂട്ടിൽ തന്റെ

www.malankaralibrary.com



പെൺകിളിയും ഇമകൾ കൊട്ടിയടച്ച് കിടന്നു. അവളുടെ ഇളം ചൂടേറ്റ് കിടാങ്ങൾ പഞ്ഞിമെത്തയിൽ തളർന്നുറങ്ങുകയാണ്.

പാതിരാ കടന്നിട്ടും അവൾക്കു പക്ഷേ, ഉറങ്ങാൻ കഴിഞ്ഞില്ല. ആദ്യമായാണ് ഇങ്ങനൊറ്റപ്പെട്ടുപോകുന്നത്. പേടിമൂലം മിഴികൾ തുറക്കാൻ ആവതില്ല. ഒരു രക്ഷസ്സിന്റെ ബീഭത്സമായ കരിനിഴൽപോലെ കൂരിരുൾ തന്നെ വല്ലാതെ ഭയപ്പെടുത്തുകയാണ്.

ഹിമവാതം നാലുപാടും വീശിയടിക്കുന്നു. മുറ്റത്തെ കൂറ്റൻ കരിമ്പനയുടെ ശിരസ്സിൽ കടൽക്കാറ്റും കായൽക്കാറ്റും മാറിമാറി ആഞ്ഞടിച്ച് അശാന്തഭേരി മുഴക്കുന്നു. ഭിത്തിയിൽ തൂങ്ങിനിൽക്കുന്ന ദേവചിത്രങ്ങൾക്കു താഴെ, റാന്തലിൽ ആന്തലോടെ പ്രാണൻ പിടഞ്ഞു പൊന്തുന്ന പടുതിരിയുടെ ശ്രാന്തമായ അരണ്ടവെട്ടം. അവളുടെ താന്തമിഴികൾ ആ ദേവമുഖങ്ങൾക്കുമുന്നിൽ അഭയം യാചിച്ചു നിന്നു. ആ കിടപ്പിൽ അവളുടെ കാതരമിഴികൾ പാടേ കൂമ്പിപ്പോയി.

അഗാധനിദ്രയുടെ ഹ്രദം തേടി ഊളിയിട്ട മനസ്സിൽ ഒരു സ്വപ്നം പാറിവന്ന് ഒരു വിഭ്രാന്താന്തരീക്ഷം സൃഷ്ടിച്ചു. കഴുകനെപ്പോലെ പാഞ്ഞെത്തിയ സ്വപ്നത്തിന്റെ ദംഷ്ട്രകളിൽ തൂങ്ങിക്കിടന്ന് അവളുടെ മനസ്സ് അലറിവിളിച്ചു. അവളുടെ അർദ്ധബോധം കരചരണങ്ങൾ കുടഞ്ഞ് കുതറി. ക്ഷണത്തിൽ അവൾ കണ്ണുകൾ മിഴിച്ചു.

'എന്ത്! കായൽക്കയത്തിൽ ബോട്ട് തലകുത്തിമറിഞ്ഞെന്നോ! ഒരാളൊഴികെ സർവ്വയാത്രികരും ജലസമാധിയിലാഴ്ന്നെന്നോ! ആ ഒരേ ഒരാൾ തന്റെ ആശാനാണെന്നോ! കുത്തൊഴുക്കിനെ മുറിച്ചു നീന്തി അദ്ദേഹം തീരം പൂകിയെന്നോ! ഒരു കുതിരവണ്ടിയിൽ അതിവേഗം പാഞ്ഞ് ഈ വീട്ടുമുറ്റത്ത് വന്നെത്തിയെന്നോ!

"ഭാനൂ .....മക്കളേ...." എന്നുറക്കെ വിളിച്ച് ഈ വാതിൽപ്പാളിയിൽ പലവുരു ആഞ്ഞുമുട്ടിയെന്നോ!

കിടക്കയിൽ പിടഞ്ഞെണീറ്റിരുന്ന ഭാനു മുറിയുടെ വാതിൽ എവിടെയാണെന്നറിയാതെ കൂരിരുട്ടിൽ തപ്പുകയാണ്. കായൽകടന്ന് ഓടിയെത്തിയ കോടക്കാറ്റ് കിളിവാതിലിലൂടെ റാന്തലിന്റെ നുറുങ്ങുവെട്ടത്തെ ആരോരുമറിയാതെ എവിടേക്കോ റാഞ്ചിയെടുത്തു പറന്നുപോയിരിക്കുന്നു. സംഭ്രാന്തപാരവശ്യത്താൽ അവൾ മുറിക്കുള്ളിൽ നാലുപാടും ഉഴറി ഓടി. റാന്തലിനുള്ളിൽ വെളിച്ചത്തിന്റെ ഒരു കണമെങ്കിലും കാണും എന്നാണവളുടെ പ്രതീക്ഷ. തിരി ഉയർത്തി പ്രോജ്ജ്വലത്താക്കാനുള്ള സന്ത്രാസങ്ങളാണ്. പക്ഷേ എവിടെയോ കാൽ തട്ടി അവൾ വീണു. കട്ടിൽക്കാലിൽ തിരുനെറ്റി ആഞ്ഞിടിച്ചു മുറിഞ്ഞു. ദുസ്സഹമായ നീറ്റലോടെ 'അയ്യോ' എന്നുറക്കെക്കരഞ്ഞ് മുറിവിൽ അവൾ കൈത്തലം അമർത്തി. ചോരയിൽ കൈപ്പടം കുതിർന്നു. ഉതിരഗന്ധം അവളുടെ പ്രാണവായുവിൽ പിണഞ്ഞുചുറ്റി. ശ്വസനഗതിയുടെ താളം മുറുകി. അമ്മയുടെ കരച്ചിൽ കേട്ട് കുഞ്ഞുങ്ങളും പിടഞ്ഞെണീറ്റു വാവിട്ടുകേണു.

അവൾ മക്കളെ കെട്ടിപ്പിടിച്ച് തല്പത്തിൽ തലചായ്ച്ചുകിടന്നു.





ഇരുൾക്കൊഴുപ്പിനു നേരെ മിഴികൾ വീണ്ടും ഇറുക്കിയടച്ചു. പലവിധ നിനവുകൾ നെടുവീർപ്പിന്റെ അകമ്പടിയോടെ അവളുടെ ഏകാന്തമായ വിലോലമാനസത്തിലേക്ക് ഇരമ്പിവന്നു.

ഇതൊരു കിനാവായിരുന്നല്ലോ. എന്തിനോ എവിടെ നിന്നോ പാറിവന്ന് തന്റെ ആത്മശാഖിയിൽ ചേക്കേറിയ ഒരു പാതിരാക്കിനാവ്!

****************************************